ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഒക്ടോബർ–ഡിസംബർ 2024 പുസ്തകം 5 ലക്കം 4

എഡിറ്റോറിയൽ: പതിനാറാം ധനകാര്യ കമ്മീഷനും രാജ്യത്തിന്റെ വികസനവും സംസ്ഥാനങ്ങളുടെ സ്ഥിതിയും

സംസ്ഥാനങ്ങൾക്ക് കൂടുതൽ അവസരം ലഭിക്കുന്ന വിധത്തിൽ ധനകമ്മിഷൻ ഗ്രാന്റുകൾ ഉയർത്തണം

ഐ ജി എസ് ടി തീർപ്പാക്കലും നഷ്ടപരിഹാര സെസും : സംസ്ഥാനങ്ങളുടെ ധനപരമായ സമ്മർദ്ദം നേരിടുന്നതിനുള്ള വഴികൾ

കടപ്പത്ര വിപണി : കേരളത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയുടെ വികസനത്തിന് മികച്ച മാർഗ്ഗം

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സ്ഥിതി സാമ്പത്തിക സർവേയുടെ കണ്ണിൽ

അടിസ്ഥാനസൗകര്യ വികസനം സാമ്പത്തിക വളർച്ചയുടെ അടിത്തറ

സുസ്ഥിരത ധനകാര്യസേവന മേഖലയിലെ മുന്നേറ്റത്തിന്റെ അടിസ്ഥാനം

കാലാവസ്ഥാവ്യതിയാനവും ഇന്ത്യ നേരിടുന്ന ജല പ്രതിസന്ധിയും

സാമൂഹ്യവും സാമ്പത്തികവുമായ വികസന സാദ്ധ്യതകൾ തുറക്കുന്ന കേരളം

വളർച്ചയും പണപ്പെരുപ്പ നിയന്ത്രണവും ബാലൻസ് ചെയ്യുന്ന സമീപനം

തുറമുഖ അധിഷ്ഠിത വികസനം : വിഴിഞ്ഞത്തിന്റെ ആഗോള സാദ്ധ്യതകൾ

ജി എസ് ടി : പ്രധാന നടപടികൾ

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം**


എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ
താരാ എസ് നായർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

അസിസ്റ്റന്റ് എഡിറ്റർ
യു പി അനിൽകുമാർ



വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in



Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT



Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Time Offset, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

**പേജ് നമ്പർ**

**എഡിറ്റോറിയൽ**
**പതിനാറാം ധനകാര്യ കമ്മീഷനും രാജ്യത്തിന്റെ വികസനവും സംസ്ഥാനങ്ങളുടെ സ്ഥിതിയും** 03

1. **സംസ്ഥാനങ്ങൾക്ക് കൂടുതൽ അവസരം ലഭിക്കുന്ന വിധത്തിൽ ധനകമ്മിഷൻ ഗ്രാന്റുകൾ ഉയർത്തണം** 07
സുമലത ബി.എസ്, അശ്വതി റേച്ചൽ വർഗീസ്, അനിതകുമാരി.എൽ

2. **ഐ ജി എസ് ടി തീർപ്പാക്കലും നഷ്ടപരിഹാര സെസും : സംസ്ഥാനങ്ങളുടെ ധനപരമായ സമ്മർദ്ദം നേരിടുന്നതിനുള്ള വഴികൾ** 13
ഷെൻസി മാത്യു, അനിതാകുമാരി എൽ

3. **കടപ്പത്ര വിപണി : കേരളത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയുടെ വികസനത്തിന് മികച്ച മാർഗ്ഗം** 25
സബീന എ, സുമേഷ് ജി എസ്

4. **സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സ്ഥിതി സാമ്പത്തിക സർവേയുടെ കണ്ണിൽ** 36
അരുൺ പോൾ, എ. എം ഇന്ദു

5. **അടിസ്ഥാനസൗകര്യ വികസനം സാമ്പത്തിക വളർച്ചയുടെ അടിത്തറ** 43
ഷിജോ തോമസ്, അനുരാജ് പി കെ

6. **സുസ്ഥിരത ധനകാര്യസേവന മേഖലയിലെ മുന്നേറ്റത്തിന്റെ അടിസ്ഥാനം** 50
ജോയൽ പി. ജോസഫ്

7. **കാലാവസ്ഥാവ്യതിയാനവും ഇന്ത്യ നേരിടുന്ന ജല പ്രതിസന്ധിയും** 55
വിദ്യ വി ദേവൻ

8. **സാമൂഹ്യവും സാമ്പത്തികവുമായ വികസന സാദ്ധ്യതകൾ തുറക്കുന്ന കേരളം** 69
ഡോ. പി കെ സുരേഷ്, ഡോ. മേരി ജോസഫ് ടി

9. **വളർച്ചയും പണപ്പെരുപ്പ നിയന്ത്രണവും ബാലൻസ് ചെയ്യുന്ന സമീപനം** 86
അശ്വതി റേച്ചൽ വറുഗീസ്

10. **തുറമുഖ അധിഷ്ഠിത വികസനം : വിഴിഞ്ഞത്തിന്റെ ആഗോള സാദ്ധ്യതകൾ** **92**
ഗീത റാണി വി, അഖിൽ എം പി

11. **GST updates** **106**
Meenu Mohan

12. **New studies on Kerala** **135**
Young scholars' forum, GIFT.

13. **What is new(s) from GIFT** **148**

14. **Call for Papers: Kerala Economy Journal** **156**

15. **KTR Advertisement** **158**

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

GIFT GULATI INSTITUTE OF FINANCE AND TAXATION

# എഡിറ്റോറിയൽ
## പതിനാറാം ധനകാര്യ കമ്മീഷനും രാജ്യത്തിന്റെ വികസനവും സംസ്ഥാനങ്ങളുടെ സ്ഥിതിയും

'സംസ്ഥാനങ്ങൾ വളരുമ്പോൾ ഇന്ത്യ വളരുന്നു' എന്ന ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രസ്താവന വളരെ ശ്രദ്ധേയമായ ഒന്നാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് പതിനാറാം ധനകാര്യ കമ്മീഷനോട് ഡിവിസിബിൾ പൂളിൽ നിന്നുള്ള സംസ്ഥാനങ്ങളുടെ വിഹിതം അവ രാജ്യത്തിൻറെ വികസനത്തിന് നൽകിയിട്ടുള്ള സംഭാവനകൾക്ക് അനുസൃതമാകണം എന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നത്. 2047 ഓടെ വികസിത രാജ്യമായി മാറുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് നമ്മുടെ രാജ്യം പ്രയാണം ചെയ്യുന്നത്. സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തിൽ 50 ശതമാനത്തിന്റെ കാര്യത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ധനകാര്യ കമ്മീഷൻ, ഈ ആവശ്യം അവഗണിക്കുന്ന പക്ഷം 2047 ൽ വികസിത രാജ്യമായി മാറുക എന്ന ലക്ഷ്യത്തെ കൂടിയാണ് അപകടപ്പെടുത്തുന്നത്. എന്നാൽ ഓരോ സംസ്ഥാനവും രാജ്യത്തിന്റെ വികസനത്തിന് നൽകിയിട്ടുള്ള സംഭാവനയെ കുറിച്ചുള്ള ഒരു കണക്കെടുപ്പ് പ്രായോഗികമാണോ എന്ന പ്രധാനപ്പെട്ട ചോദ്യം ഉയരുന്നുണ്ട്. നിലവിലെ അവസ്ഥ പരിശോധിച്ചാൽ '100 രൂപ ദേശീയ സർക്കാരിലേക്ക് സംഭാവന നൽകുന്ന ഒരു സംസ്ഥാനത്തിന് 10 പൈസ മാത്രമാണ് തിരികെ ലഭിക്കുന്നത്' എന്ന സ്ഥിതിയുണ്ട്. കാലങ്ങളായി നാം പിന്തുടർന്ന് പോരുന്ന സങ്കുചിതമായ അക്കൗണ്ടിംഗ് രീതിയാണ് ഇതിന് കാരണം. രാജ്യത്തിന്റെ പൊതുവായ വികസന കാഴ്ച്ചപ്പാടിലൂടെ പരിശോധിക്കുമ്പോൾ ഈ രീതി അനുചിതമാണെന്ന് കാണാം.

**പുതിയ സമീപനം**

28 സംസ്ഥാനങ്ങളും എട്ട് കേന്ദ്ര ഭരണപ്രദേശങ്ങളും ഉൾപ്പെടുന്ന, സഹകരണ ഫെഡറലിസം എന്ന തത്വത്തിൽ അധിഷ്ഠിതമായ ധനകാര്യ ഫെഡറൽ സംവിധാനമാണ് ഇന്ത്യയുടെ വികസനത്തിന് അടിസ്ഥാനമായ മൂലമന്ത്രം. അതുകൊണ്ട് തന്നെ അതിലെ വിവിധ പങ്കാളികൾ തമ്മിലുള്ള ആശയവിനിമയം വളരെ പ്രധാനവുമാണ്. മുഖ്യമായും മൂന്ന് പങ്കാളികളാണ് ഇതിൽ വരുന്നത്. യൂണിയൻ ഗവണ്മെന്റ്, സംസ്ഥാന സർക്കാരുകൾ, സംസ്ഥാനങ്ങളിലെ ജനങ്ങൾ എന്നിവയാണ് അവ.

സംസ്ഥാനങ്ങളുടെ വികസനം രാജ്യത്തിൻറെ വികസനത്തിലേക്ക് നയിക്കുന്നു എന്ന് പറയുമ്പോൾ സംസ്ഥാനങ്ങളുടെ വികസനം നിർണ്ണയിക്കുന്ന ഘടകങ്ങൾ എന്തെന്ന ചോദ്യമാണ് പ്രസക്തമാവുന്നത്. ഓരോ സംസ്ഥാനത്തിന്റെയും ഉല്പാദന മേഖലയിലെ പ്രാവീണ്യം ഇക്കാര്യത്തിൽ നിർണ്ണായകമാണ്. അതാകട്ടെ, ആ സംസ്ഥാനങ്ങളിലെ വിഭവങ്ങൾ, ആഭ്യന്തരവും പുറമെ നിന്നുള്ളതുമായ വിവിധ നിയന്ത്രണ സംവിധാനങ്ങൾ, വരുമാനത്തിന്റെ വിതരണം തുടങ്ങിയവയുമായി ബന്ധപ്പെട്ടതുമാണ്. സാമ്പത്തികമായ പ്രവർത്തനത്തിലുള്ള ഓരോ സംസ്ഥാനത്തിന്റെയും പ്രാവീണ്യം ഇവിടെ പ്രധാനമാണ്. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ സംസ്ഥാനങ്ങളെ രണ്ടായി തിരിക്കാം, വ്യാപാര ആവശ്യങ്ങൾക്ക്

പ്രാധാന്യം നൽകുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഒന്നാം വിഭാഗവും അല്ലാത്ത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ മികവ് പുലർത്തുന്ന സംസ്ഥാനങ്ങൾ രണ്ടാം വിഭാഗത്തിലും വരുന്നു. ഇത്തരത്തിലുള്ള പ്രാവീണ്യം സംസ്ഥാനങ്ങളിലെ ജനങ്ങളുടെ വികസനത്തിലും ക്ഷേമത്തിലും എപ്രകാരമുള്ള സംഭാവനയർപ്പിക്കുന്നു എന്ന പ്രശ്നം വളരെ പ്രാധാന്യമുള്ള ഒന്നാണ്. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി, ഇതര സംസ്ഥാനങ്ങളുടെ വികസനം , രാജ്യത്തിൻറെ ധനകാര്യ സ്ഥിതി എന്നിവയും. വികസനവുമായി ബന്ധപ്പെട്ടാണ് എല്ലാ തരത്തിലുള്ള പങ്കാളികളുടെയും സാമ്പത്തിക ആരോഗ്യം ബന്ധപ്പെട്ടിരിക്കുന്നത് എന്ന് നമുക്ക് അനുമാനിക്കാം.

ഒന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങളെടുത്താൽ അവ വ്യാപാരാവശ്യങ്ങൾക്കായുള്ള ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ പ്രാവീണ്യം നേടിയവയാണ്. നികുതി വിധേയമായ അത്തരം ഉത്പന്നങ്ങളുടെ ഉത്പാദനം സ്വാഭാവികമായും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അവിടത്തെ ജനങ്ങൾക്ക് വരുമാനം നൽകുകയും ചെയ്യുന്നു. അതായത്, ഇത്തരം പ്രവർത്തനം ആ സംസ്ഥാനങ്ങളുടെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിലും വലിയ തോതിലുള്ള സംഭാവനകൾ നൽകുന്നു. സംസ്ഥാനങ്ങൾക്ക് നേരിട്ട് നികുതി വരുമാനം ലഭിക്കുന്നതിനാൽ അത്തരം സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി ശക്തമാവുകയും ചെയ്യുന്നു. യൂണിയൻ സർക്കാരിനും നികുതി വരുമാനം ലഭിക്കുന്നതിനാൽ രാജ്യത്തിൻറെ വികസനത്തിലും ധനപരമായ ആരോഗ്യത്തിന്റെ കാര്യത്തിലും അവ സംഭാവന നൽകുന്നതായി കാണാം. യന്ത്രങ്ങൾ അടക്കമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളുടെ വികസനത്തിലും അവ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ഒന്നാമത്തെ വിഭാഗത്തിൽ വരുന്ന സംസ്ഥാനങ്ങൾ രാജ്യത്തിന്റെ പൊതുവായ വികസനത്തിനു ഉത്തേജകമായി വർത്തിക്കുന്നു എന്ന് വിലയിരുത്താം.

രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ വാണിജ്യേതര ആവശ്യങ്ങൾക്കുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിലാണ് ശ്രദ്ധയൂന്നുന്നത്. മാനവശേഷി വികസനം ഇതിന് നല്ലൊരു ഉദാഹരണമാണ്. അത്തരം ഉത്പന്നങ്ങൾ സ്വാഭാവികമായും വാണിജ്യാവശ്യങ്ങൾക്ക് ഉതകുന്നവയല്ലെന്ന് മാത്രമല്ല നികുതി വരുമാനം ഉണ്ടാക്കുന്നതുമല്ല. ഇത്തരം ഉത്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും കയറ്റുമതി ചെയ്യപ്പെടുന്നു. വിദേശത്തേക്ക് പോകുന്ന ആളുകൾക്ക് മികച്ച വേതനം ലഭ്യമാവുകയും അത് അവരുടെ കുടുംബ വരുമാനത്തിന് കാര്യമായ സംഭാവന നൽകുകയും ചെയ്യുന്നു. പൊതുവിൽ രണ്ടാം വിഭാഗത്തിൽ വരുന്ന സംസ്ഥാനങ്ങളുടെ സാമൂഹ്യമായ ഉന്നമനത്തിൽ ഇത് നിർണ്ണായകമായ പങ്ക് വഹിക്കുകയും ചെയ്യുന്നു. അവർ വിദേശത്ത് നിന്ന് പണമയക്കുന്നത് രാജ്യത്തിന്റെ വികസനത്തിനും സഹായകരമായി മാറുന്നു. രാജ്യത്തിൻറെ കറന്റ് അക്കൗണ്ടിലെ കമ്മി കുറയ്ക്കുന്നതിനും വിദേശ നാണ്യശേഖരം ഉയർത്തുന്നതിനും അത് നിർണ്ണായകമായ പങ്ക് വഹിക്കുന്നു. മറ്റു സംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്ന മാനവശേഷി ആ സംസ്ഥാനങ്ങളുടെ വികസനത്തിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നതായി കാണാം. എന്നാൽ ഈ രണ്ടാം വിഭാഗത്തിൽ വരുന്ന സംസ്ഥാനങ്ങളിലെ ഗവണ്മെന്റുകളുടെ സ്ഥിതി എന്താണ്? ഭൗതികമായ മൂലധനത്തിൽ നിന്നും വ്യത്യസ്തമായി മാനവശേഷി ആ സംസ്ഥാനങ്ങളുടെ ഖജനാവിലേക്ക് കാര്യമായ സംഭാവന നൽകുന്നില്ല എന്നതാണ് വാസ്തവം. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ കൂടുതൽ പണം ചെലവഴിക്കേണ്ടി വരുന്ന സാഹചര്യത്തിൽ അവയുടെ ധനപരമായ സമ്മർദ്ദം കൂടുതൽ ദുർവഹമാകുന്നു. ഇത് കൂടുതൽ കടമെടുപ്പിലേക്കും

റവന്യു കമ്മിയിലേക്കും കടക്കെണിയിലേക്കും ഇത്തരം സംസ്ഥാനങ്ങളെ നയിക്കുന്നു. അതായത് ഇത്തരം സംസ്ഥാനങ്ങൾക്ക് വികസന രംഗത്ത് തിരിച്ചടി നേരിടുമ്പോൾ രാജ്യത്തിനും മറ്റു സംസ്ഥാനങ്ങൾക്കും അത് നേട്ടമായി മാറുന്നു എന്നർത്ഥം.

**കേരളം എന്ന കേസ് സ്റ്റഡി**

രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു സംസ്ഥാനമാണ് കേരളം. കയറ്റുമതിക്ക് ആവശ്യമായ തരത്തിലുള്ള മാനവശേഷി വികസിപ്പിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിയതായി കാണാം. ഇത്തരത്തിലുള്ള മാനവശേഷിയുടെ നല്ലൊരു പങ്ക് ഇതര സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലെക്കും ചേക്കേറിയിരിക്കുന്നതായി കാണാം. പ്രഫസർ ഇരുദയരാജന്റെ നേതൃത്വത്തിൽ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ 2023 ൽ നടത്തിയ മൈഗ്രേഷൻ സർവേ പ്രകാരം ലോകത്തെ മൊത്തമുള്ള 197 രാജ്യങ്ങളിൽ 183 രാജ്യങ്ങളിലായി 2.2 ദശലക്ഷം മലയാളികൾ കുടിയേറിയിട്ടുണ്ട്. രാജ്യത്തേക്ക് വലിയ തോതിൽ ഇവർ പണമയക്കുകയും ചെയ്യുന്നു. 2023 ലെ കണക്കുകൾ പ്രകാരം രാജ്യത്തിൻറെ മൊത്തം ജനസംഖ്യയുടെ 2.76 ശതമാനം വരുന്ന മലയാളികൾ വിദേശത്തുനിന്നുള്ള ഇന്ത്യയുടെ മൊത്തം റെമിറ്റൻസിന്റെ 23 ശതമാനം സംഭാവന നൽകുന്നു.

കെ. എൻ. ഹരിലാൽ, കെ. ജെ. ജോസഫ്, പുലപ്ര ബാലകൃഷ്ണൻ എന്നീ വിദഗ്ദർ ചൂണ്ടിക്കാട്ടുന്നത് കുടിയേറ്റം കൊണ്ട് ഉണ്ടാകുന്ന വിഭവങ്ങളുടെ 'ചലന പ്രതിഭാസവും' ഒപ്പം റെമിറ്റൻസ് മൂലമുണ്ടായ 'ചെലവഴിക്കൽ പ്രതിഭാസവും' കേരളത്തിലെ വാണിജ്യപരമായ ഉത്പന്നങ്ങളുടെ വളർച്ചയുടെ കാര്യത്തിൽ ഒരു വിപരീത ഫലം ഉളവാക്കിയിട്ടുണ്ട് എന്നാണ്. ഇത് എഴുപതുകളുടെ മദ്ധ്യം മുതൽക്ക് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ഒരു നിശ്ചലാവസ്ഥക്ക് കാരണമായി മാറിയിട്ടുണ്ട്. അതായത്, കേരളത്തിന്റെ ഉല്പാദനാധിഷ്ഠിത മേഖലകളെ ഏറെക്കുറെ നിശ്ചലാവസ്ഥയിലേക്ക് നയിച്ചുകൊണ്ടാണ് രാജ്യത്തേക്ക് കൂടുതൽ റെമിറ്റൻസ് എത്തിയത് എന്ന് സാരം. ഇക്കാര്യത്തിൽ കേരളത്തിന് വലിയ വില തന്നെ നൽകേണ്ടതായി വന്നു. എന്നാൽ രാജ്യത്തിൻറെ വിദേശ നാണ്യശേഖരം കരുത്തുറ്റ താക്കുന്നതിൽ ഇത് നിർണ്ണായകമായ പങ്ക് വഹിക്കുകയും ചെയ്തു.

ഇന്ത്യയുടെ കയറ്റുമതി നയപ്രകാരം കയറ്റുമതി അധിഷ്ഠിത വ്യവസായ മേഖലകൾക്ക് നേരിട്ടും അല്ലാതെയുമുള്ള നിരവധി സബ്സിഡികൾ നൽകി വരുന്നുണ്ട്. എന്നാൽ മാനവശേഷി കയറ്റുമതി ചെയ്യുന്ന കേരളത്തിന് ഇത്തരത്തിലുള്ള ഒരു സബ്സിഡിയും ലഭിക്കുന്നില്ല. സംസ്ഥാനത്തിന്റെ കാര്യമെടുത്താൽ മൊത്തം വരുമാനത്തിന്റെ ഏതാണ്ട് 63 ശതമാനം ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങൾക്കായി ചെലവഴിക്കുകയാണ്. അതിൽ തന്നെ 60 ശതമാനവും അധ്യാപകരുടെ ശമ്പളമിനത്തിൽ മാത്രമുള്ളതാണ്. ഇതിൽ നിന്നും നേരിട്ടുള്ള നികുതി ഇനത്തിൽ ഒരു വരുമാനവും സംസ്ഥാനത്തിന് ലഭിക്കുന്നില്ല എന്നതിന് പുറമെ യൂണിയൻ ഗവൺമെന്റിൽ നിന്നും സബ്സിഡി ഇനത്തിലും യാതൊന്നും ലഭിക്കുന്നില്ല. റവന്യു കമ്മി വൻതോതിൽ ഉയരുന്നതിനു സംസ്ഥാനത്തിന്റെ കടബാധ്യത വർദ്ധിക്കുന്നതിനും ഇത് കാരണമായിട്ടുണ്ട്.

ഏതാണ്ട് രണ്ടു ദശലക്ഷം മലയാളികൾ മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. വിജ്ഞാനം എന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഭവ സ്രോതസാണ്. ഇത്തരത്തിൽ വിജ്ഞാനം സമന്വയിക്കപെട്ട മാനവശേഷി ഇതര സംസ്ഥാനങ്ങളുടെ വികസനത്തിൽ കാര്യമായ സംഭാവന നൽകുന്നു. കേരള മോഡൽ വികസനം സംസ്ഥാനത്തിന്റെ ധനകാര്യ മേഖലയിൽ കൂടുതൽ സമ്മർദ്ദം ഉളവാക്കിയപ്പോൾ അത് ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിലെ മറ്റു പങ്കാളികളുടെ വികസനത്തിൽ നല്ല സംഭാവന നൽകുകയാണ് ചെയ്തത്.

2047 ൽ വികസിത ഭാരതം എന്ന ലക്ഷ്യം നേടുന്നതിനുള്ള ഒരു പ്രധാനപ്പെട്ട എൻജിനാണ് കേരളം. രാജ്യത്ത് ഇത്തരത്തിൽ പല രീതിയിലുള്ള എൻജിനുകൾ ഉണ്ടാകാം. 2047 ൽ വികസിത ഭാരതം എന്ന ലക്ഷ്യം സാധൂകരിക്കുന്ന തരത്തിൽ അവ കണ്ടെത്തുകയും അതിനെ സഹായിക്കുകയും ചെയ്യുക എന്ന ചുമതല പതിനാറാം ധനകാര്യ കമ്മീഷനിൽ നിക്ഷിപ്തമാണ്. തിരശ്ചീന തലത്തിലുള്ള പങ്ക് വയ്ക്കൽ മികച്ച നിലയിൽ സാധ്യമാക്കുന്നതിന് ഉതകുന്ന വിധത്തിൽ ഒരു 'സ്റ്റേറ്റ് ലെവൽ കോണ്ട്രിബ്യൂഷൻ ടു ഇന്ത്യൻ ഡെവലപ്മെന്റ്' (ഐ എസ് സി ഐ ഡി) സൂചിക രൂപീകരിക്കുന്നതിന് നീതി ആയോഗ് പ്രത്യേക പരിഗണന നൽകണം. എന്നാൽ സമത്വം എന്ന ആശയം  അവഗണിക്കപ്പെടുവാനും പാടില്ല. രണ്ടു കാലുകളിൽ നിവർന്നു നടക്കുന്ന തരത്തിലുള്ള ഒരു തന്ത്രമാണ് വികസ്വര ഇന്ത്യ ആവശ്യപ്പെടുന്നത്. നേട്ടം കൈവരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും പിന്നോക്കം പോകുന്നവരെ ചേർത്ത് പിടിക്കുന്നതുമാകണം  ആ വികസന മന്ത്രം.

**കെ. ജെ. ജോസഫ്**

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

# സംസ്ഥാനങ്ങൾക്ക് കൂടുതൽ അവസരം ലഭിക്കുന്ന വിധത്തിൽ ധനകമ്മിഷൻ ഗ്രാന്റുകൾ ഉയർത്തണം

സുമലത ബി.എസ്, അശ്വതി റേച്ചൽ വർഗീസ്, അനിതകുമാരി.എൽ

**സംഗ്രഹം**

*ഇന്ത്യയിൽ, യൂണിയൻ ഗവണ്മെന്റും സംസ്ഥാന സർക്കാരുകളും തമ്മിൽ വിഭവങ്ങൾ പങ്ക് വയ്ക്കുന്ന കാര്യത്തിൽ കുത്തനെയുള്ള അസമത്വം നിലനിൽക്കുന്നു എന്നത് ഒരു വസ്തുതയാണ്. സംസ്ഥാനങ്ങളുടെ ധനകാര്യ രംഗത്ത് ഇത് ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കുന്നു എന്നതിനൊപ്പം, വികസിത സംസ്ഥാനങ്ങളുടെ കാര്യത്തിൽ വലിയ തോതിലുള്ള ധനകാര്യ പ്രതിസന്ധിക്കും കാരണമായിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന ധനസഹായങ്ങളിൽ നേരിട്ടുള്ള ഗ്രാന്റുകളുടെ വിഹിതം കുറയുന്നു എന്നതിന് പുറമെ ഉപാധികളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ഗ്രാന്റുകളുടെ വിഹിതം കൂടുന്ന പ്രവണതയും പ്രകടമാകുന്നുണ്ട്. വികസനത്തിന്റെയും ഘടനാപരമായ മാതൃകകളുടെയും കാര്യത്തിൽ ഓരോ സംസ്ഥാനവും വ്യത്യസ്തമാണെന്ന് നമുക്കറിയാം. അങ്ങനെയിരിക്കെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ (സെൻട്രലി സ്പോൺസേസ് സ്കീം – സി എസ് എസ്) എന്ന വിധത്തിൽ ഏകതാനമായ രീതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ അനുവദിക്കുന്നത് വികസന രംഗത്ത് കുതിപ്പ് നടത്താൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പ്രയോജനപ്രദമല്ലാതായി മാറുന്നുണ്ട്. സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിന്റെ കാര്യത്തിൽ നഷ്ടം സഹിക്കേണ്ടി വരുന്ന സംസ്ഥാനങ്ങളുടെ കാര്യത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉയർത്തണം എന്ന ആവശ്യം ഇന്ന് ശക്തമായി ഉയരുന്നുണ്ട്. ഒഴുക്കൻ മട്ടിൽ ഓരോ ധനകാര്യ കമ്മീഷനും ഗ്രാൻറുകളുടെ വിഹിതം ഉയർത്തുന്നത് കൊണ്ട് മാത്രം സംസ്ഥാനങ്ങളുടെ ധനകാര്യ പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ അടിത്തറയും അതിന്റെ വ്യാപ്തവും ഉയർത്തുന്നത് വഴി മാത്രമേ ഇതിന് പരിഹാരം കാണാം കഴിയൂ.*

**ആമുഖം**

ഇന്ത്യയുടെ ധനകാര്യ ഫെഡറൽ രംഗത്ത് കാണുന്ന ഒരു ഗൗരവമേറിയ പ്രശ്നമാണ് സംസ്ഥാനങ്ങൾക്കുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വിഹിതം കുറയുന്നു എന്നത്. 2023–24 സാമ്പത്തിക വർഷത്തെ റവന്യൂ വരുമാന രേഖകൾ പരിശോധിക്കുമ്പോൾ കഴിഞ്ഞ ഒരു ദശകത്തിനിടയിൽ സംസ്ഥാനങ്ങൾക്ക് നൽകിയ മൊത്തം കേന്ദ്രവിഹിതത്തിൽ ഗ്രാന്റുകളുടെ പങ്ക് 6 ശതമാനത്തിൽ നിന്നും 3.6 ശതമാനമായി കുറഞ്ഞതായി കാണാം. നികുതി വിഹിതം, ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന ഗ്രാന്റുകൾ, മറ്റു രീതിയിലുള്ള

ധനസഹായങ്ങൾ എന്നിവ ചേർന്നതാണ് ഓരോ സംസ്ഥാനത്തിനുമുള്ള കേന്ദ്രവിഹിതം. ധനകാര്യ രംഗത്ത് സംസ്ഥാനങ്ങളുടെ ജീവനാഡി എന്ന് വിശേഷിപ്പിക്കാവുന്ന കാര്യമാണ് ഇത്തരത്തിലുള്ള കേന്ദ്ര വിഹിതം. ഉപാധികളില്ലാതെ നൽകുന്നു എന്നതാണ് അവയുടെ പ്രധാന സവിശേഷത. അതായത്, ധനകാര്യ കമ്മീഷനുകൾ നൽകുന്ന ധനസഹായം സംസ്ഥാനങ്ങൾക്ക് അവയുടെ പ്രത്യേകമായ ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നതിനുള്ള അധികാരമുണ്ട് എന്ന് സാരം. അതുകൊണ്ട് തന്നെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഉണ്ടാകുന്ന ഇടിവും മൊത്തത്തിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതം കാര്യമായി കുറയുന്നു എന്നതും സംസ്ഥാനങ്ങളുടെ ധനകാര്യ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നുണ്ട്.

കൈമാറ്റം ചെയ്യുന്ന വിഹിതം ഉപയോഗിക്കുന്നതിന്റെ ചലനാത്മകതയെ ഇത് ബാധിക്കുന്നു എന്ന് മാത്രമല്ല, യൂണിയൻ ഗവണ്മെന്റും സംസ്ഥാനങ്ങളും തമ്മിൽ ധനപരമായ മേഖലയിൽ ഒരു ഏറ്റുമുട്ടലിലേക്ക് ഇത് നയിക്കുകയും ചെയ്യുന്നു എന്ന പ്രശ്നമുണ്ട്. നിലവിലെ കൈമാറ്റ രീതികൾ ധനകാര്യ മേഖലയിലെ അസമത്വം കൂടുതൽ രൂക്ഷമാകുന്ന നിലയിലേക്ക് നയിക്കുന്നു എന്നതിന് പുറമെ, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള ചെലവുകളുടെ കാര്യത്തിലുള്ള ഉത്തരവാദിത്തിന്റെയും വിഭവങ്ങൾ സമാഹരിക്കുന്നതിനുള്ള സാധ്യതകളുടെയും കാര്യത്തിൽ ഗൗരവമേറിയ അസന്തുലിതാതാവസ്ഥ ഉടലെടുക്കുകയും ചെയ്തിരിക്കുന്നു എന്ന് കാണാം. ഇത്തരമൊരു സാഹചര്യത്തിലാണ് പതിനാറാം ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിക്കാൻ ഒരുങ്ങുന്നത്. അതുകൊണ്ട് ധനകാര്യ കമ്മീഷന്റെ ഗ്രാന്റുകളുടെ വിഹിതം കുറയുന്നു എന്ന വിഷയം സംസ്ഥാനങ്ങളുടെ ധനപരമായ സ്വയംഭരണ സാദ്ധ്യതകൾ ഉയർത്തുന്ന തരത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

**വിഭവകൈമാറ്റത്തിലെ മാറുന്ന പ്രവണതകൾ**

സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ കൈമാറ്റം ചെയ്യുന്ന രീതിയിൽ സമീപകാലത്തായി പ്രകടമായ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളതായി കാണാം. കേന്ദ്ര നികുതി വരുമാനത്തിൽ നിന്നുള്ള നികുതി വിഹിതം തന്നെയാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ വിഹിതം. ധനകാര്യ കമ്മീഷന്റെ ഗ്രാന്റുകളും മറ്റു വിധത്തിലുള്ള ധനസഹായങ്ങളും തുടർന്ന് വരുന്നു. ഇത്തരത്തിൽ മൊത്തം കൈമാറ്റം ചെയ്യപ്പെടുന്ന വിഹിതത്തിന്റെ 21 മുതൽ 28 ശതമാനം വരെ നികുതി വരുമാനത്തിൽ നിന്നാണെന്ന് കാണാം. എന്നാൽ 2009–10 മുതൽ 2022–23 വരെയുള്ള കാലയളവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള വിഹിതം 6 ശതമാനത്തിൽ നിന്നും 3.6 ശതമാനത്തിലേക്ക് താഴ്ന്നതായി കാണാം. ഇതേ കാലയളവിൽ പക്ഷെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി നൽകുന്ന (ധനകാര്യ കമ്മീഷന്റെ ഗ്രാന്റുകളുടെ പരിധിയിൽ വരാത്ത) ധനസഹായം 13.4 ശതമാനം എന്ന നിലയിൽ നിന്ന് 17.2 ശതമാനമായി ഉയർന്നതായി കാണാം. ഇത്തരം ഗ്രാന്റുകളുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം അവ ഉപാധികളോട് കൂടിയവയും വിവേചനാധികാരത്തോട് കൂടിയവയും കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നവയുമാണ് എന്നതാണ്. അതിനാൽ തന്നെ ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം ഏറെക്കുറെ ശൂന്യമാണെന്ന് പറയാം. ഇത്തരത്തിൽ ഉപാധികളോട് കൂടി അനുവദിക്കുന്ന ധനസഹായം വ്യക്തമാക്കുന്ന ഒരു കാര്യം, അധികാര വികേന്ദ്രീകരത്തേക്കാളുപരി അവ അധികാരങ്ങൾ കേന്ദ്രത്തിലേക്ക് കൂടുതലായി കേന്ദ്രീകരിക്കുന്ന തരത്തിലുള്ളതാണെന്നതാണ്. ഇത് നമ്മുടെ രാജ്യത്തിൻറെ ധനകാര്യ ഫെഡറൽ ഘടനക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

**ധനകാര്യ കമ്മീഷൻ ഗ്രാന്റുകളിലെ ചാഞ്ചാട്ടം**

ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന സഹായങ്ങൾ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമായ ഒന്നാണ്. കാരണം, അവ പൊതുവെ ഉപാധിരഹിതമാണ്. സംസ്ഥാനങ്ങൾക്ക് അത് ഉപയോഗിക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വിഹിതം തുടർച്ചയായി കുറഞ്ഞു വരുന്നു എന്നത് ഇന്ത്യയുടെ ധനകാര്യ ഫെഡറൽ ഘടനയെ അലോസരപ്പെടുത്തുന്ന ഒന്നാണ്. മൊത്തം ഗ്രാന്റ് ഇൻ എയ്ഡിന്റെ കണക്കെടുത്താൽ അതിൽ 17.4 ശതമാനം മാത്രമാണ് ധനകാര്യ കമ്മിഷൻ ഗ്രാന്റുകളുടെ വിഹിതം. എന്നാൽ ഉപാധികളോട് കൂടിയ ഗ്രാന്റുകളുടെ വിഹിതമാകട്ടെ 82. 6 ശതമാനവുമാണ് (പട്ടിക –1). ഗ്രാന്റ് ഇൻ എയ്ഡുകൾ കേന്ദ്ര സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നൽകണമെന്നാണ് ഭരണഘടന നിഷ്കർഷിക്കുന്നത്. എന്നാൽ അത് ഡിവിസിബിൾ പൂളിൽ നിന്നും നൽകുന്ന രീതിയാണ് ധനകാര്യ കമ്മീഷനുകൾ അവലംബിക്കുന്നത്. സംസ്ഥാനങ്ങൾക്ക് ധനവിഹിതം ലഭ്യമാകുന്ന സ്രോതസാണ് ഡിവിസിബിൾ പൂൾ. പതിന്നാലാം ധനകാര്യ കമ്മീഷൻ ഇതിന്റെ 5.72 ശതമാനം തുക ധനസഹായങ്ങൾക്കായി നീക്കി വച്ചപ്പോൾ പതിനഞ്ചാം കമ്മീഷൻ അത് 10.03 ശതമാനമാക്കി ഉയർത്തി. ഇത്തരത്തിൽ വിഹിതം ഉയർത്തിയ നടപടി ഉപാധികളോട് കൂടിയ ഗ്രാന്റുകളുടെ വിഹിതം കൂടുന്നതിന് കാരണമായി. നിബന്ധനകളോട് കൂടിയ ഗ്രാന്റുകളുടെ വിഹിതം പതിന്നാലാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ 16 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഘട്ടമെത്തിയപ്പോൾ 19 ശതമാനം എന്ന തോതിലേക്ക് ഉയർന്നു. വലിയ ഭീഷണിയാണ് ഇത് സംസ്ഥാനങ്ങൾക്ക് മേൽ ഉയർത്തുന്നത്. കാരണം, ഇത്തരം സഹായങ്ങൾ പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കാൻ കഴിയുന്നവയാണ്. അതായത് സംസ്ഥാനങ്ങൾക്ക് അവയുടെ പ്രത്യേകമായ വികസന ആവശ്യങ്ങൾക്ക് വേണ്ടിയും മുൻഗണനകൾക്ക് അനുസൃതമായും അവ വിനിയോഗിക്കാൻ കഴിയില്ല. ഇത്തരത്തിൽ പ്രയോഗ സ്വാതന്ത്ര്യം ഇല്ലാതെ വരുന്നത് മൂലം സംസ്ഥാനങ്ങൾക്ക് അവയുടെ ഏറ്റവും അനിവാര്യമായ ആവശ്യങ്ങൾക്കായി ഈ തുക വിനിയോഗിക്കാൻ കഴിയില്ല (പട്ടിക1).

**ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉയർത്തേണ്ടതിന്റെ ആവശ്യകത**

സംസ്ഥാനങ്ങൾ വലിയ തോതിലുള്ള ധനകാര്യ സമ്മർദം നേരിടുന്ന ഒരു ഘട്ടത്തിലാണ് പതിനാറാം ധനകാര്യ കമ്മീഷൻ രൂപീകരിക്കുന്നത്. അതുകൊണ്ട് ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് വിഹിതം ഉയർത്തണമെന്ന ആവശ്യം ഇന്ന് ശക്തമായി ഉയരുന്നുണ്ട്. സംസ്ഥാനങ്ങളുടെ ധനപരമായ പ്രശ്നങ്ങൾ ഈയിടെ കൂടുതൽ സങ്കീർണ്ണമാവുകയാണ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള കുത്തനെയുള്ള അസമത്വം (വെർട്ടിക്കൽ ഫിസ്കൽ ഇമ്പാലൻസ് – വി എഫ് ഐ), ചുരുങ്ങുന്ന ഡിവിസിബിൾ പൂൾ, ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന ഗ്രാന്റ് വിഹിതത്തിൽ ഉണ്ടാകുന്ന ഇടിവ്, വിവേചനപരമായി അനുവദിക്കുന്ന ധനസഹായത്തിന്റെ തോത് ഉയരുന്നത് തുടങ്ങിയവ അവയിൽ ചിലതാണ്. ചരക്ക് സേവന നികുതി (ജി എസ് ടി) നിലവിൽ വന്നതോടെ സംസ്ഥാനങ്ങളുടെ ധനപരമായ പരമാധികാരം ചുരുങ്ങിയത് വലിയ ആശങ്ക ഉയർത്തുന്നുണ്ട്. സംസ്ഥാനങ്ങൾക്ക് നൽകാനുള്ള എല്ലാ വിഹിതങ്ങളും നൽകിയ ശേഷവും യൂണിയൻ ഗവണ്മെന്റിന്റെ പക്കൽ മൊത്തം വരുമാനത്തിന്റെ 50 ശതമാനവും അവശേഷിക്കുകയാണ്. എന്നാൽ ചെലവിനങ്ങളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിനേക്കാൾ വളരെ ഉയർന്ന ബാധ്യതയാണ് സംസ്ഥാനങ്ങൾക്ക് മേൽ വരുന്നത്. 62.4

**Table 1:** Share of FC and non FC Grants from the Union to the States (Percentage)

| Year | FC grants/Total grants | Non-FC grants to total |
|---|---|---|
| 2009-10 | 470 87 (31.2) | 103886 (68.8) |
| 2010-11 | 48909 (29.9) | 114588 (70.1) |
| 2011-12 | 52199 (28.0) | 134217 (72.0) |
| 2012-13 | 48395 (25.6) | 140286 (74.4) |
| 2013-14 | 67133 (32.6) | 138819 (67.4) |
| 2014-15 | 71447 (21.6) | 259358 (78.4) |
| 2015-16 | 84579 (26.0) | 241317 (74.0) |
| 2016-17 | 95550 (26.8) | 260541 (73.2) |
| 2017-18 | 92244 (22.7) | 313713 (77.3) |
| 2018-19 | 93704 (21.3) | 346165 (78.7) |
| 2019-20 | 123710 (23.1) | 410858(76.9) |
| 2020-21 | 184063 (28.6) | 459778 (71.4) |
| 2021-22 | 207435 (33.3) | 415193 (66.7) |
| 2022-23 (A) | 172760 (19.7) | 705011 (80.3) |
| 2023-24(RE) | 140429 (17.4) | 665546 (82.6) |

*Source: Calculation from RBI's e-STATE database*

ശതമാനം ചെലവുകളും സംസ്ഥാനങ്ങളുടെ ചുമലിൽ വരുമ്പോഴും അവയുടെ വരുമാന ശേഷി കേവലം 37.3 ശതമാനം മാത്രമാണ്. എന്നാൽചെലവിനങ്ങളുടെ കാര്യത്തിൽ 37.6 ശതമാനം ബാധ്യത മാത്രം നിറവേറ്റുന്ന യൂണിയൻ സർക്കാർ റവന്യു വരുമാന സ്രോതസുകളുടെ 62.7 ശതമാനവും കയ്യാളുന്നു. ഗുരുതരമായ ഈ സ്ഥിതി വിശേഷം യൂണിയൻ സർക്കാരും സംസ്ഥാനങ്ങളും തമ്മിലുള്ള ഒരു വടംവലിയിലേക്ക് നയിക്കുന്നുണ്ട്. സംസ്ഥാനങ്ങൾ പക്ഷെ അതിൽ പരാജയപ്പെടുന്ന ദയനീയ സ്ഥിതിയാണുള്ളത്. ഉപാധികളില്ലാത്ത ധനസഹായത്തിന്റെ തോത് കുറയുന്നത് ഈ അസമത്വത്തെ കൂടുതൽ സങ്കീർണ്ണ മാക്കുകയാണ്.

ഡിവിസിബിൾ പൂളിന്റെ വിഹിതം എന്ന നിലയിൽ പരിശോധിക്കുമ്പോൾ ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ പതിന്നാലാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ നിന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനിലേക്ക് എത്തുമ്പോൾ കൂടിയതായി കാണാം (പട്ടിക-2). ഇത്തരത്തിലുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ യൂണിയൻ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതായാൽ അതിന്റെ വിഹിതം ഉയർത്തുന്നതിനുള്ള സാദ്ധ്യതകൾ ഏറെയാണ്. ധനകാര്യ കമ്മീഷൻ ഇതര ഗ്രാന്റുകൾ വർധിച്ചു വരുന്നത് മൂലം സംസ്ഥാനങ്ങളുടെ ആവശ്യങ്ങളും യൂണിയൻ ഗവണ്മെന്റിന്റെ കൈമാറ്റവും തമ്മിലുള്ള വിടവ് ഉയരുന്നതായി കാണാം. ഒരു ഉദാഹരണം നോക്കാം, പതിന്നാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കേരളം 38 ഇനങ്ങളിലുള്ള ഗ്രാന്റുകൾക്കായി നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ

അനുവദിക്കപ്പെട്ടതോ, കേവലം നാലെണ്ണം മാത്രം. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങളും കേന്ദ്ര വിഹിതവും തമ്മിലുള്ള അജഗജാന്തരം വിരൽ ചൂണ്ടുന്നത് കൂടുതൽ ഉത്തരവാദിത്വ പൂർണ്ണമായ ഒരു ഗ്രാന്റ് വിതര സമ്പ്രദായത്തിന്റെ പ്രസക്തിയിലേക്കാണ് (പട്ടിക 2).

**ഇനിയങ്ങോട്ട്**

ഇപ്പോൾ പതിനാറാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിലേക്ക് രാജ്യം കടക്കുമ്പോൾ അർത്ഥ വത്തായ പരിഷ്കാരങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത കൂടുതൽ പ്രസക്തമാവുകയാണ്. ധനകാര്യ കമ്മീഷന്റെ ഗ്രാന്റുകൾ സംബന്ധിച്ചിടത്തോളം അടിയന്തരമായ മാറ്റങ്ങൾ ആവശ്യമാവുകയാണ്. ധനകാര്യ കമ്മീഷന്റെ ഭാഗത്തു നിന്നുള്ള ഗ്രാന്റുകൾ ഉയർത്തുകയും ഉപാധികളോട് കൂടിയ ഗ്രാന്റുകളുടെ വിഹിതം കുറയ്ക്കുകയും ചെയുക എന്നതായിരിക്കണം അതിന്റെ ഊന്നൽ. അത് സംസ്ഥാനങ്ങളുടെ ധന പരമായ പരമാധികാരം കൂടുതൽ ചലനാത്മക മാക്കുകയും ഒപ്പം സംസ്ഥാനങ്ങൾക്ക് അവയുടെ തനതായ വികസന ആവശ്യങ്ങളിൽ ഊന്നൽ നൽകുന്നതിന് സഹായകമാവുകയും ചെയ്യും. മൊത്തം റവന്യു വരുമാനത്തിന്റെ ഭാഗം എന്ന നിലയിലേക്കോ അല്ലെങ്കിൽ യൂണിയൻ ഗവണ്മെന്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ വിഹിതം എന്ന നിലയിലേക്കോ മാറ്റം വരുത്തുന്ന വിധത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ നൽകുന്നതിനുള്ള അടിത്തറ കൂടുതൽ വിപുലമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഇത്തരത്തിൽ ഒരു ശുപാർശ നൽകുന്ന കാര്യം അടിയന്തിരമായി തന്നെ പരിഗണിക്കേണ്ടതാണ്. യൂണിയൻ ഗവണ്മെന്റിന്റെ റവന്യു വരുമാനത്തിൽ ഉണ്ടാകുന്ന വർധന ഈ ആവശ്യത്തെ കൂടുതൽ സാധൂകരിക്കുന്നതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വിഹിതം ഉയർത്തുന്നത് വഴി സംസ്ഥാനങ്ങളുടെ തനതായ ആവശ്യങ്ങളും ധനസഹായവും തമ്മിൽ പൊരുത്തപ്പെട്ട് പോകുന്ന സാഹചര്യം സംജാതമാകും. ഇത്തരത്തിൽ ഉയരുന്ന ആശങ്കകൾ പതിനാറാം ധനകാര്യ കമ്മീഷൻ

**Table 2:** Transfers recommended by the14th and 15th FCs

| Categories | 14th FC | | 15th FC | |
|---|---|---|---|---|
| | Amount (crore) | As a % of divisible pool | Amount (crore) | As a % of divisible pool |
| Divisible pool | 9400444 | | 10304292 | |
| Total transfers to states | 4485541 | 47.72 | 5257822 | 51.03 |
| Tax share | 3948187 | 42 | 4224760 | 41.00 |
| Grants from FC | 537354 | 5.72 | 1033062 | 10.03 |
| Fiscal Space for Union Govt | 4914903 | 52.28 | 5046470 | 48.97 |
| Provision of other transfers to states | 1477943 | 15.72 | 1966199 | 19.08 |
| Total grants from the Centre | 2015297 | 21.44 | 2999261 | 29.11 |

*Source: Union Finance Commission Reports (14 &15)*

ഗൗരവപൂർവം പരിഗണിക്കുന്നതായാൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ വിഭവങ്ങളുടെ സമാഹരണ കാര്യത്തിലുള്ള അസമത്വം പരിഹരിക്കുന്നതിൽ ഏറെ നിർണ്ണായകമായ പങ്കായി മാറും. സമതുലിതമായ ഒരു ധനകാര്യ ഫെഡറൽ ഘടന രാജ്യത്ത് വാർത്തെടുക്കുന്നതിന് അത് സഹായകമാകും. ഇത്തരം കാര്യങ്ങളിലുള്ള ചർച്ചകൾ സജീവമാകുന്ന ഘട്ടത്തിൽ ഒരു കാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഇന്ത്യയുടെ ഫെഡറൽ ഘടന വരും നാളുകളിൽ അഴിച്ചുപണി അനിവാര്യമാക്കുന്ന തരത്തിൽ നിർണ്ണായകമായ പാതയിലൂടെയാണ് ചരിക്കുന്നത് എന്നതാണ് അത്.

(2024 ഒക്ടോബർ മൂന്നിന്, 'ഗ്രാന്റുകൾ വഴിയായി ധനകാര്യ കമ്മീഷന് സംസ്ഥാനങ്ങൾക്ക് ധനപരമായ കൂടുതൽ അവസരങ്ങൾ നൽകാൻ കഴിയും' എന്ന ശീർഷകത്തിൽ' മണി കൺട്രോൾ' പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പുനഃപ്രസിദ്ധീകരണം)

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രഫസർമാരാണ് സുമലത, അശ്വതി റേച്ചൽ വർഗീസ് എന്നിവർ. അനിതകുമാരി വിസിറ്റിംഗ് ഫാക്കൽറ്റിയായി സേവനമനുഷ്ഠിക്കുന്നു)

## References

10th Finance Commission Report, 1994, Government of India.

11th Finance Commission Report, June 2000, Government of India.

12th Finance Commission Report, November 2004, Government of India.

13th Finance Commission Report, Volume I, December 2009, Government of India.

14th Finance Commission Report, Government of India.

15th Finance Commission Report, Volume I , October 2020, Government of India.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ– ഡിസംബർ 2024*

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഐ ജി എസ് ടി തീർപ്പാക്കലും നഷ്ടപരിഹാര സെസും : സംസ്ഥാനങ്ങളുടെ ധനപരമായ സമ്മർദ്ദം നേരിടുന്നതിനുള്ള വഴികൾ

ഷെൻസി മാത്യു, അനിതാകുമാരി എൽ

**സംഗ്രഹം**

*ഇന്ത്യയുടെ സമീപകാല ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു നികുതി പരിഷ്കാരം എന്ന നിലയിൽ ഏറെ കൊട്ടിഘോഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചരക്ക് സേവന നികുതി (ജി എസ് ടി) തുടക്കം മുതൽ തന്നെ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കുകയുണ്ടായി. പരോക്ഷ നികുതി സമ്പ്രദായത്തെ കൂടുതൽ ലളിതമാക്കുന്ന കാര്യത്തിലും രാജ്യത്തെ ഒറ്റ വിപണി എന്ന നിലയിലേക്ക് പരിവർത്തനം ചെയ്യുന്ന കാര്യത്തിലും ഈ സമ്പ്രദായം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ ഇപ്പോഴും ചില പ്രധാന പ്രശ്നങ്ങൾക്ക് ഉത്തരമായിട്ടില്ല. ജി എസ് ടി നിലവിൽ വന്നതിന് ശേഷം വരുമാനത്തിന്റെ കാര്യത്തിൽ ഉണ്ടായ പ്രകടനത്തെ കുറിച്ചും ഒപ്പം സംസ്ഥാനങ്ങളുടെ ധനപരമായ പ്രതിസന്ധി മറികടക്കുന്നതിനുമുള്ള രണ്ട് നിർദേശങ്ങളുമാണ് ഈ പഠനം ചർച്ച ചെയ്യുന്നത്. ഐ ജി എസ് ടി യിൽ ഇനിയും കണക്ക് തീർക്കാതെ കിടക്കുന്ന വൻതുക എത്രയും വേഗം വിതരണം ചെയ്യുകയും നഷ്ടപരിഹാരം നൽകുന്നതിനെടുത്ത വായ്പയുടെ തിരിച്ചടവ് പൂർത്തിയായതിന് ശേഷവും നഷ്ടപരിഹാര സെസ്സ് കുറച്ച് വർഷങ്ങൾ കൂടി തുടരുകയും ചെയ്യുക എന്നിവയാണ് ഈ നിർദേശങ്ങൾ. അങ്ങനെ തുടര്ന്ന് നഷ്ടപരിഹാര സെസ്സ് വഴിയായുള്ള വരുമാനം പങ്ക് വയ്ക്കുന്നതുമായാൽ സംസ്ഥാനങ്ങളുടെ ധനപരമായ പ്രതിസന്ധിക്ക് വലിയൊരളവോളം പരിഹാരമാകും.*

***പ്രധാന വാക്കുകൾ :** ജി എസ് ടി, വരുമാനത്തിന്റെ കാര്യത്തിലെ പ്രകടനം, ഐ ജി എസ് ടി തീർപ്പാക്കൽ, പങ്ക് വയ്ക്കാതെ കിടക്കുന്ന തുക, നഷ്ടപരിഹാര സെസ്സ്.*

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ ജർമനിയിലെ ബിസിനസ് കാരനായ വില്യം വോൺ സീമെൻസ് ആണ് മൂല്യ വർധിത നികുതി (വാറ്റ്) ചരക്ക് സേവന നികുതി (ജി എസ് ടി) എന്നീ ആശയങ്ങൾ മുന്നോട്ട് വച്ചത്. 1954 ൽ ഫ്രാൻസിലാണ് ഈ സമ്പ്രദായം ആദ്യമായി നടപ്പാക്കിയത്. പിന്നീട് ജപ്പാൻ, ദക്ഷിണ കൊറിയ, യു. കെ, ആസ്ട്രേലിയ, കാനഡ തുടങ്ങിയ പല രാജ്യങ്ങളിലും ഈ സമ്പ്രദായം നിലവിൽ വന്നു. നിലവിൽ 160 ൽ പരം രാജ്യങ്ങളിലാണ് വാറ്റ്/ജി എസ് ടി സമ്പ്രദായം നടപ്പാക്കിയിട്ടുള്ളത് (ലോകബാങ്ക്–2015). എന്നാൽ എല്ലാ രാജ്യങ്ങളിലും ഒരേ രീതിയിലല്ല ഇത് നടപ്പാക്കിയിട്ടുള്ളത്. വാറ്റിന്റെ തുടർച്ച എന്ന നിലയിൽ 2004 ലാണ് ഇത് ഇന്ത്യയിലെത്തുന്നത്. കേന്ദ്ര തലത്തിലും

സംസ്ഥാന തലങ്ങളിലും നിലവിലുള്ള എല്ലാ നികുതികളും സമന്വയിപ്പിച്ച് ഒറ്റ നികുതി എന്നതായിരുന്നു പ്രാരംഭത്തിൽ ഇതിന്റെ പിന്നിലെ ആശയം. എന്നാൽ നടപ്പാക്കുന്ന ഘട്ടമായപ്പോൾ ഇന്ത്യ, കാനഡ നടപ്പാക്കിയ ഇരട്ട ജി എസ് ടി എന്ന മാതൃകയാണ് സ്വീകരിച്ചത്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ധനകാര്യ ബന്ധങ്ങൾക്കാണ് ഇന്ത്യയിൽ ജി എസ് ടി യുടെ ഘടനയിൽ മുഖ്യ പ്രാധാന്യം നൽകിയത്.

പലരും വിശ്വസിക്കുന്നത് ജി എസ് ടി അടുത്തകാലത്ത് ഉണ്ടായ നയപരമായ ഏറ്റവും വലിയ ഒരു വിജയമാണ് എന്ന നിലയിലാണ്. ദേശീയ തലത്തിലുള്ള വിപണിയുടെ വളർച്ചക്ക് ഹേതുവാകുകയും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും സ്ഥിരമായ ഒരു വരുമാന സ്രോതസായി അത് മാറിയെന്നുമാണ് വിലയിരുത്തപ്പെട്ടത് (സുബ്രമണ്യൻ–2024). 'ഒരു രാജ്യം, ഒരു മാർക്കറ്റ്, ഒറ്റ നികുതി' എന്ന നിലയിൽ സാമ്പത്തികമായുള്ള ഒരു ഏകീകരണമാണ് അതുകൊണ്ട് ലക്ഷ്യമിട്ടത്. എന്നാൽ നടപ്പാക്കലിന്റെ ഘട്ടമായതോടെ ഒറ്റ നികുതി എന്ന ആശയം നികുതി നിയമത്തിലെയും നടപടിക്രമങ്ങളിലെയും ഏകീകരണം എന്ന നിലയിലേക്ക് വഴി മാറി. നികുതിയിലെയും നികുതി നിരക്കുകളുടെയും ഏകീകരണം എന്നതിന് ബദലായി നികുതി ഭരണനിർവഹണത്തിന്റെ കേന്ദ്രീകരണം, രെജിസ്ട്രേഷൻ, നികുതി അടയ്ക്കൽ, റിട്ടേൺ സമർപ്പിക്കൽ, റീഫണ്ട് തുടങ്ങിയ മേഖലകളിലാണ് ഈ ഏകീകരണം നടപ്പായത്. പെട്രോളിയം ഉത്പന്നങ്ങൾ, വൈദ്യുതി, ഭൂമി വില്പന അടക്കമുള്ള കാര്യങ്ങളിലെ മുദ്രവില, മദ്യത്തിന്മേലുള്ള എക്സൈസ് തീരുവ തുടങ്ങിയ ഇനങ്ങൾ ജി എസ് ടി പരിധിയിൽ നിന്നും ഒഴിവാക്കിയത് രാജ്യമെങ്ങും ഒരേ രീതിയിലുള്ള പരോക്ഷ നികുതി എന്ന ആശയത്തിൽ വിള്ളൽ വീഴ്ത്തുന്നതായി മാറി (കുമാർ എ, 2019, മുഖർജി എസ്, 2019). ഇപ്പോൾ നടപ്പാക്കിയിട്ട് ഏഴര വർഷം പിന്നിട്ട് കഴിഞ്ഞു. എന്നിട്ടും ചട്ടങ്ങളിലെ ഭേദഗതികൾ, നടപടിക്രമങ്ങളിലെയും നികുതി നിരക്കുകളിലെയും മാറ്റങ്ങൾ തുടങ്ങിയ കാര്യങ്ങളടക്കം ഇപ്പോഴും പണിതിട്ടും പണിതിട്ടും പൂർത്തിയാകാത്ത വീടിന്റെ അവസ്ഥയിലാണ് ജി എസ് ടി സമ്പ്രദായം. 2022 ഡിസംബർ 31 വരെയുള്ള കാലഘട്ടം പരിഗണിക്കുമ്പോൾ കേന്ദ്ര ജി എസ് ടി നിയമങ്ങളുടെ കാര്യത്തിൽ മാത്രം 718 ഭരണപരമായ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. അതാകട്ടെ അസ്സസ്മെന്റ്, ലെവി, നികുതി ഭരണക്രമം, നികുതി സംഭരണം തുടങ്ങിയ കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ കൂടുതൽ സങ്കീർണമാക്കി എന്നു പറയാം (തെക്കേക്കര ജെ, കുമാരി എൽ എ, 2023).

ഇത് ഇക്കാര്യത്തിൽ നിലനിൽക്കുന്ന ആശയക്കുഴപ്പത്തിലേക്കും ഇനിയും പരിഹൃതമാകാത്ത നിരവധി പ്രശ്നങ്ങളിലേക്കും വിരൽ ചൂണ്ടുന്നതാണ്. അല്ലാതെ പുതിയ നികുതി രീതിയുടെ പ്രചാരകർ നിരത്തുന്ന സമ്പദ്ഘടനയുടെ വളർച്ചയിൽ കാണുന്ന വർധന, നികുതി വരുമാന വളർച്ച, കയറ്റുമതി മേഖലയിലെ വളർച്ച, ഉപഭോക്തൃ സംസ്ഥാനങ്ങളുടെ നികുതിയിൽ ഉണ്ടായ വർധന തുടങ്ങിയ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്താവുന്ന ഒന്നല്ല ജി എസ് ടി സമ്പ്രദായം. ഈ പശ്ചാത്തലത്തിൽ ഈ പഠനം ശ്രമിക്കുന്നത് നികുതി വരുമാനത്തിൽ ഉണ്ടായ വളർച്ച വിശകലനം ചെയ്യുന്നതിനാണ്. അതോടൊപ്പം രണ്ടു പ്രധാന പ്രശ്നങ്ങൾ, സംയോജിത ചരക്ക് സേവനനികുതി (ഐ ജി എസ് ടി) വരുമാന ഇനത്തിൽ ഇനിയും തീർപ്പാകാതെ കിടക്കുന്ന വൻതുകയുടെ പ്രശ്നവും നഷ്ടപരിഹാര സെസ്സ് ഏതാനും വർഷം കൂടി തുടരുന്നതിന്റെ സാധ്യതയും, കൂടി പരിശോധിക്കുന്നുണ്ട്.

**ജി എസ് ടി വരുമാനത്തിന്റെ അവലോകനം**

കേന്ദ്ര ചരക്ക് സേവന നികുതി (സി ജി എസ് ടി), സംസ്ഥാന ചരക്ക് സേവന നികുതി (എസ് ജി എസ് ടി), സംയോജിത ചരക്ക് സേവന നികുതി (ഐ ജി എസ് ടി) എന്ന ജി എസ് ടീയിലെ മൂന്ന് ഇനങ്ങളിലെ വരുമാനമാണ്

വിശകലനം ചെയ്യുന്നത്. ഈ ഇനങ്ങളിൽ ശേഖരിക്കാൻ കഴിഞ്ഞ മൊത്തം തുകയുടെ വിവരങ്ങൾ പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 2023–24 സാമ്പത്തിക വർഷത്തെ വരുമാനം 18.01 ലക്ഷം കോടി രൂപയാണ്, അതായത് ജി ഡി പിയുടെ 6.10 ശതമാനം. ഇതിൽ നിന്നും മനസിലാക്കാൻ കഴിയുന്ന കാര്യം, ജി എസ് ടി – ജി ഡി പി അനുപാതം ജി എസ് ടി നടപ്പാക്കുന്നതിന് മുൻപുണ്ടായിരുന്ന ഘട്ടത്തിലെ 6.13 ശതമാനവുമായി (2012 –13 മുതൽ 2016–17 വരെയുള്ള ഘട്ടം) ഏറെക്കുറെ ചേർന്ന് പോകുന്നു എന്നാണ്. (2023 ൽ മുഖർജി കണക്കാക്കിയ അനുപാതം). എന്നാൽ ഇത്തരത്തിൽ നികുതി – ജി ഡി പി അനുപാതത്തിൽ വര്ധനയുണ്ടാവുകയും അത് ജി എസ് ടിക്ക് മുൻപുള്ള ഘട്ടത്തിലേക്ക് എത്തിയെന്ന് കാണാമെങ്കിലും നികുതി വരുമാനത്തിന്റെ കുതിപ്പ് 2021–22 ലെ 1.5 ൽ നിന്നും 2023–24 ൽ 1.4 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ജി എസ് ടി നടപ്പാക്കുന്നതിന് മുൻപ് 2016–17 ൽ ഇത് 1.5 ശതമാനമായിരുന്നു (പട്ടിക – 1).

## പ്രതീക്ഷിത വരുമാനവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം

സംസ്ഥാനങ്ങൾക്ക് നികുതി വരുമാനത്തിന്റെ കാര്യത്തിൽ അഞ്ചു വർഷം കൊണ്ട് 14 ശതമാനം വളർച്ച കൈവരിക്കാനാകുമെന്ന പ്രതീക്ഷയോടെയാണ് ജി എസ് ടി നടപ്പിലാക്കിയത്. അതുകൊണ്ടാണ് അഞ്ചു വർഷത്തേക്ക് വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 2017 ൽ സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന നിയമം കൊണ്ട് വന്നത്. ഇതിന്റെയടിസ്ഥാനത്തിൽ 2015–16 സാമ്പത്തിക വർഷത്തിൽ സി എ ജി അംഗീകരിച്ച വരുമാനത്തിൽ നിന്നും 14 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞാൽ ഉണ്ടാകുമായിരുന്ന വരുമാനം ഞങ്ങൾ കണക്കാക്കുകയുണ്ടായി.

ഇത്തരത്തിൽ യഥാർഥത്തിലുള്ളതും പ്രതീക്ഷിച്ചതുമായ വരുമാനം 2023–24 സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യം യഥാർത്ഥത്തിലുള്ള വരുമാനം പ്രതീക്ഷിച്ച വരുമാനത്തിന്റെ ഏഴയലത്ത് പോലും എത്തുന്നില്ല എന്നതാണ്. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ അന്തരം നേരിടുന്ന സംസ്ഥാനങ്ങൾ, പഞ്ചാബ് (49.6 ശതമാനം), ഉത്തരാഖണ്ഡ് (42.4 ശതമാനം), കേരളം (36.5 ശതമാനം) എന്നിവയാണ്. എല്ലാ സംസ്ഥാന ങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും കണക്കുകൾ പരിശോധിക്കുമ്പോൾ യഥാർത്ഥ വരുമാനം പ്രതീക്ഷിച്ച വരുമാനത്തേക്കാൾ 26 ശതമാനം കുറവാണ് എന്നാണ് കാണുന്നത് (രേഖാചിത്രം–1). 10 സംസ്ഥാനങ്ങൾ മാത്രമാണ് ഇക്കാര്യത്തിൽ പ്രതീക്ഷിച്ച വരുമാനത്തേക്കാൾ മുകളിൽ നിൽക്കുന്നതെന്നും വ്യക്തമാകുന്നുണ്ട്. അതയായത് 2002 ഡിസംബർ മുതലാരംഭിച്ച് 14 വർഷം നീണ്ട ചർച്ചകൾക്കും വിലയിരുത്തലുകൾക്കും ഒടുവിൽ നടപ്പാക്കിയ പുതിയ പരോക്ഷ നികുതി രീതിയിൽ സംസ്ഥാനങ്ങൾക്ക് കനത്ത വില നൽകേണ്ടി വന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇതിൽ 2020–21, 2021–22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോവിഡ് മഹാമാരി വലിയ ആഘാതം ഏല്പിച്ചുവെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല . പക്ഷെ അതിനു ശേഷവും വരുമാനത്തിന്റെ കാര്യത്തിൽ കാര്യമായ വളർച്ച പ്രകടമായിട്ടില്ല എന്നതാണ് വസ്തുത. പലരും വാദിക്കുന്നത് വരുമാനത്തിന്റെ കാര്യം വ്യക്തമായി പരിഗണിക്കാതെ നടത്തിയ നികുതി നിരക്കിൽ വരുത്തിയ ഇളവുകളാണ് ഇതിന് കാരണമായത് എന്നാണ്. മാത്രവുമല്ല, നിലവിലെ നിരക്കുകൾ 'റവന്യു ന്യൂട്രൽ' എന്ന നിലയിലുള്ളതുമല്ല (ആർ ബി ഐ, 2019, ഐസക് ടി, 2020, മുഖർജി എസ് 2021, 2023 , ജോസഫ്, കുമാരി എൽ. എ, 2023, സുബ്രമണ്യൻ, 2024) (പട്ടിക 2), (രേഖാചിത്രം 1 & 2).

**Table 1:** GST revenue collection (in crores)

Gross GST Revenue Collection

| Year | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 (up to Oct-24) |
|---|---|---|---|---|---|---|---|---|
| CGST | 118857.1 | 202433.7 | 227443.0 | 209916.0 | 269137.2 | 323923.1 | 375710.4 | 237372.7 |
| SGST | 171781.7 | 278805.9 | 309231.5 | 272827.8 | 344215.8 | 410251.2 | 471195.0 | 294365.1 |
| IGST | 387354.4 | 598736.8 | 586698.7 | 565719.4 | 762270.5 | 945220.5 | 1026789.9 | 654487.4 |
| CESS | 62614.3 | 97368.7 | 98748.6 | 88342.0 | 107667.2 | 128285.5 | 144553.8 | 88216.5 |
| Total | 740607.4 | 1177345.1 | 1222121.7 | 1136805.1 | 1483290.8 | 1807680.3 | 2018249.2 | 1274441.8 |
| Net GST Revenue Collection (Gross Revenue - Refund) | | | | | | | | |
| | 2017-18* | 2018-19* | 2019-20* | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 (up to Oct-24) |
| CGST | 108301.1 | 184455.0 | 207243.1 | 191744.8 | 242767.2 | 294755.7 | 345404.6 | 217772.8 |
| SGST | 156939.1 | 254715.9 | 282512.7 | 250610.1 | 311117.5 | 374003.9 | 433654.1 | 270023.1 |
| IGST | 329398.9 | 509154.6 | 498917.6 | 485018.2 | 643208.7 | 795892.5 | 881348.6 | 554064.0 |
| CESS | 60167.1 | 93563.3 | 94889.2 | 84321.8 | 102713.0 | 123416.9 | 140671.6 | 85212.5 |
| Total | 654910.5 | 1041112.7 | 1080708.1 | 1011694.9 | 1299806.5 | 1588069.0 | 1801078.9 | 1127072.4 |
| Growth (GST) | | | 3.8 | -6.4 | 28.5 | 22.2 | 13.4 | |
| GDP (current) | 17090042 | 18899668 | 20103593 | 19854096 | 23597399 | 26949646 | 29535667 | 15391471 |
| Growth (GDP) | | 10.6 | 6.4 | -1.2 | 18.9 | 14.2 | 9.6 | |
| Net GST-GDP ratio (%) | | 5.5 | 5.4 | 5.1 | 5.5 | 5.9 | 6.1 | |
| Tax buoyancy (%) | | | 0.6 | 5.1 | 1.5 | 1.6 | 1.4 | |

**GST portal gives refund data from 2020-21 onwards only. We projected Net Revenue data for the years, 2017-18, 2018-19, and 2019-20 based on the average proportion of net revenue in gross revenue collection.*

*Source: GST Revenue - GST Portal, GDP - Niti Ayog*

**Table 2:** The difference between expected and actual revenue (Net) in 2023-24 (in crore)

| Name of State/UT | Expected | Actual | Difference | Difference as % of Expected |
|---|---|---|---|---|
| Andhra Pradesh | 39574.8 | 31056.0 | 8518.8 | 21.53 |
| Assam | 17074.2 | 14598.3 | 2475.9 | 14.50 |
| Bihar | 36001.2 | 27528.0 | 8473.2 | 23.54 |
| Chhattisgarh | 20986.5 | 13765.0 | 7221.4 | 34.41 |
| Delhi | 47878.2 | 31507.3 | 16370.9 | 34.19 |
| Gujarat | 82315.3 | 57434.6 | 24880.7 | 30.23 |
| Haryana | 43446.6 | 32867.0 | 10579.6 | 24.35 |
| Jharkhand | 18286.5 | 12327.0 | 5959.6 | 32.59 |
| Karnataka | 103104.3 | 70546.1 | 32558.2 | 31.58 |
| Kerala | 47984.4 | 30472.8 | 17511.6 | 36.49 |
| Madhya Pradesh | 43727.9 | 33030.7 | 10697.2 | 24.46 |
| Maharashtra | 172594.6 | 141317.1 | 31277.5 | 18.12 |
| Odisha | 31519.2 | 23823.1 | 7696.1 | 24.42 |
| Punjab | 41282.0 | 20825.8 | 20456.1 | 49.55 |
| Rajasthan | 48946.4 | 37965.8 | 10980.7 | 22.43 |
| Tamil Nadu | 84968.2 | 61708.3 | 23259.8 | 27.37 |
| Telangana | 45951.5 | 39032.9 | 6918.6 | 15.06 |
| Uttar Pradesh | 95241.7 | 74698.1 | 20543.6 | 21.57 |
| Uttarakhand | 14152.3 | 8155.2 | 5997.1 | 42.38 |
| West Bengal | 57330.5 | 40682.9 | 16647.6 | 29.04 |
| All States | 1133431.9 | 836682.0 | 296749.9 | 26.18 |

*Source: Calculated based on the data availed from GST Portal*




*Source: Same as Table 2*

**Figure 2: GST Collection - Average growth from 2019-20 to 2023-24**




*Source: Based on the data availed from GST Portal*

2019–20 നും 2023–24 നുമിടയിൽ ജി എസ് ടി വരുമാനത്തിൽ ഉണ്ടായ ശരാശരി വാർഷിക വളർച്ച രണ്ടാം രേഖാചിത്രത്തിൽ നിന്നും ലഭ്യമാണ്. പ്രതീക്ഷിക്കുന്ന 14 ശതമാനം വളർച്ചയെക്കാളും വളരെ മോശമായ പ്രകടനമാണ് സംസ്ഥാനങ്ങളുടെ വരുമാന വളർച്ചയിൽ കാണുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 15.6 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കാൻ കഴിഞ്ഞ ഒഡിഷ മാത്രമാണ് ഇക്കാര്യത്തിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വച്ചിട്ടുള്ളത്. തൊട്ടടുത്ത സ്ഥാനത്ത് വരുന്ന ഹരിയാന 13.6 ശതമാനം വളർച്ച കൈവരിച്ചിട്ടുണ്ട്. 8.8 ശതമാനം വളർച്ച മാത്രം കൈവരിക്കാൻ കഴിഞ്ഞ കേരളമാണ് ഏറ്റവും പിന്നിൽ നിൽക്കുന്നത്. എല്ലാ സംസ്ഥാനങ്ങളുമെടുക്കുമ്പോൾ ശരാശരി വളർച്ച 12 ശതമാനമാണ്. കേരളത്തിന്റെ കാര്യമെടുത്താൽ 2022–23 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനവും യഥാർത്ഥ വരുമാനവും തമ്മിലുള്ള വ്യത്യാസം 17512 കോടി രൂപയാണ്. ഒരു കാര്യം വളരെ വ്യക്തമാണ്, ജി എസ് ടീയുടെ കാര്യത്തിൽ കേന്ദ്രത്തിന് സംസ്ഥാനങ്ങളേക്കാൾ വളരെ മെച്ചപ്പെട്ട അവസ്ഥയാണുള്ളത് സംസ്ഥാനങ്ങൾക്ക് സമ്പൂർണ്ണ അധികാരമുണ്ടായിരുന്ന പല നികുതികളും ജി എസ് ടീയിൽ ലയിപ്പിച്ചതാണ് സംസ്ഥാനങ്ങളുടെ മോശമായ അവസ്ഥക്ക് കാരണം. സംസ്ഥാനങ്ങൾക്ക് ജി എസ് ടി കൗൺസിലിന്റെ അംഗീകാരമില്ലാതെ ഒരു തരത്തിലും നികുതികൾ വർധിപ്പിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് ഇത്തരം അനുഭവങ്ങൾ വ്യക്തമാക്കുന്നത് ജി എസ് ടീയുടെ കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് അത്ര നല്ല പാഠങ്ങളല്ല ഉണ്ടായിട്ടുള്ളത് എന്നാണ്.

ഇവിടെ ഉയരുന്ന നിർണ്ണായകമായ ചോദ്യം, ഇന്ത്യയെ പോലെ വൈവിധ്യമാർന്ന ഒരു രാജ്യത്തിന് ഇത്തരത്തിൽ ഒരു ഏകീകൃത നികുതി സമ്പ്രദായം അനുയോജ്യമാണോ എന്നതാണ്. ഇന്ത്യയിലെ ഓരോ സംസ്ഥാനവും ഉപഭോഗത്തിന്റെയും ഭൂമിശാസ്ത്രപരമായ നിലയുടെ കാര്യത്തിലും ഏറെ വൈജാത്യം പുലർത്തുന്നു എന്നതാണ് പ്രശ്നം. ഉദാഹരണത്തിന് ജി എസ് ടി സമ്പ്രദായത്തെ അനുകൂലിക്കുന്ന ആളുകൾ പറയുന്നത് അവസാന ഉപഭോഗ പോയിന്റിൽ നികുതി ഈടാക്കുന്ന സമ്പ്രദായം എന്ന നിലയിൽ ഇത് ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഏറെ ഗുണം ചെയ്യുന്നു എന്നാണ്. പക്ഷെ യാഥാർഥ്യം ഇതിൽ നിന്നും വളരെ വ്യത്യസ്തമാണ്. സംസ്ഥാനങ്ങളുടെ ധനപരമായ പരമാധികാരം നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ജി എസ് ടി യുടെ ലക്ഷ്യം എന്ന നിലയിൽ നിവചിക്കപെടുന്നത്, സംസ്ഥാനങ്ങളുടെ ധനപരമായ പരമാധികാരവും നികുതി സൗഹാർദ്ദതയും തമ്മിൽ കൃത്യമായ ഒരു സമവായം സൃഷ്ടിക്കുക എന്നതാണ്.

**രണ്ട് പ്രധാന പ്രശ്നങ്ങൾ**

ജി എസ് ടി കൗൺസിലിന്റെ അടിയന്തിര ഇടപെടൽ ആവശ്യമായി വരുന്ന രണ്ടു പ്രധാന പ്രശ്നങ്ങൾ പരിശോധിക്കപ്പെ ടേണ്ടതുണ്ട്. ഐ ജി എസ് ടി ഇനത്തിൽ പിരിച്ചെടുത്ത വലിയ തുക ഇനിയും സംസ്ഥാനങ്ങളുമായി സെറ്റിൽ ചെയ്യപ്പെടാതെ കിടക്കുകയാണ്. അതോടൊപ്പം ജി എസ് ടി നഷ്ടപരിഹാര സെസ്സ് കുറച്ച് വർഷങ്ങൾ കൂടി തുടരണം എന്നതാണ് മറ്റൊരു പ്രധാന പ്രശ്നം. സംസ്ഥാനങ്ങളുടെ ധനപരമായ സമ്മർദ്ദം ഒഴിവാക്കുന്നതിന് ഇവ രണ്ടും സഹായകരമാകും.

**1. തീർപ്പാകാതെ കിടക്കുന്ന പണം**

മൊത്തം ജി എസ് ടി വരുമാനത്തിൽ പകുതിയോളം ഐ ജി എസ് ടി യിൽ നിന്നുള്ള വരുമാനമാണ്. അന്തർസംസ്ഥാന വ്യാപാരത്തിലാണ് പ്രധാനമായും ഐ ജി എസ് ടി ചുമത്തുന്നത്. ആഭ്യന്തര വ്യാപാര രംഗത്ത് സംസ്ഥാനങ്ങൾ തമ്മിലുള്ള ബിസിനസ് ടു ബിസിനസ് (ബി 2 ബി),

ഇൻവോയ്സ് മൂല്യം 2.5 ലക്ഷം രൂപയിലധികം വരുന്ന ബിസിനസ് ടു കൺസ്യൂമർ (ബി 2 സി), ഇൻവോയ്സ്മൂല്യം 2.5 ലക്ഷമോ അതിൽ താഴെയോ വരുന്ന ബിസിനസ് ടു കൺസ്യൂമർ (ബി 2 സി) എന്നിവയിലും ഇറക്കുമതി ഉൾപ്പടെ വരുന്ന രാജ്യാന്തര വ്യാപാരത്തിലു മാണ് (ബിസിനസ് ടു ബിസിനസ് ബി 2 ബി) ഇത് ചുമത്തുന്നത് (മുഖർജി എസ്, 2019). ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും അന്തിമ വിനിയോഗം നടക്കുന്ന സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ ഐ ജി എസ് ടി വരുമാനം പങ്ക് വയ്ക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ഇതിന് അനുബന്ധമായി ഒരു പിടി ചോദ്യങ്ങൾ ഉയർന്നു വരുകയും ചെയ്യുന്നു. എപ്രകാരമാണ് ഈ പങ്ക് വയ്ക്കൽ നടക്കേണ്ടത്? നിലവിലെ രീതി എത്രകണ്ട് ഫലപ്രദമാണ്? ഇനി അതിനുള്ള സംവിധാനം കുറ്റമറ്റതാണെങ്കിൽ എന്തുകൊണ്ട് ഇത്ര വലിയ തുക പങ്ക് വയ്ക്കപ്പെടാതെ ഐ ജി എസ് ടി അക്കൗണ്ടിൽ കിടക്കുന്നു തുടങ്ങിയ വയാണ് ആ ചോദ്യങ്ങൾ (ജോസഫ്, കുമാരി, 2023).

മൂന്നാം പട്ടിക കാണിക്കുന്നത് സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്ക് വയ്ക്കേണ്ട ഐ ജി എസ് ടി വരുമാനം ഏറെക്കുറെ സമാനമാണ് എന്നാണ്. മാത്രവുമല്ല, കേന്ദ്രത്തിന്റെ പക്കൽ വലിയ തുക അവശേഷിക്കുന്നതായും അത് കാണിക്കുന്നില്ല. മൊത്തം ജി എസ് ടി വരുമാനത്തിന്റെ പകുതി സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിൽ തങ്ങൾ ക്കർഹതപ്പെട്ട 1523.95 കോടി രൂപ കേന്ദ്ര സർക്കാരിന്റെ പക്കലുണ്ടെന്ന ആക്ഷേപം തമിഴ്നാട് സർക്കാർ ഉന്നയിക്കുകയുണ്ടായി (ദി ഹിന്ദു, ജൂൺ 13, 2024). എന്നാൽ ഇത്തരത്തിൽ തുക തങ്ങളുടെ പക്കൽ കിടക്കുന്നില്ല എന്ന വിശദീകരണമാണ് കേന്ദ്ര

സർക്കാർ ഇക്കാര്യത്തിൽ നൽകിയിട്ടുള്ളത് (ദി ഹിന്ദു, ജൂൺ 15, 2024). ഐ ജി എസ് ടി ഇനത്തിൽ ഒരു സംസ്ഥാനത്തിനും തുക നല്കാനില്ല എന്നതാണ് അവരുടെ നിലപാട്. എന്നാൽ ഇത് പൂർണ്ണമായും വിശ്വാസത്തിലെടുക്കാൻ കഴിയുന്ന ഒന്നല്ല. 2023 ഡിസംബർ 18 നു നക്ഷത്ര ചിഹ്നമില്ലാത്ത ഒരു ചോദ്യത്തിന് പാർലമെന്റിൽ നൽകിയ മറുപടി പ്രകാരം 2023 നവംബർ 23 ലെ കണക്കുകൾ പ്രകാരം ഐ ജി എസ് ടി ഇനത്തിൽ 309, 309 കോടി രൂപ കേന്ദ്ര സർക്കാരിന്റെ പക്കലുണ്ടെന്നാണ് വ്യക്തമാകുന്നത്. എന്നാൽ ഐ ജി എസ് ടി കണക്കിൽ വരുന്ന വരുമാനം തുല്യമായ രീതിയിൽ പങ്ക് വയ്ക്കണമെന്ന മുൻധാരണക്ക് വിരുദ്ധമാണ് ഇത്.

ഇത്തരത്തിൽ വൻതുക സമാഹരിക്കപ്പെടാനുണ്ടായ ഒരു പ്രധാന കാരണം നികുതി ദായകർ ഐ ടി സി ഉപയോഗിക്കാതെ പോകുന്നതാണ്. ഐ ജി എസ് ടീയിൽ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ വാങ്ങുന്നവർ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐ ടി സി) ക്ലെയിം ചെയ്യാറുണ്ട്. ഇതിൽ അവർ അർഹതപ്പെട്ട സംസ്ഥാനങ്ങളുടെ പേര് വ്യക്തമായി ചേർക്കുന്നു. ഐ ടി സി ഉപയോഗപ്പെടുത്തി കഴിഞ്ഞാൽ സംസ്ഥാന വിഹിതം തീർപ്പാക്കപ്പെടുന്നു. എന്നാൽ പല വിധ കാരണങ്ങളാൽ ഐ ടി സി ക്ലെയിം ചെയ്യപെടുന്നില്ലെങ്കിൽ നിയമനുസരിച്ച് അതിന്റെ വിതരണം തടയപ്പെടുകയോ അല്ലെങ്കിൽ ലാപ്സാവുകയോ ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ അർഹതപ്പെട്ട സംസ്ഥാനമേതെന്ന് തീർച്ചപ്പെടുത്താൻ കഴിയാതെ പോകുന്നു എന്നതാണ് പ്രശ്നമായി വരുന്നത്. ഇത് ഐ ജി എസ് ടി അക്കൗണ്ടിൽ പണം സെറ്റിൽ ചെയ്യപ്പെടാതെ കിടക്കുന്നതിന് കാരണമായി മാറുന്നു (ദി ഹിന്ദു, ജൂൺ 15, 2024). ഇവിടെയാണ് സംവിധാനത്തിന്റെ കാര്യക്ഷമതയെ കുറിച്ചും മികച്ച സാങ്കേതിക സംവിധാനത്തിന്റെ ആവശ്യകതയെ കുറിച്ചുമുള്ള ചോദ്യങ്ങൾ ഉയരുന്നത്. ഇന്ത്യയിൽ ജി എസ് ടി സംവിധാനത്തിന്റെ നട്ടെല്ല് എന്ന് പറയാവുന്നത് ഐ ടി സിസ്റ്റമാണ്. ഇതിന്റെ കാര്യക്ഷമതയാണ് നികുതി ഘടനക്ക് കരുത്ത് നൽകുന്നത് (പട്ടിക 3 & 4)

മേല്പറഞ്ഞ കാരണങ്ങളാൽ വലിയൊരു തുക ഐ ജി എസ് ടി അക്കൗണ്ടിൽ സെറ്റിൽ ചെയ്യപ്പെടാതെ കിടക്കുകയാണ്. അതാകട്ടെ സംസ്ഥാനങ്ങളുടെ ധനപരമായ സമ്മർദ്ദം കൂടുതൽ ഉയർത്തുകയും ചെയ്യുന്നു. പ്രത്യേകിച്ച് ഇതിന് അർഹതപ്പെട്ട സംസ്ഥാനങ്ങളുടെ കാര്യത്തിൽ. നിലവിൽ ഇക്കാര്യത്തിൽ വലിയ കാലതാമസം നേരിട്ട് വരികയാണ്. ഡീലർമാർ തങ്ങളുടെ പ്രതിമാസ/ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യുന്ന മുറയ്ക്ക് മാത്രമേ ഇത് സംസ്ഥാനങ്ങൾക്ക് ലഭ്യമാവുകയുള്ളൂ. ഐ ജി എസ് ടി അക്കൗണ്ടിൽ വലിയ തുക സെറ്റിൽ ചെയ്യപ്പെടാതെ വരുന്നത് ഇങ്ങനെയാണ്. സംസ്ഥാനങ്ങൾക്ക് മാത്രമല്ല കേന്ദ്രത്തിനും ഇത് ലഭ്യമാകുന്നില്ല എന്നതാണ് വാസ്തവം. ഡീലർമാർ റിട്ടേൺ ഫയൽ ചെയ്യുന്ന മുറക്ക് ഭാഗികമായി മാത്രമേ ഇത് അതാത് സംസ്ഥാനങ്ങൾക്ക് ലഭ്യമാവുകയുള്ളൂ. സംസ്ഥാനങ്ങളുടെ സാമ്പത്തിക ഭാരം ഇത് ഇരട്ടിയാക്കുന്നു. ഇതിന് പരിഹാരമായി എസ് ജി എസ് ടി, സി ജി എസ് ടി എന്നിവയിൽ നിന്ന് ഒരു ഭാഗം ഐ ജി എസ് ടി സെറ്റിൽമെന്റിനായി വിനിയോഗിക്കുകയാണ് വേണ്ടത്. നികുതിദായകർ ഐ ജി എസ് ടി നൽകുമ്പോൾ ഉടൻ തന്നെ ഐ ജി എസ് ടി തുക വീതം വച്ച് കേന്ദ്ര-സംസ്ഥാന അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുകയാണ് വേണ്ടത്. സംസ്ഥാനങ്ങളുടെ നികുതി വരുമാനം സംബന്ധിച്ച സ്ഥിതി മനസിലാക്കുന്നതിനും ഇത് സഹായകമാണ്.

**2. ജി എസ് ടി നഷ്ടപരിഹാര സെസ്സ്**

ജി എസ് ടി നടപ്പാക്കിയതിന് ശേഷം അഞ്ചു വർഷക്കാലയളവിൽ സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തിൽ നഷ്ടം സംഭവിക്കാതെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജി

**Table 3:** Net GST revenue collection and IGST settlement (in crore)

| | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 (upto Oct-24) |
|---|---|---|---|---|---|
| GST Revenue Collection (net) | 1011694.9 | 1299806.5 | 1588069 | 1801078.9 | 1127072.4 |
| CESS | 84321.8 | 102713.0 | 123416.9 | 140671.6 | 85212.5 |
| GST Revenue Collection (net) - CESS | 927373.1 | 1197093.5 | 1464652.1 | 1660407.4 | 1041859.9 |
| IGST Settlement (States) | 217884 | 295497.8 | 358893.1 | 403027.9 | 260861.5 |
| State's Revenue (SGST+IGST Settlement) | 468494.1 | 606615.3 | 732897 | 836682 | 530884.6 |
| Centre's Revenue* (CGST+ IGST Settlement) | 463586 | 593345 | 723270 | 815520 | |
| Unsettled Amount | -4706.9 | -2866.9 | 8485.1 | 8205.3 | |
| Share in GST Revenue Collection (net) - CESS (%) | | | | | |
| State | 50.5 | 50.7 | 50.0 | 50.4 | 51.0 |
| Centre | 50.0 | 49.6 | 49.4 | 49.1 | |
| Unsettled amount | -0.5 | -0.2 | 0.6 | 0.5 | |

*Source: Calculated based on the data availed from the GST portal and *Receipt Budget.*

**Table 4:** Details of IGST retained in the Centre (Rs. Crore)

| FY 2018-19 | FY 2019-20 | FY 2020-21 | FY 2021-22 | FY 2022-23 | FY 2023-24 (till Nov.23) |
|---|---|---|---|---|---|
| 265518 | 283491 | 265601 | 348966 | 424180 | 309309 |

*Source: Answer to the Lok Sabha unstarred question No. 2373 to be answered on 18th December 2023.*

എസ് ടി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം 2017 പാസാക്കപ്പെട്ടത്. 2015-16 സാമ്പത്തിക വർഷത്തിലെ വരുമാനത്തിൽ നിന്നും 14 ശതമാനം പ്രതിവർഷ വളർച്ച ഉണ്ടാകുന്നില്ലെങ്കിൽ പ്രസ്തുത നഷ്ടം പരിഹരിക്കുക എന്നതാണ് ഇതിന്റെ അടിസ്ഥാനം. ജി എസ് ടി നടപ്പാക്കുന്ന വേളയിൽ സംസ്ഥാനങ്ങൾക്കുണ്ടായ അസംതൃപ്തി പരിഹരിക്കുന്നതിനും രാഷ്ട്രീയമായ എതിർപ്പുകൾ മറി കടക്കുന്നതിനുമാണ് 2022 ജൂൺ 30 വരെ നഷ്ടപരിഹാരം ത്രൈമാസ അടിസ്ഥാനത്തിൽ നൽകാമെന്ന് കേന്ദ്രം വാഗ്ദാനം നൽകിയത്. സെസ്സിന്റെ കാര്യത്തിൽ വന്ന ഒരു പ്രധാന വിമർശനം സംസ്ഥാനങ്ങൾ ശേഖരിക്കുന്ന സെസ്സ് അവയ്ക്ക് മാത്രമായി വിനിയോഗിക്കാൻ കഴിയില്ല എന്നതാണ്. അത് മൊത്തത്തിൽ പൂൾ ചെയ്യപ്പെടുകയും സംസ്ഥാനങ്ങളുടെ വരുമാന നഷ്ടത്തിന് ആനുപാതികമായി നൽകുന്ന രീതിയാണ് ഉണ്ടായത്.

സാമ്പത്തികമായ മാന്ദ്യവും കോവിഡ് പ്രതിസന്ധിയും ജി എസ് ടി വരുമാനത്തെ സാരമായി ബാധിക്കുന്ന സ്ഥിതിയുണ്ടായി. സെസ്സ് വരുമാനത്തിൽ ഇത് കുറവുണ്ടാക്കി. സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്ന കാര്യത്തിൽ കാലതാമസത്തിന് ഇത് ഇടയാക്കുകയും ചെയ്തു. നഷ്ടപരിഹാരം രണ്ടു മാസം കൂടുമ്പോൾ പ്രാഥമികമായി കണക്കുകൂട്ടി നൽകണമെന്ന വ്യവസ്ഥ ഈ സാഹചര്യം മൂലം നടപ്പാക്കാൻ കഴിയാതെ പോയി. കോവിഡ് ഘട്ടത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും ഒരു പോലെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങിയപ്പോൾ നഷ്ടപരിഹാരം നൽകുന്നതിന് കടമെടുപ്പിലേക്ക് കേന്ദ്രം നീങ്ങി. ജി എസ് ടി സമ്പ്രദായം തുടർന്നു കൊണ്ട് പോകുന്നതിന് അത് നടപ്പാക്കിയ ആദ്യവർഷങ്ങളിൽ നഷ്ടപരിഹാരം വിതരണം ചെയ്തത് സഹായകമായി (പട്ടിക 5).

നഷ്ടപരിഹാര സെസ്സിന്റെ സംഭരണവും സംസ്ഥാനങ്ങൾക്കുള്ള വിതരണവും സംബന്ധിച്ച കണക്കുകൾ പട്ടിക അഞ്ചിൽ നൽകിയിരിക്കുന്നു. 2024 ഒക്ടോബർ വരെ സെസ്സ് ഇനത്തിൽ മൊത്തം 7.84 ലക്ഷം കോടി രൂപയാണ് സമാഹരിച്ചത്. എന്നാൽ 2022–23 സാമ്പത്തിക വർഷം വരെ വിതരണം ചെയ്തതാകട്ടെ 5.55 ലക്ഷം കോടി രൂപയും. അതായത്, ജി എസ് ടി നഷ്ടപരിഹാരത്തിന്റെ കാലാവധി കഴിഞ്ഞിട്ടും സെസ്സ് സമാഹരിക്കുന്നത് തുടർന്നു. 2026 മാർച്ച് വരെ ഈ സമാഹരണം തുടരുകയും ചെയ്യും. കാലാവധി കഴിഞ്ഞ ശേഖരിക്കുന്ന 2.29 ലക്ഷം കോടി രൂപ കോവിഡ് കാലത്ത് എടുത്ത കടം വീട്ടുന്നതിന് വിനിയോഗിക്കുകയാണ്.

**Table 5:** Compensation cess collected from and shared with the states

| | Cess revenue (net) | Compensation to States | Difference |
|---|---|---|---|
| 2017-18 | 60167.1 | 49622.0 | 10545.1 |
| 2018-19 | 93563.3 | 84619.4 | 8943.9 |
| 2019-20 | 94889.2 | 165568.0 | -70678.8 |
| 2020-21 | 84321.8 | 168399.7 | -84077.9 |
| 2021-22 | 102713.0 | 68939.0 | 33774.0 |
| 2022-23 | 123416.9 | 17973.0 | 105443.9 |
| Total | 559071.3 | 555121.1 | 3950.2 |
| 2023-24 | 140671.6 | 0 | 140671.6 |
| 2024-25 (up to Oct-24) | 85212.5 | 0 | 85212.5 |
| Total Cess Revenue Collected (up to Oct-24) | 784955.5 | 0 | 229834.3 |

*In the GST portal, net cess revenue is available only from 2020-21 onwards. We projected net cess revenue data for the previous years based on the average proportion of net revenue in gross revenue collection.

*Source: Cess revenue data availed from the GST portal, Compensation to States - Annexure details-PIB, Accessed from; https://static.pib.gov.in/WriteReadData/specificdocs/documents/2022/jul/doc202271971401.pdf*

മിക്ക സംസ്ഥാനങ്ങളും വരുമാനം ഉയർത്തുന്ന കാര്യത്തിൽ നിർദിഷ്ട വളർച്ച കൈവരിക്കാനാകാതെ കുഴങ്ങുന്ന കാഴ്ചയാണ് കാണുന്നത്. നഷ്ടപരിഹാരം 2024–25 വരെ മൂന്ന് വർഷത്തേക്ക് കൂടി നീട്ടണമെന്ന ചില സംസ്ഥാനങ്ങളുടെ ആവശ്യം ജി എസ് ടി കൗൺസിലും കേന്ദ്ര സർക്കാരും അംഗീകരിച്ചില്ല. എന്നിരുന്നാലും കേന്ദ്ര സർക്കാർ നഷ്ടപരിഹാര സെസ്സ് ചുമത്തുന്നത് തുടരുകയാണ്. ഇതിനായി എടുത്ത വായ്പയുടെ തിരിച്ചടവിനാണ് ഇത് ഇപ്പോൾ ഉപയോഗിക്കുന്നത്. നഷ്ടപരിഹാര സെസ്സ് അനന്തമായി തുടരുക പ്രായോഗികമായ ഒന്നല്ല. കാരണം അതിൽ ഭരണഘടനാപരമായ ചില പ്രശ്നങ്ങൾ അന്തർലീനമാണ്. അതിന് പുറമെ കേന്ദ്ര സർക്കാരിന്റെ ധനപരമായ സ്ഥിതിയിൽ കാര്യമായ പ്രത്യാഘാതം സൃഷ്ടിക്കുന്നതിനും ഇടയാക്കുന്ന ഒന്നാണ്. സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിന്റെ വളർച്ച ദീർഘകാലത്തേക്ക് 14 ശതമാനം എന്ന നിലയിൽ ക്രമീകരിക്കുന്നതും ബുദ്ധിമുട്ടേറിയ കാര്യമാണ്. എന്നാൽ വായ്പാ തിരിച്ചടവ് പൂർത്തിയായ ശേഷവും സെസ്സ് തുടരുന്നതിനെ കുറിച്ച് പുനർവിചിന്തനം ആവശ്യമാണ്. ഈ സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷത്തിൽ സെസിൽ നിന്നുള്ള വരുമാനത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നതിന്റെ സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണ്.

**ഉപസംഹാരം**

2017 ൽ ഇന്ത്യയിൽ നടപ്പിലാക്കിയ ചരക്ക് സേവന നികുതി (ജി എസ് ടി) ഇപ്പോഴും ഒരു പണി തീരാത്ത വീടിന് സമാനമായ നിലയിൽ തുടരുകയാണ്. ഈ സംവിധാനത്തിന്റെ അടിസ്ഥാന ഘടനയിലും ഡിസൈനിനെ കുറിച്ചും ഇത് ചെറുതല്ലാത്ത ആശങ്കയുണയർത്തുന്നുണ്ട്. മുൻപ് നിലവിലുണ്ടായിരുന്ന നികുതി സമ്പ്രദായവുമായി താരതമ്യം ചെയ്യുമ്പോൾ ജി എസ് ടി സംവിധാനം ഭേദപ്പെട്ട ഒന്നാണ് എന്ന വിലയിരുത്താൻ കഴിയും. എന്നാൽ മാതൃകാകപരമായ ഒരു ജി എസ് ടി ഘടനയിൽ നിന്നും ഏറെ അകലെയാണ് നിലവിലെ ജി എസ് ടി. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും റവന്യൂ വരുമാനത്തിലെ പ്രകടനം പ്രതീക്ഷിച്ച നിലയിലേക്ക് ഉയരുന്നില്ലെന്ന് നമുക്ക് കാണാവുന്നതാണ്. ഇതിന് പല കാരണങ്ങളുണ്ട്. ജി എസ് ടി നടപ്പാക്കിയിട്ട് ഏഴര വർഷം പിന്നിടുമ്പോഴും ഇത്തരം പ്രശ്നങ്ങൾ പ്രശ്നങ്ങളായി തന്നെ തുടരുകയാണ്. ഐ ജി എസ് ടിയിൽ ഇനിയും പങ്കുവയ്ക്കപ്പെടാതെ വൻതുക കിടക്കുകയാണ്. അത് അതാത് സംസ്ഥാനങ്ങൾക്ക് എത്രയും വേഗം നല്കാൻ തയ്യാറാകണം. വായ്പ്പാതുകയുടെ തിരിച്ചടവിന് ശേഷവും ജി എസ് ടി നഷ്ടപരിഹാര സെസ്സ് തുടരുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കപ്പെ ടേണ്ടതുമാണ്. ഈ രണ്ടു കാര്യങ്ങളും സംസ്ഥാനങ്ങളുടെ മേലുള്ള ധനപരമായ സമ്മർദ്ദം ലഘൂകരിക്കുന്നതിന് അത്യന്താപേക്ഷിതമായ മാർഗ്ഗങ്ങളാണ്.

■

(ഡോ. ഷെൻസി മാത്യു ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ റിസർച്ച് അസോസിയേറ്റാണ്, ശ്രീമതി അനിത കുമാരി എൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ വിസിറ്റിംഗ് ഫാക്കൽറ്റിയാണ്)

## References

Isaac, T. (2020). GST compensation: An erosion of trust, Kerala Economy, GIFT, Thiruvananthapuram, Vol 1, No.2, pp 2-7.

Joseph, K J and Kumary L, A. (2023). India's GST Paradigm and the Trajectory

of Fiscal Federalism: An analysis with Special Reference to Kerala, Journal of Indian Economic Association, Vol 71, Issue 1, January 2023.

Kumar, A (2019). The Structurally Flawed GST Finding an Alternative, Economic & Political Weekly, vol LIV No 9, March, 2019, pp 27-32

Mukherjee, S. (2019). Issues of Compliance in GST Reflecting on the CAG's Report, Economic & Political Weekly, vol LIV, No 47, November 30, p 22-25

Mukherjee, S. (2021). Revenue Implications of GST Rates Restructuring in India: An Analysis, NIPFP Working Paper No. 358, New Delhi: National Institute of Public Finance and Policy.

Mukherjee, S. (2023). Revenue Performance Assessment of Indian GST, NIPFP Working Paper No. 392, New Delhi: National Institute of Public Finance and Policy.

Mukherjee, S. (2023). Revenue Performance Assessment of Indian GST, NIPFP Working Paper No. 392, New Delhi: National Institute of Public Finance and Policy.

No amount pending to any State due to IGST: Union Finance Ministry, The Hindu, 2024 June 15, Retrieved from; https://www.thehindu.com/news/national/tamil-nadu/no-amount-pending-to-any-state-due-to-igst-union-finance-ministry/article68291009.ece

RBI (2019). Chapter III: Debt: States' Medium-Term Fiscal Challenge, State Finances: A Study of Budgets of 2019-20, Reserve Bank of India,

https://rbidocs.rbi.org.in/rdocs/Publications/PDFs/STATEFINANCE201920E15C4A9A916D4F4B8BF01608933FF0BB.PDF

Subramanian, A et.al, (2024). Understanding GST revenue performance, Business Standard, Retrieved from: https://www.business-standard.com/opinion/columns/understanding-gst-revenue-performance-124010101030_1.html

T.N. recovers over ?1,500 crore in IGST revenue, The Hindu, 2024 June 13, Retrieved from;https://www.thehindu.com/news/national/tamil-nadu/tn-recovers-over-1500-crore-in-igstrevenue/article68284884.ece#:~:tex t=The%20Tax%20Researc h%20Unit%20set,and%20settled%20with%20the%20States.

Thekkera, J. and Kumary L, A. (2022). Analysis of GST Notifications in India, Kerala Economy, GIFT, Thiruvananthapuram Vol 3, No.4, pp 40-48.

World Bank (2015). Fiscal Policy for Equitable Growth, India Development Report.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

# കടപ്പത്ര വിപണി : കേരളത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയുടെ വികസനത്തിന് മികച്ച മാർഗ്ഗം

സബീന എ, സുമേഷ് ജി എസ്

**സംഗ്രഹം**

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും കടപ്പത്രങ്ങൾ വഴി ഫണ്ട് സമാഹരിക്കുന്ന രീതിക്ക് പ്രത്യേക പ്രധാന്യമുണ്ട്. ഈ വിഷയത്തിലൂന്നിയാണ് ഈ പഠനം. ഇത്തരത്തിൽ, ബോണ്ടുകൾ വഴി ധനസമാഹരണം നടത്തുന്നത് ഗതാഗതം, ഊർജം, നഗരവികസനം തുടങ്ങിയ നിരവധി മേഖലകളിൽ ആവശ്യമായ ഫണ്ട് ശേഖരിക്കുന്നതിന് സർക്കാരുകൾക്കും സ്ഥാപനങ്ങൾക്കും സഹായകമാണ്. അതിനാവശ്യമായ നടപടികൾ വിവിധ മേഖലകളിൽ നിന്നുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിന് പുറമെ, പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ കൂടുതൽ സജീവമാക്കുകയും ചെയ്യുന്നു. പ്രാദേശിക സമ്പദ്‌വ്യവസ്ഥക്ക് അത് ഉണർവ് പകരുകയും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ചെലവുകൾ ക്രമീകരിച്ചുകൊണ്ട്, വലിയ തോതിൽ മുതൽ മുടക്ക് ആവശ്യമായി വരുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് ബോണ്ട് ഫൈനാൻസിംഗ് രീതി ഏറെ സഹായകരമാണ്. ദീർഘമായ കാലാവധി, സ്ഥിരമായ പലിശ നിരക്കുകൾ, ധനസമാഹരണത്തിന് വൈവിധ്യമാർന്ന സ്രോതസുകൾ, ഇതര വായ്പ രീതികളെ അപേക്ഷിച്ച് ലളിതമായ വ്യവസ്ഥകൾ തുടങ്ങിയ പ്രത്യേകതകൾ കാരണം അടിസ്ഥാന സൗകര്യ വികസന രംഗത്ത് ബോണ്ട് വഴിയുള്ള ധനസമാഹരണം കൂടുതൽ സൗകര്യ പ്രദമാണെന്ന് കാണാം. ഈ വിഷയം സംബന്ധിച്ച ചില കേസ് സ്റ്റഡികൾ ഈ പഠനത്തിൽ എടുത്തു പറയുന്നുണ്ട്. കേരളത്തിന്റെ വികസന രംഗത്ത് ഒരു രാസത്വരകം എന്ന നിലയിൽ വർത്തിക്കുന്നതിന് കടപ്പത്രം വഴിയുള്ള ധനസമാഹരണം രീതിക്ക് കഴിയും. പണത്തിന്റെ കാര്യത്തിലെ കുറവുകൾ പരിഹരിക്കുന്നതിനും ഇക്കാര്യത്തിലുള്ള വിടവുകൾ നികത്തുന്നതിനും പര്യാപ്തമായ ഈ രീതി ദീർഘകാല വികസനത്തിന് സഹായകമായ ഒന്നാണ്.

**പ്രധാന വാക്കുകൾ :** ബോണ്ട് ഫൈനാൻസിംഗ് (കടപ്പത്രം വഴിയുള്ള ധനസമാഹരണം), സാമ്പത്തിക വളർച്ച, അടിസ്ഥാനസൗകര്യ വികസനം, നഗര വികസനം, വൈവിധ്യമാർന്ന നിക്ഷേപകർ, കടപ്പത്ര വിപണി (ബോണ്ട് മാർക്കറ്റ്).

**ആമുഖം**

സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്ന കാര്യത്തിലും ജീവിത നിലവാരം ഉയർത്തുന്ന കാര്യത്തിലും അടിസ്ഥാന സൗകര്യ വികസനം വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. കേരളത്തിന്റെ കാര്യമെടുത്താൽ സാംസ് കാരികമായ മഹിതമായ പാരമ്പര്യം കൊണ്ടും പ്രകൃതി സൗന്ദര്യം കൊണ്ടും അനുഗ്രഹീതമായ ഒരു സംസ്ഥാനമാണ്. എന്നാൽ സുസ്ഥിരമായ വികസനം സാധ്യമാക്കുന്നതിന് മികച്ച അടിസ്ഥാന സൗകര്യങ്ങൾ കേരളത്തിന് അനുപേക്ഷണീയമാണ്. അടിസ്ഥാനസൗകര്യ വികസനത്തിന് പണം കണ്ടെത്തുന്നതിന് പല വഴികളുണ്ട്. ഇതിനുള്ള വളരെ പ്രധാനപ്പെട്ട ഒരു മാർഗമാണ് കടപ്പത്രങ്ങൾ വഴിയുള്ള ധനസമാഹരണം. അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് എത്തിക്കുന്നതിനുള്ള നല്ലൊരു പ്ലാറ്റ്ഫോമാണ് കടപ്പത്രങ്ങൾ. ഗതാഗതം, ഊർജം, നഗരവികസനം തുടങ്ങിയ നിരവധി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നത് കേരളത്തിന്റെ കാര്യത്തിൽ അടിയന്തിര പ്രാധാന്യമുള്ള കാര്യമാണ്. ഇക്കാര്യത്തിൽ ബോണ്ട് വിപണിയെ പ്രയോജനപ്പെടുത്തുന്നതായാൽ കേരളത്തിന് മൂലധനത്തിന്റെ വിപുലമായ സ്രോതസുകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ്. ദീഘകാലാടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഈ രീതി വഴി ആവശ്യമായ പണം സമാഹരിക്കാൻ സംസ്ഥാനത്തിന് കഴിയും.

അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് സമാഹരിക്കുന്നതിന് പുറമെ സുസ്ഥിര വികസനത്തിനും സാമൂഹ്യ പുരോഗതിക്കും ആവശ്യമായ അവസരങ്ങൾ ഇതുവഴി തുറന്നെടുക്കാൻ കഴിയുന്നു. കടപ്പത്രങ്ങളെ ആശ്രയിക്കുമ്പോൾ വൈവിധ്യമാർന്ന മേഖലകളിൽ നിന്നുള്ള നിക്ഷേപകരെ ആകർഷിക്കുവാൻ കഴിയുന്നു. കൂടുതൽ സ്വകാര്യ മുതൽമുടക്കിലേക്ക് ഇത് നയിക്കുന്നു.

**2. പഠനങ്ങളുടെ വിലയിരുത്തൽ**

(യോഷിനോ 2020) വികസ്വര രാജ്യങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിൽ മൂലധന വിപണി വഹിക്കുന്ന പങ്കിനെ കുറിച്ചാണ് ഈ സിദ്ധാന്തം പരിശോധിക്കുന്നത്. വാണിജ്യ വായ്പയ്ക്ക് ഉപരിയായി മൂലധന വിപണികൾ വഴി സമാഹരിക്കുന്ന ഫണ്ടിന്റെ നേട്ടങ്ങളെ ഇത് എടുത്തുകാണിക്കുന്നുണ്ട്. ഉദാരമായ നിബന്ധനകൾ, ദീർഘകാലാവധി, സ്ഥിരമായ പലിശ നിരക്കുകൾ, വ്യത്യസ്തങ്ങളായ മൂലധന സ്രോതസുകൾ തുടങ്ങിയ മേന്മകൾ എടുത്തു പറയേണ്ടതാണ്. അതുകൊണ്ട് വികസ്വര രാജ്യങ്ങളിലെ സർക്കാരുകൾ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന വിപണിയുടെ വമ്പൻ സാധ്യതകൾ തേടുകയാണ്. എന്നാൽ ഇത്തരം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ അവർക്ക് മുന്നിൽ ഒട്ടേറെ വെല്ലുവിളികളുമുണ്ട്.

(ഹച്ചിസൺ–2016) ഈ പഠനം പരിശോധിക്കുന്നത് അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി ബോണ്ട് വിപണിയെ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ചാണ്. ആഗോളതലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വേണ്ടി വരുന്ന 50 ട്രില്യൺ ഡോളറിന്റെ ചെലവിനെ കുറിച്ചാണ് ഇതിൽ പരിശോധിക്കുന്നത്. മലേഷ്യ, ചൈന, തായ്‌വാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ പദ്ധതികളിലെ ബോണ്ടുകൾ വഴിയുള്ള ധനസമാഹരണത്തെ വിശകലനം ചെയ്ത പഠനം വെളിപ്പെടുത്തുന്നത് സാമ്പത്തികമായ വെല്ലുവിളികൾക്കിടയിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലെ മുതൽമുടക്കിനായി നൂതനമായ മാർഗ്ഗങ്ങൾ അവലംബിക്കണം എന്നാണ്. സ്വകാര്യ മേഖലയുടെ പങ്കാളിത്തം ആകർഷിക്കുന്നതിന് ബോണ്ട് രീതി വളരെ സഹായകരമാണെന്ന് അത് വിലയിരുത്തുന്നു. അടിസ്ഥാന സൗകര്യ വികസനം സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന നിഗമനമാണ് പഠനത്തിലുള്ളത്.

(ഹ്യുൻ–2008) ഏഷ്യൻ രാജ്യങ്ങളിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ പണം കണ്ടെത്തുന്നതിന് റവന്യു ബോണ്ടുകൾ ഉപയോഗിക്കുന്നതിനെ കുറിച്ചായിരുന്നു ഈ പഠനം. ധനകാര്യ മേഖലയിൽ സർക്കാരിന് മേൽ ഉണ്ടാകുന്ന സമ്മർദം കുറയ്ക്കുന്നതിന് സ്വകര്യ മേഖലയുടെ പങ്കാളിത്തത്തിനായിരുന്നു ഈ പഠനം കൂടുതൽ ഊന്നൽ നൽകിയത്. സ്വകാര്യ നിക്ഷേപം പരമാവധി ഉയർത്തുന്നതിന് സർക്കാർ മേഖലയും സ്വകാര്യ മേഖലയും പരസ്പരം സഹകരിക്കണം എന്ന ആശയത്തിന് ഈ പഠനം മുന്തിയ പരിഗണന നൽകുന്നു. ഇത്തരത്തിൽ പദ്ധതികളുടെ റിസ്ക് സാധ്യത പങ്ക് വയ്ക്കുന്ന കാര്യത്തിനായിരുന്നു പഠനത്തിന്റെ ഊന്നൽ.

### 3. പ്രശ്നങ്ങൾ എന്തൊക്കെ ?

'അടിസ്ഥാനസൗകര്യ വികസനം ശക്തിപ്പെടുത്തൽ' എന്ന തലക്കെട്ടിലുള്ള ഒരു ലേഖനം പരിശോധിക്കാം: കേരളത്തിന്റെ ഭാവി വികസനത്തിൽ ബോണ്ട് മാർഗം വഴിയായുള്ള ധനസമാഹരണത്തിന് വലിയ പങ്ക് വഹിക്കാൻ കഴിയും. കേരളം പോലെ ഒരു സംസ്ഥാനത്തിന്റെ സുസ്ഥിരമായ വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും ഇത് ആവശ്യമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഫണ്ടിങ്ങിന്റെ കാര്യത്തിലുള്ള അപര്യാപ്തത പരിഹരിക്കുന്നതിന് ബോണ്ട് വഴിയുള്ള ധനസമാഹരണം വളരെ നിർണ്ണായകമായ ഒന്നാണ്. പ്രത്യേകിച്ച്, ഗതാഗതം, ഊർജ്ജം, നഗരവികസനം തുടങ്ങിയ മേഖലകളുടെ കാര്യത്തിൽ.

ഈ ലേഖനം ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു പ്രധാന വെല്ലുവിളി, ഫലപ്രദമായ രീതിയിലുള്ള ധനസമാഹരണവും ഒപ്പം ഹ്യസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള നേട്ടങ്ങൾക്ക് പര്യാപ്തമാകുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ പദ്ധതികളുടെ നിർവ്വഹണവുമാണ്. അടിസ്ഥാനസൗകര്യ രംഗത്ത് ഏറെ സങ്കീർണ്ണതകൾ അഭിമുഖീകരിക്കുന്ന കേരളത്തിന്റെ കാര്യത്തിൽ നൂതനമായ ധനസമാഹരണ മാർഗ്ഗങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് ലേഖനം വ്യക്തമാക്കുന്നു. ബോണ്ട് രീതി പ്രയോജനപ്പെടുത്തുന്നത് വഴി കേരളത്തിന് പല മേഖലകളിൽ നിന്നുള്ള നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്നതാണ്. സുസ്ഥിര വികസനത്തിനും സാമൂഹ്യമായ മുന്നേറ്റത്തിനും ഇത് സഹായകരവുമാണ്.

### 4. ലക്ഷ്യങ്ങൾ

കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസന രംഗത്ത് കടപ്പത്രങ്ങൾ വഴി ധനസമാഹരണം നടത്തുന്നതിന്റെ ആഘാതം പരിശോധിക്കുക.

കേരളത്തിലെ അടിസ്ഥാനസൗകര്യ പദ്ധതികളിൽ ബോണ്ട് വഴിയുള്ള ധനസമാഹരണം നേരിടുന്ന വെല്ലുവിളികളും അത് നൽകുന്ന സാധ്യതകളും വിലയിരുത്തുക.

### 5. രീതിശാസ്ത്രം

വിശദാംശങ്ങൾക്ക് പ്രാധാന്യം നൽകുകയും ഗുണമേന്മ ഉറപ്പാക്കുകയും ചെയുക എന്നതാണ് പ്രാഥമികമായ ദൗത്യം. ആനുകാലികങ്ങൾ, സർക്കാരിന്റെ വിവിധ റിപ്പോർട്ടുകൾ, വ്യവസായ മേഖലയിലെ വിവിധ പ്രസിദ്ധീകരണങ്ങൾ, പ്രമുഖമായ വെബ് സൈറ്റുകൾ എന്നിവയിൽ നിന്നും ശേഖരിച്ചിട്ടുള്ള ദ്വിതീയ വിവരങ്ങളാണ് ഈ പഠനത്തിന് ഉപയോഗിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനം, കടപ്പത്രം മുഖേനയുള്ള ധനസമാഹരണം, കേരളത്തിന്റെ സുസ്ഥിര വളർച്ച തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.

### 6. കേരളത്തിലെ അടിസ്ഥാനസൗകര്യ വികസന പശ്ചാത്തലം

ഇന്ത്യയുടെ തെക്ക് പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനമായ കേരളത്തിന് വികസന രംഗത്തും സാമൂഹ്യ

ക്ഷേമ മേഖലയിലും രാജ്യത്തെ മറ്റു പ്രദേശങ്ങളെക്കാൾ വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന വിധത്തിൽ അടിസ്ഥാനസൗകര്യ മേഖലയിൽ മുന്നേറുവാനും കഴിഞ്ഞിട്ടുണ്ട്. ഗതാഗത മേഖലയെടുത്താൽ മികച്ച റോഡ്, റെയിൽ ശൃംഖലയും വിമാനത്താവളങ്ങളും പണിതുയർത്തുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കണക്റ്റിവിറ്റി വലിയ തോതിൽ ഉയർത്തുവാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്. ഈ മികച്ച ഗതാഗത സംവിധാനം ചരക്കുകൾ, സേവനങ്ങൾ, ജനങ്ങൾ എന്നിവയുടെ നീക്കം സുഗമമാക്കുവാനും ഒപ്പം സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തു ന്നതിനും സഹായകമായിട്ടുണ്ട്.

ആരോഗ്യ മേഖലയിലെ മികച്ച അടിസ്ഥാന സൗകര്യങ്ങളെ കുറിച്ച് കേരളം എപ്പോഴും ഊറ്റം കൊള്ളാറുണ്ട്. ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, മറ്റു ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ വഴിയായി സംസ്ഥാനം മികച്ച പൊതുജന ആരോഗ്യ സേവനം ജനങ്ങൾക്ക് നൽകുന്നു. അതുപോലെ വിദ്യാഭ്യാസ മേഖലയിലും കേരളത്തിന് ഏറെ പുരോഗതി നേടുവാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്കിന് പുറമെ സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ എന്നിവ അടങ്ങുന്ന ശക്തമായ വിദ്യാഭ്യാസ മേഖല സംസ്ഥാനത്തിന്റെ അഭിമാനമാണ്. വിദ്യാഭ്യാസ മേഖലയിലെ ഈ മികച്ച പ്രവർത്തനം നൈപുണ്യവും അറിവുമുള്ള തൊഴിൽ സേനയെ വാർത്തെടുക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ മാനവവിഭവ ശേഷിയുടെ മേഖലയിൽ ഒരു മുതൽക്കൂട്ടാണ്. മികച്ച താമസസൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, സഞ്ചാരികളെ ആകർഷിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ടൂറിസം അടിസ്ഥാന സൗകര്യങ്ങളും കേരളത്തിൽ വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ലോകത്തെമ്പാടും നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനൊപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

ഇതൊക്കെയാണെങ്കിലും അടിസ്ഥാന സൗകര്യ വികസന രംഗത്ത് കേരളം നേരിടുന്ന വെല്ലുവിളികൾ ചെറുതല്ല, പ്രത്യേകിച്ച് നഗര മേഖലകളിൽ. ജലത്തിന്റെ വിനിയോഗം, പാരിസ്ഥിതികമായ ചില പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിൽ എടുത്തു പറയത്തക്കതാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനം സുസ്ഥിരമായ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കു കയാണ്. കൃത്യമായ ആസൂത്രണം, നൂതനമായ പരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. നിലവിൽ ആർജ്ജിതമായ നേട്ടങ്ങളിൽ ഊന്നി നിന്നുകൊണ്ട് അടിസ്ഥാനസൗകര്യ പരിപ്രേക്ഷ്യം കൂടുതൽ വികസിതമാക്കുന്ന തിനുള്ള യത്നത്തിലാണ് കേരളം. അടിസ്ഥാന സൗകര്യ വികസന രംഗം നേരിടുന്ന വെല്ലുവിളികൾ നേരിടുന്നതിനായി 1999 ൽ സംസ്ഥാന സർക്കാർ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) എന്ന സ്ഥാപനത്തിന് രൂപം നൽകുകയുണ്ടായി. എന്നാൽ ഇത് സംബന്ധമായ നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 2016 മുതൽക്കാണ് ഈ സ്ഥാപനം അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയത്. അതിനെതിരെ ഉയരുന്നു ശക്തമായ വിമർശനങ്ങളെ മറികടന്നു കൊണ്ട് കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഇന്ന് കിഫ്ബി മഹത്തായ ഒരു പങ്ക് നിർവഹിക്കുകയാണ്.

**7. ബോണ്ട് ധനസമാഹരണ രീതിയുടെ നേട്ടങ്ങളും വെല്ലുവിളികളും**

അടിസ്ഥാനസൗകര്യ വികസന മേഖലയിൽ കടപ്പത്രങ്ങൾ വഴിയുള്ള മൂലധന സമാഹരണം വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. വൻകിട പദ്ധതികൾക്ക് ആവശ്യമായ മൂലധനം സമാഹരിക്കുന്നതിന് സർക്കാരുകൾക്കും സ്ഥാപനങ്ങൾക്കും അത് ഏറെ പ്രയോജനകരമാണ്.

വൻകിട പദ്ധതികൾക്ക് ആവശ്യമായ ദീർഘകാടിസ്ഥാനത്തിലുള്ള മൂലധനം കടപ്പത്രങ്ങൾ വഴി സമാഹരിക്കാൻ കഴിയുന്നു. ഒരു പദ്ധതിയുടെ തന്നെ ആയുർദൈർഘ്യം വരെ, അതായത് 10 മുതൽ 30 വർഷം വരെയുള്ള കാലയളവിലേക്ക് ധനം സമാഹരിക്കാൻ ഇതിലൂടെ കഴിയുന്നു.

ബോണ്ടുകൾക്ക് പൊതുവെ സ്ഥിരമായ പലിശ നിരക്കുകളാണ് ഉള്ളത്. ഇത് കടത്തിന്റെ തിരിച്ചടവിന്റെ കാര്യത്തിൽ സ്ഥിരതയും ഉറപ്പും നൽകുന്നു.

മറ്റു വായ്പാ രീതികളിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ പലിശ നിരക്കുകൾ ഉള്ളതിനാൽ ഇത് ചെലവ് കുറഞ്ഞ ഒരു മാർഗമാണ്. പ്രത്യേകിച്ച് മികച്ച ക്രെഡിറ്റ് റേറ്റിംഗ് ഉള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം.

പെൻഷൻ ഫണ്ടുകൾ പോലുള്ള നിക്ഷേപ സ്ഥാനങ്ങൾ ബോണ്ടിൽ നിക്ഷേപിക്കുന്ന കാര്യത്തിൽ കൂടുതൽ തല്പരരാണ്.

ബോണ്ടുകൾ കൂടുതൽ ഫ്ലെക്സിബിലിറ്റി ഉള്ള രീതിയാണ്. അതുകൊണ്ട് പ്രത്യേക ആവശ്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ ഇതിനെ ക്രമീകരിക്കാവുന്നതാണ്. ഉദാഹരണത്തിന് കാലാവധി, പലിശ നിരക്ക്, തിരിച്ചടവ് സമയക്രമം തുടങ്ങിയ കാര്യങ്ങൾ പദ്ധതികൾക്ക് ഇണങ്ങുന്ന വിധത്തിൽ ക്രമീകരിക്കാൻ കഴിയുന്നു.

ബോണ്ട് വിപണിയിൽ നിന്ന് ധന സമാഹരണം നടത്തുമ്പോൾ, സ്ഥാപനങ്ങൾക്ക് അവയുടെ ഫണ്ടിങ്ങിന്റെ സ്രോതസുകൾ വൈവിധ്യവൽക്കരിക്കാൻ കഴിയുന്നു. മാത്രവുമല്ല, ബാങ്ക് വായ്പകൾ, ഓഹരി മൂലധനം തുടങ്ങിയ വഴികൾ ആശ്രയിക്കുന്നതിനെ പരമാവധി ഒഴിവാക്കാൻ കഴിയുന്നു.

ഇത്തരത്തിൽ പല മേന്മകളും കടപ്പത്ര മാർഗത്തിന് ഉണ്ടെങ്കിലും അത് നേരിടുന്ന വെല്ലുവിളികളും അനവധിയാണ്.

ബോണ്ട് പുറപ്പെടുവിക്കുന്ന (ഇഷ്യു ചെയ്യുന്ന) സ്ഥാപനത്തിന്റെ വിശ്വാസ്യത അതിന്റെ നിബന്ധനകളെയും ഒപ്പം പലിശ നിരക്കിനെയും കാര്യമായി സ്വാധീനിക്കുന്നു. ക്രെഡിറ്റ് റേറ്റിംഗ് കുറഞ്ഞ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കടമെടുപ്പിന്റെ ചെലവ് ഉയർന്നതാകുന്നു. ബോണ്ട് വിപണിയിൽ ഇറങ്ങുന്നതിന് ഇത്തരം സ്ഥാപനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു.

വിപണിയെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളുടെ കടുത്ത നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ബോണ്ടുകൾ ഇറക്കാൻ കഴിയുകയുള്ളൂ. അത് ഏറെ സങ്കീർണ്ണവും സമയനഷ്ടം ഉളവാക്കുന്നതുമായ പ്രക്രിയയാണ്.

കടപ്പത്രങ്ങളുടെ മൂല്യം വിപണിയിലെ ചാഞ്ചാട്ടങ്ങൾക്ക് വിധേയമാകാറുണ്ട്. പലിശയിലെ മാറ്റവും അതിനെ സ്വാധീനിക്കുന്നു. അത് കടപ്പത്രത്തിന്റെ മൂല്യത്തെയും ഭാവിയിൽ കടമെടുക്കുന്നതിനുള്ള ചെലവിനേയും സ്വാധീനിക്കുന്നു.

ബോണ്ടുകൾ സ്ഥാപനങ്ങളുടെ ബാധ്യത ഉയർത്തുന്നു. അത് അവയുടെ സാമ്പത്തിക നിലയെ സ്വാധീനിക്കുന്നതിന് പുറമെ ഭാവിയിൽ കടമെടുക്കുന്നതിനുള്ള സാദ്ധ്യതകൾ കുറയ്ക്കുന്നതുമാണ്.

ബോണ്ടുകൾ കൃത്യമായ രീതിയിൽ ആസൂത്രണം ചെയ്യപെടുന്നില്ലെങ്കിൽ കാലാവധി പൂർത്തിയാകുന്ന വേളയിൽ പുനർവായ്പാ കാര്യങ്ങളിൽ തടസങ്ങൾ നേരിടുന്നതിനുള്ള സാദ്ധ്യതകൾ ശക്തമാണ്. പ്രത്യേകിച്ച് വിപണികളിൽ മാറ്റം സംഭവിക്കുമ്പോഴും ക്രെഡിറ്റ് റേറ്റിംഗ്

കുറയുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ.

ദീർഘകാല പദ്ധതികൾക്ക് കൂടുതൽ അനുയോജ്യമായ രീതിയാണെങ്കിലും ബോണ്ടുകൾ മികച്ച രീതിയിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അവയുടെ റിസ്കുകൾ കുറയ്ക്കുന്നതിന് ശാസ്ത്രീയമായി മാനേജ് ചെയ്യുകയും വേണം.

അടിസ്ഥാനസൗകര്യ വികസന രംഗത്ത് ധനസമാഹരണത്തിനുള്ള ഫലപ്രദമായ ഒരു മാർഗ്ഗമാണ് ബോണ്ടുകൾ. പ്രത്യേകിച്ച് ദീർഘകാല പദ്ധതികളിൽ മുതൽ മുടക്കുന്നതിന് പണം കണ്ടെത്തുന്നതിന് ഈ രീതി ഏറെ സഹായകരമാണ്. കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്ന ഈ മാർഗം സാമ്പത്തികമായി കൂടുതൽ സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്ന ഒന്നാണ്. മാത്രവുമല്ല, മറ്റു രീതികളിലുള്ള ധനസമാഹരണത്തെ ആശ്രയിക്കുന്നത് താരതമ്യേന കുറയ്ക്കാൻ കഴിയുകയും ചെയ്യുന്നു എന്ന നേട്ടം കൂടിയുണ്ട്. എന്നിരുന്നാലും വിശ്വാസ്യത, നിയന്ത്രണ സ്ഥാപനങ്ങളുടെ ശക്തമായ നിബന്ധനകൾ, വിപണികളിലെ ചാഞ്ചാട്ടം, കടബാധ്യത, പുനർ വായ്പകളുടെ കാര്യത്തിലുള്ള റിസ്ക് തുടങ്ങിയ നിരവധി വെല്ലുവിളികളും ഇതിനുണ്ടെന്ന് കാണാം. കൃത്യമായ ആസൂത്രണവും റിസ്ക് മാനേജ്മെന്റും ഇത് അനിവാര്യമാക്കുന്നു. എന്നിരുന്നാലും ബോണ്ടുകൾ വഴിയുള്ള ധനസമാഹരണം സാമ്പത്തിക വളർച്ചക്ക് ഉതകുന്ന, അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്ന, ദീർഘകാലാടിസ്ഥാനത്തിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിയുന്ന മികച്ച ഒരു മാർഗം തന്നെയാണെന്ന് വിലയിരുത്താൻ കഴിയും.

**8. ബോണ്ട് ധനസമാഹരണം വഴി വിജയം കൈവരിച്ച പദ്ധതികൾ**

കടപ്പത്രങ്ങളിലൂടെ ധനസമാഹരണം നടത്തി മികച്ച നിലയിൽ നടപ്പാക്കിയ നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ രാജ്യത്തുണ്ട്. സുസ്ഥിര വികസനത്തിന്റെയും സാമ്പത്തികമായ കുതിപ്പിന്റെയും കാര്യത്തിൽ കേരളം സ്വീകരിച്ചിട്ടുള്ള ശക്തമായ സമീപനമാണ് ഇതിലൂടെ വ്യക്തമാകുന്നത്.

**1. ഡൽഹി മെട്രോ റെയിൽ കോർപറേഷൻ (ഡി എം ആർ സി)**

കടപ്പത്ര വിപണി വഴി വലിയ നേട്ടങ്ങൾ കൊയ്യാൻ കഴിഞ്ഞ സ്ഥാപനമാണ് ഡൽഹി മെട്രോ റെയിൽ കോർപറേഷൻ. നൂതനമായ ധനസമാഹരണ മാർഗ്ഗങ്ങൾ തേടിയ ഡി എം ആർ സി ഇന്ത്യയിലെ ഇതര അടിസ്ഥാന സൗകര്യ വികസന സ്ഥാപനങ്ങൾക്ക് ഒരു മാർഗ്ഗദർശിയായി മാറുകയും ചെയ്തു. കുറഞ്ഞ ചെലവിൽ ദീർഘകാലത്തേക്കുള്ള ധനസമാഹരണം വഴിയായി സാമ്പത്തികമായ ഭാരം കുറയ്ക്കാൻ കഴിഞ്ഞു എന്നതാണ് ഡി എം ആർ സി കൈവരിച്ച നേട്ടം. ബോണ്ട് ഇഷ്യു, ഓവർ സബ്സ്ക്രൈബ് (കടപ്പത്രത്തിന് കൂടുതൽ ആവശ്യക്കാർ ഉണ്ടാകുന്ന സ്ഥിതി) ആയത് വഴി വലിയ തോതിൽ നിക്ഷേപക സമൂഹത്തിന്റെ വിശ്വാസം ആർജിക്കാൻ കമ്പനിക്ക് കഴിഞ്ഞു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയതും നടത്തിപ്പിൽ കാണിച്ച വൈഭവവും ഡൽഹി മെട്രോയെ വലിയ വിജയത്തിലേക്ക് നയിച്ചു എന്ന് പറയാം. ഡൽഹിയുടെ സാമ്പത്തികമായ വളർച്ചയിലും ഈ പദ്ധതിയ്ക്ക് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**2. അമരാവതി ബോണ്ട് (ആന്ധ്രപ്രദേശ്)**

ആന്ധ്രപ്രദേശ് എന്ന സംസ്ഥാനത്തെ രണ്ടായി വിഭജിച്ചതോടെ ആന്ധ്രാപ്രദേശിന്റെ പുതിയ തലസ്ഥാന നഗരമായി അമരാവതി വികസിപ്പിക്കാൻ തീരുമാനമായി. ഇതിനുള്ള പണം കണ്ടെത്തുന്നതിനായി ആന്ധ്രപ്രദേശ് ക്യാപിറ്റൽ റീജിയൻ ഡെവലപ്മെന്റ് അതോറിറ്റി ( എ പി സി ആർ ഡി എ ) എന്ന സ്ഥാപനം കടപ്പത്രങ്ങൾ വിപണിയിൽ അവതരിപ്പിച്ചു. അടിസ്ഥാനസൗകര്യ വികസനത്തിനായി ഇറക്കിയ ഈ ബോണ്ടുകൾക്ക് നിക്ഷേപകരിൽ നിന്ന് നല്ല

സ്വീകാര്യത ലഭിക്കുകയുണ്ടായി. രാഷ്ട്രീയവും ലോജിസ്റ്റിക് സൗകര്യങ്ങളുമായി ബന്ധപ്പെട്ട് അമരാവതി പദ്ധതി ചില പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിലും കടപ്പത്രത്തിന്റെ വിജയം ഇന്ത്യയുടെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കടപ്പത്രങ്ങൾ വഴി ധനം സമാഹരിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉയർത്തുകയുണ്ടായി.

**3. കൊച്ചി മെട്രോ റെയിൽ പദ്ധതി (കേരളം)**

രാജ്യത്തെ ഏറ്റവും മികച്ച മെട്രോ റെയിൽ സംവിധാനങ്ങളിൽ ഒന്നായി കൊച്ചി മെട്രോ ഇതിനകം മാറിയിട്ടുണ്ട്. ഈ പദ്ധതിയുടെ ധനസമാഹരണത്തിനായി പല രീതികൾ സ്വീകരിക്കുകയുണ്ടായി. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തം, അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, കടപ്പത്രങ്ങൾ എന്നീ മാർഗങ്ങളാണ് അതിനായി പ്രയോജനപ്പെടുത്തിയത്. പൊതുഗതാത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക, ട്രാഫിക് കുരുക്കുകൾ ഒഴിവാക്കുക, നഗരവികസനം കൂടുതൽ മുന്നോട്ട് കൊണ്ടുപോവുക തുടങ്ങിയ നേട്ടങ്ങളാണ് കൊച്ചി മെട്രോ വഴി കൈവരിക്കാൻ കഴിഞ്ഞത്. കൊച്ചിയുടെ പൊതുഗതാഗതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ട് വരാൻ ഈ പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം ഉൾപ്പടെയുള്ള കാര്യങ്ങൾ കുറയ്ക്കാൻ കഴിഞ്ഞു എന്നതും ഇതിന്റെ നേട്ടമാണ്.

**4. മുംബൈ – പൂനെ എക്സ്പ്രസ്സ് വേ**

മഹാരാഷ്ട്രയിലെ രണ്ട് പ്രമുഖ നഗരങ്ങളെ ബന്ധിപ്പിക്കുന്ന അതിവേഗ പാതയാണ് ഈ പദ്ധതി. യാത്രാസമയം ഗണ്യമായി കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ഈ മേഖലയുടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും ഈ പദ്ധതി സഹായകമായിട്ടുണ്ട്. കടപ്പത്രങ്ങൾ വഴി മാത്രം ധനസമാഹരണം നടത്തിയ പദ്ധതികൾ ഇന്ത്യയിൽ കുറവാണെങ്കിലും വിവിധ രീതികൾ അവലംബിച്ചതിനുള്ള ഉദാഹരണങ്ങൾ നിരവധിയുണ്ട്. ബോണ്ടുകൾ, വായ്പകൾ, സബ്സിഡികൾ, പൊതു-സ്വകാര്യ പങ്കാളിത്തം തുടങ്ങിയ മാർഗ്ഗങ്ങൾ ഫലപ്രദമായി പല അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലും സമന്വയിപ്പിച്ചിട്ടുള്ളതായി കാണാം.

ഹൈവെ പദ്ധതികൾ, പുനരുപയോഗ ഊർജ പദ്ധതികൾ, അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, ശുദ്ധജല വിതരണം, ശുചിത്വ പദ്ധതികൾ, മലിനജല ശുദ്ധീകരണം തുടങ്ങിയ പദ്ധതികളിലാണ് കടപ്പത്രങ്ങൾ വഴിയുള്ള ധനസമാഹരണം കൂടുതൽ അനുയോജ്യമാവുക. ജലം അടിസ്ഥാനമായുള്ള പദ്ധതികളിൽ ബോണ്ടുകൾ വളരെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇന്ത്യയിലെയും കേരളത്തിലെയും സ്മാർട്ട് സിറ്റി പദ്ധതികളിൽ ഈ രീതി ഉപയോഗിക്കുന്നത് അഭികാമ്യമാണ്. അതുപോലെ സ്മാർട്ട് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾക്കും ഈ രീതി ഫലപ്രദമാണ്.

**9. ബോണ്ട് വഴിയുള്ള ധനസമാഹരണം അടിസ്ഥാന സൗകര്യ രംഗത്തെ മാറ്റത്തിന് ഊർജം**

മൂലധനസമാഹരണത്തിനുള്ള വൈവിധ്യ മാർന്ന സ്രോതസ് എന്ന നിലയിലും ഫണ്ടിന്റെ കാര്യത്തിൽ ദീർഘ കാലത്തേക്കുള്ള പരിഹാരവുമായ കടപ്പത്രം, കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്തിന് വലിയ ഉത്തേജനമാണ്. അതുവഴി സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ ധനം സമാഹരിക്കാൻ കഴിയുന്നു. ആരോഗ്യ സംരക്ഷണ പദ്ധതികൾ, ഗതാഗത അടിസ്ഥാന സൗകര്യം, പുനരുപയോഗ ഊർജ പദ്ധതികൾ, സ്മാർട്ട് സിറ്റി വികസനം തുടങ്ങിയ പദ്ധതികൾക്ക് ഈ രീതിയിലൂടെ ഫണ്ട് കണ്ടെത്താൻ കഴിയും. ഫണ്ടിന്റെ കാര്യത്തിലുള്ള കുറവ് പരിഹരിക്കുന്നതിനുള്ള ഉത്തമമായ ഒരു മാർഗമായ കടപ്പത്രം കേരളത്തിന്റെ സുസ്ഥിര വികസന

ത്തിനുള്ള ഒരു വാതായനമാണ്. അടിസ്ഥാന സൗകര്യവികസന മേഖലയിൽ സുസ്ഥിര പദ്ധതികൾ നടപ്പാക്കുന്നതിന് സഹായ കമാണ് എന്നതിന് പുറമെ സാമൂഹികമായ നേട്ടങ്ങൾക്കും നൂതന പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിലും ഇത് പ്രയോജനപ്പെടുത്താൻ കഴിയും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും മറ്റും ഇത് ഏറെ സഹായകരമാണ്. ഉൽപ്പാദനശേഷി ഉയർത്തുന്നതിന് പുറമെ കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും വിഭവങ്ങൾ ഏറ്റവും ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ ഏറെ പ്രയോജനപ്രദമാണെന്ന് കാണാം. അതിന് കടപ്പത്രം വഴിയുള്ള ധനസമാഹരണം നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

സാമ്പത്തിക വികസനവും വളർച്ചയും ത്വരിതപ്പെടുത്തുന്നതിന് കടപ്പത്രം വഴിയുള്ള ധനസമാഹരണം ശക്തമായ ഒരു ഉപാധിയാണ്, പ്രത്യേകിച്ച് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ. സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പുറത്തിറക്കുന്ന കടപ്പത്രങ്ങൾ സ്ഥാപനങ്ങളുടെ കാഷ് റിസർവ് ഉപയോഗിക്കാതെ മൂലധനം കണ്ടെത്തുന്നതിന് വഴിയൊരുക്കുന്നു. ഇത്തരത്തിലുള്ള മൂലധനം ദീർഘകാല വികസനം സാധ്യമാക്കുന്ന പദ്ധതികളിൽ നിക്ഷേപിക്കുന്നതിന് വേണ്ടി ഉപയോഗിക്കാൻ കഴിയുന്നു. ഹൈവേ നിർമ്മാണം, പാലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിന് ഇത്തരം ഫണ്ട് പ്രയോജനപ്പെടുത്താൻ കഴിയുന്നു. ദീർഘകാല പദ്ധതികൾക്ക് പെട്ടെന്ന് തന്നെ പണം സമാഹരിക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. പദ്ധതികൾ സമയബന്ധിത മായി പൂർത്തീകരിക്കുന്നതിന് ഇത് ഏറെ സഹായകരമാണ്. ഇത്തരം പദ്ധതികളാകട്ടെ പ്രാദേശിക സമ്പദ്ഘടനകളെ പ്രചോദിപ്പിക്കു ന്നതിന് പുറമെ, തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഉയർച്ചയുണ്ടാക്കുകയും ചെയ്യുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സ്വകാര്യ നിക്ഷേപത്തെ കൂടുതലായി ആകർഷിക്കുന്നു, അങ്ങനെ അത് സാമ്പത്തിക വളർച്ചക്ക് സഹായകര മാവുകയും ചെയ്യുന്നു.

വമ്പൻ പദ്ധതികൾക്ക് സുസ്ഥിരമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് കടപ്പത്ര വിപണി. കാലാന്തരത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ചെലവുകളിൽ മാറ്റം വരുന്ന സാഹചര്യത്തിൽ അതിനുള്ള ചെലവുകൾ ഫലപ്രദമായി മാനേജ് ചെയ്യുന്നതിന് ഈ രീതി സർക്കാരുകളെയും സ്ഥാപനങ്ങളെയും സഹായിക്കുന്നു. താരതമ്യേന സ്ഥിരമായ വരുമാനം ലഭിക്കുന്ന ബോണ്ടുകളിൽ നിക്ഷേപിക്കുന്നതിന് കൂടുതൽ പേർക്ക് പ്രചോദനമാകുന്നു. അങ്ങനെ ഇത് ഇരുകൂട്ടർക്കും നേട്ടം പ്രദാനം ചെയ്യുന്ന ഒരു രീതിയായി മാറുകയും ചെയ്യുന്നു. ഈയടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വികസ്വര രാജ്യങ്ങൾക്കും പ്രദേശങ്ങൾക്കും ബോണ്ടുകൾ വഴിയുള്ള ധനസമാഹരണം വലിയ മാറ്റത്തിന് വഴിയൊരുക്കുന്നതാണ്. അടിസ്ഥാനസൗകര്യ മേഖലയിൽ ഉളവാകുന്ന വിടവ് പരിഹരിക്കുന്നതിന് ഇത് പ്രാപ്ത മാക്കുന്നതിന് പുറമെ ആധുനികതയിലേക്കും ഒപ്പം ആഗോള സമ്പദ്ഘടനയുടെ ഭാഗമായി മാറുന്ന പ്രക്രിയക്കും ഇത് സഹായകരമാണ്. ഒപ്പം തന്നെ സാമൂഹ്യമായ പരിവർത്തന ത്തിനും സാമ്പത്തികമായ പുരോഗതിക്കും ഇത് വഴിയൊരുക്കുന്നു. ദാരിദ്ര്യം പൂർണ്ണമായും നിർമാർജനം ചെയ്തുകൊണ്ട് പുരോഗമനത്തിന്റെ പാതയിലേക്ക് ഇത് ജനസമൂഹത്തെ നയിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, ബോണ്ട് ഫൈനാൻസിംഗ് പുരോഗതിക്കുള്ള മികച്ച ഉത്തേജകമായി വർത്തിക്കുന്നു എന്ന് വിലയിരുത്താം.

ദീര്ഘകാലാടിസ്ഥാനത്തിലുള്ള പുരോഗതിയുടെ അടിസ്ഥാനം എന്ന നിലയിൽ കടപ്പത്രം വഴിയുള്ള ധനസമാഹരണം പ്രവർത്തിക്കുന്നു എന്ന പ്രത്യേകതയുമുണ്ട്.

**10. കണ്ടെത്തലുകൾ**

കടപ്പത്ര വിപണി ദീർഘകാലാവധിയിൽ പണം ലഭ്യമാക്കുന്നു. പലിശ നിരക്കുകൾ സ്ഥിരമാണ്. മറ്റു വാണിജ്യ വായ്പകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ രീതി വിവിധ മൂലധന സ്രോതസുകളിലേക്ക് എത്തുന്നതിനുള്ള സാദ്ധ്യതകൾ ഉയർത്തുന്നു. അവ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് പണം സമാഹരിക്കുന്നതിന് കൂടുതൽ ഫലപ്രദമാണ്.

ഡൽഹി മെട്രോ റയിൽ കോർപറേഷൻ, ആന്ധ്രപ്രദേശിലെ അമരാവതി ബോണ്ട്, കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) തുടങ്ങിയവ ബോണ്ട് വഴിയുള്ള ധനസമാഹരണത്തിന്റെ ഇന്ത്യയിലെ വിജയകരമായ ഉദാഹരണങ്ങളാണ്.

സാമ്പത്തികമായ സാഹചര്യങ്ങൾ, നിയന്ത്രണ നിയമങ്ങളിലെ മാറ്റങ്ങൾ, ലിക്വിഡിറ്റിയുടെ കാര്യത്തിലെ റിസ്ക് തുടങ്ങിയ നിരവധി ഘടകങ്ങൾ ബോണ്ട് വിപണിയെ സ്വാധീനിക്കുന്നതായി കാണാം. അതുകൊണ്ട് മാർക്കറ്റിലെ മാറ്റങ്ങളെ കുറിച്ചും കടപ്പത്ര ധനസമാഹരണവുമായി ബന്ധപ്പെട്ട റിസ്കുകളെ കുറിച്ചുമുള്ള നല്ല പരിജ്ഞാനം ഈ രീതിക്ക് ആവശ്യമാണ്.

ബോണ്ട് വിപണികളും പ്രാദേശികമായ ഏകീകരണവും ഒപ്പം നയപരമായ നടപടികളും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ബോണ്ടുകളുടെ ഇഷ്യൂ കൂടുതൽ അനായാസമാക്കുന്നു. അത് സാമ്പത്തിക പുരോഗതി സാധ്യമാക്കുകയും ചെയ്യുന്നു.

വികസ്വര രാജ്യങ്ങളിലെ സർക്കാരുകൾ ഈ മാർഗത്തിന്റെ സാദ്ധ്യതകൾ തിരിച്ചറിയുന്നുണ്ട്. എന്നാൽ പല പ്രശ്നങ്ങളും ഇനിയും പരിഹരിക്കപ്പെടേണ്ടതായുണ്ട്.

മൂലധന വിപണിയുമായുള്ള കേരളത്തിന്റെ അടുപ്പം വളർത്താൻ കടപ്പത്ര ധനസമാഹരണം സഹായകമായിട്ടുണ്ട്. പ്രധാനപ്പെട്ട പല അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഇതുവഴിയായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പുനരുപയോഗ ഊർജ മേഖല, പൊതുഗതാഗത സൗകര്യങ്ങൾ, മാലിന്യ നിർമാർജനം തുടങ്ങിയ പല അടിസ്ഥാന സൗകര്യ മേഖലകൾക്കും ഊന്നൽ നൽകുവാൻ ഹരിത, സാമൂഹ്യ കടപ്പത്രങ്ങളുടെ വില്പന കേരളത്തിന് സഹായകമായിട്ടുണ്ട്.

കിഫ്ബിയുടെ ബോണ്ട് ഇഷ്യു വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപകരുടെ താല്പര്യം ഉണർത്തുന്നതിന് സഹായകമായിട്ടുണ്ട്. സുസ്ഥിരമായ രീതിയിലുള്ള ഫണ്ടിന്റെ ഒഴുക്കിന് ഇത് സഹായകമായി മാറിയിട്ടുണ്ട്.

കടപ്പത്രങ്ങൾക്ക് ദീർഘമായ കാലാവധി ഉള്ളതുമൂലം അടിസ്ഥാനസൗകര്യ വികസന രംഗത്ത് ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നു. പദ്ധതികളുടെ മികച്ച രീതിയിലുള്ള നടത്തിപ്പിന് ഇത് വഴിയൊരുക്കുന്നു. ഹ്രസ്വകാല ധനസമാഹരണത്തിലുള്ള റിസ്ക് സാധ്യത ബോണ്ടുകൾ കുറയ്ക്കുന്നു എന്ന പ്രത്യേകതയുമുണ്ട്.

ബോണ്ട് വഴി ലഭ്യമായ ഫണ്ട് കേരളത്തിൽ പല അടിസ്ഥാന സൗകര്യ പദ്ധതികളുടെയും നിർമ്മാണത്തിന് സഹായകമായി. പ്രാദേശിക സമ്പദ്ഘടനകളെ അത് സജീവമാക്കിയതിന് പുറമെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിന് കാരണമാവുകയും ചെയ്തു.

ഈ രീതിയ്ക്ക് പല മേന്മകളുണ്ടെങ്കിലും ബാധ്യതകൾ നല്ല രീതിയിൽ നിയന്ത്രിക്കുക എന്ന വെല്ലുവിളിയും ഇതിൽ അടങ്ങിയിട്ടുണ്ട്. തിരിച്ചടവ് സമയബന്ധിതമായി നിർവഹി

ക്കുകയും വേണം. കൃത്യമായ ആസൂത്രണവും പദ്ധതികളുടെ മേലുള്ള നിരീക്ഷണവും ഇതിന് ആവശ്യമാണ്.

കടപ്പത്രങ്ങൾ മുഖേന പണം കണ്ടെത്തിയ പദ്ധതികളുടെ സാമൂഹ്യമായ ആഘാതത്തെ കുറിച്ച് വിലയിരുത്തേണ്ടതുണ്ട്. പ്രാദേശിക ജനതയുടെ ആവശ്യങ്ങൾ അടിസ്ഥാന സൗകര്യ വികസനം മൂലം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ സാമൂഹ്യമായ പുരോഗതി അതുവഴി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നതും പരിശോധിക്കേണ്ട കാര്യങ്ങളാണ്.

**11. നിർദേശങ്ങൾ**

തവണകളായുള്ള ബോണ്ട് തിരിച്ചടവ് പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിനും വരുമാനം സൃഷ്ടിക്കുന്ന വിധത്തിലും ആസൂത്രണം ചെയ്യാൻ കഴിയണം. അത് സ്ഥാപനങ്ങളുടെ കാഷ് ഫ്ളോ നിയന്ത്രിക്കുന്നതിനും സമ്മർദ്ദം ലഘൂകരിക്കുന്നതിനും വിഭവങ്ങൾ പല ആവശ്യങ്ങൾക്കായി ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും സഹായകവുമാണ്.

സുരക്ഷിതവും ദീർഘ കാലാടിസ്ഥാന ത്തിലുള്ളതുമായ നിക്ഷേപ രീതികൾ കൈക്കൊള്ളുന്നതായാൽ പൊതു പദ്ധതി കളിലേക്ക് കൂടുതൽ മൂലധനം ആകർഷിക്കാൻ കഴിയുന്നതാണ്.

കടപ്പത്രം വഴിയുള്ള ധനസമാഹരണത്തെ പൊതു – സ്വകാര്യ സഹകരണ (പി പി പി) മോഡലുമായി ഫലപ്രദമായി സംയോജി പ്പിക്കാൻ കഴിയുന്നതാണ്. കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് ഇത് സഹായകമാകും.

പലിശ നിരക്കിലെ സ്വാപ്പ്, ഓപ്ഷൻ വ്യാപാരം, അവധി വ്യാപാര കരാറുകൾ തുടങ്ങിയ സാദ്ധ്യതകൾ പലിശ നിരക്കിൽ ഉണ്ടാകുന്ന ചാഞ്ചാട്ടത്തെ നേരിടുന്നതിനായി സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

വിവിധ മേഖലകളിൽ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത് റിസ്ക് സാധ്യത കുറയ്ക്കുന്നതിനും മാർക്കറ്റിലെ ചാഞ്ചാട്ടങ്ങൾ മൂലമുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനും സഹായകമാണ്.

വിപണിയിലെ ചലനങ്ങൾ, സാമ്പത്തിക രംഗത്തെ സൂചകങ്ങൾ, പലിശ നിരക്കിന്റെ നീക്കം തുടങ്ങിയ കാര്യങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നത് റിസ്ക് സാദ്ധ്യതകൾ മുൻകൂട്ടി കാണുന്നതിന് സഹായകരമാണ്.

പദ്ധതികൾക്ക് മേലുള്ള സമ്മർദ്ദം സംബന്ധ മായ പരിശോധനകളും സാമ്പത്തിക മേഖലയെ കുറിച്ചുള്ള വിശദമായ വിശകലനങ്ങളും വിപണിയിലെ പ്രതികൂല സാഹചര്യം മനസിലാക്കുന്നതിന് സഹായകമാണ്.

പ്രാദേശികമായി പദ്ധതികളുമായി വിവിധ രീതികളിൽ ബന്ധപെടുന്നവർക്ക് സഹായകരമായ വിധത്തിൽ കപ്പാസിറ്റി ബിൽഡിങ് സൃഷ്ടിക്കുന്നത് പദ്ധതികളിൽ നിക്ഷേപം നടത്തുന്നത് അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നതിന് സഹായിക്കുന്നു.

പദ്ധതികളുടെ ജീവനകാലമത്രയും അതുമായി ബന്ധപ്പെടുന്ന സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് മുൻതൂക്കം നൽകേണ്ടതാണ്.

**12. ഉപസംഹാരം**

സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിനും കേരളത്തിലെ വിവിധ പ്രദേശങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ വികസന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബോണ്ട് വഴിയുള്ള ധനസമാഹരണത്തിന്റെ സാദ്ധ്യതകൾ ഏറെയാണ്. മൂലധനം സമാഹരിക്കൽ, ഫണ്ടുകളുടെ കാര്യത്തിൽ ദീർഘകാലത്തേക്കുള്ള പരിഹാരം കണ്ടെത്തുക, ധനസമാഹരണ സ്രോതസു കളുടെ വൈവിധ്യവല്കരണം, റിസ്ക് ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കൽ തുടങ്ങിയ വിവിധ മേഖലകളിൽ കടപ്പത്രങ്ങൾ വഴിയുള്ള ധനസമാഹരണം ശക്തമായ ഒരു ഉപാധിയാണ്. അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർവഹണം കൂടുതൽ

ഊർജ്ജിതമാക്കുന്നതിനും സാമ്പത്തികമായ മുന്നേറ്റം സാധ്യമാക്കുന്നതിനും ഇത് ഏറെ ഫലപ്രദവുമാണ്.

ഇതിനു പുറമെ, സുസ്ഥിര വികസന തത്വങ്ങൾക്ക് അനുസൃതമായ രീതിയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സാമൂഹ്യമായ പരിഗണനയുടെ കാര്യത്തിലും ബോണ്ട് വഴിയുള്ള ധനസമാഹരണം ഏറെ ചേർന്ന് പോകുന്ന തരത്തിലുള്ളതാണെന്നു കാണാം. എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള വികസനം ഉറപ്പാക്കുന്നതിനും അടിസ്ഥാനസൗകര്യ വികസന രംഗത്ത് കേരളം പോലുള്ള സംസ്ഥാനത്തിന് ഏറെ മുൻപോട്ട് പോകുന്നതിനും ഈ രീതി വലിയ സാധ്യതയാണ് നൽകുന്നത്. അതുമായി വിവിധ രീതിയിൽ ബന്ധപ്പെടുന്ന ആളുകൾക്ക് നൂതനമായ സാമ്പത്തിക സംവിധാനങ്ങൾ കണ്ടെത്തുന്നതിനും ഇത് സഹായകമാകുന്നു.

മികവാർന്ന ആസൂത്രണം, അതുമായി ബന്ധപെടുന്നവരുടെ സഹകരണം, ഉത്തരവാദിത്വപൂർണ്ണമായ നിക്ഷേപ രീതികളോടുള്ള പ്രതിബദ്ധത തുടങ്ങിയ ഘടകങ്ങൾ വഴിയായി കേരളത്തിന് കടപ്പത്ര വിപണിയുടെ മികച്ച സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ്. ആധുനികമായ അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക പുരോഗതി, ജനങ്ങളുടെ ഉയർന്ന ജീവിത നിലവാരം തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കാൻ കഴിയുന്ന സുസ്ഥിര വികസനം കൊണ്ട് വരുന്നതിന് അതുവഴി സാധ്യമാകുന്നു.

■

(തിരുവനന്തപുരം എം. ജി കോളേജിലെ ഗവേഷക വിദ്യാർത്ഥിയാണ് സബീന. ധനുവച്ചപുരം വി ടി എം എൻ എസ് എസ് കോളേജിലെ അസിസ്റ്റന്റ് പ്രഫസറാണ് സുമേഷ്).

## References

Adair, A., Berry, J., Hutchison, N. & McGreal, S. (2007). Attracting Institutional Investment into Regeneration: Necessary Conditions for Effective Funding, Journal of Property Research, 24 (3), 221-240.

Ehlers, T. Packer, F and Remolona, E. (2014). Infrastructure and Corporate Bond Markets in Asia, Reserve Bank of Australia, Conference Volume 2014, 67-91.

Hyun S and Yoshino N (2020). "Spill over capture financing for infrastructure projects: Implications for Asia". In: Susantono B, Park D and Tian S (Eds.), Infrastructure Financing in Asia, pp. 83-111. https://doi. org/10.1142/9789811215124_0004.

Rillo AD and Ali Z (2018). "Toward an innovative approach of financing infrastructure in Asia". Journal of Infrastructure, Policy and Development, 2(1): 87-96. https://doi.org/10.24294/jipd.v2i1.141

Yoshino, Naoyuki, Satoshi Nakagawa and Suk Hyun (2007), "Development of Infrastructure Bond Market in Asia: Feasibility of Asian Infrastructure Bond Fund," Keio University COE Project Discussion Paper Series DP2007-001

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

# സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സ്ഥിതി സാമ്പത്തിക സർവേയുടെ കണ്ണിൽ

അരുൺ പോൾ, എ. എം ഇന്ദു

**സംഗ്രഹം**

സാമ്പത്തിക വളർച്ചയുടെ കാര്യത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കയറ്റുമതി തുടങ്ങിയ രംഗത്തെ കുതിപ്പ് തുടങ്ങിയ മേഖലകളിലും ചെറുകിട , ഇടത്തരം വ്യവസായങ്ങൾ നിർണ്ണായക സ്വാധീനം ചെലുത്തുന്നുവെന്ന് 2023–24 വർഷത്തെ സാമ്പത്തിക സർവേ എടുത്തു പറയുന്നുണ്ട്. 2023–24 സാമ്പത്തിക വർഷത്തിൽ 9 ശതമാനം വളർച്ചയോടെ വ്യവസായ മേഖല മികച്ച മുന്നേറ്റം കൈവരിച്ചതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. മാനുഫാക്റ്ററിങ്, നിർമ്മാണ മേഖലകളാണ് ഇതിനെ മുന്നിൽ നിന്ന് നയിച്ചത്. പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (പി എൽ ഐ), ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് സ്കീം (സി ജി എഫ് ടി എസ്) തുടങ്ങിയ സർക്കാർ പദ്ധതികൾ വ്യവസായ നിക്ഷേപം ഉയർത്തുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനും വളർച്ച കൈവരിക്കുന്നതിനും സഹായകമായിട്ടുണ്ട്. പ്രത്യേകിച്ച് സൂക്ഷ്മ, ചെറുകിട, ഇടത്തരം (എം എസ് എം ഇ) വ്യവസായ മേഖലയിൽ.

ഇങ്ങനെ പൊതുവിൽ വിലയിരുത്തുമ്പോൾ മികച്ച പ്രകടനം കാഴ്ച വച്ചതായി കാണുമ്പോഴും, തുണിനിർമ്മാണം, പെട്രോകെമിക്കലുകൾ, സ്റ്റീൽ തുടങ്ങിയ ചില മേഖലകൾ വിലവർധന മൂലമുള്ള പ്രയാസങ്ങൾ, ഉൽപ്പാദനശേഷി വിനിയോഗത്തിൽ ഉണ്ടായ ഇടിവ്, ഇറക്കുമതി ഉത്പന്നങ്ങളിൽ നിന്നുള്ള മത്സരം തുടങ്ങിയ ശക്തമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഇവയുടെ തിരിച്ചുവരവിന് തുടർച്ചയായ നയപരമായ പിന്തുണയും സാങ്കേതിക നവീകരണ നടപടികളും ആവശ്യമാണെന്ന് സാമ്പത്തിക സർവേ റിപ്പോർട് ചൂണ്ടിക്കാട്ടുന്നു. ഫാർമസ്യൂട്ടിക്കൽ, ഇലക്ട്രോണിക്സ് മേഖലകളിൽ നിലവിലെ ഉണർവ് തുടർന്നു പോകുന്നതിന് ഇത്തരം നടപടികൾ ആവശ്യമാണ്. സുസ്ഥിരമായ വ്യവസായ വളർച്ചയുടെ കാര്യത്തിൽ ശുഭോദർക്കമായ് ഒരു വീക്ഷണമാണ് സർവേ അവതരിപ്പിച്ചിട്ടുള്ളത് ചില മേഖലകളിൽ കണ്ട് വരുന്ന പ്രതിസന്ധി മറികടക്കേണ്ട സാഹചര്യവും ഗവേഷണം, വികസനം എന്നീ മേഖലകളിൽ കൂടുതൽ മുതൽമുടക്കേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്.

**പ്രധാന വാക്കുകൾ :** ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എസ് എം ഇ), പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (പി എൽ ഐ) സ്കീം, ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് സ്കീം (സി ജി എഫ് ടി എസ്

**2023 24ലെ സാമ്പത്തിക സർവേ റിപ്പോർട്ട്, 2024–25ലെ ബജറ്റിൽ വ്യവസായത്തെ കുറിച്ചുള്ള ഭാഗം എന്നിവ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്**

സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കയറ്റുമതി തുടങ്ങിയ കാര്യങ്ങളിൽ ചെറുകിട, ഇടത്തരം വ്യവസായങ്ങൾ (എസ് എം ഇ) നിർണ്ണായകമായ പങ്ക് വഹിക്കുന്നുവെന്ന് 2023–24 ലെ സാമ്പത്തിക സർവേ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. മാനുഫാക്റ്ററിങ്, നിർമ്മാണം, ഉപഭോക്തൃ ഉൽപ്പന്ന നിർമ്മാണ രംഗം തുടങ്ങിയ മേഖലകളിലെ നേട്ടങ്ങൾ വഴിയായുള്ള വ്യവസായിക വളർച്ചക്ക്, റിപ്പോർട്ട് പ്രത്യേക പ്രാധാന്യം നൽകുന്നു. ചെറുകിട ഇടത്തരം മേഖലയുടെ കാര്യത്തിലെ പോസിറ്റീവായ നീക്കങ്ങളെ കുറിച്ചും പ്രോഡക്റ്റ് ലിങ്ക്ഡ് ഇൻസെന്റീവ് (പി എൽ ഐ), പദ്ധതി, ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് സ്കീം (സി ജി എഫ് ടി എസ്) തുടങ്ങിയ സർക്കാർ പദ്ധതികളെ കുറിച്ചും റിപ്പോർട്ടിൽ പ്രത്യേക പരാമർശമുണ്ട്.

**സർവേയിലെ ചില പ്രധാന നിഗമനങ്ങൾ താഴെ ചേർക്കുന്നു.**

2023–24 സാമ്പത്തിക വർഷത്തിൽ വ്യവസായ മേഖലക്ക് 9 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞു. മാനുഫാക്റ്ററിങ്, നിർമ്മാണം തുടങ്ങിയ മേഖലകളാണ് ഈ വളർച്ചയെ മുന്നിൽ നിന്ന് നയിച്ചത് (രേഖാചിത്രം–1). വ്യവസായ മേഖലയുടെ മൊത്തം മൂല്യ വർദ്ധനവ് (ജി വി എ) 24 ശതമാനമായിരുന്നു എന്നത് സുസ്ഥിരമായ ഒരു വളർച്ചയായി വിലയിരുത്തുവാൻ കഴിയും. കോവിഡ് മഹാമാരിക്ക് ശേഷം സംഭവിച്ച ഒരു കുതിച്ചുചാട്ടം എന്ന് മാത്രമായി ഇതിനെ ചുരുക്കി കാണാൻ കഴിയില്ല എന്നർത്ഥം. മൊത്തം ജി വി എയിൽ 30.9 ശതമാനം വ്യവസായ മേഖലയുടെ സംഭാവനയാണ്.

ഇതിൽ മാനുഫാക്റ്ററിങ്, നിർമ്മാണ മേഖലകളിലെ മുന്നേറ്റം പ്രത്യേകം എടുത്തു പറയേണ്ടതാണ്. കാരണം, ഈ രണ്ടു മേഖലകളിൽ ഇരട്ട അക്ക വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ്. ഖനനം, ക്വാറി, ഊർജ്ജം, ജലസേചനം തുടങ്ങിയ രംഗങ്ങളിലും നല്ല വളർച്ച കൈവരിക്കാൻ കഴിഞ്ഞു. പൊതുവിൽ വ്യവസായ മേഖലക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്നാണ് സാമ്പത്തിക സർവേ വ്യക്തമാക്കുന്നത്. സമ്പദ്ഘടനയുടെ പൊതുവിലുള്ള വളർച്ചയുടെ കാര്യത്തിലും അടിസ്ഥാന സൗകര്യ വികസന മേഖലയുടെ മുന്നേറ്റത്തിന്റെ കാര്യത്തിലും വ്യവസായ മേഖലയിലെ ഈ ഉണർവ് വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചത് (രേഖാചിത്രം–1).

ആട്ടോമൊബൈൽ, മരഉരുപ്പടികൾ, ഫർണിച്ചർ, ഫാർമസ്യൂട്ടിക്കൽ തുടങ്ങിയവ അടക്കമുള്ള ഉപഭോക്തൃ ഉൽപ്പന്ന മേഖലയിൽ 2023–24 സാമ്പത്തിക വർഷത്തിൽ ഉല്പാദനത്തിൽ കാര്യമായ വളർച്ച ഉണ്ടായിട്ടുണ്ട്. ഉപഭോക്തൃ ഉത്പന്നങ്ങൾക്കായുള്ള ആവശ്യം വർധിക്കുന്നു എന്നാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. ഇത് മൊത്തത്തിൽ വ്യവസായ മേഖലയുടെ വളർച്ചക്ക് ഉണർവേകുന്നു.

അതുപോലെ തന്നെ യന്ത്രങ്ങൾ, രാസപദാർത്ഥങ്ങൾ, ലോഹ ഇതര ധാതുക്കൾ, റബർ, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ തുടങ്ങിയ വയുടെ കാര്യത്തിലും നല്ല തോതിൽ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതാകട്ടെ, വിതരണ ശൃംഖല ശക്തമാക്കുന്നതിനും ഒപ്പം അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകമാകുന്നതുമായ സമതുലിതമായ ഒരു വളർച്ചാ പരിപ്രേക്ഷ്യം ഉരുത്തിരിയുന്നതിന് സഹായകമായിട്ടുണ്ട്. എന്നാൽ പെട്രോളിയം ഉത്പന്നങ്ങൾ, തുണിത്തരങ്ങൾ, ബീവറേജ്, പുകയില തുടങ്ങിയ മേഖലകളിൽ ഉല്പാദനത്തിൽ ഇടിവ് പ്രകടമാണ്. വ്യവസായ മേഖലയിലെ ഫോക്കസ് മാറുന്നതിന്റെ സാധ്യതകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നതെന്ന് കരുതാം.

**Fig: 1** - Annual growth of industry and its components (in constant prices)




**വ്യവസായ അനുബന്ധ മേഖലകളുടെ പ്രകടനം**

വിവിധ വ്യവസായ ഉല്പാദന മേഖലകളിൽ ഉല്പാദനത്തിന് ആവശ്യമായ അടിസ്ഥാന സാധനങ്ങൾ, രാസപദാർത്ഥങ്ങൾ, ഘടക ഉൽപ്പന്നങ്ങൾ തുടങ്ങിയവയെയാണ് വ്യവസായ അനുബന്ധ സാധനങ്ങൾ എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. ഇവയുടെ പ്രകടനത്തെ കുറിച്ച് 2023–24 ലെ സാമ്പത്തിക സർവേ റിപ്പോർട്ടിൽ എടുത്തു പറയുന്നുണ്ട്. ഇക്കാര്യത്തിൽ സമ്മിശ്രമായ ഒരു പ്രകടനമാണ് ഉണ്ടായത് എന്നാണ് സർവേയിൽ വ്യക്തമാക്കുന്നത്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട സ്റ്റീൽ, കെട്ടിട നിർമ്മാണ സാമഗ്രികൾ, രാസവസ്തുക്കൾ തുടങ്ങിയവയുടെ കാര്യത്തിൽ വളർച്ച പ്രകടമായിരുന്നു. എന്നാൽ തുണി, പെട്രോകെമിക്കൽ തുടങ്ങിയ രംഗങ്ങൾക്ക് തിരിച്ചടി നേരിട്ടു. മൊത്തത്തിൽ നോക്കുമ്പോൾ വ്യവസായ വികസനം, മൂലധന ഉത്പന്നങ്ങൾ, മാനുഫാക്റ്ററിങ് മേഖലയുടെ തിരിച്ചുവരവ് തുടങ്ങി സർക്കാർ മുൻതൂക്കം നൽകിയ കാര്യങ്ങൾക്ക് അനുഗുണമായ വളർച്ചയാണ് അനുബന്ധ മേഖലയിലും ഉണ്ടായിട്ടുള്ളത്. റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്ന കാര്യങ്ങളിൽ താഴെ പറയുന്നവ പ്രത്യേകം ശ്രദ്ധേയമാണ്.

ആഭ്യന്തര ആവശ്യങ്ങൾക്ക് അനുസൃതമായ ഉത്പാദനം സിമന്റ് വ്യവസായ രംഗത്ത് ഉണ്ടായിട്ടുണ്ട്. ഇതുമൂലം സിമന്റിന്റെ കാര്യത്തിൽ ഇറക്കുമതിയിലുള്ള ആശ്രിതത്വം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഉല്പാദനശേഷിയുടെ വിനിയോഗത്തിലുള്ള ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

2023–24 സാമ്പത്തിക വർഷത്തിലെ രണ്ട്, മൂന്ന് പാദങ്ങളിൽ സ്റ്റീലിന്റ കാര്യത്തിൽ ഇന്ത്യ ഇറക്കുമതിയെ കാര്യമായി ആശ്രയിക്കേണ്ടി വന്നു എന്ന് കാണാം. രാജ്യാന്തര വിപണികളിൽ ഉരുക്ക് വില

കുറഞ്ഞതാണ് ഇതിന് കാരണം. ആഭ്യന്തര ഉല്പാദകർക്കിടയിൽ മത്സരം ശക്തമാകുന്നതിന് ഇത് കാരണമായി. ഉത്പന്നങ്ങളുടെ വില കുറയ്ക്കുന്നതിന് ഇത് ഉല്പാദകരെ നിർബന്ധിതരാക്കി.

കൽക്കരി വ്യവസായ മേഖലയിൽ ഖനികളുടെ വികസനത്തിന് നടപടിക്രമങ്ങളിലെ നൂലാമാലകൾ പരിഹരിക്കേണ്ടത് ആവശ്യമാണ്. പ്രത്യേകിച്ച് വനം, പരിസ്ഥിതി അനുമതി കളുടെയും ഭൂമി കൈവശാവകാശ നടപടി കളുടെയും കാര്യത്തിൽ.

**ഉപഭോക്തൃ ഉത്പന്ന വ്യവസായങ്ങളുടെ പ്രകടനം**

ഉപഭോക്താക്കൾ നേരിട്ട് ഉപയോഗിക്കുന്ന ഉത്പന്നങ്ങളും സേവനങ്ങളും നിർമ്മിക്കുന്ന മേഖലയിലെ വ്യവസായങ്ങളാണ് ഉപഭോതൃ അധിഷ്ഠിത സംരംഭങ്ങൾ. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ, താല്പര്യങ്ങൾ, സ്വഭാവരീതികൾ തുടങ്ങിയ പല ഘടകങ്ങളും പരിഗണിച്ചു കൊണ്ടാണ് ഈ സംരംഭങ്ങൾ വിവിധ ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതും വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതും.

**സർവേ റിപ്പോർട്ടിലെ ഇത് സംബന്ധിച്ച ചില പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.**

ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ മരുന്ന് വിപണിയാണ് ഇന്ത്യയുടേത്. ഇന്ന് ഈ മേഖല വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കു കയാണ്. ഇത് മറി കടക്കുന്നതിനും മികച്ച വളർച്ച കൈവരിക്കുന്നതിനും നൈപുണ്യ വികസനം, സാങ്കേതിക വിദ്യയുടെ നവീകരണം, മികച്ച വിതരണ ശൃംഖല കെട്ടിപ്പടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. മത്സരക്ഷമത നിലനിർത്തുന്നതിനും ഉത്പാദനക്ഷമത ഉയർത്തുന്നതിനും ഇത് അത്യന്താ പേക്ഷിതമാണ്.

തുണി ഉല്പാദന മേഖലയെടുത്താൽ ശിഥിലീകൃതമായ ഉല്പാദനരീതി, ഇറക്കുമതി ഉത്പന്നങ്ങളെ ആശ്രയിക്കൽ, നൈപുണ്യമുള്ള തൊഴിലാളികളുടെ കുറവ് തുടങ്ങിയ ഘടകങ്ങൾ പ്രതികൂലമായി വർത്തിക്കുന്നു. ഈ മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും ചെലവുകൾ കുറയ്ക്കുന്നതിനും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ആവശ്യമാണ്.

2023ൽ നടപ്പാക്കിയ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതി ഇലക്ട്രോണിക് വ്യവസായ മേഖലക്ക് വലിയ ഉണർവ് പ്രദാനം ചെയ്യുകയുണ്ടായി. ഉത്പാദനം കൂട്ടുന്നതിനും കൂടുതൽ നിക്ഷേപം ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഇത് സഹായകമായി. സമഗ്രമായ ഒരു നയപരമായ സമീപനത്തിന്റെ ആവശ്യകതയി ലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അനുബന്ധ ഘടകങ്ങളുടെ നികുതി നിരക്ക് കുറയ്ക്കുക തുടങ്ങിയ കാര്യങ്ങൾ ഈ മേഖലയുടെ നല്ല മുന്നേറ്റത്തിനും സുസ്ഥിരമായ വികസനത്തിനും ആവശ്യമാണ്.

**പ്രോഡക്റ്റ് ലിങ്ക്ഡ് ഇൻസെന്റീവ് (പി എൽ ഐ) പദ്ധതിയും പ്രത്യേകതകളും**

ഉത്പാദനം , കയറ്റുമതി എന്നിവ ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം . 14 വ്യത്യസ്ത മേഖലകൾക്കായി 1.97 ലക്ഷം കോടി രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. വൈറ്റ് ഗുഡ്സിന്റെ (എ സി, എൽ ഇ ഡി മുതലായവ) നിർമ്മാണ മേഖലക്കായി 6238 കോടി രൂപയാണ് പി എൽ ഐ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. 2024 മെയ് മാസത്തിനകം 3181 കോടി രൂപയുടെ നിക്ഷേപം സാധ്യമാക്കുകയും 13320 കോടി രൂപയുടെ വില്പന ഉണ്ടാക്കുകയുമാണ് ഇതിന്റെ ലക്ഷ്യം.

ഈ പദ്ധതി കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും ഉല്പാദനവും വില്പനയും കയറ്റുമതിയും ഉയർത്തുന്നതിനും സഹായകമായിട്ടുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായകരമായി,

പ്രത്യേകിച്ച് വൈറ്റ് ഗുഡ്സിന്റെ മേഖലയിൽ.

2024 മെയ് മാസം വരെയുള്ള പി എൽ ഐ പദ്ധതി വഴി ഉണ്ടായിട്ടുള്ള നിക്ഷേപത്തിന്റെ മേഖല തിരിച്ചുള്ള വിവരങ്ങളാണ് രണ്ടാം രേഖാചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതനുസരിച്ച് ഏറ്റവും കൂടുതൽ നിക്ഷേപം വന്നിട്ടുള്ളത് മരുന്ന് ഉല്പാദന മേഖലയിലാണ്. സൗരോർജ ഫോട്ടോ വോൾട്ടായിക് (പി വി) മേഖലയാണ് രണ്ടാമത് വരുന്നത് (രേഖാചിത്രം 2).

**എം എസ് എം ഇ റിപ്പോർട്ടും സുപ്രധാന നടപടികളുടെ ഫലവും**

ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് പദ്ധതി എം എസ് എം ഇ മേഖലയിലെ സംരംഭങ്ങൾക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു എന്നാണ് സർവേ റിപ്പോർട്ട് പറയുന്നത്. 2019–20, 2023 –24 എന്നീ സാമ്പത്തിക വർഷങ്ങൾക്കിടയിൽ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് വിതരണം ചെയ്ത വായ്പകൾ ഗണ്യമായ തോതിൽ ഉയരുകയുണ്ടായി. സി ജി എഫ് ടി എസ് പദ്ധതിയാണ് ഇതിന് പ്രധാന കാരണം. കൂടുതൽ മൂലധനം സംഹരിക്കുന്നതിന് ഈ പദ്ധതി സംരംഭകർക്ക് സഹായകമായി.

ഉദയം പോർട്ടൽ, സംബന്ധ് പോർട്ടൽ, ചാമ്പ്യൻസ് പോർട്ടൽ തുടങ്ങിയ നൂതന തുടക്കങ്ങളെ കുറിച്ചും റിപ്പോർട്ടിൽ പരാമർശമുണ്ട്. ഔദ്യോഗികവത്കരണവും ഉൾപ്പെടുത്തലും, ധനകാര്യ രംഗവുമായി ബന്ധപ്പെട്ട തടസങ്ങൾ ഒഴിവാക്കൽ, വിപണി കണ്ടെത്തൽ, നൂതന സാങ്കേതിക വിദ്യകൾ, ഡിജിറ്റൽവത്കരണം, അടിസ്ഥാനസൗകര്യ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കൽ, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടവയാണ് ഈ നീക്കങ്ങൾ.

**Fig.2** Actual sector-wise investment under PLI scheme as of may 2024



ഇതുകൂടാതെ ചെറുകിട, ഇടത്തരം വ്യവസായങ്ങളുമായി ബന്ധപ്പെട്ട പല വിധ തടസങ്ങൾ നീക്കുന്നതിനും ഈ നടപടികൾ ലക്ഷ്യം വയ്ക്കുന്നു. ഈ മേഖലയുടെ മത്സരക്ഷമത വർധിപ്പിക്കുകയും ഒപ്പം സുസ്ഥിര വികസനം ഉറപ്പാക്കുകയുമാണ് ഇതിന്റെ ആത്യന്തികമായ ലക്ഷ്യം. ഈ നടപടികൾ ഉളവാക്കിയ ഫലങ്ങൾ പൂർണ്ണമായും വിലയിരുത്തുന്നതിന് കൂടുതൽ ചർച്ചകളും പഠനങ്ങളും ആവശ്യമാണ്.

2024–25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരം മാനുഫാക്റ്ററിങ് മേഖലയിലെ എം എസ് എം ഇ യൂണിറ്റുകൾക്ക് വേണ്ടിയുള്ള ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി പ്രത്യേക ഈടുകൾ ഇല്ലാതെ യന്ത്രങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിന് സഹായം നൽകുന്ന പദ്ധതിയാണ്. മൂലധന നിക്ഷേപത്തിന് സഹായകരമായ ഒരു പദ്ധതിയാണ് ഇത്. ക്രെഡിറ്റ് സ്കോർ വിശകലനം ചെയ്തുകൊണ്ട് എം എസ് എം ഇ യൂണിറ്റുകൾക്കായി ഒരു പുതിയ അവലോകന മോഡൽ പൊതുമേഖലാ ബാങ്കുകൾ രൂപീകരിക്കുകയുണ്ടായി. പ്രതിസന്ധി ഘട്ടങ്ങളിൽ പ്രത്യേക വായ്പാ സൗകര്യം നൽകുന്ന രീതിയും പ്രവർത്തികമാക്കുകയുണ്ടായി. ഇത് എം എസ് എം ഇ സംരംഭങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനും പ്രതിസന്ധി ഘട്ടങ്ങൾ തരണം ചെയ്യുന്നതിനും സഹായകമായിട്ടുണ്ട് എന്നാണ് സാമ്പത്തിക സർവേ വിലയിരുത്തുന്നത്.

മുദ്ര ലോണുകളുടെ പരിധി 20 ലക്ഷം രൂപയായി ഉയർത്തിയതോടെ ചെറുകിട സംരംഭങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാകുന്ന സാഹചര്യമുണ്ടായി. 'ട്രേഡ് റിസീവബിൾ ഡിസ്കൗണ്ടിങ് സിസ്റ്റം' എന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വിറ്റുവരവ് പരിധി 250 കോടി രൂപയായി കുറയ്ക്കുകയും ചെയ്തു. കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി വ്യവസായ പാർക്കുകൾ, ഇന്റേൺഷിപ്പ് പദ്ധതികൾ തുടങ്ങിയ വിവിധ പദ്ധതികൾക്കും തുടക്കം കുറിക്കുകയുണ്ടായി. ഇത് തൊഴിലവസരങ്ങൾ വർധിപ്പിച്ചതിന് പുറമെ സുപ്രധാന മേഖലകളിൽ തൊഴിലാളികൾക്ക് പ്രായോഗിക പരിശീലനം ലഭിക്കുന്നതിനും സഹായകമായി .

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാവസായിക വായ്പകൾ, ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച റിപ്പോർട്ട്**

നിലവിലെ സ്ഥിതി പരിശോധിക്കുമ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പോസിറ്റീവായ ഒരു തലത്തിലാണെന്ന് കാണാം. ഭൂരിഭാഗം സ്ഥാപനങ്ങളും ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അവയുടെ വിപണി മൂലധന മൂല്യം കാര്യമായി ഉയർന്നതും പ്രത്യേകം എടുത്തു പറയുന്നുണ്ട്.

വ്യവസായ വായ്പാ പദ്ധതികൾ 2021 –22 സാമ്പത്തിക വർഷത്തിൽ നവീകരിക്കുകയുണ്ടായെങ്കിലും തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ ചില മേഖലകളിൽ വായ്പാ വിതരണത്തിൽ ഇടിവ് സംഭവിക്കുകയുണ്ടായി. ഖനനം, ക്വാറികൾ, പെട്രോളിയം ഉത്പന്നങ്ങൾ, കൽക്കരി അധിഷ്ഠിത ഉല്പാദന മേഖലകൾ, ന്യൂക്ലിയർ ഇന്ധന മേഖല തുടങ്ങിയ മേഖലകളിലാണ് ഇപ്രകാരം ഇടിവ് ദൃശ്യമായത്.

വ്യവസായ രംഗങ്ങളിലെ ഗവേഷണ വികസന (ആർ ആൻഡ് ഡി) പദ്ധതികളുടെ ഏതാണ്ട് 70 ശതമാനവും ഏതാനും ചില മേഖലകളിൽ മാത്രമായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ മറ്റു മേഖലകളിൽ ഇത്തരം പ്രവർത്തനങ്ങൾ വളരെ പരിമിതമാണ്. മാത്രവുമല്ല പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ വ്യവസായ വളർച്ചയിൽ അവ നിർവഹിക്കുന്ന പങ്കുമായി തട്ടിച്ചു

നോക്കുമ്പോൾ ആർ ആൻഡ് ഡി പ്രവർത്തനങ്ങൾ കുറവാണ്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ ആവശ്യമാണ്.

**ഉപസംഹാരം**

2023-24ലെ സാമ്പത്തിക സർവേ റിപ്പോർട്ട് മാനുഫാക്റ്ററിങ്, നിർമ്മാണം, ഉപഭോക്തൃ ഉത്പന്ന മേഖലകൾ തുടങ്ങിയ രംഗങ്ങളിലെ മികച്ച നേട്ടങ്ങൾ എടുത്തുകാണിക്കുന്നുണ്ട്. ചെറുകിട, ഇടത്തരം സംരംഭങ്ങളാണ് ഇത്തരമൊരു നേട്ടത്തിന് ചുക്കാൻ പിടിച്ചതെന്ന് കാണാൻ കഴിയും. സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കയറ്റുമതി തുടങ്ങിയ നിർണ്ണായക മേഖലകളിൽ അവയുടെ സംഭാവന പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. സർക്കാർ നടപ്പാക്കിയ, പി എൽ ഐ, സി ജി എഫ് ടി എസ് തുടങ്ങിയ പദ്ധതികൾ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് കൂടുതൽ മൂലധനം സമാഹരിക്കുന്നതിനും, ഉത്പാദനം, സാമ്പത്തികമായ സുസ്ഥിരത മുതലായ കാര്യങ്ങൾ ഉറപ്പാക്കുന്നതിനും വലിയ പങ്ക് നിർവഹിച്ചിട്ടുണ്ട്.

എന്നിരുന്നാലും പല മേഖലകളും ശക്തമായ വെല്ലുവിളി നേരിടുന്നതായി കാണാൻ കഴിയും. തുണി നിർമ്മാണം, പെട്രോകെമിക്കൽ തുടങ്ങിയ മേഖലകൾ ഉദാഹരണമാണ്. ആഗോള വിപണികളിൽ നിന്നുള്ള കുറഞ്ഞ വിലയുടെ സമ്മർദ്ദം, ഉൽപ്പാദനശേഷി വിനിയോഗത്തിലെ പ്രശ്നങ്ങൾ ഉൾപ്പടെയുള്ള നിരവധി കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. ഇലക്ട്രോണിക് വ്യവസായം, ഫാർമസ്യൂട്ടിക്കൽ കമ്പനികൾ തുടങ്ങിയ മേഖലകളിൽ മത്സരക്ഷമത സുസ്ഥിരമായി നില നിർത്തുന്നതിന് സാങ്കേതികവിദ്യ നവീകരണം, നയപരമായ കൂടുതൽ പരിഷ്കാരങ്ങൾ തുടങ്ങിയ കാര്യങ്ങൾ ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുന്നു . വ്യവസായ വികസന രംഗത്ത് വിവിധ മേഖലകൾ തമ്മിൽ സമതുലിതമായ വളർച്ച ഉറപ്പാക്കുന്നതിന് ആർ ആൻഡ് ഡി ചെലവുകൾ ഉയർത്തേണ്ടതിന്റെ ആവശ്യകതയും പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച പ്രകടനവും അനിവാര്യമായ കാര്യങ്ങളാണ്.

ചുരുക്കത്തിൽ, 2023-24ലെ സാമ്പത്തിക സർവേ റിപ്പോർട്ട് ഇന്ത്യയിലെ വ്യവസായ മേഖലയുടെ കാര്യത്തിൽ നല്ല ശുഭാപ്തിവിശ്വാസമാണ് പ്രകടമാക്കുന്നത്. ലക്ഷ്യഭേദിയായ ധനകാര്യ നടപടികൾ, കൂടുതൽ വായ്പാ സൗകര്യം, ഘടനാപരമായ മാറ്റങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. എന്നിരുന്നാലും ഓരോ മേഖലയിലും കാണുന്ന സവിശേഷമായ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതും നൂതനമായ മാറ്റങ്ങൾ കൊണ്ടുവരികയും ഒപ്പം സാങ്കേതിക വിദ്യയിലെ നവീകരണവും ദീർഘകാലാടിസ്ഥാനത്തിൽഇന്ത്യയിലെ വ്യവസായ രംഗത്ത് മികച്ച വളർച്ച ഉറപ്പാക്കുന്നതിന് അനിവാര്യമാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ ഗവേഷണ വിദ്യാർത്ഥികളാണ് ലേഖകർ).

## References

Government of India, Ministry of Finance. (2024). Economic Survey 2023-24. Economic Division, Department of Economic Affairs.

Government of India, Ministry of Finance. (2024). Union Budget 2024-25. Department of Economic Affairs.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

# അടിസ്ഥാനസൗകര്യ വികസനം സാമ്പത്തിക വളർച്ചയുടെ അടിത്തറ

ഷിജോ തോമസ്, അനുരാജ് പി കെ

**സംഗ്രഹം**

ഇന്ത്യയിലെ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ നടക്കുന്ന വിവിധ നീക്കങ്ങളെയും പദ്ധതികളെയും കുറിച്ചാണ് ഈ ലേഖനം പരിശോധിക്കുന്നത്. 2023-24 വർഷത്തെ സാമ്പത്തിക സർവേ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നടപടികളാണ് ഇതിന് ആധാരമാക്കിയിട്ടുള്ളത്. അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി കഴിഞ്ഞ യൂണിയൻ ബജറ്റ് (2024-25) മൂലധനചെലവിനത്തിൽ 11,11,111 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. രാജ്യത്തിൻറെ മൊത്തം ജി ഡി പിയുടെ 3.4 ശതമാനം വരുമിത്. 2047 ആകുമ്പോഴേക്ക് വികസിത ഭാരതമായി മാറുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ വമ്പൻ നിക്ഷേപം നടത്തുന്നത്. രാജ്യത്തിൻറെ സാമ്പത്തിക വളർച്ച ശക്തമാക്കുക, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നിവയാണ് അതിന്റെ അടിസ്ഥാന ലക്ഷ്യം. റോഡ്, റെയിൽ, വ്യോമഗതാഗതം എന്നിവ വഴിയുള്ള കണക്റ്റിവിറ്റി ഉയർത്തുക തുടങ്ങിയ നിരവധി കാര്യങ്ങൾക്ക് ഊന്നൽ നൽകുന്ന ഈ പദ്ധതി പൊതുനിക്ഷേപം ഉയർത്തിയും പരിഷ്കരണ നടപടികൾ വഴിയുമാണ് നടപ്പാക്കുക. എന്നാൽ, ഇക്കാര്യത്തിൽ വലിയ പുരോഗതി നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ആവശ്യമായ ഫണ്ടിന്റെ അഭാവം, ബജറ്റ് ചെലവുകൾ വെട്ടിക്കുറയ്ക്കൽ തുടങ്ങിയ നിരവധി വെല്ലുവിളികൾ അടിസ്ഥാനസൗകര്യ വികസന രംഗം നേരിടുന്നുണ്ടെന്ന് കാണാൻ കഴിയും.

***പ്രധാന വാക്കുകൾ :*** *അടിസ്ഥാനസൗകര്യ വികസനം, യൂണിയൻ ബജറ്റ്, മൂലധനച്ചെലവുകൾ, വികസിത ഭാരതം*

## ആമുഖം

2023-24 സാമ്പത്തിക സർവ്വേ റിപ്പോർട്ടിലെ 'ഇൻഫ്രാസ്ട്രക്ചർ- ലിഫ്റ്റിങ് പൊട്ടൻഷ്യൽ ഗ്രോത്ത്' (Infrastructure: Lifting Potential Growth) എന്ന പന്ത്രണ്ടാമത്തെ അധ്യായത്തിലാണ് അടിസ്ഥാനസൗകര്യ വികസന മേഖലയിൽ നടക്കുന്ന ദൗത്യങ്ങളെ കുറിച്ച് പ്രതിപാദിച്ചരിക്കുന്നത്. പൊതു നിക്ഷേപത്തിന്റെ പ്രാധ്യാന്യം, മുന്നിലുള്ള വെല്ലുവിളികൾ എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട് അതിൽ ഇന്ത്യയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളെ കുറിച്ച് സമഗ്രമായ ഒരു വീക്ഷണം അവതരിപ്പിച്ചിരിക്കുന്നു. വമ്പൻ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ മൂലധനച്ചെലവുകൾ

നിർണ്ണായകമായ പങ്ക് വഹിക്കുന്നു. 2020 –21 മുതൽ 2023–24 വരെയുള്ള ഘട്ടത്തിൽ യൂണിയൻ ഗവണ്മെന്റിന്റെ മൂലധന ചെലവിൽ 2.2 ഇരട്ടി വർധന ഉണ്ടായതായി കാണാം. റെയിൽ, റോഡ് തുടങ്ങിയ തന്ത്രപ്രധാന മേഖലകളിലായിരുന്നു ഇതിന്റെ സിംഹഭാഗവും. നാഷണൽ ഇൻഫ്രാസ്ട്രക്ച്ചർ പൈപ്പ്ലൈൻ (എൻ ഐ പി), പ്രോജക്റ്റ് മോണിറ്ററിങ് ഗ്രൂപ്പ് തുടങ്ങിയ ഘടനാപരമായ മാറ്റങ്ങൾ വഴിയും പൊതുനിക്ഷേപം കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസന രംഗത്തെ ചില കുരുക്കുകൾ അഴിക്കുന്നതിനാണ് ഇത്തരത്തിലുള്ള പരിഷ്കരണങ്ങൾ പ്രഖ്യാപിച്ചത്.

അടുത്തകാലത്തായി ഫണ്ട് കണ്ടെത്തുന്നതിന് നൂതനമായ ചില വഴികൾ തുറന്നു കിട്ടിയെങ്കിലും സർക്കാർ ചെലവഴിക്കൽ തന്നെയാണ് വമ്പൻ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനുള്ള ഏറ്റവും പ്രധാന മാർഗ്ഗം. ദീർഘകാല വികസനത്തിനുള്ള എൻജിൻ എന്ന നിലയിൽ ഗവണ്മെന്റ് റെയിൽ, റോഡ് മേഖലകൾക്കാണ് കൂടുതൽ മുൻതൂക്കം നൽകുന്നത്. ഇതിനായി 'നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ' എന്ന പദ്ധതി ആവിഷ്ക്കരിക്കു കയുണ്ടായി. സർക്കാർ ആസ്തികളും വില്പന വഴിയായി കൂടുതൽ സ്വകാര്യ നിക്ഷേപം ഇത്തരം മേഖലകളിലേക്ക് ആകർഷിക്കുക എന്നതാണ് ഇതിന്റെ കാതൽ. ഇത് മികച്ച വിജയം കൈവരിച്ചതായി നമുക്ക് വിലയിരുത്താൻ കഴിയും. 2022–24 കാലയളവിൽ ഇത് നല്ല രീതിയിൽ തന്നെ പ്രവർത്തികമാക്കുകയുണ്ടായി (രേഖാചിത്രം 1).

### കണക്റ്റിവിറ്റി ഉയർത്തുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ

2014–15 സാമ്പത്തിക വർഷം മുതൽ 2023–24 വരെയുള്ള ഘട്ടത്തിൽ റോഡ് ഗതാഗത രംഗത്തെ നിക്ഷേപത്തിൽ കാര്യമായ കുതിപ്പ് ഉണ്ടായതായി കാണാൻ കഴിയും. ഇത് ജി ഡി പിയുടെ 0.4 ശതമാനം എന്ന നിലയിൽ നിന്ന് 1 ശതമാനമായി ഉയർന്നു. 'ഭാരതമാല പരിയോജന' പോലുള്ള പദ്ധതികളിലാണ് കാര്യമായ തോതിൽ മുതൽമുടക്കുണ്ടായത്. ദേശീയ പാത വികസന രംഗത്ത് വലിയ മാറ്റമാണ് ഇതുവഴി ഉണ്ടായത്. 2014 സാമ്പത്തിക വർഷം മുതൽ 2024 സാമ്പത്തിക വർഷം വരെയുള്ള ഒരു ദശകക്കാലയളവിൽ ദേശീയപാതാ നിർമ്മാണത്തിന്റെ വേഗത പ്രകടമായി ഉയരുകയുണ്ടായി. രാജ്യത്തെ ലോജിസ്റ്റിക് ശ്രംഖലയുടെ കാര്യത്തിൽ മികച്ച മുന്നേറ്റം ഇതുവഴി സാധ്യമായി. 2023 ൽ ലോജിസ്റ്റിക് മേഖലയിലെ സൂചികയിൽ ഇന്ത്യയുടെ റാങ്കിങ് 38 ലേക്ക് ഉയരുന്നതിന് ഇത് സഹായകമായി. റോഡുകളുടെ നിർമ്മാണം സാധ്യമാക്കുന്നതിന് പുറമെ ടോൾ ഡിജിറ്റൽവത്കരണം, ആധുനി കമായ ലോജിസ്റ്റിക് പാർക്കുകളുടെ നിർമ്മാണം തുടങ്ങിയ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞു. ചരക്ക് നീക്കം അടക്കമുള്ള ഗതാഗത സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും സാധനങ്ങൾ കൊണ്ട് പോകുന്നതിനുള്ള ചെലവുകൾ കുറയ്ക്കുന്നതിനും രാജ്യത്തുടനീളം ചരക്ക് നീക്കം സുഗമമാക്കുന്നതിനും ഇത് വളരെ നിർണ്ണായകമായി മാറി.

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഇന്ത്യൻ റെയിൽവേയുടെ മൂലധന നിക്ഷേപത്തിൽ 77 ശതമാനം വർധന കൈവരിക്കാൻ കഴിഞ്ഞു. പുതിയ റെയിൽവേ ലൈനുകൾ, ഗേജ് മാറ്റം, പാത ഇരട്ടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ വഴിയായി രാജ്യത്തെ റെയിൽവേ ശൃംഖല കാര്യമായി വിപുലപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്ത് വർധിച്ചു വരുന്ന ഗതാഗത ആവശ്യങ്ങൾ സാധ്യമാക്കുന്നതിന് റെയിൽവേയുടെ ഉല്പാദന ശേഷിയും കാര്യക്ഷമതയും ഉയർത്തുകയാണ് ഇതിന്റെ ലക്ഷ്യം. വന്ദേ ഭാരത് പോലുള്ള അതിവേഗ ട്രെയിനുകളുടെ സഞ്ചാരം ഇതിൽ എടുത്തുപറയത്തക്കതാണ്. ചരക്ക് നീക്കം കൂടുതൽ സുഗമമാക്കുന്നതിന് പ്രത്യേക ചരക്ക് ഇടനാഴികൾക്കും രൂപം നൽകുകയുണ്ടായി. റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണത്തിലും കാര്യമായ പുരോഗതി നേടുവാൻ

കഴിഞ്ഞിട്ടുണ്ട്. 2023–24 സാമ്പത്തിക വർഷത്തിൽ മൊത്തം റെയിൽവേ ലൈനുകളുടെ 96.4 ശതമാനവും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജലഗതാഗതമാണ് മറ്റൊരു പ്രധാന രംഗം. 2014 നു ശേഷം ഇന്ത്യയുടെ തുറമുഖ ശേഷി ഇരട്ടിയായി ഉയർന്നതായി കാണാം. കടൽമാർഗമുള്ള ചരക്ക് നീക്കത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ മത്സരക്ഷമത ഉയരുന്നതിന് ഇത് കാരണമായിട്ടുണ്ട്. തുറമുഖ അടിസ്ഥാനസൗകര്യ വികസന രംഗത്ത് 'സാഗരമാല പദ്ധതി' നിർണ്ണായകമായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളത്. ആൻഡമാൻ, ലക്ഷദ്വീപ് ദ്വീപസമൂഹങ്ങളുടെ കാര്യത്തിൽ ഉണ്ടായ വികസന കുതിപ്പും പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര മേഖലയുടെ മുന്നേറ്റവും കപ്പൽ മാർഗമുള്ള ഗതാഗതത്തിന്റെ കാര്യത്തിൽ പ്രത്യേകം എടുത്തു പറയത്തക്കതാണ്.

**ഊർജ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ**

2023–24 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ഊർജ ആവശ്യം 13 ശതമാനം ഉയർന്ന് 243 ഗിഗാ വാട്ട് എന്ന തോതിലേക്ക് ഉയരുകയുണ്ടായി. ഏകീകൃത ഇലക്ട്രിക് ഗ്രിഡ് വികസിതമായതാണ് ഇതിന് കാരണം. പുനരുപയോഗ ഊർജ നിക്ഷേപ മേഖലയിലെ മുതൽമുടക്ക് ഇതിന് സഹായകമായി. 2030 ആകുമ്പോഴേക്ക് ഫോസിൽ ഇതര ഊർജ മേഖലയിൽ നിന്നുമുള്ള ഊർജ ഉത്പാദനം മൊത്തം ഉല്പാദനത്തിന്റെ 50 ശതമാനം എന്ന തോതിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. ഈ മാറ്റത്തിന് കരുത്ത് പകരുന്നതിനായി 'റീവാമ്പഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം' (ആർ ഡി എസ് എസ്) പോലുള്ള ചില പദ്ധതികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. 2023–24 ലെ കണക്കുകൾ പ്രകാരം ഇന്ത്യക്ക് പുനരുപയോഗ ഊർജ്ജ മേഖലയിൽ 190.57 ഗിഗാവാട്ട് ഉല്പാദനശേഷിയുണ്ട്. കാർബൺ പുറന്തള്ളൽ കുറയ്ക്കുന്ന കാര്യത്തിലും സുസ്ഥിര ഊർജ ഉപയോഗം ഉയർത്തുന്നതിനും ഈ നേട്ടം ഏറെ

**Figure 1.** Union government's capital expenditure and its support for cpses and state governments




*Source: Economic Survey 2023-24, pp - 407*

സഹായകരമായിട്ടുണ്ട്.

പുനരുപയോഗ ഊർജ മേഖലയിലേക്ക് രാജ്യം മാറുന്ന കാര്യത്തിൽ പി എം – കുസും എന്ന പദ്ധതിയും സൗരോർജ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയും വളരെ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. 2030 ഓടെ ഫോസിൽ ഇതര ഊർജ രംഗത്ത് 500 ഗിഗാവാട്ട് വൈദ്യുതി ഉൽപ്പാദനശേഷി കൈവരിക്കുക എന്നത് ഇതിന്റെ ഭാഗമാണ്.

**നഗരവികസനവും വെല്ലുവിളികളും**

2023 –24 ലെ സാമ്പത്തിക സർവേ റിപ്പോർട്ട് പറയുന്നത് 2030 ആകുമ്പോഴേക്ക് ഇന്ത്യയിലെ ജനസംഖ്യയുടെ 40 ശതമാനവും അധിവസിക്കുക നഗരങ്ങളിലായിരിക്കുമെന്നാണ്. അതുകൊണ്ട് നഗരങ്ങളെ സാമ്പത്തികവളർച്ചയുടെ സിരാ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്. എന്നാൽ 2024–25 സാമ്പത്തിക വർഷത്തെ ബജറ്റ് ഈ വിഷയത്തിന് അർഹമായ പരിഗണന നൽകിയതായി കാണുന്നില്ല. 2021 –22 ലെ ബജറ്റ് പരിശോധിക്കുമ്പോൾ പ്രധാനമന്ത്രി ആവാസ് യോജന – നഗരങ്ങൾ ( പി എം എ വൈ–യു) എന്ന പദ്ധതിക്കുള്ള വിഹിതത്തിൽ കാര്യമായ വർധന വരുത്തിയിട്ടില്ലെന്ന് കാണാൻ കഴിയും. മൊത്തം ചെലവിന്റെ കേവലം 1.512 ശതമാനം മാത്രമാണ് ഇതിനായി വകയിരുത്തിയത്. പിന്നീടുള്ള വർഷങ്ങളിൽ ഇത് കുറയുന്നതാണ് കണ്ടത്. 2024–25 ലെ ബജറ്റിൽ ഇത്, മൊത്തം ചെലവുകളുടെ 0.63 ശതമാനമായി കുറഞ്ഞു. അതുപോലെ തന്നെ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീണം) (പി എം എ വൈ – ആർ) എന്ന പദ്ധതിയിലും സുസ്ഥിരമല്ലാത്ത ബജറ്റ് വിഹിതമാണ് 2017 –18 മുതൽ 2024 –25 വരെയുള്ള കാലയളവിൽ കാണാൻ കഴിഞ്ഞത്. ഭവന നിർമ്മാണം, നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ കൃത്യമായ ഒരു ഫോക്കസ് ഉണ്ടായിട്ടില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്.

2015 ലാണ് ഇന്ത്യയിലെ 500 നഗരങ്ങളിൽ 'അടൽ മിഷൻ ഫോർ റെജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫർമേഷൻ' (അമൃത്) എന്ന പദ്ധതി ആരംഭിച്ചത്. നഗരപ്രദേശങ്ങളിൽ ശുദ്ധവും ഗുണമേന്മയുള്ളതുമായ കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2021 ൽ അമൃത് 2.0 എന്ന പദ്ധതി ആരംഭിച്ചു. ശുദ്ധമായ കുടിവെള്ളത്തിന്റെ കാര്യത്തിൽ നഗരങ്ങളെ സ്വയംപര്യാപ്തമാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. 500 നഗരങ്ങളിൽ സമ്പൂർണ്ണ മാലിന്യ നിർമാർജനം എന്ന ലക്ഷ്യവും ഇതിലുൾപ്പെട്ടിരുന്നു. എന്നാൽ അമൃത് പദ്ധതിക്കായുള്ള ബജറ്റ് വിഹിതം പരിഗണിക്കുമ്പോൾ തുടക്കത്തിൽ വർദ്ധനയുണ്ടായെങ്കിലും അടുത്ത കാലത്തായി തുടർച്ചയായ ഇടിവാണ് കാണുന്നത്. ഇത് പദ്ധതി ലക്ഷ്യത്തിലെത്തുമോ എന്ന കാര്യത്തിൽ ഇത് ആശങ്ക ഉയർത്തുന്നുണ്ട്. പ്രത്യേകിച്ച് നഗര മേഖലയിൽ വെള്ളത്തിനും ശുചീകരണ അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള ആവശ്യങ്ങൾ ഉയരുന്ന പശ്ചാത്തലത്തിൽ (രേഖാചിത്രം 2 & രേഖാചിത്രം 3)

2015 ൽ ആരംഭിച്ച സ്മാർട്ട് മിഷൻ പദ്ധതി നഗരങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. നൂതന ആശയങ്ങൾ വഴിയായി വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതി സൃഷ്ടിക്കുക, ജനങ്ങളുടെ ജീവിത നിലവാരത്തിൽ മുന്നേറ്റമുണ്ടാക്കുക തുടങ്ങിയ കാര്യങ്ങളാണ് ഇതിന്റെ പ്രധാന അടിസ്ഥാനം. എന്നാൽ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത് മൊത്തം ബജറ്റ് ചെലവിൽ ഇതിന് അനുവദിക്കുന്ന ഫണ്ട് ക്രമാനുഗതമായി കുറഞ്ഞു വരുന്നു എന്നാണ്. പദ്ധതി ലക്ഷ്യം നേടുന്ന കാര്യത്തിൽ ഇത് ആശങ്കയുണർത്തുന്നുണ്ട് (രേഖാചിത്രം 4).

**അവസരങ്ങൾ, വെല്ലുവിളികൾ**

അടിസ്ഥാനസൗകര്യ വികസന മേഖല ഒരേ

**Fig 2.** Total outlay for AMRUT 1.0 and 2.0




*Source: Economic Survey 2023-24, pp - 433*

**Fig 3.** Expenditure on AMRUT / Total budget expenditure




*Source: Author's computation, data from Ministry of Housing and Urban Affairs*

**Fig 4.** Expenditure on smart city mission / Total budget expenditure




*Source: Author's computation, data from Ministry of Housing and Urban Affairs*

സമയം അവസരങ്ങൾ നൽകുന്നതിനൊപ്പം വെല്ലുവിളികളും ഉയർത്തുന്നതാണ്. ഭൂമി ഏറ്റെടുക്കൽ, നൈപുണ്യമുള്ള തൊഴിലാളികൾ, സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേകിച്ചും. കാലാവസ്ഥ, പാരിസ്ഥിതികമായ സുസ്ഥിരത തുടങ്ങിയ പ്രശ്നങ്ങൾ ഫണ്ടുകളുടെ അപര്യാപ്തത അടക്കമുള്ള പ്രശ്നങ്ങൾ പോലെ തന്നെ നിർണ്ണായകമാണ്. അതുപോലെ തന്നെ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച സമഗ്രമായ വിവരങ്ങളുടെ അഭാവം പദ്ധതി ആസൂത്രണം, നിർവഹണം തുടങ്ങിയ കാര്യങ്ങൾക്ക് തടസം സൃഷ്ടിക്കുന്നുണ്ട്. ഇത്തരം വെല്ലുവിളികളെ നേരിടുന്നതായാൽ അടിസ്ഥാനസൗകര്യ വികസന മേഖല അവസരങ്ങളുടെ വലിയ സാധ്യതകളാണ് തുറന്നിടുന്നത്.

**ഉപസംഹാരം**

റെയിൽ, റോഡ്, വ്യോമഗതാഗതം എന്നിവ വഴിയുള്ള കണക്ടിവിറ്റി, പരിസര ശുചിത്വം, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ കഴിഞ്ഞ കുറെ കാലമായി നൽകുന്ന ശ്രദ്ധ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പൊതുവെ ഇന്ത്യയിൽ ഈ മേഖലയിൽ പൊതു മുതല്മുടക്കിനാണ് മുൻതൂക്കമെങ്കിലും സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉയർത്തുന്ന കാര്യത്തിൽ ശക്തമായ സമ്മർദ്ദം ഉയരുന്നുണ്ട്. അടിസ്ഥാനസൗകര്യ വികസന മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യത്തിലും ഒപ്പം നിർവ്വഹണത്തിലും കൃത്യവും സമഗ്രവുമായ വിവരശേഖരണം ആവശ്യമാണ്. ഭൗതികവും സാമൂഹ്യവും സാമ്പത്തികവും ഡിജിറ്റലുമായ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് 2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റുക എന്ന ലക്ഷ്യത്തിന് ഏറ്റവും അനിവാര്യമായ കാര്യമാണ്. യൂണിയൻ സർക്കാർ ഇക്കാര്യത്തിൽ

കാര്യമായ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നതായി കാണാം. അമൃതകാൽ വിഷന്റെ ഭാഗമായി 'സപ്തർഷി' എന്ന പദ്ധതിക്ക് നൽകിയിരിക്കുന്ന പ്രാമുഖ്യം പ്രത്യേകം പ്രസ്താവ്യമാണ്. 11,11,111 കോടി രൂപയുടെ മുതൽമുടക്ക് ഈ രംഗത്ത് വിഭാവന ചെയ്യുമ്പോൾ അതുളവാക്കുന്ന ഗുണിതഫലങ്ങൾ രാജ്യത്തിന് വലിയ പ്രതീക്ഷയാണ് നൽകുന്നത്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ [ഗിഫ്റ്റ്] ഗവേഷണ വിദ്യാർത്ഥികളാണ് ലേഖകർ.)

## References

Government of India, Ministry of Finance, Department of Economic Affairs, & Economic Division. (2024). Economic Survey 2023-24.

India Budget | Ministry of Finance | Government of India. https://www.indiabudget.gov.in/

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ– ഡിസംബർ 2024*

# സുസ്ഥിരത ധനകാര്യസേവന മേഖലയിലെ മുന്നേറ്റത്തിന്റെ അടിസ്ഥാനം

ജോയൽ പി. ജോസഫ്

**സംഗ്രഹം**

2023–24 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ബാങ്കിങ്, ധനകാര്യ മേഖലകൾ വളരെ മികച്ച പ്രകടനമാണ് കാഴ്ച്ച വച്ചത്. ബാങ്ക് വായ്പ കാര്യമായി ഉയരുകയും, ബാങ്കുകളുടെ ആസ്തികളുടെ നിലവാരം ഉയരുകയും ഒപ്പം നിഷ്ക്രിയ ആസ്തികൾ കുറയുന്ന സ്ഥിതിയുമുണ്ടായി. ഓഹരി വിപണിയിലും മികച്ച മുന്നേറ്റം കാണുവാൻ കഴിഞ്ഞു. നിഫ്റ്റി 50 സൂചികയിൽ 26.8 ശതമാനത്തിന്റെ മുന്നേറ്റം പ്രകടമാവുകയും ജി ഡി പി യുമായുള്ള ഓഹരികളുടെ മൊത്തം വിപണി മൂല്യത്തിന്റെ അനുപാതത്തിന്റെ കാര്യത്തിൽ ഇന്ത്യ ലോകത്ത് അഞ്ചാം സ്ഥാനത്തേക്ക് കുതിക്കുകയും ചെയ്തു. ഇൻഷുറൻസ്, പെൻഷൻ മേഖലകളിലും കാര്യമായ ഉണർവ് പ്രകടമാവുകയുണ്ടായി. ഇത്തരം മേഖലകളിലെ നിയന്ത്രണ സ്ഥാപനങ്ങളുടെ പിന്തുണ ഇക്കാര്യത്തിൽ നിർണ്ണായകമായിട്ടുണ്ട്. എന്നാൽ ചെറുകിട ഓഹരി നിക്ഷേപകരുടെ എണ്ണത്തിൽ ഉണ്ടായ വളർച്ച ഊഹക്കച്ചവടം, അയഥാർത്ഥവും അമിതവുമായ ലാഭ പ്രതീക്ഷ തുടങ്ങിയ ഘടകങ്ങൾ ആശങ്ക ഉയർത്തുന്നതായി കാണാം. സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിന് കമ്പനികൾ ഉപഭോക്താക്കളുടെ താല്പര്യങ്ങൾ, ഇടപാടുകളിലെ സുതാര്യത, ദീർഘകാലത്തേക്കുള്ള ലക്ഷ്യങ്ങൾ എന്നിവയുടെ കാര്യത്തിൽ മുൻഗണനകൾ നിർണ്ണയിക്കേണ്ടതുണ്ട്. സാമ്പത്തിക വളർച്ചക്ക് ശക്തമായ പിന്തുണ ഉറപ്പാക്കുന്നതിനൊപ്പം പണത്തിന്റെ അമിതമായ ഒഴുക്ക് തടയുക എന്നത് സുസ്ഥിര വികസന രംഗത്ത് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

**പ്രധാന വാക്കുകൾ :** ധനകാര്യ നയം, സാമ്പത്തികമായ ഉൾപ്പെടുത്തൽ, ധനകാര്യവത്കരണം, മൂലധനവൽക്കരണം

## ആമുഖം

ആഗോളതലത്തിൽ വലിയ വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും ഇന്ത്യയിൽ ബാങ്കിങ്, ധനകാര്യ മേഖലകൾ മികച്ച പ്രകടനമാണ് കാഴ്ച വയ്ക്കുന്നതെന്നാണ് 2023–24 ലെ സാമ്പത്തിക സർവേ റിപ്പോർട്ട് വ്യക്തമാക്കുന്നത്. പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുന്നതിനായി ഇന്ത്യയിലെ കേന്ദ്ര ബാങ്ക് അടിസ്ഥാന പലിശ നിരക്കുകൾ തുടർച്ചയായി മാറ്റമില്ലാതെ നിലനിർത്തുന്ന സാഹചര്യവുമുണ്ട്. പണപരമായ ഇടപാടുകളിൽ കൂടുതൽ കർക്കശമായ നയ

സമീപനങ്ങൾ സ്വീകരിക്കുന്നതിന് റഷ്യ - യുക്രൈൻ യുദ്ധം ഒരു കാരണമായി. ഇത് നിക്ഷേപം, വായ്പ എന്നിവയുടെ ഉയർന്ന് പലിശ നിരക്കിന് കാരണമായി. എന്നാൽ ബാങ്കുകളുടെ വായ്പയിൽ പ്രത്യേകിച്ച് വ്യക്തിഗത വായ്പയുടെ കാര്യത്തിൽ വളർച്ച പ്രകടമാവുകയുണ്ടായി. ജി ഡി പി യുമായി താരതമ്യം ചെയ്യുമ്പോൾ കമ്പനികളുടെ വിപണി മൂല്യത്തിന്റെ കാര്യത്തിൽ ഇന്ത്യ ലോകത്ത് അഞ്ചാം സ്ഥാനത്തായി. ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളിലെ വികസനവും എല്ലാവർക്കും ധനകാര്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ബാങ്കുകളുടെയും ഇതര ധനകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനവും ഈ നേട്ടത്തിന് സഹായകമായി. ഈ വിഷയത്തെ രണ്ടായി വിഭജിച്ചുകൊണ്ടാണ് സാമ്പത്തിക സർവേ റിപ്പോർട്ടിന്റെ സമീപനം. പണപരമായ മേഖലയിലെ മാറ്റങ്ങളും ലിക്വിഡിറ്റി സ്ഥിതിയും എന്നതാണ് ഒന്നാമത്തെ ഭാഗം. ബാങ്കിങ് മേഖലയുടെ പ്രവർത്തനമാണ് രണ്ടാം ഭാഗമായി വരുന്നത്. ഇൻസോൾവൻസി ആൻഡ് ബാങ്കറപ്റ്റസി കോഡ് വഴിയായുള്ള നിഷ്ക്രിയ ആസ്തികളുടെ നിയന്ത്രണവും സാമ്പത്തിക മേഖലയുടെ ഡിജിറ്റൽ വൽക്കരണവും ഇതിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

**ധനപരമായ ചില മാറ്റങ്ങൾ**

2023-24 സാമ്പത്തിക വർഷത്തിലെ മികച്ച സാമ്പത്തിക പ്രവർത്തനങ്ങൾക്ക് പണപരവും വായ്പാപരവുമായ സാഹചര്യങ്ങളും ഒപ്പം നയപരമായ സമീപനങ്ങളും ഏറെ സഹായകമായതായി കാണാം. വളർച്ചയെ ഉത്തേജിപ്പിക്കുകയും ഒപ്പം പണപ്പെരുപ്പം നിയന്ത്രിക്കുകയും ചെയ്യുന്ന വിധത്തിൽ ധനനയ അവലോകന സമിതി (എം പി സി) റീപോ നിരക്ക് 6.5 ശതമാനം എന്ന നിലയിൽ നിലനിർത്തുകയുണ്ടായി. 2022 മെയ് മാസത്തിനും 2023 ഫെബ്രുവരി മാസത്തിനുമിടയിലായി 250 ബേസിസ് പോയിന്റിന്റെ വർധനയാണ് അടിസ്ഥാന പലിശ നിരക്കിൽ എം പി സി വരുത്തിയത്. 2023-24 സാമ്പത്തിക വർഷത്തിൽ പണപരവും വായ്പാ പരവുമായ സാഹചര്യങ്ങളെ സ്വാധീനിച്ച പ്രധാന കാര്യങ്ങൾ, 2000 രൂപയുടെ നോട്ട് പിൻവലിക്കൽ, എച്ച് ഡി എഫ് സി, എച്ച് ഡി എഫ് സി ബാങ്ക് ലയനം, താൽക്കാലികമായി ഇൻക്രിമെന്റൽ സി ആർ ആർ ഏർപെടുത്തിയത് എന്നിവ ആയിരുന്നു. 2024 ജൂൺ മാസത്തോടെ നിരോധിച്ച നോട്ടുകളുടെ 97.87 ശതമാനവും ബാങ്കുകളിൽ തിരികെയെത്തി. നിക്ഷേപങ്ങൾക്ക് ലഭ്യമായ ഉയർന്ന പലിശ മൊത്തത്തിൽ ബാങ്കിങ് മേഖലയിൽ ഡെപ്പോസിറ്റ് ഉയരുന്നതിന് കാരണമായി. ഇതിന്റെ ഫലമായി വാർഷി കാടിസ്ഥാനത്തിൽ സർക്കുലേഷനിലുള്ള കറൻസിയുടെ തോത് (സി ഐ സി) 7.8 ശതമാനത്തിൽ നിന്നും 4.1 ശതമാനമായി കുറഞ്ഞു. നോട്ട് പിൻവലിച്ച നടപടിയാണ് ഇതിന് കാരണമായി മാറിയത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രണ്ടു രീതിയിലാണ് റിസർവ് ബാങ്ക്, വിപണിയിലെ ലിക്വിഡിറ്റി നിയന്ത്രണ വിധേയമാക്കിയത്. പ്രാഥമിക നടപടി എന്ന രൂപത്തിൽ 17 വേരിയബിൾ റേറ്റ് റിവേഴ്സ് റിപോയും ഏഴു വേരിയബിൾ റിപ്പോ റേറ്റ് ഓക്ഷ്നും നടത്തുകയുണ്ടായി. കർക്കശമായ ലിക്വിഡിറ്റി നിയന്ത്രണത്തിനിടയിലും ബാങ്കുകൾ മാർജിനൽ സ്റ്റാന്റിംഗ് ഫെസിലിറ്റി (എം എസ് എഫ്) ഫലപ്രദമായി ഉപയോഗിക്കുകയുണ്ടായി. ഇതിനായി റിസർവ് ബാങ്ക്, സ്റ്റാന്റിംഗ് ഡെപ്പോസിറ്റ് ഫെസിലിറ്റി (എസ് ഡി എഫ്), എം എസ് എഫ് എന്നിവയിൽ 2023 ഡിസംബർ മുതൽ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. 2000 രൂപ നോട്ട് പിൻവലിച്ചതോടെ ലിക്വിഡിറ്റി ഉയരുന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് 2023 ആഗസ്റ്റ് മാസത്തിൽ 10 ശതമാനം ടെമ്പററി ഇൻക്രിമെന്റൽ സി ആർ ആർ (ഐ

- സി ആർ ആർ) നടപ്പിലാക്കുകയുണ്ടായി. ഏതാണ്ട് 1.1 ലക്ഷം കോടി രൂപയാണ് ഇതുവഴി നിയന്ത്രിക്കാൻ കഴിഞ്ഞത്. 2023 ഒക്ടോബറോടെ ഇത് ഘട്ടം ഘട്ടമായി പിൻവലിച്ചു. ഉത്സവ സീസണിൽ കൂടുതൽ ലിക്വിഡിറ്റി ലഭ്യമാക്കുന്നതിന് ഈ നടപടി സഹായകമായി. ഈ നടപടികളെല്ലാം ഉണ്ടായെങ്കിലും സെപ്റ്റംബർ മധ്യത്തോടെ ബാങ്കിങ് മേഖലയിൽ വീണ്ടും ലിക്വിഡിറ്റി കുറയുന്ന സാഹചര്യമുണ്ടായി. തുടർന്നുള്ള മാസങ്ങളിലും ഇത് പ്രകടമായിരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ ബാങ്കിങ് രംഗത്ത് നിക്ഷേപത്തിന്റെയും വായ്പ കളുടെയും പലിശ നിരക്കിൽ വർധന ദൃശ്യമായി. 2022 മെയ് മാസത്തിനും 2023 ഫെബ്രുവരി മാസത്തിനുമിടയിൽ ഉണ്ടായ നിരക്ക് വർധനയുടെ വൈകിയുള്ള അനന്തരഫലമായി ഇതിനെ നമുക്ക് വിലയിരുത്താം. 2022 മെയ് മുതൽ 2024 മെയ് വരെയുള്ള കാലയളവിൽ അടിസ്ഥാന വായ്പാ പലിശ നിരക്കിൽ 250 ബേസിസ് പോയിന്റിന്റെ വർധന ഉണ്ടായതായി കാണാം. ഒരു വർഷത്തിനിടയിലെ ശരാശരി കണക്കെടുത്താൽ 175 ബേസിസ് പോയിന്റിന്റെ വളർച്ചയും കാണാം. അടിസ്ഥാന പലിശ നിരക്കുകളിൽ വരുത്തിയ വർധന, വായ്പാ, നിക്ഷേപ പലിശ നിരക്കുകളിലേക്ക് ഫലപ്രദമായ രീതിയിൽ പരിവർത്തനം ചെയ്യപ്പെട്ടതായി ഇതിൽ നിന്നും വിലയിരുത്താം.

**ധനപരമായ ഇടനില**

ധനപരമായ മാറ്റങ്ങളും സാമ്പത്തിക വളർച്ചയും പരസ്പര പൂരകങ്ങളാണ്. ധനപരമായ ഇന്റർമീഡിയേഷൻ (ഇടനില) അവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നിർണ്ണായകമായ കണ്ണിയാണ്. അത് സമ്പാദ്യം, വായ്പ സൗകര്യങ്ങൾ, ആസ്തികളുടെ നിയന്ത്രണം, ഇടപാടുകൾ സുഗമമാക്കൽ തുടങ്ങിയ രംഗങ്ങളിൽ നിർണ്ണായകമായി വർത്തിക്കുന്നു. സാങ്കേതി കമായ നവീകരണം, സാമ്പത്തിക വളർച്ച തുടങ്ങിയ കാര്യങ്ങൾക്കും ഇത് വളരെ നിർണ്ണായകമാണ്. വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞനായ ജോസഫ് ഷുംപീറ്റർ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ട്. വിദേശത്ത് നിന്നുള്ള മൂലധന ഒഴുക്ക് ഉയരുന്നതിനു ഒപ്പം എല്ലാവരെയും ഉൾക്കൊള്ളുന്ന സാമ്പത്തിക വളർച്ചക്കും ഇത് ഏറെ സഹായകരവുമാണ്. സുസ്ഥിരമായ സാമ്പത്തിക വികസനനത്തിന് വളരെ പ്രധാനപ്പെട്ട സൂചികകളായ ക്യാപിറ്റൽ ടു റിസ്ക് (വെയ്റ്റഡ്) അസറ്റ്സ് റേഷ്യോ (സി ആർ എ ആർ) സൂചികയും ലിക്വിഡിറ്റി സൂചികയും നിർബന്ധമായും നിരീക്ഷിക്കേണ്ട കാര്യങ്ങളാണ്. അതിനൊപ്പം ശക്തമായ നയപരമായ തീരുമാനങ്ങളും വിവിധ റെഗുലേറ്റർമാർ തമ്മിലുള്ള സഹകരണവും അനിവാര്യമാണ്.

സാമ്പത്തികമായ വളർച്ച, ദാരിദ്ര്യം കുറയ്ക്കുക, അസമത്വം ഇല്ലാതാക്കുക തുടങ്ങിയ നടപടികളിൽ ധനപരമായ സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. 2030 ൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ ഐക്യരാഷ്ട്ര സംഘടന ഇത് പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യക്ക് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ധനകാര്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന്റെ തോത് 2011ൽ 35 ശതമാനമായിരുന്നത്, 2021ൽ 77 ശതമാനം എന്ന തോതിലേക്ക് ഉയർന്നിട്ടുണ്ട്. സാധാരണ നിലയിലാണെങ്കിൽ ഏതാണ്ട് 47 വർഷമെടുത്തേക്കാവുന്ന നേട്ടമാണ് ഇത്തരത്തിൽ ലക്ഷ്യഭേദിയായ പ്രവർത്തനം വഴി നമുക്ക് കൈവരിക്കാൻ കഴിഞ്ഞത്. ഡിജിറ്റൽവൽക്കരണം ഇതിന് ഏറെ സഹായ കമായിട്ടുണ്ട്. ഡിജിറ്റൽ ഫൈനാൻഷ്യൽ

ഇൻക്ലൂഷൻ (ഡി എഫ് ഐ) ഇതിന് ഏറെ ഫലപ്രദമായ ഒരു നീക്കമായിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനതക്ക് ധനകാര്യ സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിന് ഇത് മികച്ച ഒരു മാർഗമായി. ആധാർ സംവിധാനം കെ വൈ സി നടപടികൾ സുതാര്യമാക്കുന്നതിന് സഹായ കരമായപ്പോൾ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യു പി ഐ) ഇടപാടുകളുടെ വ്യാപ്തം വലിയ തോതിൽ ഉയർത്തു കയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ 0.07 ലക്ഷം കോടി രൂപയായിരുന്ന ഇതുവഴിയുള്ള ഇടപാടുകൾ 2023-24 ൽ 200 ലക്ഷം കോടി രൂപയായി വർധിച്ചു. സ്മാർട്ട് ഫോണുകളുടെ വ്യാപനമാണ് ഈ നേട്ടത്തിന് പിന്നിലെ പ്രധാനപ്പെട്ട കാരണം.

2022-23 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ധനകാര്യ സ്ഥാപനങ്ങളുടെ (എം എഫ് ഐ) പ്രവർത്തനം എടുത്തുപറയത്തക്കതാണ്. ഇവയുടെ ആസ്തി ആ വർഷം 30 ശതമാനം ഉയർന്ന് 1.5 കോടിയായി. അവയുടെ ആസ്തികളിൽ നിന്നുള്ള വരുമാനം (ആർ ഒ എ) 2.5 ശതമാനമായി. അവയുടെ ഇക്വിറ്റിയിൽ നിന്നുള്ള വരുമാനം (ആർ ഒ ഇ) 12.2 ശതമാനമായി വർധിച്ചു. എം എഫ് ഐയുടെ മൂലധന പര്യാപ്തത അനുപാതം (ക്യാപിറ്റൽ അഡിക്വസി റേഷ്യോ-സി എ ആർ) 26.5 ശതമാനമായി. നിയമപരമായ നിബന്ധന 15 ശതമാനമാണ്. മികച്ച ഒരു സാമ്പത്തിക വർഷമായിരുന്നു 2022-23. ഇതേതുടർന്ന് 2023-24 സാമ്പത്തിക വർഷത്തിൽ ആഗോള ഓഹരി വിപണി തിരിച്ചു വരവിന്റെ പാതയിലായി. ഇന്ത്യയിൽ നിഫ്റ്റി 50 സൂചിക 26.8 ശതമാനം ഉയർന്നു. തൊട്ടു തലേവർഷം 8.2 ശതമാനം ഇടിഞ്ഞ സാഹചര്യത്തിലായിരുന്നു ഇത് എന്നോർക്കണം. ഇനി പെൻഷൻ മേഖയിലെ കാര്യം പരിശോധിച്ചാൽ നാഷണൽ പെൻഷൻ സ്കീം (എൻ പി എസ്), അടൽ പെൻഷൻ യോജന (എ പി വൈ) എന്നിവയിലെ വരിക്കാരുടെ എണ്ണത്തിൽ 18 ശതമാനം വളർച്ച രേഖപെടുത്തുകയുണ്ടായി. 2024 മാർച്ചിൽ മൊത്തം വരിക്കാരുടെ എണ്ണം 735.6 ലക്ഷമായി ഉയർന്നു. ഇതിൽ 80 ശതമാനം പേരും എ പി വൈ വിഭാഗത്തിലാണ് വരുന്നത്. എന്നാൽ ഇതിലെ 92 ശതമാനം പേരുടെയും പ്രതിമാസ പെൻഷൻ 1000 രൂപ മാത്രമാണ്. പദ്ധതിയുടെ ഗുണഭോക്താക്കളുടെ കുറഞ്ഞ വരുമാനമാണ് ഇത് വ്യക്തമാക്കുന്നത്. അതായത് തങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്ക് വിനിയോഗിച്ചതിന് ശേഷമുള്ള അവരുടെ സമ്പാദ്യം പരിമിതമാണെന്നാണ് ഇത് ചൂണ്ടിക്കാട്ടുന്നത്.

**മുന്നോട്ടുള്ള പ്രയാണം**

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഇന്ത്യയിലെ ധനകാര്യ ബിസിനസ് മേഖല കാര്യമായ പുരോഗതി കൈവരിച്ചതായി കാണാൻ കഴിയും. 2010ൽ സ്വകാര്യ മേഖലയിലെ വായ്പാ വിതരണം ജി ഡി പിയുടെ 50.6 ശതമാനമായിരുന്നെങ്കിൽ 2021ൽ 54.7 ശതമാനമായി ഉയർന്നു. അതുപോലെ ബാങ്കിങ് മേഖലയിലെ മൊത്ത, അറ്റ നിഷ്ക്രിയ ആസ്തികളുടെ തോത് കുറയുന്ന സ്ഥിതിയുമുണ്ടായി. എ ആർ എ ആർ, ആർ ഒ എ, ആർ ഒ ഇ എന്നിവയുടെ കാര്യത്തിൽ നേട്ടവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആഗോളതലത്തിൽ ചാഞ്ചാട്ടം പ്രകടമായിരുന്നുവെങ്കിലും ഇന്ത്യയിലെ ഓഹരി വിപണി താരതമ്യേന സ്ഥിരത പുലർത്തിയതായി കാണാം. ധനകാര്യ സേവന മേഖലയിൽ എല്ലാവർക്കും അവസരം ലഭ്യമാക്കുന്നതിനും അതിന് വേണ്ടി വരുന്ന ചെലവുകൾ കുറയ്ക്കുന്നതിനും വേണ്ടി നടത്തുന്ന തീവ്രശ്രമങ്ങളും കോവിഡിന് ശേഷമുണ്ടായ തിരിച്ചുവരവുമെല്ലാം ഇക്കാര്യത്തിൽ സഹായകമായിട്ടുണ്ട്.

ഇനിയങ്ങോട്ടുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഇന്ത്യയിലെ ധനകാര്യ ബിസിനസ് മേഖല

വളർച്ചയുടെ പാതയിലാണെന്ന് കാണാം. 2047 ആകുമ്പോഴേക്ക് ഈ മേഖലയിൽ മികച്ച നേട്ടങ്ങൾ കൊയ്യാനാകുമെന്ന് നമുക്ക് വിലയിരുത്താം. ധനകാര്യ സേവന രംഗത്ത് എല്ലവർക്കും അവസരം ലഭ്യമാക്കുക, മികവുറ്റ മൂലധന വിപണി, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾക്കുള്ള ശക്തമായ പിന്തുണ തുടങ്ങിയ ഘടകങ്ങൾ ഇതിൽ അതിപ്രാധാന്യമേറിയതാണ്. നിർമ്മിത ബുദ്ധി, വികേന്ദ്രീകൃത ധനകാര്യ പ്രവർത്തനങ്ങൾ തുടങ്ങിയവക്ക് മുൻതൂക്കം നൽകി ഒരു ഫിൻ ടെക് രാജ്യം എന്ന നിലയിലേക്ക് ഇന്ത്യ പരിവർത്തനം ചെയ്യപ്പെടുമ്പോൾ ഉപഭോക്തൃ കേന്ദ്രീകൃതമായ പദ്ധതികളിൽ ബാങ്കിങ്, ധനകാര്യ മേഖല കൂടുതൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു. നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, മൂലധന വിപണിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾക്കും പ്രത്യേകമായ പരിഗണന നൽകേണ്ടത് ആവശ്യമാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ ഗവേഷണ വിദ്യാർത്ഥിയാണ് ലേഖകൻ).

## References

Government of India, Ministry of Finance, Department of Economic Affairs, & Economic Division. (2024). Economic Survey 2023-24.

India Budget | Ministry of Finance | Government of India. https://www.indiabudget.gov.in/

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

# കാലാവസ്ഥാവ്യതിയാനവും ഇന്ത്യ നേരിടുന്ന ജല പ്രതിസന്ധിയും

വിദ്യ വി ദേവൻ

**സംഗ്രഹം**

ജീവിതത്തിന്റെ നൈരന്തര്യം ഉറപ്പാക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട ഒന്നാണ് ജലസ്രോതസുകൾ. സാമ്പത്തികമായ നിലയിൽ പരിശോധിക്കുമ്പോൾ ജലം ഒരു ഉല്പന്നമാണ്. ജലസ്രോതസുകൾ ഇന്ന് നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്. അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന വർധന, പ്രളയം, വരൾച്ച, ജലത്തിന്റെ ഗുണമേന്മ കുറയുക തുടങ്ങിയ പ്രശ്നങ്ങൾ അവയിൽ ചിലതാണ്. മനുഷ്യൻ മാത്രമല്ല, എല്ലാ ജീവജാലങ്ങൾക്കും മലിനീകരണം ഇല്ലാത്ത അന്തരീക്ഷത്തിൽ ജീവിക്കുന്നതിനുള്ള അവകാശമുണ്ട്. ശുദ്ധജലം, ശുദ്ധവായു, വൃത്തിയുള്ള അന്തരീക്ഷം എന്നിവ ഒരു തരത്തിൽ പ്രകൃതി കനിഞ്ഞു നൽകിയിരിക്കുന്ന അനുഗ്രഹങ്ങളാണ്. പക്ഷെ, മനുഷ്യന്റെ ഇടപെടലുകൾ മൂലം പ്രകൃതിക്ക് മേൽ ഏല്പിക്കപെടുന്ന ആഘാതങ്ങൾ കാരണം ഈ അനുഗ്രഹങ്ങൾ ഇന്ന് കേവലം സ്വപ്നം മാത്രമായി മാറിയിരിക്കുന്നു. ദീർഘവീക്ഷണം ഇല്ലാത്തതും വേണ്ടത്ര ആസൂത്രണം ഇല്ലാത്തതുമായ പ്രവർത്തനങ്ങൾ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിന് കാരണമായി മാറിയിരിക്കുന്നു. അപകടകാരികളായ ഇത്തരം വാതകങ്ങൾ അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നത് മൂലം ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ പ്രതിസന്ധികൾ ലോകം നേരിടുകയാണ്. ഇത്തരം പ്രശ്നങ്ങൾ വികസന രംഗത്തെ സുസ്ഥിരത തകർക്കുന്നതാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം വികസന പ്രവർത്തനങ്ങൾക്ക് ഇത് തടസം വരുത്തുന്ന സ്ഥിതിയുണ്ട്. ഭൂഗർഭ ജലത്തിന്റെ അമിത വിനിയോഗം, ജല മലിനീകരണം, വിതരണത്തിലെ അപാകതകൾ, കാലാവസ്ഥ വ്യതിയാനം, ജലസ്രോതസുകളുടെ മോശമായ നിയന്ത്രണം, ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ തുടങ്ങിയ അഴിയാക്കുരുക്കുകൾ വലിയ പ്രതിസന്ധിയാണ് ഇന്ത്യയിൽ സൃഷ്ടിക്കുന്നത്.

ജലദൗർലഭ്യം രൂക്ഷമായ ഇന്ത്യയെ പോലെ ഒരു രാജ്യത്ത്, ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കൽ, ജലസ്രോതസുകളുടെ സംരക്ഷണം തുടങ്ങിയ നിർണ്ണായകമായ കാര്യങ്ങൾ വലിയ വെല്ലുവിളിയാണ് നേരിടുന്നത്. രാജ്യത്ത് ജലസ്രോതസുകൾ പരിമിതമായതും എന്നാൽ ആവശ്യങ്ങൾ വർധിച്ചു വരുന്നതും ഇതിന് പിന്നലെ പ്രധാന കാരണങ്ങളാണ്. അതുകൊണ്ട് ജലസുരക്ഷ ഉറപ്പാക്കുക എന്നത് മുൻപെന്നത്തേക്കാളും ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ്. ജലസ്രോതസുകളുടെ നിയന്ത്രണത്തെ കുറിച്ചും ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്ന നിയമപരവും നയപരവുമായ നടപടികളെ കുറിച്ചുമാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ഉൾപ്പെടുന്ന സംസ്ഥാന ലിസ്റ്റിൽ പതിനേഴാമത്തെ എൻട്രി പ്രകാരം, ജലം ഒരു സംസ്ഥാന വിഷയമാണ്.

അതുകൊണ്ട് ജലവിഭവങ്ങളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരുകൾ വ്യത്യസ്തമായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെന്ന് കാണാം.

***പ്രധാന വാക്കുകൾ :*** *ഇന്ത്യയുടെ ജലസ്രോതസ്സ്, കാലാവസ്ഥാ വ്യതിയാനം, സംരക്ഷണത്തിനുള്ള നിയമപരമായ നടപടികൾ, നയപരമായ നടപടികൾ, ജലസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം.*

**ആമുഖം**

മലിനീകരണം ഇല്ലാത്ത, പ്രകൃതിദത്തമായ സാഹചര്യത്തിൽ ജീവിക്കുന്നതിന് ഓരോ മനുഷ്യനും അവകാശമുണ്ട്. ശുദ്ധവായു, ശുദ്ധജലം, നല്ല അന്തരീക്ഷം തുടങ്ങിയ കാര്യങ്ങൾ പ്രകൃതിയുടെ വരദാനമാണ് എന്ന് വിലയിരുത്തുവാൻ കഴിയും. എന്നാൽ മനുഷ്യന്റെ വികലമായ ഇടപെടലുകൾ കാരണം, മാറിയ കാലഘട്ടത്തിൽ ഇത് ഒരു സ്വപ്നമായി മാറുകയാണ്. ജലത്തിന്റെ ലഭ്യതക്ക് അനുസൃതമായാണ് ലോകത്തിന്റെ സമതുലിതമായ സ്ഥിതി ഉണ്ടാകുന്നതെന്ന് നമുക്ക് നിരീക്ഷിക്കാൻ കഴിയും.

ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം ആഗോളതലത്തിലെ തന്നെ വലിയൊരു പ്രതിസന്ധിയാണ്. ആസൂത്രിതമല്ലാത്തതും ദീർഘ വീക്ഷണത്തോട് കൂട്ടിയതുമല്ലാത്തതുമായ മാനവികമായ ഇടപെടലുകളാണ് ഇതിന് വലിയൊരളവോളം കാരണം. ഇത് ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ നിരവധി പ്രതിസന്ധികൾക്ക് കാരണമായി. ജലത്തിന്റെ ദൗർലഭ്യമാണ് ലോകം ഇന്ന് നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി. ജലസ്രോതസുകളുടെ കാര്യത്തിൽ കാലാവസ്ഥാ വ്യതിയാനം വലിയ ആഘാതമാണ് സൃഷ്ടിച്ചിരിക്കുന്നത്. ചില പ്രദേശങ്ങളിൽ അതിവൃഷ്ടിക്കും മറ്റു ചില പ്രദേശങ്ങളിൽ വരൾച്ചക്കും ഇത് കാരണമായി മാറിയിരിക്കുന്നു.

**ഇന്ത്യയിലെ ജലസ്രോതസുകൾ**

ലോക ജനസംഖ്യയുടെ 17.76 ശതമാനവും അധിവസിക്കുന്നത് ഇന്ത്യയിലാണ്. എന്നാൽ ലോകത്താകെയുള്ള പുനരുപയോഗിക്കാവുന്ന ജലസ്രോതസുകളുടെ 4 ശതമാനം മാത്രമാണ് ഇന്ത്യയിലുള്ളത്. ജലം ലഭിക്കുന്നതിനുള്ള ഏറ്റവും പ്രധാന സ്രോതസ് മഴ തന്നെയാണ്. പ്രതിവർഷം 1170 മില്ലിമീറ്റർ മഴയാണ് ഇന്ത്യയിൽ ലഭിക്കുന്നത്. ഇത് ഏതാണ്ട് 4000 ക്യുബിക് കിലോമീറ്ററിന് (960 ക്യുബിക് മൈൽ) തുല്യമാണ്. അതായത് ഒരാൾക്ക് വർഷത്തിൽ ശരാശരി 1720 ക്യുബിക് മീറ്റർ (61000 ക്യുബിക് അടി) ജലം ലഭിക്കുന്നു എന്നർത്ഥം.

നദികൾ, തടാകങ്ങൾ, കുളങ്ങൾ, ജലസംഭരണികൾ തുടങ്ങിയവയാണ് പ്രധാന ഉപരിതല ജലസ്രോതസുകൾ. ഇന്ത്യയിൽ മൊത്തം 400 നദികൾ ഉൾപ്പെടുന്ന 8 പ്രധാന നദിശ്രിംഖലകളാണ് ഉള്ളത് . ഇവയിലെല്ലാമായി 1999.20 ക്യുബിക് കിലോമീറ്റർ നദീതടങ്ങളും ഇന്ത്യയിലുണ്ട്. ഇതിൽ ഉപയോഗയോഗ്യമായ ഉപരിതല ജലസ്രോതസുകൾ കേവലം 690 ക്യുബിക് കിലോമീറ്റർ (37 ശതമാനം) മാത്രമാണ്.

കേന്ദ്ര ഭൂഗർഭ ജലബോർഡും (സി ജി ഡബ്ല്യു ബി) സംസ്ഥാന സർക്കാരുകളും ചേർന്ന് 2023 ൽ നടത്തിയ ഭൂഗർഭജല സ്രോതസുകളുടെ സർവേ പ്രകാരം രാജ്യത്തെ മൊത്തം ഭൂഗർഭ ജലത്തിന്റെ റീചാർജ് 449.08 ബി സി എം ആണ്. ഇതിൽ ഖനനം ചെയ്ത പുറത്തെടുക്കാവുന്ന ജലത്തിന്റെ അളവ് 407.21 ബി സി എം ആണ്. 2023 ലെ കണക്കുകൾ പ്രകാരം വാർഷികാടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ ഊറ്റിയെടുത്ത ജലത്തിന്റെ അളവ് 241.34 ബി സി എം ആണ്. ഇതിൽ സിംഹഭാഗവും കൃഷി ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. അതായത് 87 ശതമാനം. രാജ്യത്തെ ശരാശരി

എടുക്കുമ്പോൾ പുറത്തെത്തിക്കുന്ന ഭൂഗർഭജലം ഏതാണ്ട് 59.26 ശതമാനമാണ്. ബ്ലോക്ക്, താലൂക്ക്, മണ്ഡലാടിസ്ഥാനത്തിലായി മൊത്തം 6553 യൂണിറ്റുകളാണ് ഇപ്രകാരം പരിശോധിച്ചത്. ഇതിൽ 736 യൂണിറ്റുകൾ (11.23 ശതമാനം) അമിത അളവിൽ ചൂഷണം ചെയ്യപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. അതായത് വാർഷികമായി ഭൂമിയിലേക്ക് എത്തുന്ന വെള്ളത്തേക്കാൾ അധികം ജലം ഊറ്റിയെടുക്കുന്നു എന്നർത്ഥം.

### ഇന്ത്യയിൽ നിന്നുള്ള ജല കയറ്റുമതി

ലോകത്തെ ഏറ്റവും വലിയ ജലകയറ്റുമതി രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണ്. 2021 ഫെബ്രുവരി മൂന്നിന് വ്യവസായ, വാണിജ്യ സഹമന്ത്രി ഹർദീപ് സിങ് പുരി, ലോക്സഭയിൽ പറഞ്ഞത് 2015–16 നും 2020–21 നുമിടയിൽ (ഏപ്രിൽ– നവംബർ) ഇന്ത്യ 3850431 ലിറ്റർ ജലം കയറ്റുമതി ചെയ്തു എന്നാണ്. 2021 ലെ കണക്കുകൾ പ്രകാരം ഇന്ത്യ 2378227 ലിറ്റർ മിനറൽ വാട്ടറും 602389 ലിറ്റർ എയറേറ്റഡ് ജലവും 869815 ലിറ്റർ സ്വാഭാവിക ജലവും കയറ്റുമതി ചെയ്തിട്ടുണ്ട് . 2019 –20 ൽ കയറ്റുമതി ചെയ്തതിന്റെ ഏറിയ പങ്കും ചൈനയിലേക്കാണ് പോയത്. ഇതിൽ 1000 ലിറ്റർ എയറേറ്റഡ് ജലവും 2000 ലിറ്റർ സ്വാഭാവിക ജലവും 63580 ലിറ്റർ മിനറൽ വാട്ടറും ഉൾപ്പെടുന്നു. മാലദ്വീപുകൾ (38380 ലിറ്റർ), യു എ ഇ (35510), കാനഡ (33620), സിംഗപ്പൂർ ( 33460), അമേരിക്ക (31730), ഖത്തർ (25900), സൗദി അറേബ്യ (29020) എന്നീ രാജ്യങ്ങളാണ് ഇന്ത്യയിൽ നിന്നും വെള്ളം ഇറക്കുമതി ചെയ്ത മറ്റു രാജ്യങ്ങൾ.

ജലത്തിന്റെ കാര്യത്തിൽ ഇന്ത്യ ഒരു പ്രധാന കയറ്റുമതി രാജ്യമായി മാറിയപ്പോഴും ഇന്ത്യയിലെ ജനങ്ങൾ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്നു എന്നത് ഒരു വിരോധാഭാസമായി തോന്നാം.

### ഇന്ത്യയിലെ ജലസ്രോതസുകൾ നേരിടുന്ന വെല്ലുവിളികളും പ്രശ്നങ്ങളും

വലിയ ജനസംഖ്യയുള്ള രാജ്യമായ ഇന്ത്യ പ്രധാനമായും കാർഷിക മേഖലയെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് തന്നെ കാലാവസ്ഥ വ്യതിയാനം ഇന്ത്യയിലെ ജലസ്രോതസുകളുടെ കാര്യത്തിൽ അതീവ പ്രാധാന്യമുള്ള ഒരു കാര്യമാണ്. മനുഷ്യന്റെ നിലനിൽപിന് ഏറ്റവും ആവശ്യമാണ് എന്നതിന് പുറമെ, കൃഷി, മാനുഫാക്റ്ററിങ് അടക്കമുള്ള വിവിധ മേഖലകൾക്കും ജലം ആവശ്യമായ ഘടകമാണ്. സാമ്പത്തിക പുരോഗതി എന്നതിന്റെ അടിസ്ഥാനം നിലവിലുള്ള ജലസ്രോതസുകളുടെ സംരക്ഷണവും വിഭവങ്ങളുടെ ശാസ്ത്രീയമായ വിനിയോഗവുമാണ്. ലോകജനസംഖ്യയുടെ 17 ശതമാനത്തിലധികം അധിവസിക്കുന്നത് ഇന്ത്യയിലാണെങ്കിലും ലോകത്തെ മൊത്തം ജലസ്രോതസുകളുടെ 4 ശതമാനം മാത്രമാണ് ഇന്ത്യയിലുള്ളത്. രാജ്യത്തിൻറെ പല ഭാഗങ്ങളും രൂക്ഷമായ ജലക്ഷാമത്തിന്റെ പിടിയിലാണ്.

### 1. കാലാവസ്ഥാ വ്യതിയാനം മഴയുടെ ലഭ്യതയിൽ വരുത്തിയ മാറ്റങ്ങൾ

കാലാവസ്ഥാ വ്യതിയാനം ഇന്ത്യയിൽ മൺസൂൺ മഴയുടെ സ്വഭാവത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയതായി കാണാം. ഇതുമൂലം മഴയുടെ രീതി, തീവ്രത, അതിന്റെ ഇടവേള തുടങ്ങിയ ഘടകങ്ങളിൽ സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ആഗോളതലത്തിൽ താപനില ഉയരുന്നതിനും ഈ മാറ്റങ്ങൾ കാരണമായിട്ടുണ്ട്. ഇന്ത്യയിൽ വെള്ളത്തിന്റെ ഒരു പ്രധാന സ്രോതസ് മൺസൂൺ ആയിരിക്കെ അത് വലിയ തോതിൽ പ്രവചനാതീതമായ രീതി സ്വീകരിച്ചിരിക്കുന്നതായി വ്യക്തമാകുന്നുണ്ട്. ചിലപ്പോൾ അതിതീവ്ര മഴ പെയ്യുമ്പോൾ ചില ഘട്ടങ്ങളിൽ ശക്തമായ വരൾച്ച ഉണ്ടാകുന്നു. മൺസൂണിന്റെ കാര്യത്തിൽ 1951 മുതൽ ഈ മാറ്റം പ്രകടമാകുന്നുണ്ട്. പ്രത്യേകിച്ച് ഗംഗാതടങ്ങളിലും പശ്ചിമഘട്ട മലനിരകളിലും. പ്രാദേശികാടിസ്ഥാനത്തിൽ അതിതീവ്ര മഴയുണ്ടാകുന്ന പ്രതിഭാസം കൂടി വരികയാണ്. ഇതിനു പുറമെ മഴയുടെ ഇടവേളകളിൽ വരുന്ന വരണ്ട സ്ഥിതിയും ക്രമേണ കൂടി വരുന്നതായി

കാണാവുന്നതാണ്. ഇത് ജലത്തിന്റെ സംഭരണത്തെയും അതിന്റെ നിയന്ത്രണം, വിതരണം തുടങ്ങിയ മേഖലകളിലെ ആസൂത്രണ ത്തെയും പ്രതികൂലമായി ബാധിക്കുന്നു. സമീപകാലത്ത് കൂടുതൽ പ്രകടമാകുന്ന ഈ മാറ്റം മൂലം ജലസ്രോതസുകളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കഴിയാതെ വരുന്നു.

**2. ആഗോളതാപനവും ജലസ്രോതസ്സുകളും**

ഉരുകുന്ന മഞ്ഞുമലകൾ

സിന്ധു, ഗംഗ തുടങ്ങിയ പ്രധാന നദികളുടെ ജലസ്രോതസുകളായ ഹിമാലയത്തിലെ മഞ്ഞു മലകൾ ഉരുകുന്ന സാഹചര്യം ഇന്നുണ്ട് താപനില ഉയരുന്നത് മൂലം അപകടകരമായ നിലയിലാണ് ഇവ ഉരുകുന്നത്. ദീർഘകാലാടി സ്ഥാനത്തിൽ ഇത് വെള്ളത്തിന്റെ ലഭ്യതയെ ദോഷകരമായി ബാധിക്കും എന്ന് മാത്രമല്ല, നദികളുടെ ഒഴുക്കിന്റെ ഗതിയെ കാര്യമായ വിധത്തിൽ മാറ്റി മറിക്കുകയും ചെയ്യും.

**സമുദ്രജലനിരപ്പ് ഉയരുന്നു :** സമുദ്രജലം ജനവാസ മേഖലകളിലേക്ക് കയറുന്നു എന്ന അപകടമാണ് തീരദേശത്തുള്ളവർ നേരിടുന്ന പ്രധാന പ്രശ്നം. ഇത് ശുദ്ധജല സ്രോതസുകൾക്കും കൃഷിയിടങ്ങൾക്കും ഒരു പോലെ ഭീഷണിയാവുകയാണ്.

ജനസംഖ്യ ഉയരുന്നത് മൂലവും സാമ്പത്തിക പുരോഗതി ശക്തമായതും ഇന്ത്യയിൽ ജലത്തിന്റെ ആവശ്യം ഉയർത്തിയിട്ടുണ്ട് . കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 2017 ൽ മൊത്തം ആവശ്യം 1100 ബില്യൺ ക്യൂബിക് മീറ്റർ (ബി സി എം) ജലമായിരുന്നുവെങ്കിൽ 2050 അത് 147 ബി സി എം ആയി ഉയരും. മഴയുടെ രീതിയിൽ സംഭവിച്ചിരിക്കുന്ന മാറ്റവും ജലത്തിന്റെ ദൗർലഭ്യവും കാർഷിക ഉല്പാദനശേഷിയെ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇത് ലക്ഷക്കണക്കിനാളുകളുടെ ജീവനോപാധി കൾക്കും ഒപ്പം ഭക്ഷ്യ സുരക്ഷക്കും കനത്ത ഭീഷണിയാണ് ഉയർത്തുന്നത്.

**4. ജലദൗർലഭ്യം**

രാജ്യത്ത് വരൾച്ചയുടെ കാഠിന്യവും അതിന്റെ ആവർത്തനവും കൂടി വരുന്നതായി കാണാം. ഇത് പലമേഖലകളിലും ജല ക്ഷാമത്തിന് കാരണമാകുന്നുണ്ട്. കൃഷി, കുടിവെള്ളം, വൈദ്യുതി ഉത്പാദനം തുടങ്ങിയ കാര്യങ്ങളെ ഇത് ഏറെ ദോഷകരമായി ബാധിക്കുന്നു. അതുപോലെ ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണവും ദീർഘകാലാടിസ്ഥാനത്തിൽ ജലത്തിന്റെ ലഭ്യതക്ക് കാര്യമായ ഭീഷണി ഉയർത്തുന്നുണ്ട്.

**5. ജലത്തിന്റെ നിലവാരം കുറയുന്നു**

ഉപരിതല ജലസ്രോതസുകളുടെ 70 ശതമാനവും ഇന്ന് മലിനമാണ്. കാലാവസ്ഥാ വ്യതിയാനം ജലമലിനീകരണം കൂടുതൽ വ്യാപ കമാക്കുന്നുണ്ട്. ഇത് മണ്ണൊലിപ്പ്, അപകട കാരങ്ങളായി സൂക്ഷ്മജീവികളുടെ വർധന തുടങ്ങിയ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ശക്തമായ കാറ്റും മഴയും രാസവളങ്ങൾ, കീടനാശിനികൾ തുടങ്ങിയ വിഷവസ്തുക്കൾ ജലത്തിലും അന്തരീക്ഷത്തിലും പടരുന്നതിന് കാരണമാകുന്നുണ്ട്. ശുചിമുറി മാലിന്യം നദികൾ, കുളങ്ങൾ, സമുദ്രം എന്നിവിടങ്ങലിലേക്ക് കലരുന്നതിനും ഇത് കാരണമാകുന്നുണ്ട്. ജലത്തിന്റെ ഗുണനിലവാരം വലിയൊരളവിൽ കുറയ്ക്കുന്നതിന് ഇത് കാരണമായി മാറിയിട്ടുണ്ട്. ഇടയ്ക്കിടെ ഉണ്ടാകുന്ന വരൾച്ച പൊടിപടലങ്ങൾ ഉയരുന്നതിനും അത് വഴി ജലസ്രോതസുകൾ മലിനമാകുന്നതിനും വഴിയൊരുക്കുന്നു.

**6. ജലവിതരണത്തിലെ അസന്തുലിതാവസ്ഥ**

ഇന്ത്യയുടെ കാര്യത്തിൽ പരിശോധിക്കുമ്പോൾ, ചില മേഖലകൾ ജല സമൃദ്ധമാണെങ്കിൽ മറ്റു ചില മേഖലകൾ രൂക്ഷമായ ജലക്ഷാമം നേരിടുകയാണ്. ലഭ്യമായ ജലത്തിന്റെ സമർത്ഥമായ വിനിയോഗവും വിതരണവുമാണ് ഇതിനുള്ള പരിഹാര മാർഗം. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അടക്കം പോരായ്മ ഇതിന് തടസ്സമാകാറുണ്ട്. ചില പ്രദേശങ്ങളിൽ കാണുന്ന പ്രവണത ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണമാണ്. ഇത് വലിയ

തോതിലുള്ള ജലക്ഷാമത്തിലേക്ക് നയിക്കുന്നു. കാലാവസ്ഥ വ്യതിയാനം, ഇത്തരം പ്രതിസന്ധികൾ ഏറിയും കുറഞ്ഞും രൂക്ഷമാക്കുന്നു.

**7. പരമ്പരാഗത ജലസ്രോതസുകളിൽ വന്ന മാറ്റത്തിന്റെ തിക്തഫലം**

ജലത്തിന്റെ കാര്യത്തിലെ ഈ വൈവിധ്യം പലപ്പോഴും ജലത്തെ ആധാരമാക്കിയുള്ള ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്നുണ്ട് ജൈവവൈവിധ്യം, മൽസ്യബന്ധനം, വിനോദ സഞ്ചാരം തുടങ്ങിയ മേഖലകളെയാണ് ഇത് പ്രകടമായി ബാധിക്കാറുള്ളത് കുറഞ്ഞ ജലലഭ്യത ജലത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഇത് ഊർജ സുരക്ഷക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്

**ജലസ്രോതസുകളുടെ സംരക്ഷണവും നിയമനടപടിയും**

ഭൂമിയിലെ ജീവിതത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അടിസ്ഥാനപരമായ ഒന്നാണ് വെള്ളം. അതുകൊണ്ട് സുസ്ഥിര വികസനവും സമർത്ഥമായ നിയന്ത്രണവും ഇന്നത്തെ വളരെ പ്രധാനപ്പെട്ട ഒരു അജണ്ടയാണ്. ഇത്തരം വെല്ലുവിളികൾ തരണം ചെയ്യുന്നതിനും ജലസ്രോതസുകളുടെ സംരക്ഷണത്തിനുമായി നിരവധി നിയമങ്ങൾ ഇന്ത്യയിൽ പാസാക്കിയിട്ടുണ്ട്

**ഭരണഘടനയിലെ വകുപ്പുകൾ**

ജലം എന്നത് ഒരു സംസ്ഥാന വിഷയമാണ്. സംസ്ഥാന ലിസ്റ്റിലെ പതിനേഴാമത്തെ ഇനമായാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്. ജലവിതരണം, കാർഷികാവശ്യങ്ങൾക്കായുള്ള ജലസേചനം, കനാലുകൾ, ഡ്രെയിനേജ്, അണക്കെട്ടുകൾ, ജലസംഭരണം, ജലവൈദ്യുതി പദ്ധതികൾ തുടങ്ങിയ ഇനങ്ങൾ ഒന്നാം ലിസ്റ്റിൽ അൻപത്തിയാറാമതായി വരുന്നു.

ഒന്നാം പട്ടികയിലെ എൻട്രി 56 – ഇതനുസരിച്ച് അന്തർസംസ്ഥാന നദികൾ, നദീതടങ്ങൾ തുടങ്ങിയ കാര്യങ്ങൾ പാർലമെന്റ് പാസാക്കിയ നിയമങ്ങൾ അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കീഴിൽ വരുന്നു.

ജലം ഒരു സംസ്ഥാന വിഷയമാണെങ്കിലും ഇക്കാര്യത്തിൽ പ്രത്യേക സാഹര്യങ്ങളിൽ ഭരണഘടന കേന്ദ്രത്തിന് ചില അധികാരങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് തങ്ങളുടെ അധികാര പരിധിക്കകത്തെ ജലത്തിന്റെ കാര്യത്തിൽ പരമാധികാരം നൽകുമ്പോൾ തന്നെ, അന്തർസംസ്ഥാന നദീജല തർക്കങ്ങളിൽ ഇടപെടുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും കേന്ദ്രത്തിന് പ്രത്യേക അധികാരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

**ദേശീയതലത്തിലെ നിയമനിർമ്മാണങ്ങൾ**

ഭരണഘടനയുടെ ആർട്ടിക്കിൾ 252 നൽകുന്ന അധികാരത്തിന്റെ അടിസ്ഥാനത്തിൽ 1974 ൽ ഇന്ത്യൻ പാർലമെന്റ്, വാട്ടർ (പ്രിവൻഷൻ ആൻഡ് കൺട്രോൾ പൊല്യൂഷൻ) ആക്റ്റ് പാസാക്കുകയുണ്ടായി. 2003 ലാണ് ഇതിൽ അവസാനമായി ഭേദഗതി വരുത്തിയത്. ജല മലിനീകരണം നിയന്ത്രിക്കുകയും തടയുകയും ചെയ്യുക, ജലത്തിന്റെ സ്രോതസുകൾ സംരക്ഷിക്കുക തുടങ്ങിയവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. ജലത്തിന്റെ ഗുണന നിലവാരം പരിശോധിക്കുക, നിലവാരം നിർണ്ണയിക്കുക, മലിനീകരണം നടത്തുന്ന വർക്കെതിരെ കർശന നടപടി സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ഈ നിയമം, കേന്ദ്ര, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്ക് ആവശ്യമായ അധികാരങ്ങൾ നൽകുന്നു. അതുപോലെ തന്നെ, വിവിധ ജലസ്രോതസുകളിലേക്ക് മലിന ജലം ഒഴുക്കി വിടുന്ന കമ്പനികൾ അടക്കമുള്ളവർക്കെതിരെ നടപടി കൈക്കൊള്ളുന്നതിനും ഇത് അധികാരം നൽകുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് അധികാരപ്പെട്ട സ്ഥാപനങ്ങൾ ഈ നിയമം വഴിയാണ് രൂപീകരിക്കുന്നത് . ജലമലിനീകരണം നടത്തുന്നവർക്കെതിരെ പരിശോധന, പിഴ ചുമത്തൽ, അടച്ചു പൂട്ടൽ തുടങ്ങിയ നടപടികൾ

കൈക്കൊള്ളുന്നതിനും ഈ നിയമം വഴി അധികാരം സിദ്ധിക്കുന്നു.

ഇത്തരം നിയമങ്ങൾ നിലവിലുണ്ടെങ്കിലും ജലമലിനീകരണം ഇന്ത്യയിൽ ഒരു വലിയ പ്രശ്നമായി അവശേഷിക്കുകയാണ്. നിയമത്തിന്റെ ഫലപ്രാപ്തിയെ കുറിച്ച് ഒട്ടേറെ ചോദ്യങ്ങൾ ഇത് ഉന്നയിക്കുന്നുണ്ട്. ആവശ്യമായ സൗകര്യങ്ങളുടെ അപര്യാപ്തത, കാര്യശേഷി തുടങ്ങിയ ഘടകങ്ങൾ നിയമത്തിന്റെ നടത്തിപ്പിന് ന്യൂനതയായി ഭവിക്കുന്നുണ്ട്. അതുപോലെ എഫ്ലുവന്റ് നിലവാരം സംബന്ധിച്ച കൃത്യത അടക്കമുള്ള കാര്യങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്.

**പരിസ്ഥിതി (സംരക്ഷണം) നിയമം, 1986**

ജലമലിനീകരണം അടക്കമുള്ള പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുന്നതിന് ഈ നിയമം വിശാലമായ അധികാരങ്ങളാണ് നൽകുന്നത്. പരിസ്ഥിതി മലിനീകരണം തടയുക, നിയന്ത്രിക്കുക തുടങ്ങിയ വിഷയങ്ങളിലാണ് പ്രധാനമായും ഈ നിയമം കേന്ദ്രീകരിക്കുന്നത്. ജലസ്രോതസുകളുടെ സംരക്ഷണവും മലിനീകരണം തടയുന്നതിനും നിയമം വഴിയൊരുക്കുന്നു. ഇ പി എ നിയമത്തിലെ ഒന്നാം പട്ടിക വിവിധ വ്യവസായങ്ങളെയും മാലിന്യം പുറന്തള്ളുന്ന കാര്യത്തിൽ അവയ്ക്കുള്ള പരിധിയെ കുറിച്ചും പ്രതിപാദിക്കുന്നു.

ഇ പി എയുടെ പരിധിയിൽ അപകടകരമായ വസ്തുക്കൾ സംബന്ധിച്ച ചട്ടങ്ങൾ 2008 ൽ പാസാക്കുകയുണ്ടായി. ജലസ്രോതസുകൾ നശിക്കുന്ന തരത്തിൽ അപകടകരമായ രാസ വസ്തുക്കളും മറ്റും ജലത്തിൽ കലരുന്നതിനെ ഇത് ചെറുക്കുന്നു.

ഇ പി എ 1986 ൽ പാസാക്കപ്പെട്ടതാണെങ്കിലും, പരിസ്ഥിതി സംരക്ഷണം, അതിന് സ്വീകരിക്കേണ്ട നടപടികൾ എന്നിവയുടെ കാര്യത്തിൽ ഈ നിയമം ഇന്നും കനത്ത വെല്ലുവിളി നേരിടുകയാണ്. ശുഷ്കമായ പരിശോധന, ആവശ്യത്തിന് മാനവശേഷി ഇല്ലാതിരിക്കുക, പിഴകൾ വളരെ കുറവായിരിക്കുക തുടങ്ങിയ പല പഴുതുകളും നിയമ ലംഘകർക്ക് സഹായകമാകുന്ന സ്ഥിതിയുണ്ട്. അതുപോലെ നിയമത്തിന്റെ കേന്ദ്രീകരണം സംസ്ഥാനങ്ങൾക്ക് തീരുമാനങ്ങൾ എടുക്കുന്നതിന് പല കടമ്പകളും സൃഷ്ടിക്കുന്നു. അതുകൊണ്ട് കാലാവസ്ഥ വ്യതിയാനം പോലുള്ള മാറ്റങ്ങൾ നേരിടുന്നതിന് ഉതകുന്ന വിധത്തിൽ ഈ നിയമം കൂടുതൽ പരിഷ്കരിക്കേണ്ടതുണ്ട്. സുസ്ഥിര വികസനത്തിന്റെ തത്വങ്ങൾ നിയമത്തിന്റെ പരിധിയിലേക്ക് ഉൾപെടുത്തുക വഴി ഇത് കൂടുതൽ ശക്തമായി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

**സംയോജിത ജലസ്രോതസുകളുടെ വികസനത്തിനായുള്ള ദേശീയ കമ്മീഷൻ (എൻ സി ഐ ഡബ്ള്യു ആർ ഡി) 1999**

രാജ്യത്തിന്റെ ജലസ്രോതസുകളുടെ കാര്യത്തിലെ നിയമപരമായ ഘടനയും സ്ഥാപനങ്ങളുടെ സ്ഥിതിയും ഈ കമ്മീഷൻ വിശകലനം ചെയ്ത പരിശോധിക്കുകയുണ്ടായി. വളരെ നിർണ്ണായകമായ പല പ്രശ്നങ്ങളും ഈ രംഗത്ത് ഉരുത്തിരിഞ്ഞതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ജലസ്രോതസുകളുടെ സംരക്ഷണത്തിനും നിലനില്പിനും ശക്തമായ നിയമനിർമ്മാണം ആവശ്യമാണെന്ന നിഗമനമാണ് കമ്മീഷൻ മുന്നോട്ട് വച്ചത്. എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന ദേശീയ ജല കോഡ് ഉണ്ടാകണം എന്ന ആശയമാണ് കമ്മീഷൻ അവതരിപ്പിച്ചത്. അതായത് ഓരോ കാര്യത്തിനും പ്രത്യേകം നിയമം പാസാക്കുക എന്നതിന് പകരം സമഗ്രമായ നിയമ നിർമ്മാണം ആവശ്യമാണ് എന്നർത്ഥം.

**ദേശീയ ജലനയം – 2012**

വ്യക്തമായ ഒരു അടിസ്ഥാനഘടനയുടെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ ഉയർന്നു വരുന്ന ജല ആവശ്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 2012 ൽ നാഷണൽ വാട്ടർ പോളിസിക്ക് (എൻ ഡബ്ള്യു പി) രൂപം നൽകിയത്. ഈ രംഗത്തെ വർധിച്ചു വരുന്ന

ഡിമാൻഡ്, ദുരുപയോഗം മൂലമുള്ള പ്രശ്നങ്ങൾ, ജലമലിനീകരണ പ്രശ്നങ്ങൾ എന്ന് തുടങ്ങി ജലസുരക്ഷക്ക് ആഘാതമാകുന്ന വിവിധ പ്രശ്നങ്ങളാണ് ഇതുവഴി നേരിടുന്നത്. അടിസ്ഥാന തലത്തിലുള്ള ആസൂത്രണം, എല്ലാ വിധ ജലസ്രോതസുകളെയും ഉപയോക്താക്കളെയും സമഗ്രമായി പരിഗണിക്കുക എന്നത് നയത്തിന്റെ കാതലായ ദൗത്യമായി മാറുന്നു. മഴവെള്ള സംഭരണം, ജലത്തിന്റെ സംരക്ഷണം, ആവശ്യങ്ങളെ ഫലപ്രദമായി മാനേജ് ചെയുക തുടങ്ങിയ കാര്യങ്ങൾക്ക് നയത്തിൽ മുന്തിയ പരിഗണന നൽകിയിരിക്കുന്നു. അതുപോലെ ജലം വിവിധ സംസ്ഥാനങ്ങൾക്കിടയിലും വിഭാഗങ്ങൾക്കിടയിലും ആവശ്യക്കാർക്കിടയിലും പങ്ക് വയ്ക്കുന്ന വിഷയവും നയത്തിന്റെ പരിഗണനയിൽ ഉൾപ്പെടുന്നു. ആസൂത്രണത്തിലും ഒപ്പം തീരുമാനമെടുക്കുന്നതിലും ഇത് ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തം ഇത് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

നയത്തിന്റെ ഉദ്ദേശശുദ്ധി മികച്ചതാണെങ്കിലും നടപ്പാക്കുന്ന കാര്യത്തിൽ വേണ്ടത്ര ഫലപ്രദമായിട്ടില്ലെന്ന് കാണാം. ഫണ്ടിന്റെ അപര്യാപ്തത, നടപ്പാക്കുന്ന വിവിധ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിൽ ഏകോപനമില്ലായ്മ, രാഷ്ട്രീയമായ ഇച്ഛാശക്തിയുടെ അഭാവം തുടങ്ങിയ കാര്യങ്ങൾ പ്രതികൂലമായി ഭവിക്കുന്നു. തുല്യതയെ കുറിച്ച് പറയുന്നു ണ്ടെങ്കിലും ജലത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ മുൻഗണന രീതിയിൽ ജലനയം പരിഗണിക്കുന്നില്ലെന്ന് കാണാം. മാത്രവുമല്ല, വലിയ അണക്കെട്ടുകൾക്കാണ് നയം കാര്യമായ മുൻതൂക്കം നൽകുന്നത്. അത് സുസ്ഥിരത, സാമൂഹ്യമായ ആഘാതങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഒട്ടേറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ചെലവുകൾ കണ്ടെത്തുന്ന കാര്യത്തിലും ജലസംരകഷണത്തിന് ആവശ്യമായ പ്രോത്സാഹനം നൽകുന്ന കാര്യത്തിലും നയത്തിൽ സുവ്യക്തമായ ഒരു സംവിധാനം കാണാൻ കഴിയുന്നില്ല. ഇത് മികച്ച ജലവിനിയോഗത്തിന് തടസമായി മാറുന്നുണ്ട്. അതുപോലെ കാലാവസ്ഥ വ്യതിയാനം പോലുള്ള പ്രധാന പ്രശ്നങ്ങൾ നേരിടുന്ന തിനുള്ള തന്ത്രങ്ങളും ഇതിന്റെ ഭാഗമായി മാറേണ്ടതുണ്ട്.

**സംസ്ഥാനതല നിയമങ്ങൾ**

ജലത്തിന്റെ സംരക്ഷണം ഉറപ്പാക്കുക, അതിന്റെ മികച്ച രീതിയിലുള്ള വിനിയോഗം എന്നിവയുമായി ബന്ധപ്പെടുത്തി സംസ്ഥാനങ്ങൾ നിരവധി നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ സംസ്ഥാനങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസം നിലനിൽക്കുന്നതായും കാണാം. സംസ്ഥാനതലത്തിൽ പാസാക്കിയ ഏതാനും നിയമങ്ങൾ നോക്കാം.

കേരളത്തിലും ഇക്കാര്യത്തിൽ പല വിധ നിയമങ്ങളും, നയങ്ങളും ഉണ്ടായിട്ടുണ്ട്.

**കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്റ്റ്, 2003 (2003 ലെ 31 ആം നമ്പർ നിയമം)**

ഇറിഗേഷൻ സംബന്ധമായ ജോലികൾ, ജലത്തിന്റെ സംരക്ഷണം, വിതരണം, ജലസേചനം വഴിയായി നേട്ടം ലഭിക്കുന്ന കൃഷിയിടങ്ങൾക്കുള്ള സെസ്സ് തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട നിയമമാണ് ഇത്. ജലവിനിയോഗത്തിന്റെ കാര്യത്തിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നത് ഈ നിയമത്തിന്റെ കാതലായ ഒരു വശമാണ്. ജലത്തിന്റെ സംരക്ഷണം, ജലസേചന സംവിധാനങ്ങളുടെ കൃത്യമായ അറ്റകുറ്റ പണികൾ കൃത്യമായി നിർവഹിക്കുന്നതും കാർഷിക ആവശ്യങ്ങൾക്കായി ജലത്തിന്റെ ഫലപ്രദമായ വിനിയോഗം തുടങ്ങിയ കാര്യങ്ങൾക്ക് നിയമത്തിൽ വ്യക്തമായ പരിഗണന നൽകുന്നു. കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ രൂപീകരണവും ഈ നിയമത്തിന്റെ ഭാഗമായി വരുന്നതാണ്.

**കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആൻഡ് റെഗുലേഷൻ) ആക്റ്റ്, 2002**

സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ ഖനനവും അതിന്റെ വിനിയോഗവും നിയന്ത്രിക്കുന്നതിന്

ലക്ഷ്യമിട്ടുകൊണ്ടുള്ള നിയമമാണ് ഇത്. ഭൂഗർഭ ജല സ്രോതസുകളുടെ അമിതമായ ചൂഷണവും അതിന്റെ സുസ്ഥിരമായ മാനേജമെന്റും ഇത് ലക്ഷ്യമിടുന്നു. ഇത്തരത്തിൽ കിണർ കുഴിക്കുന്നതിനും ഒപ്പം കുഴൽക്കിണറുകൾ നിർമിക്കുന്നതിനും പെർമിറ്റ് എടുക്കണമെന്ന് വ്യവസ്ഥ ഇതിന്റെ കീഴിൽ വരുന്നു. ഭൂഗർഭ ജലം ഊറ്റുന്നത് നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അധികാരികൾക്ക് ഇത് വ്യക്തമായ അധികാരം നൽകുന്നു.

ഇത്തരത്തിൽ കർണ്ണാടകത്തിൽ നിലവിലുള്ള നിയമമാണ് കർണ്ണാടക ഗ്രൗണ്ട് വാട്ടർ (റെഗുലേഷൻ ആൻഡ് കൺട്രോൾ ഓഫ് ഡെവലപ്മെന്റ്) ആക്ട്, 2011. കുഴൽ കിണറുകൾ കുഴിക്കുന്നതിന് പെർമിറ്റുകൾ അനുവദിക്കുന്നതും ഭൂഗർഭ ജലം ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തുന്നതും ഈ നിയമം മുഖേനയാണ്.

തമിഴ്നാട് : കർണാടകത്തിന് സമാനമായ തമിഴ്നാട്ടിലെ നിയമമാണ് തമിഴ്നാട് ഗ്രൗണ്ട് വാട്ടർ (റെഗുലേഷൻ ആൻഡ് കണ്ട്രോൾ ഓഫ് ഡെവലപ്മെന്റ്) ആക്റ്റ്, 2002. എന്നാൽ ഈ നിയമം ഭൂഗർഭജലം സംരക്ഷണം വിവിധ സോണുകളായി തിരിച്ചാണ് നടപ്പാക്കുന്നത്. ഇത്തരം കേന്ദ്രങ്ങളിൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ശക്തമായ നിയന്ത്രണം ഏർപെടുത്തിയിട്ടുണ്ട്.

ഹിമാചൽപ്രദേശ് : 1972 ൽ പാസാക്കിയ നിയമമാണ് ഹിമാചൽ പ്രദേശ് പ്രൈവറ്റ് ഫോറെസ്റ്റ്സ് (അക്വിസിഷൻ ആൻഡ് വെസ്റ്റിംഗ്) ആക്ട്. ജലത്തിന്റെ മാനേജ്മെന്റ്, മണ്ണിന്റെ സംരക്ഷണം എന്നിവയ്ക്കായുള്ള നിയമമാണ് ഇത്. ജലസുരക്ഷയുടെ കാര്യത്തിൽ നിയമം കാര്യമായ സംഭാവന നൽകുന്നു.

ഉത്തർപ്രദേശ് ഗ്രൗണ്ട് വാട്ടർ (മാനേജ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റ്, 2019 : ഭൂഗർഭ ജലത്തിന്റെ നിയന്ത്രണവും മാനേജ്മെന്റുമാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. അമിത ജലചൂഷണം തടയൽ, സുസ്ഥിരമായ വിനിയോഗം, ഭൂഗർഭജലത്തിന്റെ വിനിയോഗം എന്നിവയും ഉത്തർപ്രദേശിലെ ഈ നിയമത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ഇത്തരം ആവശ്യങ്ങൾക്കായുള്ള പെർമിറ്റുകൾ, ലൈസൻസുകൾ എന്നിവ നൽകുന്നത് ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്

പഞ്ചാബ് പ്രിസർവേഷൻ ഓഫ് സബ്സോയിൽ വാട്ടർ ആക്റ്റ്, 2009: കാർഷിക ആവശ്യങ്ങൾക്കായുള്ള ഭൂഗർഭ ജലത്തിന്റെ വിനിയോഗം നിയന്ത്രിക്കുന്നതിനുള്ള നിയമമാണ് ഇത്. കൃത്യമായ കാലാവധിക്ക് മുൻപായി കൃഷിയിറക്കുന്നത് ഈ നിയമം വഴി തടഞ്ഞിരിക്കുന്നു. ഭൂഗർഭജലം കുറയാതെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ഇത്. കുറഞ്ഞ അളവിൽ ജലം ആവശ്യമായ വിളകൾ കൃഷി ചെയ്യുന്നത് നിയമം വഴി പ്രോത്സാഹിപ്പിക്കുന്നു.

ഹരിയാന വാട്ടർ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് ആക്റ്റ്, 2009 : ജലസ്രോതസുകളുടെ സമർത്ഥമായ വിനിയോഗം ഉറപ്പാക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഹരിയാന സംസ്ഥാനത്തെ നിയമമാണ് ഇത്. ജലം ഉപയോഗിക്കുന്നവരുടെ സംഘടനയുടെ രൂപീകരണത്തിനും ഒപ്പം ജല മാനേജ്മെന്റിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്

രാജസ്ഥാൻ വാട്ടർ (പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്റ്റ്, 1974 : ജലമലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും രാജസ്ഥാനിൽ പാസാക്കിയ നിയമമാണ് ഇത്. 1974 ൽ പാസാക്കിയ ഫെഡറൽ വാട്ടർ (പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ടിന്റെ അനുബന്ധമാണ് ഈ നിയമം. സംസ്ഥാനത്തെ മലിനീകരണ നിയന്ത്രണ ബോർഡിന് വ്യവസായ മേഖലയിലെയും ഒപ്പം മുനിസിപ്പൽ പ്രദേശങ്ങളിലെയും ജലത്തിന്റെ ഡിസ്ചാർജ് നിയന്ത്രിക്കുന്നതിന് ഇത് അധികാരം നൽകുന്നു.

ഡൽഹി വാട്ടർ ബോർഡ് ആക്റ്റ് , 1998 : ഡൽഹി

ജലബോർഡിന്റെ രൂപീകരണം ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ദേശീയ തലസ്ഥാനമായ ഡൽഹിയിലെ ജലവിതരണം, മലിനജലം പുറന്തള്ളൽ തുടങ്ങിയ കാര്യങ്ങളുടെ നിയന്ത്രണം ഈ നിയമത്തിന്റെ പിൻബലത്തിലാണ്. ജലത്തിന്റെ മാനേജ്മെന്റ്, വിതരണം, സംരക്ഷണം എന്നിവയുടെ കാര്യത്തിൽ ഈ നിയമം കാര്യമായ പങ്ക് വഹിക്കുന്നതായി കാണാം.

ഉത്തരാഖണ്ഡ് വാട്ടർ മാനേജ്മെന്റ് ആക്റ്റ്, 2010 : സംസ്ഥാനത്തെ ജല വിനിയോഗ മേഖലയിലെ പ്രശ്നങ്ങൾ നേരിടുന്നതിനാണ് ഈ നിയമം പാസാക്കിയത്. മികച്ച ജലവിനിയോഗം, മലിനീകരണം തടയൽ, ജലവൈദ്യുതി പദ്ധതികൾ, വിനോദ സഞ്ചാരം തുടങ്ങിയ ജലസ്രോതസുകളെ ദോഷകരമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കൽ തുടങ്ങിയ കാര്യങ്ങളാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്.

ജമ്മു ആൻഡ് കാശ്മീർ വാട്ടർ റിസോഴ്സസ് (റെഗുലേഷൻ ആൻഡ് മാനേജ്മെന്റ്) ആക്റ്റ്, 2010 : ജമ്മു ആൻഡ് കാശ്മീർ സംസ്ഥാനത്തെ ജലസ്രോതസുകളുടെ നിയന്ത്രണം, മാനേജ്മെന്റ് എന്നീ കാര്യങ്ങൾ സംബന്ധിച്ച നിയമമാണ് ഇത്. ജലസ്രോതസുകളുടെ സുസ്ഥിരമായ വിനിയോഗം, ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കൽ, വിവിധ രീതിയിലുള്ള ഉപയോഗത്തിനായി ജലം വിതരണം നടത്തുക തുടങ്ങിയ കാര്യങ്ങളാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്.

**ജലസ്രോതസുകളുടെ സംരക്ഷണത്തിന് നയപരമായ സമീപനങ്ങൾ**

**1 . പരിസ്ഥിതിക്ക് ഇണങ്ങുന്ന ജീവിതശൈലി**

സുസ്ഥിര വികസനത്തിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ആവശ്യമായ, ഭാവിയിലേക്ക് ലക്ഷ്യമിട്ടുകൊണ്ട് ഗവണ്മെന്റ് നടപ്പാക്കുന്ന ഒരു നയമാണ് ഇത്. ജനങ്ങളുടെ സഹകരണം കൊണ്ട് മാത്രമാണ് പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കാൻ കഴിയൂ. അതുകൊണ്ട് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്, ഓരോരുത്തരും ഇക്കാര്യത്തിൽ ഉത്തരവാദിത്വം പുലർത്തുന്നതിന് ആവശ്യമായ പ്രചരണം നടത്തുക എന്നതാണ്. ജലം പാഴാക്കുന്നത് ഒഴിവാക്കുക, ജലത്തിന്റെ സംരക്ഷണം ഉറപ്പ് വരുത്തുക, ജലസ്രോതസുകളുടെ കാര്യത്തിൽ സുസ്ഥിരമായ വിനിയോഗം ഉറപ്പ് വരുത്തുക തുടങ്ങിയ കാര്യങ്ങൾക്ക് ഇണങ്ങുന്ന വിധത്തിലുള്ള ജീവിത ശൈലി വളർത്തിയെടുക്കുന്നതിന് ഈ മൂവ്മെന്റ് ലക്ഷ്യമിടുന്നു. ജലസംരക്ഷണത്തിന് താഴെ കാണുന്ന ജീവിതശൈലികൾ അനുവർത്തിക്കാൻ കഴിയുന്നതാണ്.

ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുക – കുളി, വസ്ത്രങ്ങൾ, പാത്രങ്ങൾ തുടങ്ങിയവ വൃത്തിയാക്കൽ എന്നിങ്ങനെ നിത്യേനയുള്ള ആവശ്യങ്ങൾക്ക് ജലം ഉപയോഗിക്കുന്നത് കരുതലോടെയാവുക. ഷേവിങ്, പല്ലു തേപ്പ് തുടങ്ങിയ കാര്യങ്ങൾ ചെയ്യുമ്പോൾ അനാവശ്യമായി പൈപ്പുകൾ തുറന്നിട്ട് ജലം പാഴാക്കുന്നത് ഒഴിവാക്കുക. അതുപോലെ ഡിഷ് വാഷർ, വാഷിങ് മെഷിൻ തുടങ്ങിയ ഉപകരണങ്ങൾ പരമാവധി വെള്ളം കുറച്ച് ഉപയോഗിക്കുന്ന വിധത്തിൽ ക്രമീകരിക്കുക.

ചോർച്ച കണ്ടെത്തി പരിഹരിക്കുക – ടോയ്‌ലറ്റ്, പൈപ്പുകൾ തുടങ്ങിയവ സമയാസമയങ്ങളിൽ പരിശോധിച്ച് ലീക്ക് ഇല്ലെന്ന് ഉറപ്പ് വരുത്തുക. ചോർച്ച കണ്ടെത്തിയാൽ അത് ഉടൻ പരിഹരിക്കുക. ചെറിയ ചോർച്ച പോലും സമയം വൈകുന്നത് മൂലം വലിയ തോതിൽ ജലം നഷ്ടപെടുന്നതിന് കാരണമായി മാറാറുണ്ട്.

സംഭരിക്കുക , പുനരുപയോഗിക്കുക – മഴവെള്ളം ഉചിതമായ രീതിയിൽ സംഭരിക്കുകയും ചെടികൾ നനയ്ക്കുന്നതിനും മറ്റും ഉപയോഗിക്കുക. പാത്രം കഴുകൽ, തുണികൾ വൃത്തിയാക്കൽ തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിച്ച വെള്ളം മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന വിധത്തിൽ ക്രമീകരിക്കുക.

വെള്ളം കാര്യക്ഷമമായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ വാങ്ങുക – കുളിക്കുന്നതിനുള്ള ഷവറുകൾ, ടോയ്‌ലറ്റ് ഉപകരണങ്ങൾ, വാഷിങ് മെഷിൻ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുമ്പോൾ വെള്ളം നല്ല രീതിയിൽ ഉപയോഗിക്കുന്നു എന്ന് പരിസ്ഥിതി സംരക്ഷണ ഏജൻസി, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബി ഇ എഫ്) മുതലായ ഏജൻസികൾ സർട്ടിഫൈ ചെയ്ത ഉത്പന്നങ്ങൾ നോക്കി വാങ്ങുക.

ജലസംരക്ഷണത്തിനായുള്ള നയങ്ങൾക്ക് പിന്തുണ നൽകുക – പ്രാദേശിക, ദേശീയ, അന്തർദേശീയതലങ്ങളിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുക. ജലസ്രോതസുകളുടെ സംരക്ഷണം, ജലവിനിയോഗത്തിലെ കാര്യക്ഷമത വർധിപ്പിക്കൽ, എല്ലാവർക്കും ശുദ്ധജലം ഉറപ്പാക്കൽ തുടങ്ങിയ ശ്രമങ്ങളുമായി സഹകരിക്കുക.

പൂന്തോട്ടങ്ങളിൽ തദ്ദേശീയമായ ചെടികൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുക. ഇത്തരം ചെടികൾക്ക് കുറഞ്ഞ അളവിൽ ജലം മാത്രമേ ആവശ്യമായി വരുന്നുള്ളൂ. ഇത് ജലസേചനത്തിന്റെ ആവശ്യം കുറയ്ക്കുന്നു.

**2. അടൽ മിഷൻ ഫോർ റെജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്)**

നഗരപ്രദേശങ്ങളിൽ മഴവെള്ളം സംഭരണവും ജലസംരക്ഷണത്തിനായുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്.

**3. പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായീ യോജന (പി എം കെ എസ് വൈ )** : മൈക്രോ ഇറിഗേഷൻ സാങ്കേതിക വിദ്യ, വാട്ടർഷെഡ് വികസനം തുടങ്ങിയ രീതികൾ വഴിയായി ജലസേചന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിടുന്ന സുപ്രധാന പദ്ധതിയാണ് ഇത്.

**4. അടൽ ഭൂജലയോജന :** ജലസംരക്ഷണത്തിന് കൂടുതൽ പ്രോത്സാഹനം നൽകുന്ന രീതികൾക്കും സാമൂഹ്യമായി ജല മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതും വഴിയായി ഭൂഗർഭ ജലം പാഴാക്കുന്നത് തടയുന്നതിനുമുള്ള പ്രത്യേക പദ്ധതിയാണ് ഇത്.

**5. പുതിയ നിർമ്മിതികൾക്കുള്ള മാതൃക നിയമങ്ങൾ** : പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അവിടെ മഴവെള്ള സംഭരണം, വെള്ളത്തിന്റെ പുനരുപയോഗം തുടങ്ങിയ കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങളാണ് ഇതുവഴി നൽകുന്നത്.

**6. ദേശീയ നദീജല സംയോജന പദ്ധതി** : അധികജലം ലഭ്യമാകുന്ന പ്രദേശങ്ങളിൽ നിന്നും ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് ജലമെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ഇത് . ഇത് നടപ്പാക്കുന്ന കാര്യത്തിൽ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്.

**ജലസംരക്ഷണ പ്രവർത്തനങ്ങളിൽ നീതി ന്യായ വ്യവസ്ഥയുടെ പങ്ക്**

എം. സി മേത്ത വേഴ്സസ് കമൽനാഥ് ആൻഡ് അതേർസ് : യമുന നദിയിലെ മലിനീകരണ പ്രശ്നമാണ് ഈ കേസിൽ സുപ്രീം കോടതി പരിശോധിച്ചത്. വ്യവസായ മേഖലയിൽ നിന്നുള്ള മാലിന്യങ്ങൾ യമുനാ നദിയിൽ കലരുന്നത് തടയുന്നതിനും സുരക്ഷിതമായ രീതിയിൽ ജലം പുറന്തള്ളുന്നതിനും ആവശ്യമായ നിർദേശങ്ങൾ ഈ കേസിൽ സുപ്രീം കോടതി നൽകുകയുണ്ടായി. ജനങ്ങൾക്ക് ശുദ്ധവും സുരക്ഷിതവുമായ ജലം ലഭിക്കുന്നതിനുള്ള അവകാശം ഉണ്ടെന്ന് ഉത്തരവിൽ കോടതി എടുത്തു പറയുകയുണ്ടായി. ജലസ്രോതസുകൾ സംരക്ഷിക്കുന്നതിന് സർക്കാരിനും വ്യവസായ മേഖലക്കുമുള്ള ഉത്തരവാദിത്വം കേസിൽ കോടതി പ്രത്യേകം പ്രസ്താവിക്കുകയുണ്ടായി.

**എം . സി മേത്ത വേഴ്സസ് യൂണിയൻ ഓഫ് ഇന്ത്യ** : ഗംഗ നദിയുടെ മലിനീകരണം സംബന്ധിച്ച വിഷയങ്ങളാണ് ഈ കേസിൽ സുപ്രീം കോടതി പരിഗണിച്ചത്. വ്യവസായ മേഖല പുറന്തള്ളുന്ന മാലിന്യങ്ങൾ, കക്കൂസ്

മാലിന്യം തുടങ്ങിയ നിരവധി കാര്യങ്ങളിൽ ആവശ്യമായ നിർദേശങ്ങൾ പരമോന്നത നീതിപീഠത്തിൽ നിന്നും ഉണ്ടായി. ഗംഗയുടെ പരിശുദ്ധി നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എടുത്തു പറഞ്ഞ കോടതി, അതിന്റെ സാംസ്കാരികവും മതപരവുമായ പ്രാധാന്യവും പരിഗണിക്കുകയുണ്ടായി. അത്കൊണ്ട് ശുചിമുറി മാലിന്യം അടക്കമുള്ളവ സംസ് കരിക്കുന്നതിന് പ്ലാന്റുകൾ സ്ഥാപിക്കുക, ജലം മലിനമാക്കുന്ന വ്യസായങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക തുടങ്ങിയ നിരവധി മാർഗ്ഗ നിർദ്ദേശങ്ങൾ കോടതി പുറപ്പെടുവിക്കുകയുണ്ടായി.

**അന്താരാഷ്ട്ര ഉടമ്പടികൾ**

ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ് ഡി ജി) : 2030 ൽ കൈവരിക്കാൻ ലക്ഷ്യമിടുന്ന ലക്ഷ്യങ്ങളിൽ ആറാമത്തേതാണ് ശുദ്ധജലവും ശുചിത്വവും. ജലസംരക്ഷണം, ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ജലവിനിയോഗത്തിലെ കാര്യക്ഷമത, ജലവുമായി ബന്ധപ്പെട്ടിരിക്കുന്ന ആവാസവ്യവസ്ഥയുടെ സംരക്ഷണവും പുനഃസ്ഥാപനവും തുടങ്ങിയ കാര്യങ്ങൾ ഈ ലക്ഷ്യത്തിന്റെ ഭാഗമായി വരുന്നു.

യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് ഓൺ ക്ളൈമറ്റ് ചേഞ്ച് (യു എൻ എഫ് സി സി സി) : കാലാവസ്ഥാ വ്യതിയാനമാണ് യു എൻ എഫ് സി സി സി പരിഗണിക്കുന്ന പ്രധാന വിഷയം. കാലാവസ്ഥാ വ്യതിയാനമാകട്ടെ, ജലസ്രോസ്തസുകളുടെ കാര്യത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. മഞ്ഞുമലകൾ ഉരുകുന്നത്, ഉയരുന്ന അന്തരീക്ഷ താപനം തുടങ്ങിയ നിരവധി ഘടകങ്ങൾ ജലസ്രോതസുകൾ, ജലത്തിന്റെ ഗുണമേന്മ തുടങ്ങിയ കാര്യങ്ങളെ സ്വാധീനിക്കുന്നതായി കാണാം. ഇത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതു വഴി ഇന്ന് സജീവമായ പകുതിയോളം ജലധിഷ്ഠിത ആവാസ വ്യവസ്ഥകളെ സംരക്ഷിക്കാൻ നമുക്ക് കഴിയും. 'നെറ്റ് സീറോ' എന്ന ലക്ഷ്യത്തിലെത്തുന്നതിന് ഇത് അനിവാര്യമാണ്.

കൺവെൻഷൻ ഓൺ ദി പ്രൊട്ടക്ഷൻ ആൻഡ് യൂസ് ഓഫ് ട്രാൻസ്ബൗണ്ടറി വാട്ടർ സോഴ്സസ് ആൻഡ് ഇന്റർനാഷണൽ ലേക്സ് (വാട്ടർ കൺവെൻഷൻ): അതിർത്തികൾ കടന്നുള്ള ജലസ്രോതസുകളുടെ സംരക്ഷണത്തിനും നിയന്ത്രണത്തിനും വേണ്ടിയുള്ള യുണൈറ്റഡ് നേഷൻസ് ഇക്കണോമിക് കമ്മീഷൻ ഫോർ യൂറോപ്പ് (യു എൻ ഇ സി ഇ) ഇത് പരിശോധിക്കുന്നു. ജലവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനും രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ കരാർ.

**നിർദേശങ്ങളും ഉപസംഹാരവും**

ഇന്ത്യയിൽ ജലസ്രോതസുകൾ നിലനിർത്തുക എന്നത് സമഗ്രമായ കാഴ്ചപ്പാട് അനിവാര്യമായ ഒന്നാണ് . കാരണം, ജലക്ഷാമം , മലിനീകരണം, അശാസ്ത്രീയമായ ജലവിനിയോഗം തുടങ്ങിയ നിരവധി വെല്ലുവിളികൾ ഇന്ത്യ നേരിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രതിസന്ധികളെയും ചെറുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ചില നിർദേശങ്ങൾ താഴെ ചേർക്കുന്നു.

ജലസ്രോതസുകളുടെ സംരക്ഷണത്തിനായി ബോധവൽക്കരണ ശ്രമങ്ങൾ ഊർജിതമാക്കുക: ദേശീയതലത്തിൽ ഇതിനായി പ്രചരണം നടത്തേണ്ടതുണ്ട്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം, വ്യക്തിഗത സാമൂഹികവുമായ ഇടപെടലുകൾ എന്നിവ ഇതിന് ആവശ്യമാണ്. ജലം സംരക്ഷിക്കുന്നതിന് ചോർച്ച കണ്ടെത്തി തടയൽ, വെള്ളത്തിന്റെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കൽ, മഴവെള്ള സംഭരണം തുടങ്ങിയ താരതമ്യേന ലളിതമായ ചില മാർഗ്ഗങ്ങൾ അവലംബിക്കാൻ കഴിയണം.

**അടിസ്ഥാന സൗകര്യ മേഖലയിലെ നിക്ഷേപം :** ജലവിതരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടത് വളരെ അനിവാര്യമായ ഘടകമാണ്. ചോർച്ച ഉൾപ്പടെ ജലം നഷ്ടപെടുന്ന വഴികൾ അടയ്ക്കേണ്ടതുണ്ട്.

മലിനീകരണം കുറയ്ക്കുന്ന തിനായി മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കണം. ഇപ്രകാരം ശുദ്ധീകരിക്കുന്ന ജലം പുനരുപ യോഗം ചെയ്യാനും കഴിയണം.

മഴവെള്ള സംഭരണ പദ്ധതികൾ നടപ്പാക്കുക : ഗ്രാമീണ, നഗര മേഖലകളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ വ്യാപകമായി സ്ഥാപിക്കുക.

മികച്ച കൃഷി രീതികൾ പ്രാവർത്തികമാക്കുക : ജലം പാഴാക്കാതെ ഉപയോഗിക്കാൻ കഴിയുന്ന മികച്ച ജലസേചന മാർഗ്ഗങ്ങൾ നടപ്പാക്കാൻ കർഷകർക്ക് പ്രോത്സാഹനം നൽകുക. ഡ്രിപ്പ് ഇറിഗേഷൻ, ലേസർ ലെവലിങ് തുടങ്ങിയ സാങ്കേതിക രീതികൾ ഇതിനായി ഉപയോഗിക്കാൻ കഴിയും. കുറഞ്ഞ അളവിൽ വെള്ളം ആവശ്യമായ കൃഷി പ്രോത്സാഹിപ്പിക്കുക. മണ്ണിന്റെ സ്വാഭാവിക ഘടന നിലനിർത്താൻ ഉതകുന്ന തരത്തിൽ ഓർഗാനിക് കൃഷി രീതികൾ പരമാവധി ഉപയോഗപ്പെടുത്തുക.

ഭൂഗർഭജലം ഊറ്റുന്നത് നിയന്ത്രിക്കുക : ഭൂഗർഭജലം ഊറ്റുന്നതിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക. കുഴൽ കിണറുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക, ഭൂഗർഭജലം റീചാർജ് ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയ നടപടികൾ ഇതിനായി സ്വീകരിക്കാവുന്നതാണ്. അമിത ജലചൂഷണം തടയുന്നതിനും സുസ്ഥിരമായ ഉപയോഗം ഉറപ്പാക്കുന്നതിനുമായി കുഴൽ ക്കിണറുകൾ സാമൂഹികമായി ഉപയോഗിക്കുന്ന തരത്തിൽ നിർമ്മിക്കുക.

ജലസംബന്ധമായ ഭരണസംവിധാനങ്ങൾ ശക്തിപ്പെടുത്തുക : പ്രാദേശിക, സംസ്ഥാന, ദേശീയതലങ്ങളിൽ ഇതിനായി അടിസ്ഥാന പരമായ സംവിധാനങ്ങൾക്ക് രൂപം നൽകണം. ജലസ്രോതസുകളുടെ നിയന്ത്രണം, വിതരണം തുടങ്ങിയ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് ശക്തമായ നിയമസംവിധാനങ്ങൾ ആവശ്യമാണ്. ഇതിന് സർക്കാർ ഏജൻസികൾ, സാമൂഹ്യ സംഘടനകൾ, വിവിധ സംഘടനകൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കേണ്ടതുണ്ട്.

ഗവേഷണം, നൂതന ആശയങ്ങൾ പ്രാവർത്തികമാക്കൽ തുടങ്ങിയ കാര്യങ്ങളിൽ മുതൽമുടക്കുക : ജലം സംരക്ഷിക്കുന്നതിന് ആവശ്യമായ നൂതന ആശയങ്ങളെയും സാങ്കേതിക വിദ്യയേയും പ്രോത്സാഹിപ്പിക്കുക. ജലശുദ്ധീകരണം, മികച്ച നിയന്ത്രണ രീതികൾ എന്നിവയുടെ കാര്യത്തിലും ഇത് ആവശ്യമാണ്. ഇന്ത്യയുടെ കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയ്ക്ക് ഇണങ്ങുന്ന വിധത്തിലുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് പ്രോത്സാഹനം നൽകുക.

കാലാവസ്ഥാ വ്യതിയാനം ഉളവാക്കുന്ന പ്രശ്നങ്ങൾ നേരിടുക : കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പരിഹാര നിർദേശങ്ങൾ ജലസ്രോതസുകളുടെ കാര്യത്തിലെ ആസൂത്രണം നിയന്ത്രണം തുടങ്ങിയ കാര്യങ്ങളുമായി സമന്വയിപ്പിക്കേണ്ടത് ആവശ്യമാണ്. വനവത്കരണം, നീർത്തട സംരക്ഷണം, ജലത്തിന്റെ മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്ന തിനുള്ള നീക്കങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുക.

പൊതു-സ്വകാര്യ സഹകരണം പ്രോത്സാഹി പ്പിക്കുക: സ്രോതസുകൾ സംരക്ഷിക്കുന്നതിനും വൈദഗ്ദ്യം ഉയർത്തുന്നതിനും സർക്കാർ ഏജൻസികൾ, സ്വകാര്യ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയ ഏജൻസികളെ പരമാവധി പ്രയോ ജനപ്പെടുത്തുക. ജല അധിഷ്ഠിതമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കു ന്നതിന് പൊതു – സ്വകാര്യ സഹകരണത്തിന്റെ സാദ്ധ്യതകൾ ആരായുക.

പ്രാദേശിക സമൂഹങ്ങളെ ശക്തിപ്പെടുത്തുക : പ്രാദേശിക അടിസ്ഥാനത്തിൽ ജലത്തിന്റെ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി പ്രാദേശിക ജനവിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്ന സമീപനങ്ങൾ സ്വീകരിക്കുക .

ഇത്തരത്തിലുള്ള ശുപാർശകൾ യഥാവിധി

പ്രാവർത്തികമാക്കുന്നത് വഴി ജല സ്രോതസു കളുടെ സംരക്ഷണം ഉറപ്പാക്കുന്ന കാര്യത്തിലും സുസ്ഥിരമായ നിയന്ത്രണത്തിന്റെ കാര്യത്തിലും ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ നല്ലൊരു പരിധി വരെ മറി കടക്കാൻ കഴിയുന്നതാണ്. ജലത്തിന്റെ സംരക്ഷണം, ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കൽ തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ സമഗ്രമായ ഒരു സമീ പനത്തിനാണ് രാജ്യം മുൻതൂക്കം നൽകേണ്ടത്.

■

(ഡോ. വിദ്യ വി ദേവൻ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക)

## References

1 Amruta Patil, "Water Resources in India - Geography Notes", PREEP (Nov 6, 2023), available at : https://prepp.in/news/e-492-water-resources-in-india-geography-notes

2 Amruta Patil, Water Resources in Ind

3 National Compilation on DYNAMIC GROUND WATER RESOURCES OF INDIA, 2023, Central Ground Water Board Department of Water Resources, River Development & Ganga Rejuvenation Ministry of Jal Shakti Government of India, September 2023, available at: https://cdnbbsr.s3waas.gov.in/s3a70dc40477bc2adceef4d2c90f47eb82/uploads/2023/12/20231206209724415.pdf.

4 National Compilation on DYNAMIC GROUND

5 Ishan Kukreti, "India exported 3,850,431 litres of water since 2015, mostly to China: Govt, DOWN TO EARTH", (Feb. 05,2021) https://www.downtoearth.org.in/news/water/india-exported-3-850-431-litres-of-water-since-2015-mostly-to-china-govt-75411#:~:text.

6 Ishan Kukreti, India exported

7 "Climate Change Impacts on Water Resources in India", available at: http://www.indiaenvironmentportal.org.in/files/india-climate-5-water-DEFRA.pdf ( last visited on Feb 17,2024).

8 "Role of Climate Change in Indian Monsoon", available at: https://www.iasparliament.com/current-affairs/roleofclimatechangeinindianmonsoon, (last visited 0n Feb. 16, 2024).

9 "Climate change" https://www.who.int/health-topics/climate-change#tab=tab_1(last visited on 17th Feb. 2024).

10 "How Climate Change Impacts Water Access" https://education.nationalgeographic.org/resource/how-climate-change-impacts-water-access/ (last visited on 17th Feb. 2024).

11 "Water Topics" United States Environmental protection Agency, https://www.epa.gov/environmental-topics/water-topics (last visited on 17th Feb. 2024).

12 Kerala Irrigation and Water Conservation Act, 2003 (Act 31 of 2003) UN ENVIRONMENT PROGRAM, https://leap.unep.org/en/countries/in/national-legislation/kerala-irrigation-and-water-conservation-act-2003-act-no-31-2003(last visited Dec. 20, 2023).

13 AIRONLINE 1996 SC 711

14 AIR 1988 SC 1037

15 "Water - Climate Action Pathway", United Nations Climate Change, https://unfccc.int/climate-action/

marrakech-partnership/reporting-tracking/pathways/water-climate-action-pathway(last visited on 17th Feb. 2024).

16 "International Decade for Action 'water for life' 2005-2015" https://www.un.org/waterforlifedecade/transboundary_waters.shtml#:~:text=The%20UNECE%20Convention%20on%20the,transboundary%20surface%20waters%20and%20groundwaters (last visited on 17th Feb. 2024).

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

# സാമൂഹ്യവും സാമ്പത്തികവുമായ വികസന സാദ്ധ്യതകൾ തുറക്കുന്ന കേരളം

ഡോ. പി കെ സുരേഷ്, ഡോ. മേരി ജോസഫ് ടി

**സംഗ്രഹം**

ഇന്ത്യയുടെ വികസന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളിലൊന്നാണ് സംസ്ഥാനങ്ങളുടെ സ്വയംപര്യാപ്തത എന്നത്. ആഗോളതലത്തിൽ പരിശോധിക്കുമ്പോൾ, പ്രത്യേകിച്ച് കോവിഡ് മഹാമാരിക്ക് ശേഷം, രാജ്യങ്ങൾ തൊഴിലിന്റെ കാര്യത്തിൽ പ്രാദേശിക വിഭവ സ്രോതസുകൾക്കും ഘടകങ്ങൾക്കും കൂടുതൽ മുൻതൂക്കം നൽകുന്നതായി കാണാം. ഇന്ത്യയുടെ കാര്യം പരിഗണിക്കുമ്പോൾ കാർഷിക മേഖലയെയും വ്യവസായങ്ങളെയും അടിസ്ഥാനമാക്കിയാണ് വികസനം നിലകൊള്ളുന്നത്. കൂടുതൽ മൂല്യവർധിത ഉത്പന്നങ്ങൾ, പ്രത്യേക ആവശ്യങ്ങൾക്കുള്ള ഉത്പന്നങ്ങൾ എന്നിവയുടെ ഉല്പാദനവും അവയുടെ വിപണി സാദ്ധ്യതകൾ തുറന്നെടുക്കുന്നതുമാണ് വ്യാവസായിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതെന്ന് കാണാം.

നിലവിലെ സാമൂഹ്യ, സാമ്പത്തിക സാഹചര്യത്തിൽ കേരളത്തിന്റെ വികസന സാധ്യതകളെ കുറിച്ചുള്ള ഒരു അന്വേഷണമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം, പ്രത്യേകിച്ച് വ്യവസായം, കൃഷി, വിനോദസഞ്ചാരം എന്നീ മേഖലകളിൽ. അതുപോലെ വികസന പ്രവർത്തനങ്ങളിൽ കുടുംബശ്രീ അടക്കമുള്ള വിവിധ ഏജൻസികളുടെ പങ്കാളിത്തത്തെ കുറിച്ചും ഇതിൽ ചർച്ച ചെയ്യുന്നു.

കാർഷിക മേഖലയുടെ വികസനത്തിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനെ കുറിച്ചും മൂല്യവർധിത കാർഷികോത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചും ലേഖനം ചർച്ച ചെയ്യുന്നുണ്ട്. അതുപോലെ ടൂറിസം വികസനം, വ്യവസായ മേഖലയുടെ വികസനം തുടങ്ങിയ വിഷയങ്ങളും ഇതിൽ പ്രതിപാദിക്കുന്നു. ഇതോടൊപ്പം തന്നെ സുസ്ഥിരമായ ഒരു സമ്പദ്ഘടനയുടെ വികാസത്തിന് ഉപയുക്തമാകുന്ന വിധത്തിൽ പ്രകൃതി ക്ഷോഭങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതും പഠനവിധേയമാക്കുന്നുണ്ട്.

**പ്രധാന വാക്കുകൾ :** സമ്പദ്ഘടന, എം എസ് എം ഇ, കുടുംബശ്രീ, വ്യവസായം

**1. ആമുഖം**

സമ്പദ്ഘടനയുടെ ആഗോളവത്കരണവും ഉദാരവത്കരണ നയസമീപനങ്ങൾ സ്വീകരിച്ചതും വഴിയായി ഇന്ത്യയിലേക്കുള്ള വിദേശ നിക്ഷേപത്തിൽ കാര്യമായ വർധന ഉണ്ടായിട്ടുണ്ട് മികച്ച തൊഴിലാളികളുടെ ലഭ്യത, അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കുന്ന സർക്കാർ സമീപനങ്ങൾ, നല്ല വ്യവസായ അന്തരീക്ഷം തുടങ്ങിയ കാര്യങ്ങളിൽ ഇന്ത്യ ഇന്ന് മെച്ചപ്പെട്ട അവസ്ഥയിലാണ്. കേരളത്തി

ലാകട്ടെ, അനുയോജ്യമായ സാഹചര്യങ്ങളുണ്ടെങ്കിലും വ്യവസായ, സാമ്പത്തിക വളർച്ച വലിയ വെല്ലുവിളികൾ നേരിടുന്നതായി കാണാം.

സംസ്ഥാനത്തെ ഓരോ വകുപ്പിന്റെയും നേട്ടങ്ങൾ, നയങ്ങൾ, പരിപാടികൾ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ 2024 ജനുവരിയിൽ പ്രസിദ്ധീകരിച്ച 'കേരള എക്കണോമിക്കൽ റിവ്യൂവിൽ' ഉൾപ്പെടുത്തിയിട്ടുണ്ട് കേരളത്തിലെ സാമ്പത്തിക മേഖലയുടെ അടിസ്ഥാനം, തൊഴിൽ സംസ്കാരം തുടങ്ങിയ ഘടകങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്.

ഈ ലേഖനത്തിന് ആവശ്യമായ വിവരങ്ങൾ 2023 ലെ കേരള എക്കണോമിക്കൽ റിവ്യൂവിലെ വിവിധ അധ്യായങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ്. കാർഷിക മേഖലയും അനുബന്ധ വിഭാഗങ്ങളും എന്ന മൂന്നാം അധ്യായം, 3.1 കൃഷി, 3.2 കേരളത്തിലെ സഹകരണ മേഖല, 3.7 പരിസ്ഥിതി, 3.8 ഭക്ഷ്യസുരക്ഷയും പൊതു വിതരണ സമ്പ്രദായവും എന്നീ ഭാഗങ്ങളും ഈ പഠനത്തിന്റെ ആവശ്യത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നാലാം അധ്യായമായ മാനുഫാക്റ്ററിങ് മേഖലയിൽ നിന്നും 4.1 കേരളത്തിന്റെ വ്യവസായ വൽക്കരണം, 4.2 മാനുഫാക്റ്ററിങ് മേഖല, 4.3 പൊതുമേഖലാ സ്ഥാപനങ്ങൾ, 4.4 സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾ (എം എസ് എം ഇ), 4.5 ഭക്ഷ്യസംസ്കരണം, 5.3 വിനോദസഞ്ചാരം എന്നീ ഭാഗങ്ങളിൽ നിന്നുള്ള വിവരങ്ങളും ഈ ലേഖനത്തിനായി ഉപയോഗിച്ചിട്ടുണ്ട് കേരളത്തിലെ വിനോദസഞ്ചാര മേഖല, കുടുംബശ്രീ സ്ഥാപനങ്ങൾ തുടങ്ങിയ സംബന്ധിച്ച ഗവേഷണ പ്രബന്ധങ്ങളിൽ നിന്നുള്ള വിവരങ്ങളും പ്രയോജനപ്പെടു ത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്ന ചില നിർദേശങ്ങൾ ഈ പഠനം മുന്നോട്ട് വയ്ക്കുന്നു.

## 2. കേരളം – മേഖല തിരിച്ചുള്ള അവലോകനം

### 2.1. കൃഷിയും അനുബന്ധ മേഖലകളും

തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ഭക്ഷ്യസുരക്ഷ, കമ്പനികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, ജീവനോപാധികൾ സൃഷ്ടിക്കൽ തുടങ്ങിയ നിരവധി മേഖലകളിൽ കൃഷി നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ഗ്രാമീണ മേഖലയിൽ നവോന്മേഷം പകരുന്നു എന്നതും അതിന്റെ പ്രാധാന്യമാണ്. കേരളത്തിൽ ഏറ്റവും അടിസ്ഥാനപരമായ ജീവനോപാധി എന്നത് കാർഷിക മേഖല തന്നെയാണ്. കേരളത്തിന്റെ വൈവിധ്യമാർന്ന കാലാവസ്ഥാ, കാർഷിക സ്ഥിതി എന്നിവ പല തരത്തിലുള്ള വിളവുകൾ കൃഷി ചെയ്യാൻ സഹായകമായ വിധത്തിലുള്ളതാണ്. തോട്ടവിളകൾ, നാണ്യവിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ, ഭക്ഷ്യ വിഭവങ്ങൾ തുടങ്ങിയ പല ഉത്പന്നങ്ങളും സംസ്ഥാനത്ത് കൃഷി ചെയ്ത് വരുന്നു. എന്നാൽ കഴിഞ്ഞ ഒരു ദശകമായി കാർഷിക മേഖലയിൽ കാര്യമായ വളർച്ച ഉണ്ടാകുന്നില്ല എന്നതാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം. സഹകരണാടിസ്ഥാനത്തിൽ കൃഷി നടപ്പാക്കുക, മൂല്യവർധന വരുത്തുക, കർഷകരുടെ കൂട്ടായ്മകൾ വഴിയായി വിവിധ സേവനങ്ങൾ ലഭ്യമാക്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നു വരുന്നു. സാമ്പത്തിക റിവ്യൂ ചൂണ്ടിക്കാട്ടുന്നത്, കാർഷിക രംഗത്ത് ഉത്പാദനം, വിപണനം എന്നിവ അടിമുടി പരിഷ്കരിക്കണം എന്നാണ്. വിപണന മേഖലയിൽ സഹകരണ മേഖലയുടെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിയണം. ഓരോ വിളവിനും അനുസൃതമായ ഒരു മൂല്യശൃംഖല സൃഷ്ടിക്കേണ്ടത് അനിവാര്യമായ കാര്യമാണ്. കാർഷിക മേഖല കൂടുതൽ ശക്തമാകുന്നതിനും

കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ഇത് ആവശ്യമാണ്.

മണ്ണ് പരിശോധന അടിസ്ഥാനമാക്കി അതനുസരിച്ചുള്ള വിളകൾ കൃഷി ചെയ്യുന്ന രീതി പ്രാവർത്തികമാക്കണമെന്നാണ് സാമ്പത്തിക റിവ്യൂ വ്യക്തമാക്കിയിരിക്കുന്നത്. ഭൗതികവും രാസപരവുമായ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ മണ്ണ് തരംതിരിക്കുക എന്നത് പ്രധാനമാണ്. ഗ്രാമീണ, നഗര മേഖലകളിൽ മൊത്ത വില്പനക്കും ചില്ലറ വില്പനക്കും ആവശ്യമായ വിപണന ശൃംഖല സൃഷ്ടിക്കേണ്ടതുണ്ട്. അതുപോലെ വിവരങ്ങൾ നൽകുന്നതിനും മാർക്കറ്റ് ഇന്റലിജൻസിനും ആവശ്യമായ സൗകര്യങ്ങൾ ക്രമീകരിക്കാൻ കഴിയണം. കാർഷിക ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് മികച്ച ശൃംഖലയും സൃഷ്ടിക്കേണ്ടതുണ്ട്. (ഇക്കണോമിക് റിവ്യൂ, പേജ് 77)

2018 ൽ രൂപീകരിച്ച 'കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ' വിവിധ മേഖലകളിലെ സേവനദാതാക്കളുടെ സഹകരണവും മേൽനോട്ടവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു സംവിധാനമാണ്. കൃഷിയിടങ്ങൾ ആധാരമാക്കിയുള്ള വികസന സമീപനം സ്വീകരിച്ചു എന്നതാണ് 2022-23 സാമ്പത്തിക വർഷത്തിൽ കാർഷിക വകുപ്പിന് കൈവരിക്കാൻ കഴിഞ്ഞ പ്രധാന നേട്ടം. കർഷകരുടെ വരുമാനം ഉയർത്തുകയും അവരുടെ ജീവിതത്തിന് സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

വിപണനത്തിനും മൂല്യവർദ്ധനയ്ക്കും വേണ്ടി ആസൂത്രണം ചെയ്യപ്പെട്ട ഒരു സ്ഥാപനമാണ് കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ). കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്ന ഒരു പ്രഫഷണൽ ഏജൻസി എന്ന നിലയിലാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്.

### 2.2 കേരളത്തിലെ സഹകരണ മേഖല

സുസ്ഥിര വികസനം, സാമൂഹ്യ വികാസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ദീർഘകാലാടിസ്ഥാന ത്തിലുള്ള വീക്ഷണത്തോടെ പ്രവർത്തിക്കുന്ന മേഖലയാണ് സഹകരണം. ഗ്രാമീണ മേഖലയിൽ ശക്തമായ സ്വാധീനം ഉറപ്പിക്കാൻ കഴിഞ്ഞിട്ടുള്ള സഹകരണ മേഖല ഗ്രാമീണ സമ്പദ്ഘടനയുടെ നട്ടെല്ലാണ് എന്ന് പറയാം. കൃഷി, പാലുത്പാദനം, വനം, മൽസ്യബന്ധനം, ബാങ്കിങ്, വായ്പ തുടങ്ങിയ നിരവധി രംഗങ്ങൾ വഴിയായി ഈ മേഖല സുസ്ഥിരമായ ജീവനോപാധികൾ ജനങ്ങൾക്ക് പ്രദാനം ചെയ്യുന്നു. ജനങ്ങളെ ഒന്നിച്ചണി നിരത്തുന്ന കാര്യത്തിലും അവരുടെ സമ്പാദ്യം പൊതുനന്മക്ക് ഉതകുന്ന വിധത്തിൽ തിരിച്ചുവിടുന്ന കാര്യത്തിലും സഹകരണ മേഖല കേരളത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനു സവിശേഷമായ പങ്കാണ് സഹകരണ മേഖല നിർവഹിക്കുന്നത്. വ്യത്യസ്ത രീതിയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ ഒരു ശൃംഖല കേരളത്തിലുണ്ട്. കാർഷിക വായ്പ, പൊതുവിതരണ സമ്പ്രദായം, കാർഷികോല്പന്ന വിപണനം, ആരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, കാർഷികോല്പന്ന സംസ്കരണം, പട്ടിക ജാതി, പട്ടിക വർഗ്ഗ വികസനം, സ്ത്രീ ശാക്തീകരണം, മൽസ്യബന്ധനം തുടങ്ങിയവ സഹകരണ മേഖല സജീവമായ ചില രംഗങ്ങളാണ്. യുവാക്കളെ കൂടുതലായി ആകർഷിക്കുന്ന തരത്തിൽ ഭാവിയുടെ ഒരു മാർഗം എന്ന നിലയിലാണ് സഹകരണ രംഗം വിലയിരുത്തപ്പെടുന്നത്. കൂടുതൽ ഫണ്ട് കണ്ടെത്തുകയും സാങ്കേതിക മികവ് കൈവരിക്കുകയും ചെയ്യേണ്ടത് ഈ മേഖലയുടെ മുന്നേറ്റത്തിന് ആവശ്യമാണ്. സ്റ്റാർട്ട് അപ്പുകൾ ഉൾപ്പടെ നിരവധി നൂതന

സംരംഭങ്ങൾ ഈ രംഗത്ത് ഉയർന്നു വരേണ്ടതുണ്ട് (സാമ്പത്തിക റിവ്യൂ, 2023, പേജ്-99)

## 2.3. പരിസ്ഥിതിയിലും കാലാവസ്ഥയിലുമുള്ള വ്യതിയാനം

ലോകത്തെമ്പാടുമുള്ള ജനങ്ങളുടെ ജീവിതത്തിന് ഭീഷണി ഉയർത്തുന്നതും പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നതുമായ ഒരു പ്രതിഭാസമാണ് കാലാവസ്ഥാ വ്യതിയാനം. 'ഗ്ലോബൽ ഫോറെസ്റ്റ് സെക്ടർ ഔട്ട്ലുക്ക് 2050' കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ചുള്ള ആശങ്ക ജനിപ്പിക്കുന്ന ചില മുന്നറിയിപ്പുകൾ നൽകുന്നു. ജൈവ വൈവിധ്യം, ആരോഗ്യപരമായ പരിസ്ഥിതി തുടങ്ങിയ കാര്യങ്ങൾക്ക് ഇത് ഭീഷണിയാണ്. പുനരുപയോഗ സാധ്യത കുറഞ്ഞ ഉത്പന്നങ്ങളുടെ ഉപയോഗം ക്രമാതീതമായി ഉയരുന്നത് കാലാവസ്ഥാ വ്യതിയാനത്തിന് ഒരു പ്രധാന കാരണമാണ്. 'നേച്ചർസ് ഫ്രോണ്ടിയേഴ്സ് : അചീവിങ് സസ്റ്റൈനബിലിറ്റി, എഫിഷ്യന്സി ആൻഡ് പ്രോസ്പിരിറ്റി വിത്ത് നാച്ചുറൽ കാപിറ്റൽ' എന്ന ലോക ബാങ്കിന്റെ റിപ്പോർട്ട് വളരെ പ്രധാനപ്പെട്ട ഒന്നാണ്. എവിടെ, എങ്ങനെ രാജ്യങ്ങൾക്ക് സ്വാഭാവിക വിഭവങ്ങൾ പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിൽ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാം എന്നത് ഈ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കേരളത്തിന്റെ പരിതഃസ്ഥിതിക്കും കാലാവസ്ഥാ വ്യതിയാനം ഒരു വലിയ ഭീഷണി തന്നെയാണ്. വികസന മേഖലയിലെ ആസൂത്രണത്തിന്റെ കാര്യത്തിലെ ഒരു പ്രധാന അജണ്ടയായി ഈ വിഷയം മാറിയിട്ടുണ്ട്.

ശുചിത്വം ഉറപ്പാക്കുക, ജലലഭ്യത, ജലസുരക്ഷ, സുരക്ഷിത ഭക്ഷണം എന്നീ ലക്ഷ്യങ്ങളോടെ 2016 ഡിസംബറിലാണ് 'ഹരിത കേരളം മിഷൻ' പ്രവർത്തനം തുടങ്ങിയത്. ഒരു ഹരിത കേരളം സൃഷ്ടിക്കുന്നതിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നേത്രത്വപരമായ പങ്ക് മിഷൻ വഹിക്കുന്നു. ഇതിൽ പ്രധാനമായും മൂന്ന് ഉപമിഷനുകൾ ഉണ്ട്. ശുചിത്വവും മാലിന്യ നിർമ്മാർജ്ജനവും, ജലസംരക്ഷണം, കാർഷിക വികസനം എന്നിവയാണ് ഉപമിഷനുകൾ. ലഭ്യമായ ജലസ്രോതസുകൾ വിശകലനം ചെയ്തു കൊണ്ട് ജലബജറ്റ് തയാറാക്കുക എന്നതിലും ഹരിത മിഷൻ പങ്കാളികളാകുന്നു.

**ഊർജ മാനേജ്മെന്റ്:** കാർബൺ പുറന്തള്ളൽ കുറയ്ക്കുന്ന കാര്യത്തിൽ അംഗൻജ്യോതി, ചൈതന്യം, ഊർജ്ജയ്ൻ തുടങ്ങിയ പദ്ധതികൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. ഊർജത്തിന്റെ സംരക്ഷണ രംഗത്ത് സാങ്കേതിക വൈദഗ്ദ്യം, നൂതന ആശയങ്ങൾ, ബിസിനസ് ഇൻകുബേഷൻ എന്നിവ നിർണ്ണായകമായ പങ്ക് വഹിക്കുന്നതായി കാണാം. 83 വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഇതിനകം ഹരിത ടൂറിസം കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. നവകേരളം പദ്ധതിക്ക് കീഴിലുള്ള 'നെറ്റ് സീറോ കാർബൺ എഫേർട്സ്' ആണ് മറ്റൊരു പ്രധാനപ്പെട്ട പദ്ധതി. നെറ്റ് സീറോ കാർബൺ കേരളം എന്ന പദ്ധതിക്ക് നേതൃത്വം നൽകുന്നത് ഹരിത കേരളം മിഷനാണ്. 2050 ൽ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ഇതിന്റെ പ്രധാന ദൗത്യം. ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ തോത് കുറയ്ക്കുക, കാർബൺ ബാലൻസിംഗ് സാധ്യമാക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് ഇത് മുൻതൂക്കം നൽകുന്നത്.

വിനോദസഞ്ചാര കേന്ദ്രങ്ങളും അവയിലേക്കുള്ള യാത്രാമാർഗ്ഗങ്ങളും ഹരിത പെരുമാറ്റ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതുണ്ട്. കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഏതാനും വിനോദ സഞ്ചാര കേന്ദ്രങ്ങൾ

മാതൃക ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. മൂന്ന് ഉപമിഷനുകൾക്ക് കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾ വഴിയാണ് ഇത് നടപ്പാക്കിയിരിക്കുന്നത്. കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ശുചിത്വം, മാലിന്യ നിർമാർജനം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിലും കാതലായ മാറ്റം കൊണ്ട് വരാൻ ഹരിത കേരള മിഷന് കഴിഞ്ഞിട്ടുണ്ട് (സാമ്പത്തിക റിവ്യൂ, 2023, പേജ് 153).

**2.4. ഭക്ഷ്യസുരക്ഷയും പൊതുവിതരണ സംവിധാനവും**

കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സംവിധാനങ്ങളിലൊന്നാണ്. റേഷൻ സമ്പ്രദായം സാർവത്രികമാക്കുക എന്നതടക്കമുള്ള നിരവധി നേട്ടങ്ങൾ ഈ രംഗത്ത് കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പാണ് ഇക്കാര്യത്തിൽ നേതൃത്വപരമായ ചുമതലകൾ നിർവഹിക്കുന്നത്. (സാമ്പത്തിക റിവ്യൂ, 2023, പേജ് 165).

**2.5. മാനുഫാക്ചറിങ് മേഖല**

ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുക, കയറ്റുമതി ഉയർത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വരുമാനം ഉയർത്തുക തുടങ്ങിയ മേഖലകളിൽ വ്യവസായ, മാനുഫാക്ചറിങ് മേഖലകൾ അതി പ്രധാനമായ പങ്ക് നിർവഹിക്കുന്നു. മൊത്തം മൂല്യ വർധനവിന്റെ കാര്യത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഇന്ത്യയിലെ വ്യവസായ മേഖല വഹിക്കുന്ന പങ്ക് പ്രത്യേകം പ്രസ്താവ്യമാണ്. കഴിഞ്ഞ കുറെ വർഷങ്ങളിലെ ശ്രമങ്ങളുടെ ഫലമായി വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുന്നതിലും വൈവിധ്യവത്കരിക്കുന്നതിലും കേരളത്തിന് ഒട്ടേറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ഏറെ സജീവമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്ന കാര്യത്തിൽ ഇത് പ്രധാനപ്പെട്ട റോളാണ് വഹിച്ചിട്ടുള്ളതെന്ന് കാണാം. വലുപ്പത്തിന്റെ കാര്യമെടുക്കുമ്പോൾ കേരളത്തിലെ മാനുഫാക്റ്ററിങ് മേഖല താരതമ്യേന ചെറുതാണ് എന്ന പരിമിതിയുണ്ട്.

വ്യവസായ മേഖലയുടെ വികസനം ഉറപ്പാക്കുന്ന തരത്തിലുള്ള കൃത്യമായ ഒരു നയസമീപനം കേരളത്തിനുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സംരംഭകരെ പ്രോത്സാഹിപ്പിക്കുക, ബിസിനസിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുക, കേരളമെന്ന ബ്രാൻഡിന്റെ മൂല്യം ഉയർത്തുക തുടങ്ങിയ വൈവിധ്യമാർന്ന കാര്യങ്ങളിൽ ഇത്തരം നയസമീപനങ്ങൾ കാര്യമായ പിന്തുണ നൽകുന്നു. വ്യവസായ മേഖലയിൽ നിക്ഷേപം ഉയർത്തുന്നതിനും ഒപ്പം സംസ്ഥാനത്ത് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' മികച്ചതാക്കുന്നതിനും കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ (കിൻഫ്ര) നിരവധി പദ്ധതികൾ നടപ്പാക്കി വരികയാണ്. നയപരമായ മാറ്റങ്ങൾ അടക്കമുള്ള നിരവധി ഘടകങ്ങൾ ഇന്ത്യയെ ആഗോള വിപണികളുമായി ബന്ധിപ്പിക്കുന്ന കാര്യത്തിൽ കാര്യമായ സഹായം നൽകുന്നുണ്ട്.

മാനുഫാക്ചറിങ് മേഖലയിൽ മികച്ച മത്സരക്ഷമത ഉണ്ടാകുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റവും ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യ ഉപയോഗിക്കുകയും ചെയ്യുക എന്നതും വളരെ പ്രധാനമാണ്. ഇന്ത്യയിലെ മാനുഫാക്ചറിങ് മേഖല ഇതിനനുസൃതമായി സാങ്കേതിക വിദ്യയുടെ നവീകരണം, യന്ത്രവത്കരണം തുടങ്ങിയ മാറ്റങ്ങൾ അതിവേഗം നടപ്പാക്കി വരികയാണ്. ഇത് കാര്യക്ഷമത ഉയർത്തുന്നതിന് പുറമെ ഉത്പാദനം കൂട്ടുകയും ചെയ്യുന്നു.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന

കാര്യത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നല്ല പങ്ക് വഹിക്കുന്നുണ്ട്. പ്രത്യേകിച്ച് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള സംരംഭകരുടെ കാര്യത്തിൽ. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനുള്ള പ്രധാന ഏജൻസിയാണ് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 'ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ' (ബി പി ടി). പൊതു മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം ആസൂത്രണം ചെയ്യുക, അവയെ ഫലപ്രദമായി നിരീക്ഷിക്കുക, ഇത്തരം സ്ഥാപനങ്ങളെ അഴിച്ചു പണിയുക, ഉല്പാദനശേഷി വർധിപ്പിക്കുക, ഗവേണൻസിൽ ആവശ്യമായ ഉപദേശ – നിർദേശങ്ങൾ നൽകുക തുടങ്ങിയ കാര്യങ്ങളാണ് ബി പി ടീയുടെ മുഖ്യ ചുമതലകൾ.

കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി എം ഡി). വ്യവസായ, വാണിജ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഒരു പ്രഫഷണൽ രെജിസ്റ്റേർഡ് സൊസൈറ്റിയായാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ സംരംഭങ്ങൾക്ക് ആവശ്യമായ പ്രഫഷണൽ മാനേജ്മെന്റ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. കൺസൾട്ടൻസി, പ്രോജക്റ്റ് മാനേജ്മെന്റ്, മോണിറ്ററിങ്, ഇവാല്യൂവേഷൻ, മാനവശേഷി മാനേജ്മെന്റ്, പരിശീലനം, വിദ്യാഭ്യാസം, ഗവേഷണം, പൊതു, സ്വകാര്യ പങ്കാളിത്തം (പി പി പി) തുടങ്ങിയ സേവനങ്ങളാണ് ഇതുവഴി നൽകുന്നത്. സ്വകാര്യ മേഖലയിൽ നിന്നടക്കമുള്ള നിക്ഷേപത്തിന് സൗകര്യങ്ങൾ ലഭ്യമാക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുക, ഗവേഷണഫലങ്ങൾ പ്രാവർത്തികമാക്കുക, തുടർച്ചയായ നൈപുണ്യ വികസനം, മാനവശേഷിയുടെ മികച്ച വിനിയോഗം, നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നീക്കങ്ങളാണ് വ്യവസായ പുരോഗതി കൈവരിക്കുന്ന കാര്യത്തിൽ കേരളത്തിന്റെ തന്ത്രം (ഇക്കണോമിക് റിവ്യൂ, 2023, പേജ് – 179).

## 2.6. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം എസ് എം ഇ)

സംരംഭകത്വ വികസനത്തെ മുന്നിൽ നിന്ന് നയിക്കുന്ന ഒരു ചാലകശക്തിയാണ് എം എസ് എം ഇ മേഖല. വലിയ തോതിൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന കാര്യത്തിൽ ഇവ ഇന്ത്യയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. കേരള സർക്കാർ ഈ മേഖലയുടെ സാദ്ധ്യതകൾ തിരിച്ചറിയുകയും അതിന് നല്ല പ്രാധാന്യം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമീണ, പിന്നോക്ക മേഖലകളിൽ വ്യവസായങ്ങൾ തുറക്കുന്ന കാര്യത്തിൽ വളരെ പ്രധാനപ്പെട്ട പങ്ക് ഇവ വഹിക്കുന്നു. ഇത് പ്രാദേശികമായ അസമത്വം കുറയ്ക്കുന്നതിന് പുറമെ ദേശീയ സമ്പത്തിന്റെ സമതുലിതമായ വിതരണം വലിയൊരളവോളം ഉറപ്പാക്കുകയും ചെയ്യുന്നു.

സംരംഭകത്വ വികസനത്തെ സഹായിക്കുന്നു എന്നതിന് പുറമെ ഇൻകുബേഷൻ കേന്ദ്രങ്ങളുടെ വികസനത്തിലും ഇവ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. എം എസ് എം ഇ മേഖലയിൽ മികച്ച സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഇത് പര്യാപ്തമാണ്. പ്രത്യേക വ്യവസായ മേഖലകൾക്ക് ആവശ്യമായ കോമൺ ഫെസിലിറ്റി സെന്ററുകൾ, വ്യവസായ മേഖലകൾ, ക്ലസ്റ്ററുകൾ തുടങ്ങിയ സൗകര്യങ്ങൾ സംസ്ഥാനം ഏർപ്പെടുത്തുന്നു. വിജ്ഞാനം, വിവരങ്ങൾ എന്നിവയുടെ സംവേദനം എന്നിവ വഴിയായി സംരംഭക സംസ്കാരം പടുത്തുയർത്തുന്ന കാര്യത്തിലും വലിയ പങ്കാണ് സംസ്ഥാന സർക്കാർ നിർവഹിക്കുന്നത്. (സാമ്പത്തിക റിവ്യൂ, 2023, പേജ്–195).

**2.7. ഭക്ഷ്യസംസ്കരണം**

കാർഷിക മേഖലയും വ്യവസായ മേഖലയും തമ്മിൽ വളരെ ശക്തമായ ബന്ധം സ്ഥാപിതമാക്കുന്നത് ഭക്ഷ്യ സംസ്കരണ മേഖല വഴിയായാണ്. പരസ്പര സഹകരണം, ഇരു മേഖലകൾക്കും നേട്ടം, കാർഷിക മേഖലയിൽ മൂല്യ വർധിത ശ്രിംഖല തുടങ്ങിയ കാര്യങ്ങൾ ഇതുവഴി ഉണ്ടാകുന്നതായി കാണാം. ഉയർന്ന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ മേഖല ഉത്പന്നങ്ങളുടെ നഷ്ടത്തിന്റെ തോത് കുറയ്ക്കുന്നു, മൂല്യവർധനക്ക് സഹായകമാകുന്നു, അതുപോലെ വിളകളുടെ വൈവിധ്യ വത്കരണത്തെ സഹായിക്കുകയും ചെയ്യുന്നു. കർഷകർക്ക് മികച്ച വരുമാനം ഉറപ്പ് വരുത്തുന്നതിനും തൊഴിലവസരങ്ങൾ കൂട്ടുന്നതിനും കയറ്റുമതി വഴിയായി വരുമാനം ഉയർത്തുന്നതിനും ഇത് സഹായകമാണ്. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ, ഭക്ഷ്യ പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കൽ, ജനങ്ങൾക്ക് പോഷകങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷണം ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങളിലും ഇത് കാര്യമായ സംഭാവനയർപ്പിക്കുന്നു. ആവശ്യമായ സാധങ്ങളുടെ ഉയർന്ന ലഭ്യത, ഭക്ഷണ സാധനങ്ങൾക്കുള്ള ഉയർന്ന ഡിമാൻഡ്, കേന്ദ്രസർക്കാർ നൽകുന്ന പ്രോത്സാഹനം തുടങ്ങിയ ഘടകങ്ങൾ ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പോസിറ്റീവായി സ്വാധീനി ക്കുന്നതായി കാണാം. ജി ഡി പിയിൽ നൽകുന്ന സംഭാവന, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, മുതൽമുടക്ക് തുടങ്ങിയ കാര്യങ്ങളിലും ഈ മേഖല വളരെ പ്രധാനപ്പെട്ട ഒന്നാണ്. മറ്റു മേഖലകളിൽ നിന്നും വ്യത്യസ്തമായി നിരവധി പേർക്കാണ് ഈ മേഖലയിൽ ജോലി ലഭിക്കുന്നത്. ഉല്പാദനത്തിന്റെ കാര്യത്തി ലാണെങ്കിൽ രണ്ടാം സ്ഥാനം കൈവരിക്കുകയും ചെയ്തിരിക്കുന്നു.

വിതരണ ശൃംഖലയിലെ പരിമിതികൾ, വിളവെടുപ്പിന് ശേഷം പ്രാഥമിക ഘട്ടത്തിൽ സംസ്കരണത്തിൽ ഉണ്ടാകുന്ന പാളിച്ചകൾ, വിതരണത്തിനും സംഭരണത്തിനും ആവശ്യമായ സംഭരണ കേന്ദ്രങ്ങളുടെ കുറവ്, വിഭവങ്ങൾ ശേഖരിക്കുന്നതിന് വിപണികളെ മാത്രം ആശ്രയിക്കേണ്ടി വരുന്ന സ്ഥിതി, ഉല്പാദനവും സംസ് കരണവും തമ്മിലുള്ള പരിമിതമായ ബന്ധം, സീസണിൽ മാത്രമായുള്ള പ്രവർത്തനം, കുറഞ്ഞ ഉൽപ്പാദനശേഷി വിനിയോഗം തുടങ്ങിയ നിരവധി വെല്ലുവിളികളാണ് ഭക്ഷ്യസംസ്കരണ മേഖല ഇന്ന് നേരിടുന്നത്. ഗുണമേന്മ, സുരക്ഷിതത്വം തുടങ്ങിയ ഘടകങ്ങൾക്ക് കാര്യമായ മുൻ തൂക്കം നല്കാതിരിക്കൽ, പുതിയ ഉത്പന്നങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിലെ അപര്യാപ്തത, വായ്പ ലഭ്യമാക്കുന്നതിലുള്ള കുറവ്, സംഭരണത്തിനും ചരക്ക് നീക്കത്തിനും ആവശ്യമായ സൗകര്യങ്ങളിലെ പോരായ്മകൾ തുടങ്ങിയ ഘടകങ്ങളും വെല്ലുവിളികൾ ഉയർത്തുന്നുണ്ട്.

ഈ മേഖലയിലെ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും ചെറുകിട, സൂക്ഷ്മ സംരംഭങ്ങളാണ്. അതിനാൽ അവയുടെ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമല്ലാതെ വരുന്നത് ഒരു പ്രധാന തടസമാണ്. ഇത് മറികടക്കുന്നതിന് ഉചിതമായ നടപടികൾ ആവശ്യമാണ്. ലക്ഷ്യഭേദിയായ പ്രോത്സാഹനങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, സംസ്കരണ ശേഷി ഉയർത്തുന്നതിന് ആവശ്യമായ മുതൽ മുടക്ക് തുടങ്ങിയ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഗ്രേഡിംഗ്, പായ്ക്കിങ് കേന്ദ്രങ്ങൾ, നിയന്ത്രിതമായ അന്തരീക്ഷം സൃഷ്ടിക്കൽ, റീഫർ വാനുകൾ, തുറമുഖങ്ങൾ, എയർപോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സെന്ററുകളിൽ ശീതീകരണ സംഭരണികൾ, പരിശോധനാ ലബോറട്ടറികൾ, മറ്റു അടിസ്ഥാന

സൗകര്യങ്ങൾ, നൈപുണ്യ പരിശീലനം, വിപണനത്തിന് ആവശ്യമായ പിന്തുണ തുടങ്ങിയ മേഖലകളിൽ കൂടുതൽ നിക്ഷേപം ഇത് ആവശ്യമാക്കുന്നു.

ഇപ്രകാരം സംസ്കരിക്കുന്ന ഭക്ഷ്യ ഉത്പന്നങ്ങൾക്ക് മികച്ച കയറ്റുമതി സാധ്യതകളാണുള്ളത്. ആഭ്യന്തര മാർക്കറ്റുകളിലും അവയ്ക്ക് ആവശ്യക്കാർ ധാരാളമുണ്ട്. ഇത് ബോധ്യപെടുത്തുന്നതിന് കാർഷിക ഉത്പാദനത്തെ വിപണികളുമായി കൂട്ടിയിണക്കേണ്ടതുണ്ട്. അതിന് കർഷകർ, സംസ്കരണ രംഗത്തുള്ളവർ, ചില്ലറ വിൽപനക്കാർ തുടങ്ങിയവരെ തമ്മിൽ ബന്ധിപ്പിക്കേണ്ടതുണ്ട്. മികച്ച വിപണന തന്ത്രങ്ങൾ, ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കൽ, ഗുണമേന്മയുള്ള അസംസ്കൃത സാധനങ്ങൾ സ്ഥിരമായ വിലയ്ക്ക് തടസം കൂടാതെ ലഭ്യമാക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഇത് സാധിതപ്രായമാക്കാവുന്നതാണ്. ഇത്തരം നടപടികൾ വഴിയായി മികച്ച കാർഷിക മേഖലകൾ പടുത്തുയർത്തുന്നതിനും ഒപ്പം കർഷകരുടെ വരുമാനം ഉയർത്തുന്നതിനും നമുക്ക് കഴിയുന്നതാണ് (സാമ്പത്തിക റിവ്യൂ, 2023, പേജ്-205)

### 2.8. വിനോദസഞ്ചാര മേഖല

വിനോദസഞ്ചാര മേഖല കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുറമെ, നമ്മുടെ സമൂഹത്തെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന കാര്യത്തിൽ നിർണ്ണായക കണ്ണിയായി മാറുകയും ചെയ്യുന്നു. പ്രാദേശിക സമൂഹങ്ങളുടെയും, പരമ്പരാഗത വ്യവസായ മേഖലയുടെയും സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിലും ഈ മേഖല വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. സാംസ്കാരികമായ നിരവധി കേന്ദ്രങ്ങളും ചരിത്ര പ്രാധ്യാന്യമുള്ള സ്ഥലങ്ങളും, പാരിസ്ഥിതിക വൈവിധ്യവും ഉൾക്കൊള്ളുന്ന ഇന്ത്യക്ക് വിനോദ സഞ്ചാര രംഗത്ത് വലിയ സാധ്യതകളാണുള്ളത്. രാജ്യത്തേക്ക് വിദേശനാണ്യം എത്തിക്കുന്നതിനും വലിയ സംഭാവന ഈ മേഖല നൽകുന്നു. രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിലും ഇതിന്റെ നേട്ടങ്ങൾ എത്തുന്നു എന്നതും ഒരു പ്രത്യേകതയാണ്. യുവാക്കൾ, സ്ത്രീകൾ, പാർശ്വവത്കരിക്കപ്പെട്ടവർ തുടങ്ങിയവർക്ക് കൂടുതൽ തൊഴിലവസരങ്ങളും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അവസരങ്ങളും ടൂറിസം മേഖല നൽകുന്നു.

ആഗോളതലത്തിൽ അറിയപ്പെടുന്ന ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ് കേരളം. കടൽത്തീരങ്ങൾ, കായലുകൾ, മലനിരകൾ, വനങ്ങൾ തുടങ്ങിയ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഘടകങ്ങൾ വേണ്ടുവോളമുള്ള കേരളം ഇന്ത്യയിലെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്. കേരളത്തിലെ ടൂറിസം വകുപ്പ് രാജ്യാന്തര തലത്തിൽ നിന്നും രാജ്യത്തിനകത്ത് നിന്നുമുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഈ മേഖലയെ മാർക്കറ്റ് ചെയ്യുന്നതിന് ആധുനിക വിവര സാങ്കേതിക മേഖലയിലെ സൗകര്യങ്ങൾ കേരളം പ്രയോജനപ്പെടുത്തി വരുന്നു. വിദേശത്തും ഇന്ത്യയിലും നടത്തുന്ന പ്രചാരണ കാമ്പയിനുകൾ, ബ്രാൻഡിംഗ്, വിവിധ തലങ്ങളിലുള്ള സഹകരണം, ഇവന്റുകൾ മാർക്കറ്റ് ചെയ്യുന്നതിന് സ്പോൺസർഷിപ്പ് നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും കേരള ടൂറിസം വകുപ്പ് നിർവഹിച്ചു വരുന്നത്.

ഗ്രാമങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും വികസനത്തിൽ ടൂറിസം ഒരു പ്രധാന മാർഗമായി മാറിയിട്ടുണ്ട്. ദാരിദ്ര്യ നിർമാർജനം, സ്ത്രീ ശാക്തീകരണം തുടങ്ങിയ മേഖലകളിൽ ഇതിന് വലിയ പ്രാധാന്യം കാണാം. ഇക്കാര്യങ്ങളിൽ ഒരു പ്രധാന ഉപാധിയാണ് ഉത്തരവാദിത്ത ടൂറിസം അഥവാ റെസ്പോൺസിബിൾ

ടൂറിസം (ആർ ടി). കർഷകർ, പരമ്പരാഗത കരകൗശലക്കാർ തുടങ്ങിയവർക്ക് ഇതു വഴിയായി അധിക വരുമാനം ലഭ്യമാക്കുക എന്നത് ഈ മിഷന്റെ ഒരു പ്രധാന ദൗത്യമാണ്. ടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. അവിടങ്ങളിൽ പുതിയ സൗകര്യങ്ങളും ഉത്പന്നങ്ങളും ലഭ്യമാക്കുക, പ്രാദേശിക ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യവും വരുമാനവും ഉറപ്പാക്കുക, കേരളത്തിന്റെ സാംസ്കാരികവും പ്രകൃതി ദത്തവുമായ തനിമ നിലനിർത്തുക തുടങ്ങിയ കാര്യങ്ങളും ഇതിന്റെ ഭാഗമായി ടൂറിസം വകുപ്പ് നിരവഹിക്കേണ്ടതുണ്ട്. ആഗോളതലത്തിൽ മികച്ച നിലവാരമുള്ള ഒരു ടൂറിസം കേന്ദ്രമായി കേരളത്തെ വളർത്തുന്നതിന് ഇത്തരം കാര്യങ്ങൾ നിർണ്ണായകമാണ്.

വിനോദസഞ്ചാര, ഹോസ്പിറ്റാലിറ്റി മേഖലകൾ പരസ്പര പൂരകമായി പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ ക്കിണങ്ങുന്ന തരത്തിലുള്ള സേവനങ്ങൾ, സുസ്ഥിര ടൂറിസം പ്രവർത്തനങ്ങൾ, സാങ്കേതിക വിദ്യയുടെ സമന്വയം, മാറ്റങ്ങൾക്കനുസൃതമായി പരിവർത്തനം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ രംഗത്ത് വേണ്ടതാണ്. ഈ മേഖലയിൽ ആവശ്യമായ തൊഴിൽ നൈപുണ്യം ഉറപ്പ് വരുത്തുന്നതിന് സമഗ്രമായ വിദ്യാഭ്യാസ സമ്പ്രദായവും ഉണ്ടാകേണ്ടതുണ്ട്. വിനോദ സഞ്ചാര മേഖലയുടെ നാനാവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന തരത്തിൽ സമഗ്രമായ ഒരു മാസ്റ്റർ പ്ലാനിന് സംസ്ഥാനം രൂപം നൽകേണ്ടതാണ്. സ്വകാര്യ മേഖലക്ക് നിക്ഷേപം നടത്തുന്നതിന് ഉതകുന്ന വിധത്തിലുള്ള സാഹചര്യം സംജാത മാക്കണം. മികച്ച അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, താമസ സൗകര്യങ്ങൾ മുതലായ കാര്യങ്ങളിൽ കേരളം കൂടുതൽ ഊന്നൽ നൽകണം.

വിസ്തൃതമായ കായൽപ്പരപ്പ് കൊണ്ടും ഇക്കോ ടൂറിസം പദ്ധതികൾ കൊണ്ടും കേരളം ഏറെ പ്രശസ്തമാണ്. സംസ്ഥാനത്തിന്റെ സംസ്കാരവും പാരമ്പര്യവും ഒന്ന് വേറെ തന്നെയാണ്. അതുപോലെ തന്നെ ജനസംഖ്യ വൈവിധ്യവും. ഇതെല്ലാം കേരളത്തെ ലോകത്തെ ഏറ്റവും മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാക്കി മാറ്റിയിരിക്കുന്നു. മനോഹരമായ കടൽത്തീരങ്ങൾ, വനങ്ങൾ, വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ, മലയോര മേഖലകൾ, കലകൾ, ഉത്സവങ്ങൾ, ഉൾനാടൻ ജലാശയങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങൾ കേരളത്തെ സഞ്ചാരികൾക്ക് പ്രിയപ്പെട്ട ഒരിടമാക്കി മാറ്റിയിരിക്കുന്നു.

തൊള്ളായിരത്തി എൺപതുകൾ മുതൽ വിനോദസഞ്ചര മേഖല കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. അതു കൊണ്ട് സുസ്ഥിര ടൂറിസം വികസന സമീപനങ്ങൾ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് അവശ്യം വേണ്ടുന്ന കാര്യമാണ്. ടൂറിസത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതും പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്ന വിധത്തിലുള്ളതു മാകണം ഇത്. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവും ആയ എല്ലാ ആശങ്കകളും ഒഴിവാക്കുന്ന തരത്തിലുള്ള ഈ നയസമീപനം ഉൾക്കൊള്ളുന്നതായാൽ കേരളത്തിന് സഞ്ചാരികൾക്ക് ഓർമ്മയിൽ എന്നും തങ്ങി നിൽക്കുന്ന അനുഭവങ്ങൾ പകർന്നു നല്കാൻ കഴിയും.

വിനോദ സഞ്ചാര കേന്ദ്രങ്ങളോട് ചേർന്ന് കിടക്കുന്ന ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ് സുസ്ഥിര ടൂറിസം. അതാത് പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് അവിടെ ബിസിനസ് നടത്തി ജീവിക്കാൻ ഉതകുന്ന വിധത്തിൽ പദ്ധതികൾ വരണം. പരിസ്ഥിതി സംരക്ഷണം എന്ന ആശയം അവരുടെ ഉത്തരവാദിത്വം എന്ന നിലയിലേക്ക് മാറ്റാൻ

കഴിയണം.

പ്രാദേശികമായി അധിവസിക്കുന്ന ജനങ്ങൾക്ക് ഗൈഡുകൾ, ശുചീകരണ തൊഴിലാളികൾ തുടങ്ങിയ ജോലികളിൽ ഏർപെടുവാൻ കഴിയുന്നതാണ്. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്ന കാര്യത്തിൽ അത് വലിയ പങ്ക് വഹിക്കുന്നു. സുസ്ഥിര ടൂറിസം മോഡൽ യാത്രികർക്ക് ഗുണമേന്മയുള്ള ടൂറിസം അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു. അത് ഭാഷ, ലിംഗം തുടങ്ങിയ വേർതിരിവുകളില്ലാതെ എല്ലാ വിഭാഗങ്ങളിൽ പെട്ട വിനോദ സഞ്ചാരികൾക്കും ഉൽകൃഷ്ടമായ യാത്രാനുഭവങ്ങൾ പകർന്ന് നൽകുന്നു. (ജോർജ് സെബാസ്റ്റ്യൻ, 2021)

സുസ്ഥിര വികസനലക്ഷ്യങ്ങളുമായി ചേർന്ന് പോകുന്നമറ്റൊരു പ്രധാന ചുവടുവയ്പ്പാണ് ഹോം സ്റ്റേകൾ. അത് ടൂറിസ്റ്റുകൾക്ക് തദ്ദേശീയമായ സാമൂഹ്യ, സാംസ്കാരിക അനുഭവങ്ങൾ പകർന്നു നൽകുന്ന കാര്യത്തിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നു. പരിസ്ഥിതിയെ സംരക്ഷിക്കുന്ന തരത്തിലുള്ള സാമ്പത്തിക വളർച്ച എന്നത് ഒരു വെല്ലുവിളി തന്നെയാണ്. കേരളത്തിലേക്ക് വിനോദസഞ്ചാരികൾ വരുന്നത് തീരങ്ങളുടെ മനോഹാരിത ആസ്വദിക്കുന്നതിനും മലയോര മേഖലയുടെ സൗന്ദര്യം നുകരുന്നതിനും വെള്ളച്ചാട്ടങ്ങൾ, ഹൗസ് ബോട്ടുകൾ, ഉല്സവങ്ങൾ, തനത് ഭക്ഷണ രീതികൾ എന്നിവ ആസ്വദിക്കുന്നതിനുമാണ്. അതുകൊണ്ട് സുസ്ഥിര വികസനം ടൂറിസം രംഗത്ത് പ്രവർത്തികമാക്കുന്നതിന് പരിശീലനവും വികസനവും ആവശ്യമാണെന്ന് നിഗമനം ഈ പഠനത്തിനുണ്ട്. ഹോംസ്റ്റേകൾ വഴിയായി സുസ്ഥിര വികസനം സാധ്യമാക്കുക എന്നത് തീർച്ചയായും അതാത് പ്രദേശങ്ങളിലെ ജനസമൂഹം കൂടി ഉൾപ്പെടുന്ന ഒരു ടീം വർക്കാണ്. ജോലിക്കാരുടെ വിദ്യാഭ്യാസം, അവബോധം തുടങ്ങിയ കാര്യങ്ങളിലേക്ക് ഇത് സ്വാഭാവികമായും നയിക്കുന്നു. ഹോംസ്റ്റേകളും സുസ്ഥിര വികസന ടൂറിസം നയങ്ങളും തമ്മിൽ വളരെ പോസിറ്റീവായ ഒരു ബന്ധമാണുള്ളതെന്ന് കാണാം (സുശീൽ കുമാർ മിശ്ര & ശ്രീകാന്ത് ടി. നായർ – 2019).

ആഭ്യന്തര ടൂറിസ്റ്റുകളെ കൂടി ഇത്തരം വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കാൻ കഴിയണം. കുറഞ്ഞ തുക ചെലവഴിച്ചുകൊണ്ട് കൂടുതൽ ആളുകളെ ഇത്തരം കേന്ദ്രങ്ങളിലേക്ക് ആകർഷിക്കാൻ കഴിയുന്നു. കഴിഞ്ഞ കുറേകാലമായി കേരളത്തിന്റെ ടൂറിസം മേഖല വളരെ സജീവമാണെന്ന് കാണാം. അത് സഞ്ചാരികളുടെ എണ്ണത്തിലും അവർ ചെലവഴിക്കുന്ന പണത്തിലും സ്വാഭാവികമായും വർദ്ധനവിന് വഴി വയ്ക്കുന്നു. ഇക്കാര്യങ്ങളിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ് കേരളം. വ്യാവസായികമായി നേരിടുന്ന പിന്നോക്കാവസ്ഥ ഫലത്തിൽ ഒരു മികച്ച വിനോദസഞ്ചര കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ സാദ്ധ്യതകൾ കൂടുതൽ ഉയർത്തുന്നുണ്ട് എന്ന് പറയാം. നിരവധി പേർക്ക് ഈ മേഖല ജോലി പ്രദാനം ചെയ്യുന്നു (മനോജ് എഡ്വേഡ്, ബാബു പി. ജോർജ്–2008).

### 2.9. കുടുംബശ്രീ വഴിയുള്ള സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം

അയൽക്കൂട്ടങ്ങൾ (നൈബർഹുഡ് ഗ്രൂപ്പ്സ് – എൻ എച്ച് ജി) ചേർന്നുള്ള സാമൂഹ്യമായ ഒരു സംഘടന എന്ന നിലയിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് കുടുംബശ്രീ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ദാരിദ്ര്യ നിർമാർജന മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന കുടുംബശ്രീ 1998 ലാണ് പ്രവർത്തനമാരംഭിച്ചത്. വായ്പാ സംരംഭങ്ങൾ എന്ന നിലയിൽ തുടങ്ങിയ എൻ എച്ച് ജി തുടക്കത്തിൽ സ്ത്രീശാക്തീകരണ രംഗത്താണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. സ്ത്രീകളുടെ വരുമാനം ഉയർത്തുക, സൂക്ഷ്മ വായ്പാ വിതരണം തുടങ്ങിയ

രീതികളിലായിരുന്നു അതിന്റെ പ്രവർത്തനം. ആരോഗ്യപരിരക്ഷ, പോഷണം, കൃഷി, സാമൂഹ്യ വികസനം തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. ദരിദ്രരായ സ്ത്രീകളെ സാമ്പത്തികമായി ഉയർത്തുന്ന കാര്യത്തിൽ കുടുംബശ്രീ വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. വായ്പ്പാ പദ്ധതികൾ വഴിയായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ സാമ്പത്തികമായ നില ഉയർത്തുന്നതിന് ഇത് ഉപയുക്തമായിട്ടുണ്ട്.

സ്ത്രീകളുടെ സംരംഭങ്ങൾ വഴിയായി സ്വയംസഹായ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുകയാണ് കുടുംബശ്രീ ചെയ്യുന്നത്. ഓരോ ഉല്പാദന മേഖലയിലും ആവശ്യമായ തദ്ദേശീയമായ മാനവശേഷി സൃഷ്ടിക്കുക എന്നത് ഇതിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. ഇത്തരത്തിൽ ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിയ ബഹുവിധമായ പ്രവർത്തനങ്ങൾ കുടുംബശ്രീ എന്ന സംവിധാനത്തിന്റെ പിറവിയിൽ കലാശിച്ചു എന്ന് പറയാം. സ്ത്രീശാക്തീകരണത്തിനുള്ള എസ് എച്ച് ജി മോഡൽ എന്ന നിലയിൽ സ്ത്രീകളുടെ സംരംഭക ശേഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇതിന്റെ തുടക്കം (ഡോ.അശുതോഷ് കുമാർ, ജഷീന സി. ജെ).

ഗ്രാമീണ മേഖലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ ഉന്നമനമാണ് കുടുംബശ്രീ സംവിധാനത്തിന്റെ ലക്ഷ്യം. കർഷകർ കാർഷിക മേഖലയിൽ നിന്നും അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും അകന്നു പോകുന്നു എന്നതാണ് കേരളം നേരിട്ടുവരുന്ന ഒരു പ്രധാന പ്രശ്നം. കാർഷികേതര മേഖലകളിലേക്കാണ് അവർ ചേക്കേറുന്നത്. വനിതകളായ കർഷകരുടെ കർമ്മശേഷി ഉയർത്തുക എന്നതും കുടുംബശ്രീയുടെ ലക്ഷ്യമാണ്. ഭൂമി സ്വന്തമായില്ല എന്നതാണ് ഇവർ നേരിടുന്ന ഒരു പ്രധാന പ്രശ്നം. അതിനാൽ കൃഷിക്കായി ഭൂമി പാട്ടത്തിനെടുക്കുന്നു. ഇത്തരത്തിൽ കാർഷിക മേഖലയിൽ നിന്നും ആളുകൾ പിൻവാങ്ങുന്നത് കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയെ ഏറെ ദോഷകരമായി ബാധിക്കുകയും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത്കൊണ്ട് സ്വയം സഹായ ഗ്രൂപ്പുകൾ വഴി കൃഷി വർധിപ്പിക്കുന്നത് വിജയകരമായ ഒരു മോഡലായി മാറിയിട്ടുണ്ട്. സർക്കാരിന്റെ കൂടി പങ്കാളിത്തത്തോടെ ഇത് കൂടുതൽ ഫലപ്രദമാക്കാൻ കഴിയുന്നതാണ് (അമൃത് കിരൺ–2018)

### 3. ശുപാർശകൾ

സ്വയംപര്യാപ്തതയിലൂന്നിയ സുസ്ഥിര വികസനം എന്ന ആശയത്തിന് കേരളം ഊന്നൽ നൽകണം. അതിനായി ലഭ്യമായ വിഭവങ്ങളുടെ പരമാവധി വിനിയോഗവും ഒപ്പം മികച്ച ആസൂത്രണവും ഉണ്ടാകണം.

സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക നില ഭദ്രമായ സൂചനകളല്ല നൽകുന്നത്. വരുമാനവും ചെലവും തമ്മിലുള്ള അന്തരം പ്രകടമായി ഉയർന്നു വരുന്ന സ്ഥിതിയുണ്ട്. സാമ്പത്തിക വികസനത്തിനുള്ള ലളിതമായ സമവാക്യം വരുമാനം ഉയർത്തുകയും നമ്മുടെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ്. മാധ്യമങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം ലക്ഷകണക്കിന് അതിഥി തൊഴിലാളികളാണ് കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റും ജോലി ചെയ്യുന്നത്. അവരാകട്ടെ കോടിക്കണക്കിന് രൂപയാണ് മാസം തോറും അവരുടെ സംസ്ഥാനങ്ങളിലേക്ക് അയക്കുന്നത് എന്നതും ശ്രദ്ധേയമാണ്. വൈരുധ്യമെന്ന് പറയട്ടെ, ഇതുമൂലം കേരളത്തിൽ തദ്ദേശീയമായ മാനവശേഷി ഉപയോഗിക്കാതെ പോവുകയും ചെയ്യുന്നു. സാമൂഹ്യമായ ചില ഘടകങ്ങൾ മൂലം

കേരളീയർ ചില ജോലികൾ ചെയ്യാൻ വിമുഖത പ്രകടമാക്കുന്നത് കാണാം.

### 3.1. മൂല്യവർധിത ഉത്പന്നങ്ങൾ വഴിയായുള്ള കാർഷിക വികസനവും വിതരണം മെച്ചപ്പെടുത്തലും

2024 ലെ സാമ്പത്തിക സർവേയിൽ കാർഷിക മേഖലയെ കുറിച്ച് പറയുന്ന ഭാഗത്ത് കാർഷിക രംഗത്ത് പുരോഗതി കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും വിള അധിഷ്ഠിതമായ ശക്തമായ മൂല്യവർദ്ധന ശൃംഖല ഉണ്ടാകണമെന്ന് വ്യക്തമാക്കുന്നുണ്ട്. കേരളത്തിൽ സഹകരണ മേഖലയുടെ ശക്തമായ ഒരു നെറ്റ് വർക്ക് ഉണ്ട്. അതുകൂടാതെ ഗ്രാമീണ, നഗര മേഖലകളിൽ ചില്ലറ, മൊത്ത വിപണനത്തിന്റെ ശക്തമായ ശ്രിംഖലയും കാണാം. സഹകരണ മേഖല, കാർഷിക വായ്പ, പൊതുവിതരണം, കാർഷിക ഉത്പന്നങ്ങളുടെ വിപണനം തുടങ്ങിയ വിവിധ മേഖലകളിൽ ഏറെ സജീവവുമാണ്.

എം എസ് എം ഇ മേഖലയെ വിശകലനം ചെയ്യുമ്പോൾ സംസ്ഥാനം പ്രത്യേക വ്യവസായങ്ങൾ, പ്രദേശങ്ങൾ, ക്ലസ്റ്ററുകൾ എന്നിങ്ങനെയായി കോമൺ ഫെസിലിറ്റി സെന്ററുകൾ തുറന്നിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകൾ കാര്യമായി പ്രയോജനപ്പെടുത്തുന്നതോടെ സംരംഭക സംസ്കാരം വർധിപ്പിക്കുന്നതിനും ധനകാര്യ ആവശ്യങ്ങൾക്കായി പുതിയ മോഡലുകൾ ക്രമീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഭക്ഷ്യസംസ്കരണ മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. വിതരണ മേഖലയിലെ പോരായ്മകൾ, പ്രാഥമികമായ സംസ്കരണത്തിന്റെ അപാകതകൾ, സംഭരണ, വിതരണ സംവിധാനങ്ങളുടെ പരിമിതികൾ, വിപണികളെ മാത്രം അധിഷ്ഠിതമായ സംഭരണം, ഉല്പാദനമേഖലയും വിതരണ മേഖലയും തമ്മിലുള്ള ബന്ധത്തിലെ കുറവുകൾ, സീസണിൽ മാത്രമായുള്ള യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ, കുറഞ്ഞ ഉൽപ്പാദനശേഷി വിനിയോഗം തുടങ്ങിയ വയാണ് അവയിൽ ചിലത്. ഗുണമേന്മ, സുരക്ഷിതത്വം ഇത്തരം കാര്യങ്ങളിലുള്ള ഊന്നലിന്റെ കുറവ്, ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണവും നവീകരണവും, വായ്പാ സേവനങ്ങൾ ലഭിക്കാതിരിക്കൽ, ചരക്ക് ഗതാഗതം, സ്റ്റോറേജ് തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ തുടങ്ങിയ ഘടകങ്ങളും അനുബന്ധമായ കാര്യമാണ്.

മാനവ വിഭവശേഷി ഉല്പാദിത രംഗങ്ങളിൽ സമർത്ഥമായി വിനിയോഗിക്കുക, വികസന യജ്ഞങ്ങൾക്ക് തുടർച്ചയുണ്ടാവുക തുടങ്ങിയ കാര്യങ്ങൾ സ്ത്രീശാക്തീകരണ മേഖലയിലെ അടിസ്ഥാന ലക്ഷ്യങ്ങളാണ്.

ഗ്രാമീണ മേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ഒന്നാണ് കുടുംബശ്രീ. കാർഷിക മേഖലയിൽ സ്ത്രീകളുടെ ഇടപെടൽ ഉയർത്തുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. കേരളത്തിൽ ധാരാളം ഭൂമി തരിശായി കിടക്കുന്നുണ്ട് അത് ഇപ്പോൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല . ഉയർന്ന കൂലിച്ചെലവ്, തൊഴിലാളികളുടെ ലഭ്യതയിലെ കുറവ് തുടങ്ങിയ പല ഘടകങ്ങളും ഇതിന് കാരണമാകുന്നുണ്ട്.

ഗ്രൂപ്പ് ഫാമിംഗാണ് ഇതിനുള്ള ഒരു പരിഹാര മാർഗം. ഇക്കാര്യത്തിൽ അനുയോജ്യമായ വിളകൾ കണ്ടെത്തുന്നതടക്കമുള്ള കാര്യങ്ങളിൽ വിശദമായ പഠനം ആവശ്യമാണ്. ചില സംസ്ഥാനങ്ങൾ കാർഷിക മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതായി കാണാം. ആന്ധ്രപ്രദേശ് ഒരു ഉദാഹരണമാണ്. അവിടെ വാർഷികാടിസ്ഥാനത്തിൽ മൂന്ന് വിളകളാണ് മാറി മാറി കൃഷി ചെയ്യുന്നത്. പ്രത്യേകിച്ച് ഉയർന്ന ജലലഭ്യതയുള്ള പ്രദേശങ്ങളിൽ ഇത് അനുയോജ്യമായ രീതിയാണ്.

ഭൂവുടമകൾ, കൃഷിയിൽ താല്പര്യം പ്രകടമാക്കുന്നവർ, സംഭരണ ഏജൻസികൾ

തുടങ്ങിയ വിഭാഗങ്ങളെ സഹകരിപ്പിച്ചു കൊണ്ട് ഗ്രൂപ്പ് ഫാമിങ് മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന് വിജയിക്കാൻ കഴിയും. വിത്ത് വിതയ്ക്കൽ, വിളവെടുപ്പ്, സംസ്കരണം തുടങ്ങിയ മേഖലകളിൽ യന്ത്രവൽക്കരണം വിജയകരമായി നടപ്പാക്കാൻ കഴിയുന്നതാണ്. നാളികേരം, നെല്ല് തുടങ്ങിയ ഉത്പന്നങ്ങളിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്. കുടുംബശ്രീ പോലുള്ള ഏജൻസികൾ വഴിയായി വിളവുകളുടെ സംഭരണം,സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നതാണ്. പൊതുവിതരണ ശ്യംഖല, കാന്റീനുകളും മറ്റുമായുള്ള സഹകരണം തുടങ്ങിയ രീതികളിലൂടെ വിപണനം ശക്തമാക്കാൻ കഴിയും. ആഗോള വിപണികളിൽ സാധ്യതയുള്ള ഉത്പന്നങ്ങളുടെ കാര്യത്തിൽ ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ വഴിയായി ചരക്കുകൾ കയറ്റുമതി ചെയ്യാവുന്നതാണ്. വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞാൽ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപെടുന്നവരുടെ വരുമാനം ഉയർത്തുന്നതിന് സഹായകമാണ്. കേരളം ഇപ്പോൾ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. കർഷകരെയും സംഭരണ ഏജൻസികളെയും സഹായിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശീതീകരണ സംവിധാനങ്ങൾ അടക്കമുള്ള സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഭക്ഷ്യസംസ്കരണം, ഗുണമേന്മ, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ വിവിധ സർക്കാർ ഏജൻസികൾക്ക് പ്രത്യേകം പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കഴിയുന്നതാണ്. സിക്കിമിലെ സർക്കാർ, സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ സാദ്ധ്യതകൾ വിജയകരമായി പ്രയോജനപ്പെടു ത്തിയിട്ടുണ്ട്.

ഓർഗാനിക് ജൈവ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് മറ്റൊരു പ്രധാനപ്പെട്ട മേഖല. വിപണികളുടെ വിശ്വാസ്യത ആർജിക്കാൻ കഴിഞ്ഞാൽ മൂല്യവർധിത ഉത്പന്നങ്ങൾ വഴിയായി കൂടുതൽ വരുമാനം നേടാൻ കഴിയുന്നതാണ്. ജൈവ കൃഷി രീതിയിൽ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ഇന്ന് കൂടുതൽ സ്വീകാര്യത നേടിയെടുക്കാൻ കഴിയുന്നുണ്ട്.

**3.2 വിനോദസഞ്ചാരം**

ടൂറിസം മേഖലയിൽ കേരളത്തിന് വലിയ സാധ്യതകളാണ് കൽപ്പിക്കുന്നത്. കേരളമെന്ന ബ്രാൻഡിന് ലഭിച്ച പെരുമ, സംസ്ഥാനത്തെ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ, പ്രാദേശിക സംരംഭകരുടെ സാന്നിധ്യം തുടങ്ങിയ ഘടകങ്ങൾ സംസ്ഥാനത്തിന്റെ സാധ്യത വർധിപ്പിക്കുന്നു. ഗ്രാമങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും വികാസത്തിൽ ഉത്തരവാദിത്വ ടൂറിസത്തെ ഒരു ഉപാധിയായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ്. ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയുന്നതിന് പുറമെ സ്ത്രീശാക്തീകരണത്തിലും ഇത് കൂടുതൽ ഊന്നൽ നൽകുന്നു. മികച്ച സൗകര്യങ്ങളുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ഗതാഗതം, കണക്ടീവിറ്റി, നല്ല താമസ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രദേശത്തെ ജനങ്ങളുടെ ജീവസന്ധാരണ മാർഗ്ഗങ്ങൾക്കും ഉയർന്ന വരുമാനത്തിനും കൂടുതൽ സാധ്യത നൽകുന്നുണ്ട്.

ഹോം സ്റ്റേ പോലുള്ള സംവിധാനങ്ങൾ വഴിയായി പ്രാദേശിക ജനതക്ക് തങ്ങളുടെ കേന്ദ്രങ്ങളിൽ തന്നെ ബിസിനസ് ചെയ്യുന്നതിന് കഴിയുന്നതാണ്. സുസ്ഥിര വികസനത്തിന്റെ കാര്യത്തിൽ ജീവനക്കാർക്ക് അടക്കം നൽകുന്ന വിദ്യാഭ്യാസവും പരിശീലനവും നല്ല ടീം ബിൽഡിങ്ങിനുള്ള

സാധ്യത നൽകുന്നു. ആഭ്യന്തര ടൂറിസ്റ്റുകൾക്ക് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ബജറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നത് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് സഹായകമാണ്.

പ്രധാനപ്പെട്ട നിർദേശങ്ങൾ ഇവയാണ്: കുടുംബശ്രീ പോലുള്ള പ്രാദേശിക സംഘങ്ങൾ വഴി വേണം വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ. എന്നാൽ ഇപ്പോൾ ഈ രംഗം അടക്കി വാഴുന്നത് കോർപ്പറേറ്റുകളാണ്. പ്രാദേശികമായി അധിവസിക്കുന്ന ആളുകൾക്ക് സ്വന്തമായി ബിസിനസ് തുടങ്ങുകയോ ഗൈഡുകൾ അടക്കമുള്ള ജോലികൾ ചെയ്യുകയോ ചെയ്യാൻ കഴിയണം. ഹോംസ്റ്റേകൾ പോലുള്ള ബിസിനസ് മോഡലുകൾ വഴിയായി പ്രാദേശികമായ ഒരു കൂട്ടായ്മ വികസിപ്പിക്കുന്നതിനും കഴിയേണ്ടതാണ്.

വിനോദ സഞ്ചാര മേഖലയെ വലിയൊരള വോളം മുന്നോട്ട് കൊണ്ട് പോകുവാൻ കടുംബശ്രീ സംരംഭങ്ങൾക്ക് കഴിയുന്നതാണ്. കേരളത്തിന്റെ പരമ്പരാഗത ഭക്ഷണം വിളമ്പുന്ന ഹോംസ്റ്റേകളെ നന്നായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അധികം സാമ്പത്തിക വരുമാനമില്ലാത്തവർക്ക് ഇത്തരം സംവിധാനം സഹായകമാണ്. പ്രാദേശികമായി അറിയപ്പെടുന്ന മനോഹാരി തയുള്ള കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള ചെലവ് കുറഞ്ഞ യാത്ര മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നതാണ്. കേരളത്തിലെ ശബരിമല സീസണിൽ നിരവധി കുടുംബങ്ങൾ തീർത്ഥാടകർക്ക് ഭക്ഷണവും മറ്റു സൗകര്യങ്ങളും നല്ല രീതിയിൽ നൽകുന്നുണ്ട്. വർഷത്തിന്റെ മറ്റു സമയങ്ങളിലും ഇതേ രീതി പ്രാവർത്തി കമാക്കാൻ നമുക്ക് കഴിയണം. ഇത്തരം സൗകര്യങ്ങളെ കുറിച്ച് രാജ്യത്തിനകത്തും പുറത്തും നല്ല രീതിയിൽ പ്രചാരണം നടത്തേണ്ടതുണ്ട്. കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും സമൂഹത്തിന്റെ സാമ്പത്തികമായ പുരോഗതിക്കും ഇത് സഹായകരമാകും.

### 3.3 അടിസ്ഥാനസൗകര്യ വികസനവും പൊതുമേഖലയും

ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗം വഴിയായും മികച്ച മാനേജ്മെന്റ് രീതികൾ ഉപയോഗിക്കുക വഴിയും പൊതുമേഖലയുടെ പ്രവർത്തനങ്ങൾ കാര്യമായി ഉയർന്നിട്ടുണ്ടെന്ന് കാണാം. എല്ലാത്തരത്തിലുമുള്ള മാലിന്യങ്ങളുടെ നിർമാർജനം, നിർമാണ പ്രക്രിയയിലെ ലോകോത്തര നിലവാരം തുടങ്ങിയ ഘടകങ്ങൾ വിഭവങ്ങളുടെ പരമാവധി വിനിയോഗത്തിലേക്ക് നയിക്കുന്നു (എസ്. എം സുന്ദരരാജു, 2001).

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ചെറുകിട ജലവൈദ്യുതി പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള മികച്ച സാധ്യതയുണ്ട്. പരിസ്ഥിതിക്ക് കുറഞ്ഞ രീതിയിൽ മാത്രം ആഘാതം ഏല്പിക്കുന്ന ഇത്തരം പദ്ധതികൾ ഊർജ്ജപ്രസരണത്തെ വികേന്ദ്രീകരിക്കുന്നതിന് ഏറെ ഗുണകരമാണ്. സൗരോർജം പോലുള്ള പാരമ്പര്യേതര ഊർജ സ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സഹായ കരമാകുന്ന വിധത്തിൽ സൂക്ഷ്മ തലത്തിൽ നിയന്ത്രണം കൊണ്ട് വരുന്നതിനും ഇത് അനുയോജ്യമാണ്. സുരക്ഷക്കും ഒപ്പം അറ്റകുറ്റപ്പണികൾക്ക് ആവശ്യമായി വരുന്ന ചെലവുകൾ കുറയ്ക്കുന്നതിനും വൈദ്യുതി വിതരണത്തിന് പരമാവധി ഭൂഗർഭ കേബിളുകൾ ഉപയോഗിക്കാൻ കഴിയേണ്ടതാണ്.

സംസ്ഥാനത്ത് പൊതുഗതാഗത മേഖല ഗുരുതരമായ പ്രതിസന്ധി നേരിട്ടു വരികയാണ്. ഇക്കാര്യത്തിൽ ശാസ്ത്രീയ

മായ ആസൂത്രണം വഴിയായി റൂട്ടുകൾ നിശ്ചയിക്കുകയും അത് പരമാവധി വരുമാനം ഉണ്ടാകുന്ന വിധത്തിൽ ക്രമീകരിക്കുകയും വേണം. ഹരിത ഊർജം പ്രയോജനപ്പെടുത്തുന്നത് വഴിയായി ഇന്ധനച്ചെലവ് കുറയ്ക്കാൻ കഴിയുന്നു എന്നതിന് പുറമെ കാർബൺ ബഹിർഗമനം കുറക്കാനും കഴിയുന്നു. യാത്രക്കാർ കുറവായ റൂട്ടുകളിൽ മിനിബസ് എന്ന ആശയം പ്രവർത്തികമാക്കാവുന്നതാണ്. ഓരോ ബസിന്റെയും പ്രവർത്തന ശേഷി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്ന തിനും സ്പെയറുകൾ പരമാവധി ഉപയോഗിക്കുന്നതിനും ഓരോ ബസും പ്രത്യേകമായി മോണിറ്റർ ചെയ്യുന്ന രീതി അഭികാമ്യമാണ്. റൂട്ടുകളുടെ കാര്യത്തിൽ ഡിപ്പോ ലെവലിൽ പരമാവധി പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കാൻ കഴിയേണ്ടതാണ്.

മാലിന്യ നിർമ്മാർജ്ജനമാണ് വെല്ലുവിളി നേരിടുന്ന മറ്റൊരു രംഗം. അതിന്റെ ശേഖരണം, നശിപ്പിക്കുന്ന രീതികൾ എന്നിവ ഇക്കാര്യത്തിൽ പ്രത്യേകം പ്രാധാന്യമർഹിക്കുന്നുണ്ട്. സിംഗപ്പൂരിലും മധ്യപ്രദേശിലെ ഇൻഡോർ നഗരത്തിലും പ്ലാസ്റ്റിക് മാലിന്യം കത്തിച്ച് അതിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ചു വരുന്നു. ഇത്തരം പദ്ധതി കേരളത്തിലും ജില്ലകൾ തോറും നടപ്പാക്കാവുന്നതാണ്. അതിന് പൊതു സ്വകാര്യ പങ്കാളിത്തം ആവശ്യമെങ്കിൽ സ്വീകരിക്കാവുന്നതാണ്. ജൈവമാലിന്യങ്ങൾ ജൈവ വളമാക്കി മാറ്റി പ്രയോജനപ്പെടു ത്തുവാൻ കഴിയുന്നതാണ്.

### 3.4 പ്രകൃതിദുരന്തങ്ങളും സാമൂഹ്യമായ വെല്ലുവിളികളും

കേരളം പ്രകൃതി ദുരന്തങ്ങളുടെ വലിയ ഭീഷണി നേരിട്ടു വരികയാണ്. സംസ്ഥാന ത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതയാണ് ഇതിന് പ്രധാന കാരണം. ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിലെ ജനങ്ങളെ സുരക്ഷിതമായ മേഖലകളിലേക്ക് മാറ്റി പാർപ്പിക്കുക എന്നതാണ് ഇതിന് ഒരു പരിഹാര മാർഗം. മൺസൂൺ ആരംഭിക്കുന്നതിന് മുൻപായി പ്രാദേശിക ഭരണസംവിധാനങ്ങളുടെ സഹകരണത്തോടെ പ്രദേശങ്ങളുടെ സർവേ നടത്തുന്നത് ആവശ്യമായ ഒരു കാര്യമാണ്. മരങ്ങൾ വീഴാൻ സാധ്യതയുള്ള പ്രദേശങ്ങൾ, വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളും ഈ രീതിയിലൂടെ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുവാൻ കഴിയുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഓരോ പ്രദേശത്തെയും കുടുംബാംഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കേണ്ടത് ആവശ്യമാണ്. ഓരോ കുടുംബത്തിലെയും പ്രായമായവർ, അവശരായ ആളുകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ ആളുകളുടെ വിവരങ്ങൾ പ്രത്യേകം ശേഖരിക്കുന്നത് അടിയന്തിര ഘട്ടങ്ങളിൽ സഹായങ്ങൾ എത്തിക്കുന്നതിന് സൗകര്യമാകും. 2018 ലെ പ്രളയഘട്ടത്തിൽ കേരളം ഇത്തരം വിവരങ്ങളുടെ അഭാവത്തിന് സാക്ഷിയായതാണ്. തൊട്ടടുത്ത വീടുകളിലെ വിവരങ്ങൾ പോലും മിക്കവർക്കും അറിയാത്ത സ്ഥിതി ആയിരുന്നു അന്ന് ഉണ്ടായിരുന്നത്.

സാമൂഹ്യമായ ക്ഷേമത്തിനും ഒപ്പം ഭൗതികവും മാനസികവുമായ വികാസത്തിനും ഓരോ കുടുംബങ്ങളുടെയും വിവരങ്ങൾ ലഭ്യമാകേണ്ടത് ആവശ്യമാണ്. നല്ല വാസകേന്ദ്രം, ശുചിമുറി, ശുദ്ധമായ ജലം, മാലിന്യ നിർമാർജനത്തിന് ആവശ്യമായ സൗകര്യങ്ങൾ തുടങ്ങിയ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. അതുപോലെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവർ, ഡയാലിസിസ് ആവശ്യമായവർ, മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമയായവർ തുടങ്ങിയ വരുടെ വിവരങ്ങൾ പ്രത്യേകം ശേഖരി

ക്കേണ്ടതാണ്. ഇത്തരം ആളുകളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെ നിരവധി കാര്യങ്ങൾ പ്രാദേശിക ഭരണകൂടങ്ങൾക്ക് നിരവഹിക്കുവാൻ കഴിയുന്നതാണ്. സാമൂഹ്യമായ നിരവധി കാരണങ്ങൾ മൂലം ഈയിടെയായി കേരളത്തിൽ ആത്മഹത്യാ പ്രവണത കൂടി വരുന്ന സ്ഥിതിയുണ്ട്. ഇത് നേരിടുന്നതിന് സാമൂഹികമായ പങ്കാളിത്തത്തോടെ കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്.

### 4. ഉപസംഹാരം

കേരളത്തിന്റെ വികസന രംഗത്ത് സാമൂഹ്യവും സാമ്പത്തികവുമായ ചില സാധ്യതകളെ കുറിച്ചാണ് ഈ ലേഖനം ചർച്ച ചെയ്തത്. കേരള ഇക്കണോമിക് റിവ്യൂവിനെയും ചില ഗവേഷണ പ്രബന്ധങ്ങളെയും ആധാര മാക്കിയാണ് അത് നിർവഹിച്ചത്. നദികൾ, ഫലഭൂയിഷ്ഠമായ ഭൂമി, മനോഹരമായ കടൽത്തീരം, കായൽപ്പരപ്പ്, മലയോര കേന്ദ്രങ്ങൾ, വനം, വൈവിധ്യമാർന്ന വന്യജീവികൾ തുടങ്ങിയ നിരവധി പ്രത്യേ കതകൾ കേരളത്തിന് അവകാശപ്പെ ടാനുണ്ട്. അതുപോലെ കേരളത്തിന്റെ പൊതു വിതരണ സമ്പ്രദായം, കുടുംബശ്രീ യൂണിറ്റുകൾ അടക്കമുള്ള സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ, സഹകരണ മേഖല തുടങ്ങിയവയും മുതൽക്കൂട്ടു കളാണ്. പ്രാദേശിക ജനവിഭാഗങ്ങളുടെയും ഗ്രാമങ്ങളുടെയും ഉന്നമനത്തിന് സഹായകരമായ ഒന്നാണ് ഉത്തരവാദിത്വ ടൂറിസം. എന്നാൽ സംസ്ഥാന ത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ആശങ്കയുണർത്തുന്നതാണ്. വരുമാനം കൂടുതൽ വർധിപ്പിക്കുന്നതിനും മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗി ക്കുന്നതിനും കേരളം തയാറാകേണ്ടതുണ്ട്.

കാർഷിക ഉത്പാദനം വർധിപ്പിക്കുക, ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ തുറക്കുക തുടങ്ങിയ കാര്യങ്ങൾ കേരളത്തിന് കൂടുതൽ സാധ്യത നൽകുന്നു. മറ്റൊരു പ്രധാന സാധ്യത മേഖലയാണ് വിനോദ സഞ്ചാരം. പ്രാദേശികമായ നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും ടൂറിസം വികസനത്തിന് അനന്ത സാധ്യതകളാണ് കേരളത്തിന് മുന്നിൽ തുറക്കുന്നത്. ഉത്തരവാദിത്വ ടൂറിസം എന്ന ആശയത്തെ മുറുകെ പിടിച്ച് ഈ രംഗത്ത് മുന്നേറുന്നതായാൽ കുടുംബ ശ്രീ അടക്കമുള്ള സംവിധാനങ്ങൾ വഴിയായി സ്ത്രീകളുടെ വലിയ തോതിലുള്ള പങ്കാളിത്തം ഉറപ്പാക്കാൻ കേരളത്തിന് കഴിയുന്നതാണ്. അതുപോലെ പൊതു മേഖലയുടെ ഉൽപ്പാദനശേഷി ഉയർത്തുക, മാലിന്യങ്ങൾ പ്രാദേശികമായി തന്നെ സംസ്കരിക്കുന്ന ശുചിത്വ കേരളം പദ്ധതി, മാലിന്യത്തെ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള നീക്കങ്ങൾ തുടങ്ങിയ നിരവധി മേഖലകൾ സംസ്ഥാനത്തിന് സാദ്ധ്യതകൾ തുറന്നു നൽകുന്നതാണ്. ലഭ്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി ഭാവിയിൽ പ്രകൃതി ദുരന്തങ്ങൾ നേരിടേണ്ടതിന്റെ ആവശ്യകതയും ചുരുങ്ങിയ നിലയിൽ ഇതിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ സുപ്രധാന പോയിന്റുകൾ കേരളത്തിന്റെ സാമൂഹികവും സാമ്പത്തി കവുമായ പുരോഗതിക്ക് ആവശ്യമായ ചില സൂചകങ്ങളാണ്. നിലവിലെ സാമ്പത്തികവും സാമൂഹ്യവുമായ യാഥാർഥ്യങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ഇത്തരം നിർദേശങ്ങൾ പ്രവർത്തിക മാക്കുന്നതിന് വ്യക്തമായ ഒരു കർമ്മപദ്ധതി കേരളത്തിന് ഇന്ന് ആവശ്യമാണ്.

■

(ഡോ. പി. കെ സുരേഷ് മാനേജ്മെന്റ് സിസ്റ്റം ആഡിറ്ററാണ്. ഡോ . മേരി ജോസഫ് കൊച്ചി സർവകലാശാലയിലെ മുൻ പ്രഫസറും സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ മുൻ ഡയറക്ടറുമാണ്).

**Reference**

Amrit Kiran, Jayasree.S, & Suresh.A (2018), *A Study on Kudumbashree in Kerala*, International Journal of Pure and Applied Mathematics Volume 118 No. 20 2018, 4195-4201 ISSN: 1314-3395 (on-line version) url: http://www.ijpam.eu

Dr. Ashutosh Kumar & Jasheena. C.J Research Scholar, Amity Business School, Amity University Haryana Amity Education Valley, Gurgaon (Manesar) - 122 413.Haryana, *Kudumbasree promoting the self help group model of empowerment through woman entrepreneurship in Kerala- A Study* http://ssrn.com/abstract=2795415

Economic Review, 2023, Volume 1

George Sebastian,(2021) *Developing Strategies and Measures Towards Sustainable Tourism in Kerala,* International Journal of Scientific Research and Engineering Development-- Volume 4 Issue 6, Nov-Dec 2021

Manoj Edward a and Babu P. George (2008), *Tourism development in the state of Kerala, India : A study of destination attractiveness* 'European Journal of Tourism Research, Vol.1, No.1, 2008

Sushil Kumar Mishra and Sreekanth.T. Nair (2019), *Homestays in Kerala -An Innovative tool for sustainable tourism,* JETIR May 2019, Volume 6, Issue 5 , JETIRCH06006 Journal of Emerging Technologies and Innovative Research (JETIR) www.jetir.org

Total Quality management-A Primer, Tata Mcgraw-Hill Publishing Company Limited (2001)

World Class manufacturing-A Strategic Perspective, Macmillan India Limited, S.M SundaraRaju (2001).

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

GIFT GULATI INSTITUTE OF FINANCE AND TAXATION

# വളർച്ചയും പണപ്പെരുപ്പ നിയന്ത്രണവും ബാലൻസ് ചെയ്യുന്ന സമീപനം

അശ്വതി റേച്ചൽ വറുഗീസ്

**സംഗ്രഹം**

കഴിഞ്ഞ ഡിസംബറിൽ നടന്ന അവലോകനയോഗത്തിൽ 4–2 എന്ന വോട്ടിങ് നിലയിൽ റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്താൻ പണനയ അവലോകന സമിതി (മോണിറ്ററി പോളിസി കമ്മറ്റി–എം പി സി) തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഭാവിയിൽ ആവശ്യമായ മാറ്റങ്ങൾ പരിഗണിക്കാവുന്ന തരത്തിൽ 'ന്യൂട്രൽ' എന്ന നിലയാണ് എം പി സി സ്വീകരിച്ചത്. വളർച്ചയും പണപ്പെരുപ്പവും തമ്മിൽ ബാലൻസ് ചെയ്യുക എന്നത് പ്രധാനമാണെന്ന റിസർവ് ബാങ്ക് ഗവർണറുടെ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ഇതിന് ഏറെ പ്രാധാന്യമുണ്ട്. 2024–25 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 6.6 ശതമാനം വളർച്ച കൈവരിക്കുമെന്ന നിഗമനമാണ് റിസർവ് ബാങ്കിനുള്ളത്. മുൻനിഗമനത്തിൽ നിന്നും വ്യത്യസ്തമായ ഒന്നാണ് ഇത്. പണപ്പെരുപ്പം 4.8 ശതമാനമാകുമെന്നാണ് വിലയിരുത്തുന്നത്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ വളർച്ചാനിരക്ക് ഭേദപ്പെടുകയും പണപ്പെരുപ്പം അല്പം കുറയുകയും ചെയ്താൽ ഫെബ്രുവരിയിൽ പലിശ നിരക്കിൽ 25 ബേസിസ് പോയിന്റിന്റെ കുറവുണ്ടാകുമെന്ന് ധനവിപണി പ്രതീക്ഷിക്കുന്നു. (പ്രതീക്ഷിച്ചതു പോലെ ഫെബ്രുവരിയിലെ യോഗത്തിൽ റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് കുറച്ച് 6.25 ശതമാനമാക്കി) ആഗോളതലത്തിൽ ഉയരുന്ന വെല്ലുവിളികൾ പക്ഷെ, പണപ്പെരുപ്പം, വളർച്ച എന്നിവയ്ക്ക് മേൽ വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത് എന്നതാണ് യാഥാർഥ്യം.

**പ്രധാന വാക്കുകൾ :** പണനയം (മോണിറ്ററി പോളിസി), പണപ്പെരുപ്പം (ഇൻഫ്ളേഷൻ), വളർച്ച, ഇന്ത്യ

## ആമുഖം

2024 ഡിസംബർ മാസത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അടിസ്ഥാന പലിശ നിരക്ക് 6.5 ശതമാനത്തിൽ മാറ്റമില്ലാതെ നിലനിർത്തുകയുണ്ടായി. ഭക്ഷ്യപണപ്പെരുപ്പം ഉൾപ്പടെയുള്ള ഘടകങ്ങൾ പണപ്പെരുപ്പ നിരക്കിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ് ഇതിന് കാരണമായത്. ഭാവിയിൽ നയസമീപനത്തിൽ കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിന് പര്യാപ്തമാകുന്ന തരത്തിൽ 'ന്യൂട്രൽ' എന്ന നിലയാണ് എം പി സി അവലംബിച്ചത്. ശ്രദ്ധേയമായ കാര്യം, സി ആർ ആറിൽ (ക്യാഷ് റിസർവ് അനുപാതം) 25 ബേസിസ് പോയിന്റ്

വീതമുള്ള രണ്ടു ഘട്ടങ്ങളിലായി 50 ബേസിസ് പോയിന്റിന്റെ ഇളവ് വരുത്തി എന്നതാണ്. നെറ്റ് ഡിമാൻഡ് ആൻഡ് ടൈം ലയബലിട്ടീസിന്റെ (എൻ ഡി ടി എൽ) 4 ശതമാനം എന്ന നിലയിലാണ് സി ആർ ആർ കുറച്ചത്. വളർച്ചയെയും പണപ്പെരുപ്പത്തെയും ബാലൻസ് ചെയ്യുക എന്നതായിരുന്നു ഈ സമീപനത്തിന്റെ ലക്ഷ്യം. സി ആർ ആറിൽ കുറവ് വരുത്തിയത് ഗവണ്മെന്റിന്റെ കാഷ് ബാലൻസിൽ ഉണ്ടാകുന്ന വലിയ തോതിലുള്ള മാറ്റങ്ങൾ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് സഹായകമാണ്.

**ഇന്ത്യയുടെ വളർച്ചാ പരിപ്രേക്ഷ്യം**

ആഗോളതലത്തിൽ സാമ്പത്തികവും സാമ്പത്തികേതരവുമായ അനിശ്ചിതത്വം ശക്തമായി തുടരുന്നത് മൂലം വളർച്ചാ സാദ്ധ്യതകൾ ശക്തമായ വെല്ലുവിളിയായാണ് നേരിടുന്നത്. രാജ്യാന്തര വാണിജ്യ മേഖലയിലും കാര്യമായ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. യു എസ് ഡോളറിന്റെ മൂല്യത്തിലുണ്ടായ മുന്നേറ്റവും ബോണ്ടിൽ നിന്നുള്ള വരുമാനം ഉയരുന്നതും ധനകാര്യ വിപണിയിൽ വലിയ തോതിലുള്ള ചാഞ്ചാട്ടങ്ങൾക്ക് കാരണമായിട്ടുണ്ട്. വികസ്വര രാജ്യങ്ങളിൽ നിന്നും മൂലധനം ചോരുന്നതിനൊപ്പം ഓഹരി വിപണിയിൽ പ്രകടമായ കയറ്റിറക്കങ്ങൾക്കും ഇത് കാരണമാകുന്നു. തങ്ങളുടെ സമ്പദ്ഘടനയെ സംരക്ഷിക്കുന്നതിന് രാജ്യങ്ങൾ പരസ്പരം മത്സരിക്കുന്ന പ്രവണത കൂടുതൽ ശക്തമാവുകയാണ്. അത് ആഗോള തലത്തിൽ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതിന് പുറമെ പണപ്പെരുപ്പം ഉയരുന്നതിനും കാരണമായി മാറും.

രാജ്യാന്തരതലത്തിലെ ഈ മാറ്റങ്ങൾ ഇന്ത്യയുടെ വളർച്ചയെയും സ്വാധീനിക്കുന്നതാണ്. 2024–25 സാമ്പത്തിക വർഷത്തെ ആദ്യ മുൻ കൂർ അനുമാന പ്രകാരം ജി ഡി പിയിലെ വളർച്ച 6.4 ശതമാനമാകുമെന്നാണ് സൂചന. 2023–24 ൽ കൈവരിച്ച 8.2 ശതമാനം വളർച്ചയുടെ സ്ഥാനത്താണ് ഇത്. നിക്ഷേപ ഡിമാൻഡ് 6.4 ശതമാനം എന്ന തോതിലേക്ക് താഴ്ന്നതാണ് വളർച്ചയിലെ ഇടിവിന് കരണമായിട്ടുള്ളത്. 2023–24 ൽ നിക്ഷേപ ഡിമാൻഡ് 9 ശതമാനമായിരുന്നു. ഇറക്കുമതിയിലെ വളർച്ച 1.3 ശതമാനം കണ്ട് കുറയുമെന്നും കണക്കാക്കുന്നു. മുൻ സാമ്പത്തിക വർഷത്തിലെ 10.9 ശതമാനം വളർച്ചയുടെ സ്ഥാനത്താണ് ഇത്. ആഗോള സാമ്പത്തിക മേഖലയിൽ കാണുന്ന ശക്തമായ മാന്ദ്യമാണ് ഇത് പ്രകടമാക്കുന്നത്.

കഴിഞ്ഞ വർഷം 7.2 ശതമാനം വളർച്ച കൈവരിച്ച ഗ്രോസ് വാല്യൂ ആഡഡ് (ജി വി എ) നടപ്പ് സാമ്പത്തിക വളർച്ച 6.4 ശതമാനത്തിലേക്ക് താഴുമെന്നാണ് പ്രതീക്ഷിക്കുന്നത് മിക്കവാറും എല്ലാ മേഖലകളിലും ഇത്തരത്തിൽ മാന്ദ്യം ഉണ്ടാകുമെന്നാണ് കണക്കു കൂട്ടുന്നത്. മാനുഫാക്റ്ററിങ് മേഖലയിൽ 5.3 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷം ഇത് 9.9 ശതമാനമായിരുന്നു. 7.1 ശതമാനത്തിൽ നിന്നും ഖനന വ്യവസായ രംഗത്തെ വളർച്ച 2.9 ശതമാനമായി കുറയുമെന്നും കണക്കു കൂട്ടുന്നു. വൈദ്യുതി മേഖലയിൽ 6.8 ശതമാനമായും കുറയുമെന്നാണ് അനുമാനം. (കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 7.5 ശതമാനമായിരുന്നു വളർച്ച). നിർമ്മാണ മേഖലയും മാന്ദ്യം നേരിടുകയാണ്. 9.9 ശതമാനത്തിൽ നിന്നും വളർച്ച 8.6 ശതമാനമായി കുറയുമെന്നാണ് കണക്കാക്കി യിരിക്കുന്നത്.

വാണിജ്യം, ഗതാഗതം, ഹോട്ടൽ വ്യവസായം തുടങ്ങിയ സേവന മേഖലയിൽ വളർച്ച 6.4 ശതമാനത്തിൽ നിന്നും 5.8 ശതമാനമായി കുറയുമെന്നാണ് കണക്ക്. ടൂറിസം അടക്കമുള്ള മേഖലകൾ നേരിടുന്ന കുറഞ്ഞ ഡിമാൻഡാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. അതുപോലെ 2024–25 സാമ്പത്തിക

വർഷത്തിൽ ധനകാര്യ സേവന രംഗം 7.3 ശതമാനം വളർച്ച രേഖപെടുത്തുമെന്നുമാണ് കണക്ക്. മുൻ സാമ്പത്തിക വർഷത്തിൽ ഇത് 8.4 ശതമാനമായിരുന്നു. എന്നാൽ പൊതുഭരണ മേഖലയിൽ മെച്ചപ്പെട്ട വളർച്ച പ്രതീക്ഷിക്കുന്നു. ഇത് 7.8 ശതമാനത്തിൽ നിന്നും 9.1 ശതമാനമാകുന്നെന്നാണ് കണക്കുകൾ നൽകുന്ന സൂചന. സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ സർക്കാരിന്റെ ചെലവഴിക്കലിൽ ഉണ്ടായ ഉണർവാണ് ഇതിന് കാരണം. അതുപോലെ കാർഷിക മേഖലയുടെ വളർച്ച 1.4 ശതമാനത്തിൽ നിന്നും 3.8 ശതമാനമാകുമെന്ന് കരുതുന്നു. റബി സീസണിൽ കാർഷിക മേഖലയിൽ പ്രകടമായ ഉണർവാണ് ഇതിന് നിദാനം.

2024-25 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ വളർച്ചയിൽ മാന്ദ്യമുണ്ടെന്ന് വ്യക്തമാകുമ്പോഴും 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ രണ്ടാം പകുതിയിൽ ഉണർവ് പ്രതീക്ഷിക്കുന്നു (രേഖാചിത്രം-1). 2024 25 സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്ക് പ്രതീക്ഷിക്കുന്ന വളർച്ച 6.6 ശതമാനമാണ്. 60 ബേസിസ് പോയിന്റ് താഴ്ത്തി നിർണ്ണയിച്ചരിക്കുന്നു. ഓരോ പാദത്തിലും വളർച്ചാ നിരക്കുകൾ താഴ്ത്തിയാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. മൂന്നാം പാദത്തിൽ 60 ബേസിസ് പോയിന്റിന്റെ ഇടിവ് പ്രതീക്ഷിക്കുകയാണ്. നാലാം പാദത്തിലാകട്ടെ നേരത്തെ അനുമാനിച്ചിരുന്ന 7.4 ശതമാനത്തിൽ നിന്നും 7.2 ശതമാനത്തിലേക്ക് കുറച്ചാണ് വളർച്ച റിസർവ് ബാങ്ക് കണക്കാക്കുന്നത്. ഒന്നാം പാദത്തിൽ 40 ബേസിസ് പോയിന്റ് താഴ്ത്തി 6.9 ശതമാനം വളർച്ചയും കണക്കുകൂട്ടുന്നു. ജി ഡി പി വളർച്ച 6.6 ശതമാനത്തിനും 6.8 ശതമാനത്തിനും ഇടയിലായിരിക്കുമെന്നും കരുതുന്നു. കാർഷിക മേഖലക്കും മൂലധന ചെലവിലും നൽകിയിരിക്കുന്ന ഊന്നൽ തന്നെയാണ് ഇതിന് പ്രധാന കാരണം (റിസർവ് ബാങ്കിന്റെ 2024 ഡിസംബറിൽ

**Figure 1:** Growth projections by RBI




*Source: RBI, monetary policy statement, December 2024*

നടന്ന അവലോകന യോഗത്തിന്റെ തീരുമാനങ്ങൾ–2024).

**പണപ്പെരുപ്പത്തിന്റെ സമ്മർദ്ദം**

ഡിസംബർ മാസത്തിൽ ഉപഭോക്തൃ പണപ്പെരുപ്പ സൂചിക (സി പി ഐ) കുറയുന്ന പ്രവണതയാണ് കണ്ടത്. 5.5 ശതമാനത്തിൽ നിന്നും 5.2 ശതമാനമായാണ് കുറഞ്ഞത്. പച്ചക്കറി വില കാര്യമായ തോതിൽ കുറഞ്ഞതാണ് ഇതിന് കാരണം. ഭക്ഷ്യപണപ്പെരുപ്പത്തിൽ സീസണലായി കണ്ട് വരുന്ന വ്യത്യാസം മൂലം കുറവ് പ്രകടമായതായി കാണാം. അടിസ്ഥാന ഉൽപ്പന്ന മേഖലയിൽ പണപ്പെരുപ്പം നാല് ശതമാനത്തിൽ താഴെയായി നിൽക്കുകയും ചെയ്തു. ഇന്ധനം, മറ്റു ഉത്പന്നങ്ങൾ എന്നിവയുടെ രംഗത്ത് ഇടിവ് തുടരുകയും ചെയ്തു. മറ്റു ഉത്പന്നങ്ങളെടുത്താൽ വ്യക്തിഗത ഉൽപ്പന്നങ്ങളുടെ പണപ്പെരുപ്പം 9.7 ശതമാനം എന്ന തോതിലേക്ക് ഉയർന്നു. വിതരണ രംഗം മെച്ചപ്പെടുന്നതിനാൽ ഭക്ഷ്യപണപ്പെരുപ്പം കുറയുമെന്നാണ് പ്രതീക്ഷ.

ഈ സാഹചര്യത്തിൽ റിസർവ് ബാങ്ക് 2024 –25 ൽ പ്രതീക്ഷിക്കുന്ന പണപ്പെരുപ്പം 4.8 ശതമാനമാണ്. നേരത്തെ 4 .5 ശതമാനമാണ് കണക്കുകൂട്ടിയിരുന്നത് (രേഖാചിത്രം 2). കഴിഞ്ഞ ഒക്ടോബറിൽ മൂന്നാം പാദത്തിൽ കണക്കാക്കിയിരുന്ന പണപ്പെരുപ്പം 4.8 ശതമാനമായിരുന്നുവെങ്കിൽ ഇപ്പോൾ 5.7 ശതമാനമാണ് പ്രതീക്ഷിക്കുന്നത്. നാലാം പാദത്തിലും അടുത്ത സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിലും പണപ്പെരുപ്പത്തിൽ 30 ബേസിസ് പോയിന്റ് അധികമായി കണക്കാക്കിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ യഥാക്രമം 4.5 ശതമാനവും 4.6 ശതമാനവുമാകുന്നു. 2025–26 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലാണ് പണപ്പെരുപ്പം നാല് ശതമാനത്തിലേക്ക് താഴുമെന്ന് റിസർവ് ബാങ്ക് കണക്കാക്കുന്നത്. റബി സീസൺ മികച്ചതായിരിക്കുമെന്നും ഖരീഫ് വിളവുകൾ

**Figure 2:** Inflation estimates




*Source: RBI, monetary policy statement, December 2024*

നല്ല തോതിൽ എത്തുമെന്നുള്ള കണക്കുകൂട്ടലിലാണ് ഇത്. ഇതിനു പുറമെ ഭക്ഷ്യ എണ്ണകളുടെ രാജ്യാന്തര വിപണികളിലും വില താഴുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതെല്ലാം പണപ്പെരുപ്പ നിരക്ക് കുറയ്ക്കുന്നതിനുള്ള സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആഭ്യന്തരവും വിദേശവുമായ ഘടകങ്ങളിൽ കാര്യമായ ചലനങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ 2024-25 ൽ പണപ്പെരുപ്പം 4.7 ശതമാനത്തിനും 4.8 ശതമാനത്തിനും ഇടയിലായിരിക്കുമെന്നാണ് കേന്ദ്രബാങ്ക് കണക്കാക്കുന്നത്.

### സി ആർ ആർ ഇളവ്

സാമ്പത്തിക മേഖലയിൽ പണത്തിന്റെ ഒഴുക്ക് കുറയുന്നത് തടയുക എന്ന ലക്ഷ്യത്തോടെ റിസർവ് ബാങ്ക് ക്യാഷ് റിസർവ് അനുപാതം (സി ആർ ആർ) 4.5 ശതമാനത്തിൽ നിന്ന് നാലു ശതമാനമാക്കി കുറയ്ക്കുകയുണ്ടായി. ഇത് ഡിസംബർ മാസം മുതൽ 25 ബേസിസ് പോയിന്റ് വീതമുള്ള രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുക. 2022 മെയ് മാസത്തിലാണ് സി ആർ ആർ 4.5 ശതമാനമായി ഉയർത്തിയത്. ഈ തീരുമാനം വഴിയായി ഏകദേശം 1.16 ലക്ഷം കോടി രൂപ അധികമായി സാമ്പത്തിക മേഖലയിലേക്ക് എത്തുമെന്നാണ് കണക്കാക്കുന്നത് മുൻകൂർ നികുതി അടയ്ക്കുന്നത് മൂലം ബാങ്കുകളിൽ ഉണ്ടാകാവുന്ന സമ്മർദത്തിന് ഈ തീരുമാനം അയവ് വരുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

### രാഷ്ട്രീയസ്ഥിതിയിലെ മാറ്റങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

ആഗോള രാഷ്ട്രീയ സാഹചര്യങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ മൂലം സാമ്പത്തിക മേഖല നിരവധി വെല്ലുവിളികൾ നേരിട്ട് വരികയാണ്. ധനകാര്യ വിപണികളിലെ ചാഞ്ചാട്ടവും ഒപ്പം മറ്റു ഘടകങ്ങളും പണപ്പെരുപ്പം തടയുന്നതിനുള്ള വികസ്വര രാജ്യങ്ങളിലെ കേന്ദ്ര ബാങ്കുകളുടെ ശ്രമങ്ങൾക്ക് തിരിച്ചടിയായി. മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് അധിക തീരുവ ചുമത്തുക എന്നത് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയസമീപനത്തിന്റെ കാതലായ ഭാഗമാണ്. അമേരിക്കക്കാരുടെ തൊഴിൽ സംരക്ഷിക്കുക, നികുതി വരുമാനം ഉയർത്തുക, സാമ്പത്തിക വളർച്ച ഉത്തേജിപ്പിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഇതിന്റെ പ്രധാന ലക്ഷ്യം. പ്രസിഡന്റായി ചുമതലയേറ്റ ആദ്യദിനം തന്നെ ചൈന, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾക്ക് അധിക തീരുവ ചുമത്തുമെന്ന് ട്രംപ് ഭീഷണി മുഴക്കിയിരുന്നു. അതുപോലെ പൊതു കറൻസിക്ക് രൂപം നൽകാനുള്ള ബ്രിക്സ് രാജ്യങ്ങളുടെ ശ്രമങ്ങളെ ട്രംപ് ശക്തമായി എതിർക്കുകയാണ്. ബ്രിക്സ് രാജ്യങ്ങളിൽ നിന്നുള്ള കയറ്റുമതിക്ക് 100 ശതമാനം തീരുവ ചുമത്തുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. അമേരിക്കയുടെ ഇത്തരത്തിലുള്ള സംരക്ഷണ നയം (പ്രൊട്ടക്ഷനിസം) സ്വാഭാവികമായും വികസ്വര രാജ്യങ്ങളിൽ പണപ്പെരുപ്പം കൂടുതൽ ശക്തമാക്കും. കൂടുതൽ സുതാര്യമായ ധനകാര്യ നടപടികൾ ഡിമാന്റിൽ വർധന പ്രകടമാക്കുമെന്നും ഉപഭോക്തൃ ചെലവഴിക്കലും സാമ്പത്തിക പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തു മെന്നുമാണ് പ്രതീക്ഷിക്കുന്നത്. അതേസമയം അമേരിക്ക ഉയർന്ന തീരുവ ചുമത്തുന്നതും കുടിയേറ്റം കർക്കശമാക്കുന്നതും സപ്ലൈ സൈഡിൽ മോശം പ്രതികരണം ഉളവാക്കുന്നതാണ്. കുറഞ്ഞ ചെലവിൽ തൊഴിലാളികളെ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ഇത് കുറയ്ക്കുന്നു. ഇത്തരം നടപടികൾ വിലവർദ്ധനവിന് വഴി വയ്ക്കുന്നതാണ്. അതുകൊണ്ട് ഡിമാന്റിൽ വർദ്ധനയുണ്ടാകുന്നതിനൊപ്പം സപ്ലൈ കുറയുന്നത് പണപ്പെരുപ്പം കൂടുതൽ ശക്തമാകുന്നതിന് കാരണമാകും. ആഗോള തലത്തിൽ ഉത്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് വലിയ ഭീഷണിയാണ് ഇത് ഉയർത്തുന്നതെന്ന് കാണാം.

**ഉപസംഹാരം**

വളർച്ചയും പണപ്പെരുപ്പവും സമതുലിതമാകുന്ന ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനാണ് റിസർവ് ബാങ്ക് പുതിയ നയസമീപനങ്ങളിൽ മുൻതൂക്കം നൽകുന്നത്. വിലസ്ഥിരത ഉറപ്പാക്കുക എന്നത് സുസ്ഥിര വികസനത്തിനുള്ള മുന്നുപാധിയായി ആർ ബി ഐ കാണുന്നു. അതുപോലെ കൃത്യമായ നയപരമായ തീരുമാനങ്ങൾ ശരിയായ സമയത്ത് എടുക്കുക എന്നതും വളരെ പ്രധാനമാണ്. ജി ഡി പി വളർച്ചയിൽ 2024–25 സാമ്പത്തിക വർഷത്തിലെ രണ്ടാം പകുതിയിൽ ഒരു തിരിച്ചുവരവ് പ്രതീക്ഷിക്കുകയാണ്. പണപ്പെരുപ്പത്തിന്റെ തോത് കുറയുന്ന പ്രവണത പ്രകടമാകുന്നുണ്ട്. പ്രത്യേകിച്ച് അവശ്യ വസ്തുക്കളുടെ വിലനിലവാരത്തിൽ. പച്ചക്കറികളുൾപ്പെടെയുള്ള ഭക്ഷ്യ സാധനങ്ങളുടെ കാര്യത്തിൽ വില പഴയ നിലവാരത്തിലേക്ക് മടങ്ങുന്നതായി നിരീക്ഷിക്കാം. അതുകൊണ്ട് 2025 ഫെബ്രുവരിയിൽ നിരക്കിൽ ഇളവുകൾ പ്രഖ്യാപിക്കുമെന്ന് പൊതുവിൽ സാമ്പത്തിക മേഖല പ്രതീക്ഷിക്കുന്നു. (ഫെബ്രുവരിയിൽ ചേർന്ന എം പി സി യോഗം റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് കുറച്ച് 6.25 ശതമാനമാക്കി. അഞ്ചു വർഷത്തെ ഇടവേളക്ക് ശേഷമാണ് റിസർവ് ബാങ്ക് അടിസ്ഥാന പലിശ നിരക്കിൽ ഇളവ് പ്രഖ്യാപിക്കുന്നത്). ഈ വർഷം ഇനിയുള്ള അവലോകന യോഗങ്ങളിൽ 50 മുതൽ 75 ബേസിസ് പോയിന്റ് വരെ ഇളവ് പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

■

(ഡോ.അശ്വതി റേച്ചൽ വറുഗീസ്, അസിസ്റ്റന്റ് പ്രഫസർ, ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ)

## References

MOSPI, G. of I. (2025.). *First Advance Estimates of GDP.* Government of India, New Delhi. https://www.mospi.gov.in/sites/default/files/press_release/PR_NAD_07012025_0.pdf

RBI, Minutes of June Monetary Policy Meeting, P. R. (2024, December 18). *Reserve Bank of India-Press Releases.* https://rbi.org.in/Scripts/BS_PressReleaseD isplay.aspx? prid=51754

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 4*
*ഒക്ടോബർ- ഡിസംബർ 2024*

GIFT GULATI INSTITUTE OF FINANCE AND TAXATION

# തുറമുഖ അധിഷ്ഠിത വികസനം : വിഴിഞ്ഞത്തിന്റെ ആഗോള സാദ്ധ്യതകൾ

ഗീത റാണി വി, അഖിൽ എം പി

**സംഗ്രഹം**

പ്രാദേശിക സമ്പദ്‌വ്യവസ്ഥകൾക്ക് ഊർജം പകരുക, വ്യാപാരത്തിനും വാണിജ്യത്തിനും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക, വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ തുറമുഖ അധിഷ്ഠിത വികസനം വളരെ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. തന്ത്രപ്രധാനമായ ഒരു അടിസ്ഥാന സൗകര്യം എന്ന നിലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പ്രാദേശിക വികസനത്തിനുള്ള സാധ്യതകളെ കുറിച്ചാണ് ഈ ലേഖനം പരിശോധിക്കുന്നത്. ഈ രംഗത്ത് വിജയം കൈവരിക്കാൻ കഴിഞ്ഞ ചൈന, സിംഗപ്പൂർ, കൊളംബോ തുടങ്ങിയ രാജ്യങ്ങളുടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിഴിഞ്ഞത്തെ അന്താരാഷ്ട്ര കപ്പൽ ഗതാഗതത്തിന്റെ സിരാകേന്ദ്രമാക്കി മാറ്റുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നതിനും ലേഖനം ലക്ഷ്യമിടുന്നു. വിവിധ രീതിയിലുള്ള ഗതാഗത സൗകര്യങ്ങൾ, ലോജിസ്റ്റിക്സ്, വിതരണ ശൃംഖല, ഉൾനാടൻ വികസനം തുടങ്ങിയ കാര്യങ്ങളിലാണ് ഈ പഠനം ഊന്നൽ നൽകുന്നത്. ഇന്ത്യയുടെ മാരിടൈം സമ്പദ്ഘടനയ് യുടെ വികാസത്തിന് വിഴിഞ്ഞം തുറമുഖത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നയരൂപീകരണകർത്താക്കൾക്കും ഇതുമായി ബന്ധപ്പെട്ട വിദഗ്ധർക്കും ആവശ്യമായ ഉൾക്കാഴ്ച നല്കാൻ ഇതുവഴി കഴിയുമെന്ന് കരുതുകയാണ്.

**പ്രധാന വാക്കുകൾ :** തുറമുഖ അധിഷ്ഠിത വികസനം, വിഴിഞ്ഞം തുറമുഖം, ട്രാൻസ്ഷിപ്മെന്റ് ഹബ്ബ്, സാമ്പത്തിക വളർച്ച, വ്യാപാരത്തിനുള്ള കണക്റ്റിവിറ്റി

## 1. ആമുഖം

ആഗോള വ്യാപാര മേഖലയിൽ തുറമുഖങ്ങൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ചരക്കുകൾ, ആളുകൾ, സേവനങ്ങൾ എന്നിവയുടെ നീക്കത്തിനുള്ള വാതിൽ എന്ന നിലയിലാണ് അവ പ്രവർത്തിക്കുന്നത് (ഗു, ലിയു, 2023 , വേർഷർ, 2021). പാരമ്പരാഗതമായി ചരക്ക് നീക്കം, ലോജിസിറ്റിക്സ് തുടങ്ങിയ മേഖലകളിൽ തുറമുഖങ്ങൾ പ്രധാന പങ്ക് വഹിക്കുന്നുണ്ടെങ്കിലും ആധുനിക കാലഘട്ടത്തിൽ തുറമുഖങ്ങൾ വളർച്ചയുടെ എൻജിൻ എന്നനിലയിലും വ്യാവസായിക വളർച്ചയുടെ കേന്ദ്രം എന്ന നിലയിലും വർത്തിക്കുന്നതായി കാണാം. പ്രാദേശികമായ വികസനം ഉണ്ടാകുന്നതിന് പുറമെ അത് അന്താരാഷ്ട്ര വാണിജ്യ മേഖലയിൽ മത്സരക്ഷമത

ശക്തമാക്കുകയും ചെയ്യുന്നു (ലോൺസാ, മാറോൾഡ്–2016, മിശ്രിഫ് –2024, മുനീം, ശ്രം–2018, സോങ്–2024). വ്യവസായ വൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യവും സാമ്പത്തി കവുമായ പരിണാമം തുടങ്ങിയ കാര്യങ്ങളിൽ തുറമുഖങ്ങളുടെ തന്ത്രപ്രധാനമായ പ്രാധാന്യം വളരെ വലുതാണ് (ഹാൻസൺ, നിക്കോൾസ്–2020, റോബിൻസൺ, 2002, വേർഷർ–2022). കേരളത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന തുറമുഖമാണ് വിഴിഞ്ഞം. അന്താരാഷ്ട്ര സമുദ്രപാതയോടുള്ള അടുപ്പം, പ്രധാന വാണിജ്യ കേന്ദ്രങ്ങളുമായുള്ള ബന്ധം, തീര മേഖലയിലെ സ്വാഭാവികമായ ആഴം തുടങ്ങിയ നിരവധി ഘടകങ്ങൾ ഒരു ട്രാൻസ്ഷിപ്മെന്റ് ഹബ് എന്ന രീതിയിലുള്ള വിഴിഞ്ഞത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു.

ചൈന, സിംഗപ്പൂർ, കൊളംബോ തുടങ്ങിയ വിജയകരമായി പ്രവർത്തിക്കുന്ന തുറമുഖങ്ങളുടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിഴിഞ്ഞത്തിന്റെ സുസ്ഥിര വികസനത്തിന് ആവശ്യമായ ഉൾക്കാഴ്ച നൽകുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം . ലോകത്തെ പ്രമുഖ തുറമുഖങ്ങൾ അനുവർത്തിക്കുന്ന രീതികൾ, നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ കാര്യങ്ങൾ വിശകലനം ചെയ്തുകൊണ്ട് വിഴിഞ്ഞത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുക എന്നതും ഇത് ലക്ഷ്യമിടുന്നു. ബ്ലൂ ഇക്കോണമിയുടെ കാര്യത്തിൽ ഇന്ത്യ ലക്ഷ്യമിടുന്ന സാധ്യതകളുമായി അതിനെ ബന്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡെവലപ്മെന്റ് പുറത്തുവിട്ട രേഖകൾ പ്രകാരം രാജ്യാന്തര വാണിജ്യ മേഖലയിൽ ഇന്ത്യ തുറമുഖങ്ങളെ

**Figure 1** - Shows the countries with the highest throughput of containers.



കാര്യമായി ആശ്രയിക്കുന്നുണ്ട്. 2022 ൽ ഇന്ത്യയിലെ തുറമുഖങ്ങൾ 19.7 ദശലക്ഷം ട്വൻറി ഫുട് ഇക്വിവാല്നട് കണ്ടെയ്നർ യൂണിറ്റുകളാണ് (ടി ഇ യു) കൈകാര്യം ചെയ്തത്. ലോകത്ത് ഇക്കാര്യത്തിൽ പത്താം സ്ഥാനത്താണ് ഇന്ത്യ. 269 ദശലക്ഷം ടി ഇ യു ചരക്കുകൾ കൈകാര്യം ചെയ്ത ചൈനയാണ് ഒന്നാം സ്ഥാനത്ത്. ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ, ഫാഷൻ ,ഉപഭോക്തൃ സാധനങ്ങൾ എന്നിവ വലിയ തോതിൽ കൈകാര്യം ചെയ്യുന്നതാണ് ഇതിന് കാരണം. ഏഷ്യൻ രാജ്യങ്ങൾ തന്നെയാണ് ചരക്കുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. ആദ്യത്തെ 11 രാജ്യങ്ങളിൽ അമേരിക്ക മാത്രമാണ് ഏഷ്യൻ രാജ്യങ്ങളിൽ ഉൾപെടാതെയുള്ളത്. 62 ദശലക്ഷം ടി ഇ യു ചരക്കുകളാണ് അമേരിക്ക കൈകാര്യം ചെയ്തത് (രേഖാചിത്രം –1).

## 2. പ്രധാന തുറമുഖങ്ങൾ നൽകുന്ന പാഠങ്ങൾ

### 2.1 – ചൈനയുടെ തുറമുഖ വികസനം

കഴിഞ്ഞ 40 വർഷത്തിന്ഇടയിൽ ചൈനക്ക് അവരുടെ ഭൂമിശാസ്ത്രപരമായ കിടപ്പും ലോകത്തെ ഏറ്റവും വലിയ മാനുഫാക്റ്ററിങ് കേന്ദ്രം എന്ന നിലയിലുള്ള സ്ഥാനവും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ലോകത്തെ എണ്ണം പറഞ്ഞ തുറമുഖങ്ങളിൽ 50 എണ്ണം ചൈനയിലാണ്. അത് രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയിൽ കാര്യമായ സംഭാവന അർപ്പിക്കുന്നു. ചരക്ക് ഗതാഗത മേഖല ചൈനയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. രാജ്യത്തിൻറെ വളർച്ചയുടെ നട്ടെല്ല് അതാണെന്ന് വിലയിരുത്തുവാൻ കഴിയും. അതിവേഗ വളർച്ചയുടെ ഈ ഘട്ടത്തിൽ ചൈന

**Figure 2** - Investment levels in China's port sector



**Figure 3** - China's GDP per capita (as a percentage of world GDP)




അവരുടെ ഗതാഗത ശൃംഖലയും ഒപ്പം അടിസ്ഥാന സൗകര്യങ്ങളും അസാമാന്യമായ വേഗതയിലും വിപുലതയിലുമാണ് വികസിപ്പി ച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും.

1990 നും 2021 നുമിടയിൽ 120,000 കിലോമീറ്റർ റെയിൽവേ ലൈനുകളാണ് ചൈന നിർമിച്ചത്. ഇതിനു പുറമെ 130,000 കിലോമീറ്റർ എക്സ്പ്രസ്സ് വേ, 30 ലക്ഷം കിലോമീറ്റർ ഹൈവേ, 125,000 കിലോമീറ്റർ ഉൾനാടൻ കനാലുകൾ എന്നിവയും നിർമ്മിക്കുകയുണ്ടായി. ചൈനയുടെ ഈ വികസന പ്രക്രിയയിൽ തുറമുഖങ്ങൾ വളരെ നിർണ്ണായകമായി. 1984 ൽ തീരമേഖലയിലെ 14 കേന്ദ്രങ്ങളിൽ നേരിട്ടുള്ള വിദേശ നിക്ഷേപം എത്തുകയുണ്ടായി. അതുവഴി ഈ നഗരങ്ങളിൽ കാര്യമായ സാമ്പത്തിക വളർച്ച ഉണ്ടായതായി കാണാം (രേഖാചിത്രം – 2).

2005 മുതലുള്ള കാലയളവിൽ പ്രതിശീർഷ ജി ഡി പിയിലും ഒപ്പം ആഗോള ജി ഡി പിയിൽ ചൈനയുടെ പങ്കിലും ഉണ്ടായ മുന്നേറ്റം സാമ്പത്തിക വളർച്ചയുടെ ഘട്ടത്തിലാണെന്ന് കാണാം (രേഖാചിത്രം – 3). മാത്രവുമല്ല, തീരദേശ മേഖലയിലെ ചൈനയുടെ നിക്ഷേപം പ്രധാനപ്പെട്ട മൂന്ന് തുറമുഖ ഗ്രൂപ്പുകളായ രാജ്യത്തിൻറെ മധ്യ ഭാഗത്തുള്ള യാങ്സ് നദീതടം, ദക്ഷിണ മേഖലയിലെ പേൾ നദീതടം, ഉത്തര മേഖലയിലെ ബോഹൈ റിം എന്നീ മേഖലകളിൽ മാത്രമായി ഒതുങ്ങി നിന്നില്ല. ലോക ഷിപ്പിംഗ് കൗൺസിലിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ലോകത്തെ ഏറ്റവും തിരക്കേറിയ 10 തുറമുഖങ്ങളിൽ ഏഴെണ്ണം ചൈനയിലാണ്. ഷാങ്ഹായ്, നിൻബോ ഷൊശുഷൻ, സെൻഷൻ, ഗുവാങ്ഷോ, കിങ്ടവോ, ടൈയാൻജിൻ, ഹോങ്കോങ് എന്നിവയാണ് ഈ തുറമുഖങ്ങൾ . ചെറുകിട തുറമുഖങ്ങളും ഉൾനാടൻ തുറമുഖങ്ങളും ഉൾപ്പെടുന്ന ചൈനയിലെ തുറമുഖ ശൃംഖല രാജ്യ പുരോഗതിയിൽ വഹിക്കുന്ന പങ്ക് വളരെ

വലുതാണ് (ബെർണാഡ് അരിറ്റുവാ, 2022).

തുറമുഖങ്ങളുടെ സമഗ്രമായ വികസനം എന്നത് ലോജിസ്റ്റിക്സ്, വാണിജ്യം, ഗതാഗതം എന്നിവ അടക്കം വരുന്ന മാക്രോ ഇക്കണോമിക് ആയ കാഴ്ചപ്പാടിലൂടെ വേണം വീക്ഷിക്കാൻ.

തുറമുഖങ്ങൾ തമ്മിലും തൊട്ടടുത്ത നഗരങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിൽ കണക്ടിവിറ്റി ഉയർത്തുന്നതിന് ആവശ്യമായ ഗതാഗത ശൃംഖല ഏറ്റവും പ്രധാനമാണ്. പ്രാദേശികതലത്തിലും കേന്ദ്രീകൃതവുമായ ഏകോപനം തുറമുഖങ്ങളുടെ വളർച്ചയുടെ കാര്യത്തിൽ ഏറെ പ്രാധാന്യമേറിയ ഒന്നാണ്.

അതുപോലെ ഉൾനാടൻ പ്രദേശങ്ങളുമായും തുറമുഖങ്ങളെ ലിങ്ക് ചെയ്യുന്ന പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ അത്യന്താപേക്ഷിതമാണ്. വിപുലമായ ലോജിസ്റ്റിക്സ് ശൃംഖലയുടെയും മാനുഫാക്ചറിങ് ക്ലസ്റ്ററുകളുടെയും വികസനത്തിന് ഇത് സഹായകമാണ്. അതുകൊണ്ട് തുറമുഖങ്ങളും ഉൾനാടൻ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന കണക്റ്റിവിറ്റി വികസന പ്രക്രിയയിൽ അനിവാര്യമാണ്.

തുറമുഖങ്ങളുടെ ഉത്പാദനക്ഷമത, കാര്യശേഷി തുടങ്ങിയ ഘടകങ്ങൾ ഉയർത്തുന്ന കാര്യത്തിൽ മാനവശേഷി വികസനവും നൂതനമായ കണ്ടുപിടുത്തവും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. സാങ്കേതികമായ മുന്നേറ്റം തുറമുഖ തൊഴിലാളികളുടെ കാര്യശേഷി വർധിപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ട് പരിശീലനം, പ്രഘഷണ ലായുള്ള വികാസം തുടങ്ങിയ മേഖലകളിൽ തുടർച്ചയായ മുതൽമുടക്ക് ആവശ്യമായി വരുന്നു.

അതുപോലെ വിവരസാങ്കേതിക രംഗത്തെ പരിവർത്തനം ചൈനയിലെ തുറമുഖങ്ങളുടെ പ്രവർത്തനക്ഷമത ഉയർത്തിയ നിർണ്ണായകമായ ഘടകമാണ്.

### 2.2 സിംഗപ്പൂർ തുറമുഖ വികസനം

ആഗോള തുറമുഖ ഹബ്ബ് എന്ന നിലയിലേക്കുള്ള സിംഗപ്പൂർ തുറമുഖത്തിന്റെ വളർച്ച വിഴിഞ്ഞത്തിന് വലിയ പാഠങ്ങൾ നൽകുന്നുണ്ട്. തുറമുഖ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് സിംഗപ്പൂർ വൻ മുതൽമുടക്ക് നടത്തിയിട്ടുണ്ട്. ലോകത്തെ

**Table 1** Gross domestic product across sectors

| Sector | Percentage of Nominal GDP |
|---|---|
| Wholesale Trade | 22.3% |
| Manufacturing | 18.6% |
| Finance and Insurance | 13.8% |
| Other Services Industries | 10.0% |
| Information & Communications | 6.6% |
| Transportation & Storage | 6.4% |
| Professional Services | 6.2% |
| Construction | 4.4% |
| Administrative & Support Services | 2.5% |

*Source: Economic Survey of Singapore 2023*

പ്രീമിയർ ഹബ് പോർട്ട് എന്നാണ് സിംഗപ്പൂർ അറിയപ്പെടുന്നത്. തെക്ക് –കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ സാങ്കേതികമായി ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്ന ഷിപ് ബിൽഡിങ്, ഷിപ്പ് റിപ്പയർ കേന്ദ്രം കൂടിയാണ് സിംഗപ്പൂർ. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് സെന്റർ, ലോകത്തെ ഏറ്റവും വലിയ ബങ്കറിങ് തുറമുഖങ്ങളിൽ ഒന്ന് എന്നീ ഖ്യാതികളും ഈ തുറമുഖത്തിനുണ്ട്.

2005 ൽ ഷാങ്ഹായ് തുറമുഖം സിംഗപ്പൂരിനെ മറി കടന്നു കുതിക്കുകയുണ്ടായി. എന്നാൽ ഇന്നും ലോകത്തെ ഏറ്റവും തിരക്കേറിയ രണ്ടാമത്തെ തുറമുഖമായ സിംഗപ്പൂർ ആഗോളതലത്തിൽ കപ്പൽ വഴിയുള്ള വാണിജ്യത്തിന്റെ അഞ്ചിലൊന്ന് കൈകാര്യം ചെയ്യുന്നു. സിംഗപ്പൂരിന്റെ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിൽ കാതലായ പങ്ക് വഹിക്കുന്ന തുറമുഖം രാജ്യത്തിൻറെ ജി ഡി പിയിൽ ഏഴു ശതമാനം സംഭാവന അർപ്പിക്കുന്നു. 170000 തിലധികം പേർക്ക് ജോലിയും നൽകുന്നു.

2023 ലെ കണക്കുകൾ പ്രകാരം സിംഗപ്പൂരിന്റെ ജി ഡി പിയിൽ ഓരോ മേഖലയും നൽകുന്ന സംഭാവന പട്ടികയിൽ ചേർത്തിരിക്കുന്നു (പട്ടിക 1).

മാരിടൈം മേഖല സിംഗപ്പൂരിന്റെ ജി ഡി പിയിൽ 7 ശതമാനം സംഭാവന നൽകുന്നു. ഷിപ്പിംഗ്, ബങ്കറിങ്, മറ്റു പ്രവർത്തനങ്ങൾ എന്നിവ അടക്കമുള്ള മേഖലകൾ വഴിയായി തുറമുഖം രാജ്യത്തിൻറെ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്ഥാനം അലങ്കരിക്കുന്നു (രേഖാചിത്രം 4).

ഗതാഗത മേഖലയിൽ സിംഗപ്പൂർ ചെലവഴിക്കുന്നത് ജി ഡി പിയുടെ മൂന്ന് മുതൽ ഏഴു ശതമാനം വരെയാണ്. സംഭരണ, ഗതാഗത മേഖലകൾ ജി ഡി പിയിൽ നൽകുന്ന സംഭവനയാകട്ടെ, 17.9 ശതമാനമാണ്. 2023 ലെ മൂന്നാം പാദത്തിൽ

**Figure 4 :** Singapore GDP from transport




*Source: Tradingeconomics.com*

**Figure 5:** Transshipment volume of Columbo port




*Source: https://container-news.com/*

8.28 ദശലക്ഷം സിംഗപ്പൂർ ഡോളറായിരുന്ന ഗതാഗത മേഖലയിൽ നിന്നുള്ള ജി ഡി പി, 2024 ലെ മൂന്നാം പാദത്തിൽ 8.9 ദശലക്ഷം സിംഗപ്പൂർ ഡോളറായി ഉയർന്നതായി കാണാം.

**2.3. കൊളംബോ തുറമുഖം**

ഇന്ത്യൻ മഹാസമുദ്രത്തിലെ കൊളംബോ തുറമുഖത്തിന്റെ ആധിപത്യത്തെ കുറിച്ച് 'കണ്ടെയ്നർ ന്യൂസ്' ഒരു പഠനം നടത്തു കയുണ്ടായി. ലോകത്തെ പ്രധാന ഷിപ്പിംഗ് പാതയിൽ കൊളംബോയ്ക്കുള്ള സവിശേഷ മായ സ്ഥാനം അതിനെ ഇന്ത്യൻ മഹാസ മുദ്രത്തിലെ പ്രധാനപ്പെട്ട ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി മാറ്റിയിരിക്കുന്നു. ചിറ്റഗോങ്, യാങ്കോൺ, കൊൽക്കത്ത, വിശാഖപട്ടണം, ചെന്നൈ, കൊച്ചി, മുംബൈ, കറാച്ചി, ഫ്യൂജിറ തുടങ്ങിയ നിരവധി തുറമുഖങ്ങൾ ട്രാൻസ്ഷിപ്മെന്റ് ഹബ്ബ് എന്ന നിലയിൽ കൊളംബോയെ ആണ് ആശ്രയിക്കുന്നത്. എന്നാൽ ചരക്ക് നീക്കത്തിന്റെ വ്യാപ്തം, തുറമുഖ കണക്ടിവിറ്റി സൂചിക തുടങ്ങിയ ചില ഘടകങ്ങൾ ആശങ്കാജനകമായി തുടരുന്നുണ്ട്. അതുകൊണ്ട് കൊളംബോ വഴിയുള്ള ചരക്ക് നീക്കത്തിന്റെ കാര്യത്തിൽ ഇടിവുണ്ടാകുമെന്ന് സൂചനയുണ്ട്. ഇന്ത്യയിലെ ചില പ്രധാന തുറമുഖങ്ങളുടെ വികസനവുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു (രേഖാചിത്രം 5)

ഈ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്, തുടർച്ചയായി ഉയർന്ന തോതിലുള്ള ചരക്ക് നീക്കം കൊളംബോ വഴി നടക്കുന്നുണ്ട് എന്നാണ്. എന്നാൽ 2022-23 ൽ ഇതിൽ ഇടിവുണ്ടായിട്ടുണ്ട്. 2024 ലാകട്ടെ തിരിച്ചുവരവും പ്രകടമാണ്. പോർട്ട് കണക്റ്റിവിറ്റി സൂചിക എടുത്താൽ 2019 ൽ ഉയരുകയുണ്ടായി. പിന്നീട് സ്ഥിരത പുലർത്തിയെങ്കിലും 2022 -23 ൽ വീണ്ടും കുറയുകയുണ്ടായി. മേല്പറഞ്ഞ രണ്ടു ഇടിവുകളുടെ കാര്യത്തിലും ചില സമാനതകൾ ചൂണ്ടികാണിക്കുവാൻ കഴിയും. ചരക്ക് നീക്കത്തിന്റെ തോതും കണക്ടിവിറ്റി സൂചികയും 2024 ൽ ഉയർന്നിട്ടുണ്ട്. ശ്രീലങ്ക പോർട്സ് അതോറിറ്റി (എസ് എൽ പി എ)

**Figure 6:** Port connectivity index of Columbo




*Source: https://container-news.com/*

വ്യക്തമാക്കിയിരിക്കുന്നത്, ചരക്ക് കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ച ഇടിവ് കൊളംബോയുടെ മാത്രം പ്രശ്നമല്ല പ്രത്യുത അത് ലോകത്തെ എല്ലാ തുറമുഖങ്ങളുടെ കാര്യത്തിലും പ്രകടമാണ് എന്നാണ്. സീസണലായുള്ള മാറ്റവും ഒപ്പം ആഗോള തലത്തിലെ സാമ്പത്തികവും സാമൂഹ്യവുമായ മാറ്റവും അതിന് പിന്നിലുണ്ട് (രേഖാചിത്രം 6).

ആഗോളതലത്തിൽ സപ്ലൈ, ഡിമാൻഡ് രംഗത്ത് പ്രകടമായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വേണം ട്രാൻസ്ഷിപ്മെന്റ് വ്യാപ്തത്തിൽ ഉണ്ടായ കുറവിനെ കാണാൻ എന്നാണ് എസ് എൽ പി എ വിലയിരുത്തിയിട്ടിട്ടുള്ളത്.

**3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാദ്ധ്യതകൾ**

ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് തുറമുഖം എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് ഷിപ്പിങ് മന്ത്രാലയം 2024 ഏപ്രിൽ മാസത്തിൽ വിഴിഞ്ഞം തുറമുഖ അതോറിറ്റിക്ക് അനുമതി നൽകുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖ ഓപ്പറേറ്റർമാരായ അദാനി പോർട്സ് ആൻഡ് എസ് ഇ ഇസഡ് വ്യക്തമാക്കുന്നത്, ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ ഉൾപ്പടെ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി ഈ തുറമുഖത്തിന് ഉണ്ടെന്നാണ്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രതിവർഷം ഒരു ദശലക്ഷം ടി ഇ യു ചരക്ക് കൈകാര്യം ചെയ്യാൻ കഴിയുന്ന തുറമുഖത്തിന് ഭാവിയിൽ 6.2 ദശലക്ഷം ടി ഇ യു ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി ആർജിക്കാൻ കഴിയും.

എടുത്തുപറയേണ്ട ഒരു കാര്യം, 2024 ഒക്ടോബർ മാസത്തിൽ മാത്രം 23 കപ്പലുകൾ വിഴിഞ്ഞത്ത് അടുപ്പിക്കാൻ കഴിഞ്ഞു എന്നതാണ്. 50000 ടി ഇ യു ചരക്കും കൈകാര്യം ചെയ്യാൻ കഴിഞ്ഞു. 2024 നവംബർ മാസത്തിൽ മൊത്തം 1.08 ലക്ഷം ടി ഇ യു ചരക്ക് വിഴിഞ്ഞത്ത് കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. യാർഡിന്റെ പണിയും രണ്ടാമത്തെ ബെർത്തിന്റെ പൂർത്തീകരണവും കഴിയുന്നതോടെ പ്രതിമാസം കൈകാര്യം ചെയ്യുന്ന ചരക്കിന്റെ തോത് അരലക്ഷം ടി ഇ യുവിൽ നിന്ന് ഒരു ലക്ഷം ടി ഇ യു ആയി ഉയരുന്നതാണ്. ഈ

സാമ്പത്തിക വർഷത്തിൽ തന്നെ 5 ലക്ഷം ടി ഇ യു ചരക്ക് കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ട്രയൽ റൺ സമയത്ത് 46 കപ്പലുകൾ അടുപ്പിക്കുവാനും ഒരു ലക്ഷം ടി ഇ യു ചരക്ക് കൈകാര്യം ചെയ്യുവാനും സാധിച്ചു എന്നത് വലിയ നേട്ടമാണ്. 7.4 കോടി രൂപയുടെ വരുമാനം സർക്കാരിന് ഇതുവഴി ലഭിക്കുകയുണ്ടായി.

ഷിപ്പിംഗിന്റെ ലോകത്ത് തുറമുഖത്തിന്റെ സ്ഥാനം വളരെ പ്രാധാന്യമേറിയതാണ്. ഇക്കാര്യത്തിൽ ഏറെ അനുഗ്രഹീതമാണ് വിഴിഞ്ഞം തുറമുഖം. സ്വാഭാവികമായ ആഴം തന്നെയാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. കിഴക്ക്-പടിഞ്ഞാറൻ സമുദ്ര പാതയിൽ നിന്ന് കേവലം 10 നോട്ടിക്കൽ മൈൽ മാത്രമാണ് വിഴിഞ്ഞത്തേക്കുള്ള ദൂരം. ഏറ്റവും തിരക്കേറിയ സമുദ്ര പാതകളായ ഹോർമുസ് കടലിടുക്കിനും മലാക്കക്കും തൊട്ടടുത്താണ് ഇത് നിലകൊള്ളുന്നത്. ഏറ്റവും വലിയ കപ്പലുകൾക്ക് പോലും നങ്കൂരമിടാൻ കഴിയുന്ന വിധത്തിൽ 20 മീറ്റർ ആഴം സ്വാഭാവികമായി തന്നെ വിഴിഞ്ഞത്തുണ്ട്.

വിഴിഞ്ഞം പൂർണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ സിംഗപ്പൂർ, കൊളംബോ, ജബൽഅലി തുടങ്ങിയ തുറമുഖങ്ങളെ ആശ്രയിക്കുന്നത് വലിയൊരളവോളം ഇന്ത്യക്ക് കുറയ്ക്കാൻ കഴിയുന്നതാണ്. ട്രാൻസ്ഷിപ്മെന്റ് ആവശ്യമായി വരുന്ന കാർഗോയുടെ 85 ശതമാനവും ഇന്ത്യൻ തുറമുഖങ്ങളിലേക്ക് എത്തിക്കുവാൻ വിഴിഞ്ഞത്തിന് കഴിയുമെന്നാണ് പ്രതീക്ഷ. ഇന്ത്യയുടെ ജി ഡി പിയിൽ 13-14 ശതമാനം സംഭാവന ചെയ്യുന്നത് ലോജിസ്റ്റിക്സ് മേഖലയാണ്. അതുകൊണ്ട് ഇന്ത്യൻ തീരത്തുള്ള ഒരു വമ്പൻ ട്രാൻസ്ഷിപ്മെന്റ് തുറമുഖം വഴിയായി രാജ്യത്തിൻറെ ലോജിസ്റ്റിക്സ് ചെലവുകൾ നാലു മുതൽ ആറ് ശതമാനം വരെ കുറയ്ക്കാൻ കഴിയും (കെ. എം ചന്ദ്രശേഖർ, 2024).

ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് ഹബ്ബ് ആയി വിഴിഞ്ഞത്തെ ഉയർത്താൻ കഴിയുന്നതിന് നിരവധി സാധ്യതകളുണ്ട്. വിഴിഞ്ഞത്തിന്റെ സ്ഥാനം തന്നെ ഇതിന് ഏറ്റവും അനുയോജ്യമായ വിധത്തിലാണ്. തെക്ക്-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ കാര്യത്തിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. മലാക്ക കടലിടുക്ക്, ബാബേൽ-മൻദീപ്, ഹോർമുസ് കടലിടുക്ക് തുടങ്ങിയ ചെക്ക് പോയിന്റുകളും ഇക്കാര്യത്തിൽ നിർണ്ണായകമാണ്. കൊളംബോ തുറമുഖത്തുള്ള വലിയ തിരക്ക് മൂലം ലോകത്തെ പല പ്രമുഖ ഷിപ്പിംഗ് കമ്പനികളും വിഴിഞ്ഞത്തേക്ക് മാറുന്ന പ്രവണത ശക്തമായിട്ടുണ്ട്.

ഇന്ത്യയിലെ കണ്ടെയ്നർ നീക്കം പരിശോധിച്ചാൽ 75 ശതമാനവും ഒരു തുറമുഖത്ത് നിന്ന് കയറ്റിയാൽ അതിന്റെ അന്തിമ ലക്ഷ്യമായ തുറമുഖത്ത് ഇറക്കുന്ന വിധത്തിലുള്ളതാണ്. പൊതുവെ 'ഗേറ്റ്‌വേ കണ്ടയ്നർസ്' എന്നാണ് ഇത് അറിയപ്പെടുന്നത്. എന്നാൽ ബാക്കി വരുന്ന 25 ശതമാനവും ഒരു കപ്പലിൽ നിന്ന് ഇറക്കി മറ്റൊരു കപ്പലിൽ കയറ്റി ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്ന ട്രാൻസ്ഷിപ്മെന്റ് രീതിയിലുള്ളതാണ്. ഇത്തരത്തിൽ ട്രാൻസ്ഷിപ്പ് ചെയ്യുന്ന കണ്ടൈനറുകളുടെ 75 ശതമാനവും കൊളംബോ, ഹമ്പൻതൊട്ട എന്നീ ശ്രീലങ്കൻ തുറമുഖങ്ങൾ വഴിയാണ് നടക്കുന്നത്. സിംഗപ്പൂർ, സലാല (ഒമാൻ) ജബൽഅലി (ദുബായിലെ ഡി പി വേൾഡിന്റെ പ്രധാനപ്പെട്ട തുറമുഖം), ടഞ്ജംഗ് പേലെപ്പസ്, ക്ലാങ് തുറമുഖം (മലേഷ്യ) എന്നിവ വഴിയും ട്രാൻസ്ഷിപ്മെന്റ് നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള കണ്ടെയ്നർ നീക്കത്തിന്റെ 85 ശതമാനത്തോളം കൈകാര്യം ചെയ്യുന്നത് കൊളംബോ, സിംഗപ്പൂർ, ക്ലാങ് എന്നീ തുറമുഖങ്ങൾ വഴിയാണ്. അതിൽ തന്നെ 45 ശതമാനവും നടക്കുന്നത് കൊളംബോയിലാണെന്നാണ് ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്.

ഇത്തരത്തിൽ വിദേശ തുറമുഖങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് ഇന്ത്യൻ സമ്പദ് വ്യവസ്ഥക്ക് ഗുണകരമല്ല. ട്രാൻസ്ഷിപ്മെന്റ് വിദേശ തുറമുഖങ്ങളിലൂടെ നടക്കുന്നതിനാൽ ഇന്ത്യയിലെ തുറമുഖങ്ങൾക്ക് വർഷം തോറും 200 മുതൽ 220 ദശലക്ഷം വരെ ഡോളർ വരുമാനനഷ്ടമുണ്ടാകുന്നുണ്ടെന്നാണ് കണക്ക്. ഈ രീതി കയറ്റുമതി വ്യവസായങ്ങളുടെ ചെലവ് ഗണ്യമായി ഉയർത്തുകയും ചെയ്യുന്നു. ഇതുമൂലം ഉണ്ടാകുന്ന അധിക ഫ്രൈറ്റ് ചാർജും ഹാൻഡ്‌ലിങ് ചാർജും മൊത്തത്തിൽ ഉത്പന്നത്തെ ചെലവേറിയതാക്കി മാറ്റുകയും ചെയ്യുന്നു. എന്നാൽ മികച്ച ഒരു ട്രാൻസ്ഷിപ്മെന്റ് തുറമുഖം ഇന്ത്യയിൽ വരുന്നതോടെ ചരക്ക് നീക്കം കൂടുതൽ സുഗമമാക്കുന്നതിന് പുറമെ, ഇന്ത്യയിലെ എല്ലാ ഷിപ്പിംഗ് റൂട്ടുകളെയും തമ്മിൽ ബന്ധിപ്പിച്ച് ചരക്കുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ മികച്ച പങ്ക് വഹിക്കുകയും ചെയ്യുന്നു. അമേരിക്ക, യൂറോപ്പ് എന്നീ മേഖലകളെ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായും ബന്ധിപ്പിക്കുന്നതിനും ആഫ്രിക്കയെ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായും ബന്ധപ്പിക്കുന്നതിനും ഏറെ സഹായകരമാണ്.

**4. വിഴിഞ്ഞം തുറമുഖവും സാമ്പത്തിക വളർച്ചയും**

വലിയ കപ്പലുകൾക്ക് നങ്കൂരമിടാൻ കഴിയുന്ന, 24000 ടി ഇ യു ശേഷിയുള്ള വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖം എന്ന നിലയിൽ വളരാൻ സാധ്യതയുള്ള ഒന്നാണ്. ആഗോള സമുദ്ര ഗതാഗത മേഖലയിൽ വമ്പൻ കപ്പലുകൾ ഇന്ന് പ്രാമാണ്യം നേടുകയാണ്. അത്തരത്തിലുള്ള കപ്പലുകൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ള തുറമുഖങ്ങളാണ് ഇന്നത്തെ ആവശ്യം. ഇക്കാര്യത്തിൽ മികച്ച സാധ്യതയാണ് വിഴിഞ്ഞത്തിനുള്ളത്. അന്താരാഷ്ട്ര കപ്പൽ ചാനലിനോട് ചേർന്ന് കിടക്കുന്നു എന്നതിന് പുറമെ, ഏറ്റവും വലിയ കപ്പലുകൾക്ക് പോലും അടുക്കാൻ കഴിയുന്ന തരത്തിൽ ഇവിടെ 20 മീറ്റർ ആഴവുമുണ്ട്.

തുറമുഖ അടിസ്ഥാന സൗകര്യ വികസനം, മികച്ച വിതരണ ശൃംഖല, രാജ്യത്തിനകത്ത് ചരക്ക് നീക്കത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ തുറമുഖ അധിഷ്ഠിത വികസനത്തിന്റെ ഭാഗമാണ്. തുറമുഖങ്ങൾ നേരിട്ടും അല്ലാതെയുമുള്ള തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുകയും ചെയ്യുന്നു.

തുറമുഖ വികസനം കേന്ദ്ര സർക്കാരിന്റെ' സാഗരമാല' എന്ന പ്രധാന പദ്ധതിയുമായി ബന്ധപ്പെട്ട ഒന്നാണ്. തുറമുഖങ്ങൾ വഴിയുള്ള വികസനമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. വ്യാപാരം, ഉത്പാദനം, സേവന മേഖല തുടങ്ങിയ തലങ്ങളിലേക്ക് തുറമുഖ മേഖലയിലെ വികസനം പടർന്നിറങ്ങുന്നു. 20 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന 'സാഗരമാല–2015' എന്ന പദ്ധതി തുറമുഖങ്ങളുടെ ആധുനിക വൽക്കരണം, കണക്ടിവിറ്റി വർദ്ധിപ്പികൽ തുടങ്ങിയ കാര്യങ്ങളാണ് ലക്ഷ്യം വയ്ക്കുന്നുണ്ട്. തുറമുഖങ്ങളുടെ നവീകരണം, തുറമുഖ അധിഷ്ഠിത വ്യവസായ വികസനം, തീരദേശ, ഉൾനാടൻ ജലഗതാഗതം എന്നിവയാണ് ഇതിന്റെ പ്രധാനപ്പെട്ട സ്തൂപങ്ങൾ. 600 കിലോമീറ്ററോളം തീരപ്രദേശമുള്ള കേരളത്തിന് അതുകൊണ്ട് തന്നെ വിഴിഞ്ഞം തുറമുഖത്തിന്റെയും അനുബന്ധ വ്യവസായങ്ങളുടെയും വികസനം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

സുഗന്ധവ്യഞ്ജനങ്ങൾ, കയർ, റബർ, മൽസ്യ ഉത്പന്നങ്ങൾ, തേയില, കാപ്പി തുടങ്ങിയ ഉത്പന്നങ്ങളാണ് കേരളത്തിൽ നിന്നുള്ള മുഖ്യ കയറ്റുമതി ഇനങ്ങൾ. വിഴിഞ്ഞം വഴിയായി കേരളത്തിന്റെ ഉത്പന്നങ്ങൾ വിദേശ വിപണികളിലേക്ക് നേരിട്ട് എത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. ഇത് കയറ്റുമതിക്കുള്ള സമയം, ചെലവ് എന്നിവ ലാഭിക്കുന്നതിന് സഹായകരമാണ്.

തുറമുഖങ്ങളുടെ കാര്യത്തിൽ പൊതു നിക്ഷേപം ഉയർത്തുന്നതിന് ഉൾനാടൻ പ്രദേശങ്ങളുടെ വികസനം വളരെ അനിവാര്യമായ ഒന്നാണ്. സാമ്പത്തിക വളർച്ച ഉത്തേജിപ്പിക്കുന്നതിനും തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനും തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായ, മറൈൻ ക്ലസ്റ്ററുകൾ വികസിപ്പിക്കുക, സ്മാർട്ട് ഇൻഡസ്ട്രിയൽ പോർട്ട് സിറ്റികൾ തുറക്കുക, വ്യവസായ ഇടനാഴികൾ സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ നിർണ്ണായകമാണ്. ടൂറിസം, ഊർജം, റോഡ്, മൽസ്യബന്ധനം മുതലായ മേഖലകളുടെ മികച്ച ഏകോപനവും ഇക്കാര്യത്തിൽ സഹായകരമാണ്.

**5. വിഴിഞ്ഞത്തെ തുറമുഖ അധിഷ്ഠിത പ്രവർത്തനങ്ങൾ**

*എ . തിരുവനന്തപുരം നഗരവുമായും, വിവിധ വ്യവസായ കേന്ദ്രങ്ങളുമായും ബന്ധിപ്പിക്കുന്ന ബഹുമോഡൽ ഗതാഗത ശൃംഖല വികസിപ്പിക്കുക.*

കാർഗോ നീക്കം സുഗമാക്കുന്നതിനായി ഹൈവേകൾ, ഫീഡർ റോഡുകൾ തുടങ്ങിയവ ഉൾപ്പെടുന്ന റോഡ് വികസനം നടപ്പാക്കുക

**റെയിൽവേ** : തുറമുഖത്തെ ദേശീയ, അന്താരാഷ്ട്ര വാണിജ്യ പാതയുമായി ബന്ധിപ്പിക്കുന്നതിനായി റെയിൽവേ നെറ്റ് വർക്ക് വികസിപ്പിക്കുക.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എയർ കാർഗോ സൗകര്യങ്ങൾ വർധിപ്പിക്കുക.

*ബി . തുറമുഖ അധിഷ്ഠിത വ്യവസായ, എസ് ഇ ഇസഡ് വികസനം*

ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽ, ഷിപ് ബിൽഡിങ്, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ വമ്പൻ രാജ്യാന്തര കമ്പനികളെ ആകർഷിക്കുന്ന വിധത്തിൽ പ്രത്യേക സാമ്പത്തിക മേഖലകൾ (എസ് ഇ ഇസഡ്) വികസിപ്പിക്കുക.

**വ്യവസായ ക്ലസ്റ്ററുകൾ** : വാഹനങ്ങൾക്ക് ആവശ്യമായ ഘടകങ്ങൾ, ഷിപ്ബിൽഡിങ്, എൻജിനീയറിങ്, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ ക്ലസ്റ്ററുകൾ ആരംഭിക്കുക.

**ഷിപ് ബിൽഡിങ്, മറൈൻ എൻജിനീയറിങ്:** ഷിപ് ബിൽഡിങ്, തുറമുഖ മെഷിനറി നിർമ്മാണം, മൽസ്യബന്ധനത്തിന് ആവശ്യമായ ഉത്പന്നങ്ങൾ തുടങ്ങിയവയുടെ ഉത്പാദനം.

*സി. ലോജിസ്റ്റിക്സ്, സംഭരണ കേന്ദ്രങ്ങൾ*

ചരക്കുകളുടെ സംഭരണത്തിന് ആവശ്യമായ വിധത്തിൽ തുറമുഖങ്ങൾക്ക് സമീപത്തായി ലോജിസ്റ്റിക്സ് പാർക്കുകൾ ആരംഭിക്കുക, ശീത സംഭരണികൾ, വിതരണ കേന്ദ്രങ്ങൾ, ഫ്രെയ്റ്റ് ടെർമിനലുകൾ എന്നിവ തുറക്കുക.

**സമഗ്രമായ ഫ്രെയ്റ്റ് ഹാൻഡ്ലിങ്** : പെട്ടെന്ന് മോശമാകുന്ന ഉത്പന്നങ്ങൾ, ഉണക്കിയ ഉൽപ്പന്നങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനായി മികച്ച ലോജിസ്റ്റിക്സ് സംവിധാനം ഒരുക്കുക.

*ഡി. സുസ്ഥിര ഊർജ അടിസ്ഥാന സൗകര്യങ്ങൾ*

**ഹരിത സാങ്കേതിക വിദ്യ** : സൗരോർജം, കാറ്റിൽ നിന്നുള്ള വൈദ്യുതി തുടങ്ങിയ ഊർജ സ്രോതസുകൾ തുറമുഖങ്ങളിലും സമീപത്തുള്ള വ്യവസായ മേഖലകളിലും ഉപയോഗിക്കുക.

സോളാർ പാനലുകൾ, വിൻഡ് ടർബൈനുകൾ, ബാറ്ററി സ്റ്റോറേജ് സാമഗ്രികൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.

കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഐക്യരാഷ്ട്ര സംഘടനയും ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ ചൂണ്ടിക്കാട്ടുന്നത് മെഥനോൾ

ഉപയോഗം വർധിപ്പിക്കുക എന്നതാണ്. അതുകൊണ്ട് മെഥനോൾ ഉപയോഗിക്കുന്ന കപ്പലുകളാണ് ഇപ്പോൾ കൂടുതൽ ആവശ്യമായി വരുന്നത്. കൂടുതൽ മെഥനോൾ എത്തിക്കാൻ കഴിഞ്ഞാൽ വിഴിഞ്ഞത്തെ ഒരു പ്രധാന മെഥനോൾ ബങ്കറിങ് ഹബ് ആക്കി മാറ്റുവാൻ കഴിയും. ഇതിനാവശ്യമായ മെഥനോൾ ഉല്പാദിപ്പിക്കുവാൻ കേരളത്തിന്റെ കാർഷിക മേഖലയിൽ കഴിയുന്നതാണ്. അത്തരത്തിൽ ഒരു മെഥനോൾ ഹബ് യാഥാർഥ്യമാക്കാൻ കഴിഞ്ഞാൽ രാജ്യാന്തര രംഗത്ത് ഇന്ത്യയുടെ മത്സരക്ഷമത ഉയർത്താൻ കഴിയുന്നതാണ്.

*ഇ. ടൂറിസവും തീരദേശ വികസനവും*

വിഴിഞ്ഞത്തിന്റെ തീരദേശത്തെ ഇക്കോ ടൂറിസം, റിസോർട്ടുകൾ, ആഡംബര കപ്പൽ ടൂറിസം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ കഴിയും.

**സാംസ്കാരിക ടൂറിസം:** തുറമുഖവുമായി അടുത്ത പ്രദേശങ്ങളിൽ കേരളത്തിന്റ സാംസ്കാരിക പൈതൃകം ഉയർത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

*എഫ്. നൈപുണ്യ വികസനവും മാനവശേഷി മൂലധനവും*

**വൊക്കേഷണൽ ട്രെയിനിങ്:** തുറമുഖ പ്രവർത്തനം, ലോജിസ്റ്റിക്സ് മാനേജ്മന്റ്, ഷിപ്ബിൽഡിങ്, ഇലക്ട്രോണിക്സ് പോലുള്ള രംഗങ്ങളിൽ പ്രത്യേക നൈപുണ്യം എന്നിവയ്ക്ക് ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

ലോജിസ്റ്റിക്സ്, തുറമുഖ സാങ്കേതിക വിദ്യ, ഹരിത സാങ്കേതിക വിദ്യ തുടങ്ങിയ കാര്യങ്ങൾക്കായി ഗവേഷണ, വികസന കേന്ദ്രങ്ങൾ തുറക്കുക.

**വിഴിഞ്ഞം തുറമുഖ വികസനത്തിൽ കേന്ദ്ര സർക്കാരിനുള്ള ശുപാർശകൾ**

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വികസനത്തിനായി കേന്ദ്രസർക്കാർ ആവശ്യമായ പിന്തുണ നൽകേണ്ടത് ആവശ്യമാണ്. സാമ്പത്തിക സഹായം മുതൽ ഭരണ അനുമതികൾ വരെ ഇതിൽ ഉൾപ്പെടുന്നു. താഴെ പറയുന്ന കാര്യങ്ങളിലാണ് പ്രധാനമായും പിന്തുണ ആവശ്യമായി വരുന്നത്.

**വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ് (വി ജി എഫ്) :** വിഴിഞ്ഞം പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ 817.80 കോടി രൂപ വി ജി എഫ് ആയി അനുവദിച്ചിരുന്നു. അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പി പി പി പദ്ധതികൾക്ക് സഹായം നൽകുന്ന പദ്ധതിയുടെ ഭാഗമായാണ് ഇത് അനുവദിച്ചത്. എന്നാൽ ഇത് സംസ്ഥാനം തിരിച്ചടക്കണമെന്നാണ് ഇപ്പോൾ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് കേന്ദ്രവും കേരളവും തമ്മിലുള്ള രൂക്ഷമായ തർക്കത്തിന് വഴിയൊരുക്കിയിട്ടുണ്ട്.

**ഭരണാനുമതി നൽകൽ:** ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് ഹബ് എന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്ക് ഷിപ്പിംഗ് മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈ അനുമതി ഏറെ നിർണ്ണായകമാണ്. തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പാരിസ്ഥിതിക അനുമതി ഈ വർഷം മാർച്ചോടെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തുറമുഖത്തിന്റെ ശേഷി വർധിപ്പിക്കുന്ന പ്രവർത്തനത്തിന് സഹായകരമായ ഒന്നാണ് ഇത്.

**അടിസ്ഥാന സൗകര്യ വികസനം:** തുറമുഖത്തിന് അനുബന്ധമായ റോഡ്, റെയിൽ കണക്ടിവിറ്റി അടക്കമുള്ള കാര്യങ്ങൾക്ക് മതിയായ പിന്തുണ കേന്ദ്രം ഉറപ്പാക്കണം. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വേണ്ടി വരുന്ന ഉയർന്ന ചെലവുകൾക്ക് പണം കണ്ടെത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. ഇക്കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ

ചെലവ് കേരളത്തിൽ മൂന്നിരട്ടി കൂടുതലാണ്. അതുകൊണ്ട് ഇക്കാര്യം കേന്ദ്രം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.

തന്ത്രപ്രധാനമായ സവിശേഷത : വിഴിഞ്ഞം തുറമുഖം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ തന്ത്രപ്രധാനമായ പ്രാധാന്യം കേന്ദ്ര സർക്കാർ മനസിലാക്കണം. ഇന്ത്യയിൽ നിന്നുള്ള ട്രാൻസ്ഷിപ്മെന്റ് ചരക്ക് നീക്കത്തിന്റെ 75 ശതമാനവും കൈകാര്യം ചെയ്യുന്നത് വിദേശ തുറമുഖങ്ങളിലാണ്. ഇതിന്റെ ഒരു ഭാഗം തിരിച്ചു പിടിക്കാനുള്ള യത്നത്തിലാണ് വിഴിഞ്ഞം. വിദേശനാണ്യ ചോർച്ച കുറയ്ക്കുന്നതിനും സാമ്പത്തിക വളർച്ചക്കും ഇത് ഏറെ സഹായകരമാണ്

**സാമ്പത്തികമായ പ്രത്യാഘാതം :** വിഴിഞ്ഞം തുറമുഖം കേരളത്തിന്റെയും രാജ്യത്തിന്റെയും സാമ്പത്തിക വളർച്ച ത്വരിതമാക്കുന്ന ഒന്നാണ്. ടൂറിസം ഉൾപ്പടെയുള്ള പദ്ധതികളിലേക്ക് വിദേശ നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്നതാണ്. വിഴിഞ്ഞത്തെ ലോകത്തെ പ്രമുഖ ട്രാൻസ്ഷിപ്മെന്റ് ഹബ് ആക്കി മാറ്റുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പിന്തുണ വളരെ വലുതാണ്.

**6. ഉപസംഹാരം**

അന്താരാഷ്ട്ര സമുദ്ര ഗതാഗത മേഖലയിൽ ഒരു പ്രധാന കേന്ദ്രമായി മാറുന്നതിന് കേരളത്തിന് എല്ലാ സാധ്യതയുമുണ്ട്. വിഴിഞ്ഞം പോർട്ടിനെ മുൻനിർത്തി തുറമുഖ അധിഷ്ഠിതമായ ഒരു വികസന തന്ത്രം സ്വീകരിക്കുക വഴി, കേരളത്തിന് ദക്ഷിണേഷ്യയിലെ തന്നെ പ്രധാനപ്പെട്ട ഒരു വാണിജ്യ, ലോജിസ്റ്റിക്സ് കേന്ദ്രമായി മാറുവാൻ കഴിയും. ചൈന, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളുടെ മാതൃക പിന്തുടർന്ന് തുറമുഖ അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് സംസ്ഥാനം മുൻതൂക്കം നൽകണം.

ഷിപ് ബിൽഡിങ്, ലോജിസ്റ്റിക്സ് തുടങ്ങിയ അനുബന്ധ വ്യവസായങ്ങളുടെ വികസനം വഴിയായി തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും പ്രാദേശിക സമ്പദ്ഘടനയുടെ മുന്നേറ്റവും സാധ്യമാവുന്നതാണ്.

ദേശീയ പദ്ധതിയായ സാഗരമാല പദ്ധതിയുമായി സഹകരിച്ചുകൊണ്ട് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് മുന്തിയ പരിഗണന നൽകുക വഴി കേരളത്തിന് സമുദ്ര ഗതാഗത മേഖലയിൽ വലിയ തോതിൽ അവസരങ്ങൾ തുറന്നെടുക്കാൻ കഴിയുന്നതാണ്. അതുവഴി ആഗോള വാണിജ്യ രംഗത്ത് ശക്തമായി ചുവടുറപ്പിക്കുന്നതിനും സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും സംസ്ഥാനത്തിന് മികച്ച അവസരങ്ങളാണുള്ളത്.

■

(ഡോ. ഗീത റാണി വി, ഡോ. അഖിൽ എം.പി എന്നിവർ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ അസിസ്റ്റന്റ് പ്രഫസർമാരാണ്)

## References

Aritua, Bernard, Hei Chiu, Lu Cheng, Sheila Farrell, and Peter de Langen (2022). Developing China's Ports: How the Gateways to Economic Prosperity Were. International Development in Focus. Washington, DC: World Bank.

Gu, B., & Liu, J. (2023). Port resilience analysis based on the HHM-FCM approach under COVID-19. Ocean & Coastal Management, 243, 106741. https://doi.org/10.1016/J.OCECOAMAN.2023.106741

Hanson, S. E., & Nicholls, R. J. (2020). Demand for Ports to 2050: Climate Policy, Growing Trade and the Impacts of Sea-Level Rise. Earth's Future, 8(8). https://doi.org/10.1029/2020EF001543

Lonza, L., & Marolda, M. C. (2016). Ports as Drivers

of Urban and Regional Growth. Transportation Research Procedia, 14, 2507-2516. https://doi.org/10.1016/J.TRPRO.2016.05.327

Mishrif, A., Antimiani, A., & Khan, A. (2024). Examining the Contribution of Logistics and Supply Chain in Boosting Oman's Trade Network. Economies 2024, Vol. 12, Page 70, 12(3), 70. https://doi.org/10.3390/ECONOMIES12030070

Munim, Z. H., & Schramm, H.-J. (2018). The impacts of port infrastructure and logistics performance on economic growth: the mediating role of seaborne trade. Journal of Shipping and Trade 2018 3:1, 3(1), 1-19. https://doi.org/10.1186/S41072-018-0027-0

Robinson, R. (2002). Ports as elements in value-driven chain systems: The new paradigm. Maritime Policy and Management, 29(3), 241-255. https://doi.org/10.1080/03088830210132623

Song, M. (2024). Research on the Coordinated Development of Port Logistics and Regional Economy. Scientific Journal of Economics and Management Research, 6(12), 198-204. https://doi.org/10.54691/W3S60M45

Verschuur, J., Koks, E. E., & Hall, J. W. (2022). Ports' criticality in international trade and global supply-chains. Nature Communications, 13(1), 4351. https://doi.org/10.1038/ S41467-022-32070-0

https://vizhinjamport.in/visl/

https://globalmaritimehub.com/reports-presentations

https://www.worldshipping.org/

https://shipmin.gov.in/

https://www.mpa.gov.sg/home

https://www.slpa.lk/port-colombo/colombo

https://www.thehindu.com/news/national/kerala/vizhinjam-poised-to-clock-half-a-million-cargo-throughput-this-fy-eight-times-higher-than-targeted-volume/article68852724.ece

https://timesofindia.indiatimes.com/city/thiruvananthapuram/kerala-cm-slams-centre-over-loan-conditions-for-vizhinjam-port-funding/articleshow/116144300.cms

https://pib.gov.in/PressReleasePage.aspx?PRID=2042027

കേരള ഇക്കോണമി
പുസ്തകം 5 ലക്കം 4
ഒക്ടോബർ- ഡിസംബർ 2024

GULATI INSTITUTE OF FINANCE AND TAXATION

**GST updates**

Meenu Mohan

# GST council's recommendations for improved tax compliance measures and other rate adjustments: Clarifications on contentious issues, measures aimed at trade facilitation

The 55th GST Council meeting was held in Jaisalmer, Rajasthan on December 21st, 2024 under the chairmanship of the Union Finance & Corporate Affairs Minister Smt. Nirmala Sitharaman. The GST Council has inter-alia made the following recommendations relating to changes in GST rates on Goods and Services and other measures for facilitation of trade.

**I.Recommendations of the 55th GSTCouncil**

GST Council recommends reduction in GST rate on Fortified Rice Kernel (FRK), classifiable under 1904, to 5%.

GST council also recommends to fully exempt GST on gene therapy.

GST Council recommends exemption of GST on contributions by general insurance companies from third-party motor vehicle premiums for Motor Vehicle Accident Fund.

GST Council recommends no GST on transaction of vouchers as they are neither supply of goods nor supply of services. The provisions related to vouchers is also being simplified.

GST Council clarifies that no GST is payable on 'penal charges' levied and collected by banks and NBFCs from borrowers for non-compliance with loan terms.

GST Council recommends reduction of payment of pre-deposit for filing an appeal before the Appellate Authority in respect of an order passed which involves only penalty amount.

**Jaisalmer, Rajasthan, 21st December 2024**

The 55th GST Council met under the Chairpersonship of Union Minister for Finance & Corporate Affairs Smt. Nirmala Sitharaman in Jaisalmer, Rajasthan, today.

The meeting was also attended by Union Minister of State for Finance Shri Pankaj Chaudhary, Chief Ministers of Goa, Haryana, Jammu and Kashmir, Meghalaya and Odisha; Deputy Chief Ministers of Arunachal Pradesh, Bihar, Madhya Pradesh, and Telangana; besides Finance Ministers of States & UTs (with legislature) and senior officers of the Ministry of Finance & States/ UTs.

The GST Council *inter-alia* made the following recommendations relating to changes in GST tax rates, provide relief to individuals,measures for facilitation of trade and measures for streamlining compliances in GST.

**A. Changes in GST rates of goods**

**Goods**

1. To reduce the GST rate on Fortified Rice Kernel (FRK), classifiable under 1904, to 5%.
2. To exempt GST on gene therapy.
3. To extend IGST exemption to systems, sub-systems, equipment, parts, sub-parts, tools, test equipment, software meant assembly/manufacture of LRSAM system under Notification 19/2019- Customs.
4. To reduce the rate of Compensation Cess to 0.1% on supplies to merchant exporters at par with GST rate on such supplies.
5. To exempt from IGST imports of all equipment and consumable samples by Inspection Team of the International Atomic Energy Agency (IAEA) subject to specified conditions.
6. To extend the concessional 5% GST rate on food inputs of food preparations under HSN 19 or 21 that are supplied for food preparations intended for free distribution to economically weaker sections under a government program subject to the existing conditions.

**Services**

1. To bring supply of the sponsorship services provided by the body corporates under Forward Charge Mechanism.
